


# *സ്റ്റെപ്പ് ടു ക്രൈസ്റ്റ് ബൈബിൾ പഠന മാർഗനിർദേശങ്ങൾ*

പകർപ്പവകാശം (c ) 1998
മെർലിൻ ബീർമാൻ & റെവലേഷൻ പബ്ലിക്കേഷൻസ്
ആഗോള പകർപ്പവകാശം പ്രസാധകർക്ക് മാത്രം

## വിതരണ വ്യവസ്ഥകൾ

ഈ പുസ്തകത്തിന്റെ പ്രതികൾ നിങ്ങൾ മറ്റുള്ളവർക്ക് നൽകാതെയിരുന്നാൽ ദൈവത്തോട് കണക്കുബോധിപ്പിക്കേണ്ടവയാകും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ആയതിനാൽ, ചില വ്യവസ്ഥകളിന്മേൽ ഈ ഗ്രന്ഥത്തിന്റെ പകർപ്പവകാശം സൗജന്യമായി നൽകുവാൻ ഞങ്ങൾ താത്പര്യപ്പെടുന്നു. ഈ ഗ്രന്ഥം നിങ്ങള്ക്ക് പി ഡി എഫ് (PDF ) ഫയൽ ആയോ, ഫോട്ടോസ്റ്റാറ് ആയോ, അച്ചടി പ്രസിദ്ധീകരണമായോ സൗജന്യമായി വിതരണം ചെയ്യാവുന്നതാണ്. ഈ ഗ്രന്ധത്തിന്റെ ഭാഗങ്ങളോ, പൂർണ്ണ ഗ്രന്ഥമോ മൂല്യാധിഷ്ഠിതമായി വിൽക്കുവാൻ പാടുള്ളതല്ല. പകർപ്പവകാശ, വിതരണ വ്യവസ്ഥകൾ പുസ്തകത്തിന്റെ ഓരോ പ്രതികളിലും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

**RevelationPublications.com**
**PublisherForGod@gmail.com**

ഈ ഗ്രന്ഥം ഇ. ജി. വൈറ്റ് രചിച്ചു മെർലിൻ ബീർമാൻ പ്രസാധകർ പ്രസിദ്ധീകരിച്ച" സ്റ്റെപ്പ് ടു ക്രൈസ്റ്റ്" (ക്രിസ്തുവിലേക്കുള്ള ചുവടുകൾ) എന്ന ഗ്രന്ഥത്തിന്റെ പരിഭാഷയാണ്.

ചോദ്യങ്ങൾക്കുള്ള ഉത്തരമായി നൽകിയിരിക്കുന്ന തിരുവചന ഭാഗങ്ങൾ 'വേർഡ് പ്രൊജക്റ്റ്. ഓർഗ്' എന്ന വെബ്സൈറ്റിൽ നിന്നും എടുത്തിട്ടുള്ള "സത്യവേദപുസ്തകം" മലയാള പരിഭാഷയാണ്.

## <u>വിഷയാനുക്രമണിക</u>


**മനുഷ്യനോടുള്ള ദൈവ സ്നേഹം - 1**

**പാപിക്കു യേശുവിനെകൊണ്ടുള്ള ആവശ്യം – 2**

**പാപ ബോധം – 3**

**മാനസാന്തരം - 4**

**പാപം ഏറ്റുപറച്ചിൽ - 5**

**സമർപ്പണം - 6**

**വിശ്വാസവും അംഗീകാരവും - 7**

**ശിഷ്യത്വത്തിൻ ശോധന - 8**

**ആത്മീക വളർച്ച - 9**

**പ്രവർത്തിയും ജീവിതവും - 10**

**ദൈവത്തെക്കുറിച്ചുള്ള അറിവ് -11**

**പ്രാർത്ഥന എന്ന അവകാശം - 12**

**പ്രാർത്ഥനയുടെ ശക്തി - 13**

**സംശയം എങ്ങനെ കൈകാര്യം ചെയ്യണം - 14**

**കർത്താവിലുള്ള സന്തോഷം - 15**

**സന്തോഷം -ഇപ്പോഴും, നിത്യതയിലേക്കും - 16**



# അദ്ധ്യായം ഒന്ന്
# മനുഷ്യനോടുള്ള ദൈവ സ്നേഹം

## (1). ദൈവം സൃഷ്ടികളോടുള്ള തന്റെ സ്നേഹത്തെ ഏതു വിധത്തിലാണ് വെളിപ്പെടുത്തുന്നത്

**“എല്ലാവരുടെയും കണ്ണ് നിന്നെനോക്കി കാത്തിരിക്കുന്നു; നീ തത്സമയത്ത് അവർക്ക് ഭക്ഷണം കൊടുക്കുന്നു. നീ തൃക്കൈതുറന്നു ജീവൻ ഉള്ളതിനൊക്കെയും പ്രസാദംകൊണ്ടു തൃപ്തിവരുത്തുന്നു.” (സങ്കീ. 145:15,16)**

പ്രകൃതിയും തിരുവെഴുത്തുകളും ഇവ രണ്ടും ഒന്നുപോലെ ദിവ്യസ്നേഹത്തെ വെളിപ്പെടുത്തുന്നു. നമ്മുടെ സ്വർഗ്ഗീയപിതാവു ജീവന്റെയും ജ്ഞാനത്തിന്റെയും സന്തോഷത്തിന്റെയും ഉറവിടമാകുന്നു. പ്രകൃതിയെ ഒന്ന് നോക്കുക. അത് ആശ്ചര്യജനകവും ഭംഗിയേറിയതും ആയിരിക്കുന്നില്ലയോ? മനുഷ്യരുടെ എന്ന് മാത്രമല്ല, സർവ്വജീവജാലങ്ങളുടെയും അതാത് ആവശ്യങ്ങൾക്കും ഭാഗ്യധേയത്തിനും പ്രകൃതി ഏറ്റവും ഉപയുക്തമായിരിക്കുന്ന സ്ഥിതിയെ ഒന്ന് ആലോചിച്ചുനോക്കുവിൻ! ഭൂമിയെ സന്തോഷകരവും ഫലവത്തുമാക്കിതീർക്കുന്ന വേനലും, മഴയും, കുന്നുകളും, അഴികളും, മേടുകളും ഇവയെല്ലാം സ്രഷ്ടാവിന്റെ വൻസ്നേഹത്തെ അല്ലയോ വെളിവാക്കുന്നത്! അതാത്

ജീവികൾക്ക് ദിനംപ്രതി ആവശ്യമായിരിക്കുന്ന ആഹാരത്തെ നല്കുന്നതും അവൻതന്നെ. ഇതോർത്തുകൊണ്ട് സങ്കീർത്തനക്കാരൻ ഇപ്രകാരം പാടുന്നു.

**(2). ബൈബിൾ ഏതുവിധത്തിൽ ദൈവത്തെ വിവരിച്ചിരിക്കുന്നു?**

***"ഇങ്ങനെ ദൈവത്തിന്നു നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു. ദൈവം സ്നേഹം തന്നേ; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു; ദൈവം അവനിലും വസിക്കുന്നു" (1 യോഹ:4:16)***

ദൈവം മനുഷ്യനെ വിശുദ്ധനും ഭാഗ്യവാനുമായി സൃഷ്ടിച്ചു. ഈ ഭൂമിയിൽ നാശത്തിന്റെയും ശാപത്തിന്റെയും വല്ല ലക്ഷണമോ നിഴലോ ഉണ്ടായിരുന്നില്ല. സ്നേഹത്തിൻപ്രമാണമായ ദിവ്യകല്പന ലംഘിക്കമൂലമാണ് ഈ ലോകത്തിൽ മരണവും അരിഷ്ടതയും പ്രവേശിച്ചത്. എങ്കിലും പാപത്തിന്റെ ഫലമാകുന്ന അനേക ദുരിതങ്ങൾ അനുഭവിക്കുന്നതിൻ മദ്ധ്യേയും നാം ദിവ്യസ്നേഹത്തിൻ പ്രത്യക്ഷലക്ഷണങ്ങൾ കാണുന്നില്ലയോ? മനുഷ്യൻ നിമിത്തമാണ് ദൈവം ഭൂമിയെ ശപിച്ചത് എന്ന് എഴുതിയിരിക്കുന്നു. (ഉല്പ. 3:17,18) മുള്ളും പറക്കാരയും (മനുഷ്യന്റെ ജീവിതം ഞെരുക്കവും ഭാരവുമുള്ളതാക്കിത്തീർക്കുന്ന കഷ്ടങ്ങളും പരീക്ഷകളും) പാപത്തിന്റെ ഫലമായി നമ്മുക്ക് നേരിട്ടിരിക്കുന്ന അരിഷ്ടതയിലും അധഃപതനത്തിലും നിന്ന് നമ്മെ ഉദ്ധരിക്കേണ്ടതിനു ദൈവം നമ്മുക്കായി ആസൂത്രണം ചെയ്തിരിക്കുന്ന അഭ്യസനമാർഗ്ഗത്തിൽ ആവശ്യം ആവശ്യമായിരിക്കുന്ന കാര്യങ്ങളാണ്. നമ്മുടെ നന്മാക്കായത്രെ അവ നിയമിക്കപ്പെട്ടിരിക്കുന്നത്. ലോകത്തിന്നു അതിന്റെ പൂർവ്വസ്ഥിതിയിൽ നിന്ന് ഒരു അധഃപതനം നേരിട്ടിരിക്കുന്നു എങ്കിലും ഇന്ന് ലോകത്തിൽ ദുഃഖവും അരിഷ്ടതയും മാത്രമല്ല, പ്രത്യാശാജനകവും ആശ്വാസദായകവുമായ അനേക ദൂതുകൾ പ്രകൃതിയിൽതന്നേയും ഇല്ലയോ? പറക്കാരകളിൽ പുഷ്പങ്ങളും

മുള്ളുകൾക്കിടയിൽ പനിനീർപ്പൂക്കളും ഉണ്ടല്ലോ.

"ദൈവം സ്നേഹം ആകുന്നു" എന്ന് വിടരുന്നമൊട്ടിന്മേലും പുല്ലിൻ മുളയിലും എഴുതപ്പെട്ടിരിക്കുന്നു. ആകാശത്തെ തങ്ങളുടെ സന്തോഷത്തെ വെളിവാക്കുന്ന ഇമ്പഗാനങ്ങൾകൊണ്ട് മാറ്റൊലികൊള്ളിക്കുന്ന പക്ഷികളും, വായുവിനെ തങ്ങളുടെ സൌരഭ്യത്താൽ സുഗന്ധപൂരിതമാക്കുന്ന ഭംഗിയുള്ള പുഷ്പങ്ങളും, കാട്ടിൽ പച്ചനിറമായ ഇലകളോടുകൂടി ഉയർന്നുനിൽക്കുന്ന വൻ മരങ്ങളും, ദൈവത്തിന്റെ പിതൃ വാത്സല്യത്തേയും ദയയേയും തന്റെ മക്കൾ ഭാഗ്യവാന്മാരയിത്തീരണമെന്നുള്ള അവന്റെ അഭിവാഞ്ചയേയും ആണ് സാക്ഷീകരിക്കുന്നത്.

**(3). ദൈവത്തിന്റെ സ്വഭാവത്തിലെ ചില വിശേഷണങ്ങൾ എന്തൊക്കെയാണ് ?**

***"അകൃത്യം ക്ഷമിക്കയും തന്റെ അവകാശത്തിൽ ശേഷിപ്പുള്ളവരോടു അതിക്രമം മോചിക്കയും ചെയ്യുന്ന നിന്നോടു സമനായ ദൈവം ആരുള്ളു? അവൻ എന്നേക്കും കോപം വെച്ചുകൊള്ളുന്നില്ല; ദയയിലല്ലോ അവന്നു പ്രസാദമുള്ളതു. അവൻ നമ്മോടു വീണ്ടും കരുണ കാണിക്കും നമ്മുടെ അകൃത്യങ്ങളെ ചവിട്ടിക്കളയും; അവരുടെ പാപങ്ങളെ ഒക്കെയും നീ സമുദ്രത്തിന്റെ ആഴത്തിൽ ഇട്ടുകളയും" (മീഖാ:7:18-19)***

തിരുവെഴുത്തുകൾ ദൈവത്തിന്റെ സ്വഭാവലക്ഷണാദികളെ നമ്മുക്ക് വെളിപ്പെടുത്തിത്തരുന്നു. ദൈവത്തിന്റെ അപാരമായിരിക്കുന്ന സ്നേഹത്തേയും ദയയേയും കുറിച്ചു അവൻ തന്നെ പ്രസ്താവിച്ചിരിക്കുന്നു. "നിന്റെ തേജസ്സ് എനിക്ക് തരേണമേ" എന്ന് മോശെ പ്രാർത്ഥിച്ചപ്പോൾ "ഞാൻ എന്റെ മഹിമ ഒക്കെയും നിന്റെ മുമ്പാകെ കടക്കുമാറാക്കും" എന്ന് കർത്താവ് ഉത്തരമരുളി. (പുറപ്പാട്. 33:18,19) ഇതാകുന്നു അവന്റെ തേജസ്സ്. യഹോവ അവന്റെ മുമ്പാകെ കടന്നുഘോഷിച്ചത് എന്തെന്നാൽ: "യഹോവ, യഹോവയായ ദൈവം, കരുണയും കൃപയുമുള്ളവൻ, ദീർഘക്ഷമയും മഹാദയയും

വിശ്വസ്തതയുമുള്ളവൻ. ആയിരം ആയിരത്തിനു ദയകാണിക്കുന്നവൻ; അകൃത്യവും അതിക്രമവും പാപവും ക്ഷമിക്കുന്നവൻ." (പുറപ്പാട് 34:6,7)
"കോപത്തിൽ സമാധാനവും മഹാദയയുമുള്ളവൻ" (യോനാ 4:2) (പഴയ ഭാഷാന്തരം നോക്കുക.)
"എന്തുകൊണ്ടെന്നാൽ ദയയിലല്ലോ അവന്നു പ്രസാദമുള്ളത്." (മീഖാ 7:18).

**(4). ദൈവത്തെപ്പറ്റി നമുക്ക് അറിയില്ലായിരുന്നെങ്കിൽ അവനെപ്പറ്റിയുള്ള നമ്മുടെ കാഴ്ചപാട് എന്തായിരിക്കുമായിരുന്നു? ദൈവ സ്വഭാവത്തിനെതിരായുള്ള സാത്താന്റെ കപട ആരോപണങ്ങളെ വിശ്വാസയോഗ്യമായി കരുത്തുമായിരുന്നോ ?**

***"അവർ പാമ്പുപോലെ പൊടിനക്കും; നിലത്തെ ഇഴജാതിപോലെ തങ്ങളുടെ ഗുഹകളിൽനിന്നു വിറെച്ചുംകൊണ്ടു വരും; അവർ പേടിച്ചുംകൊണ്ടു നമ്മുടെ ദൈവമായ യഹോവയുടെ അടുക്കൽ വരികയും നിന്നെ ഭയപ്പെടുകയും ചെയ്യും" (മീഖാ:7:17)***

ആകാശത്തിലും ഭൂമിയിലുമുള്ള അസംഖ്യം ഉപാധികളാൽ ദൈവം നമ്മുടെ ഹൃദയത്തെ തന്നോട് ഇണച്ചുചേർത്തിട്ടുണ്ട്. പ്രകൃതിയിലെ വസ്തുക്കളാലും മാനുഷഹൃദയങ്ങൾക്ക് സുജ്ഞാതമായ അത്യാഗാധവും ഏറ്റവും മൃദുലവുമായ ഭൌമികപാശങ്ങൾമൂലവും അവൻ നമ്മുക്ക് തന്നെത്താൻ വെളിപ്പെടുത്തിതരുന്നു. ഇവ ഒക്കെയും അപൂർണ്ണമായിട്ടെങ്കിലും ദൈവസ്നേഹത്തെ വെളിവാക്കുന്നുണ്ട്. ഇപ്രകാരമുള്ള തെളിവുകൾ ധാരാളം നല്കപ്പെട്ടിരിക്കുന്നുവെങ്കിലും നമ്മുടെ ശത്രുവായവൻ മനുഷ്യരുടെ കണ്ണുകൾ കുരുടാക്കിയിരിക്കുന്നതുകൊണ്ട് അവർ ഭയത്തോടും വിറയലോടും കൂടെയാണ് ദൈവത്തെ വീക്ഷിക്കുന്നത്. അവൻ കഠിന ഹൃദയനും ക്ഷമിക്കാത്തവനുമാകുന്നു എന്നാണ് അവർ വിചാരിക്കുന്നത്. ഒരു കഠിന ഹൃദയനായ ന്യാധിപനെയോ, ദയയിലാത്തൊരു ഉത്തമർണ്ണനെയോപോലെ, ദൈവവും കരുണയില്ലാത്ത നീതിമാൻ ആണെന്ന് അവന്റെ ഗുണലക്ഷണ ങ്ങളെക്കുറിച്ച് പിശാചു മനുഷ്യരെ തെറ്റിദ്ധരിപ്പിക്കുന്നു. മനുഷ്യരുടെ

തെറ്റുകുറ്റങ്ങളെ കണ്ടുപിടിച്ചു അവരെ കഠിനമായി ശിക്ഷിപ്പാൻ ആകാംക്ഷയോടെ കാത്തിരിക്കുന്ന ഒരുവനായിട്ടാണ് അവൻ ദൈവത്തെ ചിത്രീകരിക്കുന്നത്. തെറ്റായധാരണ നീക്കി ദൈവത്തിന്റെ സീമയറ്റ സ്നേഹമാഹാത്മ്യത്തെ ലോകത്തിന്നു പ്രത്യക്ഷമാക്കേണ്ടതിനാണ് യേശുകർത്താവ് ഇറങ്ങിവന്ന് മനുഷ്യരുടെ ഇടയിൽ ജീവിച്ചത്.

**(5). പാപം ചെയുവാൻ തീരുമാനിച്ചതിലൂടെ മനുഷ്യൻ നഷ്ടപ്പെടുത്തിയ ശ്രേഷ്ഠ പദവി എന്താണ് ?**

**"ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല; പിതാവിൻറെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു. (യോഹ. 1:18).**

ദൈവപുത്രൻ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിയത് പിതാവിനെ വെളിപ്പെടുത്തുവാനായിരുന്നു.

**(6). പിതാവ് എപ്രകാരമുള്ളവൻ എന്ന് നമുക്ക് എങ്ങിനെ മനസിലാക്കുവാൻ കഴിയും ?**

***"നിങ്ങൾ എന്നെ അറിഞ്ഞു എങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു; ഇന്നുമുതൽ നിങ്ങൾ അവനെ അറിയുന്നു; അവനെ കണ്ടുമിരിക്കുന്നു എന്നു പറഞ്ഞു" (യോഹ:14:7)***

"പുത്രനും പുത്രൻ വെളിപ്പെടുത്തിക്കൊടുപ്പാൻ ഇച്ഛിക്കുന്നവനുമല്ലാതെ ആരും പിതാവിനെ അറിയുന്നതുമില്ല.(മത്താ. 11:27) "പിതാവിനെ ഞങ്ങൾക്ക് കാണിച്ചു തരേണം" എന്ന് ശിഷ്യന്മാരിൽ ഒരാൾ കർത്താവിനോടു അപേക്ഷിച്ചപ്പോൾ യേശു അവനോടു പറഞ്ഞത്, "ഞാൻ ഇത്രക്കാലം നിങ്ങളോടുകൂടെ ഇരുന്നിട്ടും നീ എന്നെ അറിയുന്നില്ലയോ ഫിലിപ്പോസേ? എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു, പിന്നെ പിതാവിനെ ഞങ്ങൾക്ക് കാണിച്ചുതരേണം എന്ന് നീ പറയുന്നത് എങ്ങനെ?" (യോഹ. 14:8,9).

**(7). യേശു ഭൂമിയിലേക്ക് വരുവാനുള്ള മറ്റു കാരണങ്ങൾ എന്തെല്ലാമാണ്**

*"ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവു എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവു എന്റെമേൽ ഉണ്ടു; ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു" എന്നു എഴുതിയിരിക്കുന്ന സ്ഥലം കണ്ടു" (ലൂക്കോ:4:18-19)*

തന്റെ ലൌകീകപ്രവൃത്തിയെക്കുറിച്ച് വിവരിക്കുന്ന അവസരത്തിൽ കർത്താവ് ഇങ്ങനെ പറയുന്നു, "ദരിദ്രന്മാരോട് സുവിശേഷം അറിയിക്കാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെമേൽ ഉണ്ട്; ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഡിത ന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗി പ്പാനും എന്നെ അയച്ചിരിക്കുന്നു." (ലൂക്കോ. 4:18) ഇതായിരുന്നു അവന്റെ പ്രവൃത്തി. അവൻ നന്മ ചെയ്തുകൊണ്ടും പിശാചിനാൽ പീഡിതരായവരെ സുഖപ്പെടുത്തിക്കൊണ്ടും ചുറ്റി സഞ്ചരിച്ചു. ആ കാലത്ത് ഗ്രാമങ്ങളിലൊക്കെ നല്ല സന്തോഷമായിരുന്നു. ദീനക്കാരുടെ ഞരക്കം യാതൊരു വീട്ടിലും കേൾപ്പാനുണ്ടായിരുന്നില്ല. കാരണം യേശു കർത്താവ് അവിടങ്ങളിൽ ചെന്ന് എല്ലാവ്യാധിക്കാരെയും സൌഖ്യപ്പെടുത്തിയിരുന്നു. അവന്റെ പ്രവൃത്തി അവന്റെ ദിവ്യാഭിഷേകത്തിന്നു സാക്ഷിയത്രെ. അവന്റെ ക്രിയകളിലൊക്കെയും സ്നേഹം, ദയ, മനസ്സലിവ് എന്നീ ഗുണങ്ങൾ പ്രത്യക്ഷപ്പെട്ടിരുന്നു. മനുഷ്യപുത്രന്മാരോട് അവൻ എത്രയും സഹതാപമുള്ളവനായിരുന്നു. മനുഷ്യരുടെ ആവശ്യങ്ങളെ നന്നായി ഗ്രഹിച്ചറിവാനും അവയെ നിവാരണം ചെയ്യുവാനുമായിട്ടത്രെ അവൻ മാനുഷപ്രകൃതിയെ കൈക്കൊണ്ടത്. മഹാദരിദ്രന്മാരും സാധുക്കളും അവന്റെ അരികിൽ ചെല്ലേണ്ടതിനു ശങ്കിച്ചിട്ടില്ല. ശിശുക്കളെയും കൂടെ അവൻ തന്റെ അടുക്കെ വിളിച്ചുവല്ലോ. അവർ എത്രയും സന്തോഷത്തോടെ അവന്റെ അടുക്കൽ ചെന്ന് അവന്റെ മടിയിൽ കയറി ഇരുന്നു.

സ്നേഹസമ്പൂർണ്ണമായ ആ മുഖകമലത്തെ നോക്കി ആനന്ദിച്ചിരുന്നു.

**(8). ക്രിസ്തു എപ്രകാരമാണ് തന്നെയും സുവിശേഷസന്ദേശത്തെയും വെളിപ്പെടുത്തിയത്**

***“വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു” (യോഹ:1:14)***

യേശു കർത്താവ് ഒരു സത്യമെങ്കിലും മറച്ചുവെക്കാതെ എല്ലാം സ്നേഹസമേതം പ്രസ്താവിച്ചിരുക്കുന്നു. മനുഷ്യരോടുള്ള തന്റെ പെരുമാറ്റത്തിൽ അവൻ വളരെ ബുദ്ധികൂർമ്മതയും ദയയോടുകൂടിയ ആലോചനയും പ്രകടിപ്പിച്ചിരിക്കുന്നു. അവൻ ഒരിക്കലെങ്കിലും ആരോടും മൂർഖത കാണിക്കുകയോ, കഠിനമായി സംസാരിക്കയോ, ഒരാളുടെ മനസ്സിനെ കഠിനമായി വേദനപ്പെടുത്തുകയോ ചെയ്തിട്ടില്ല. അവൻ മനുഷ്യരുടെ ബലഹീനതകൾ നിമിത്തം അവരെ ശകാരിച്ചിട്ടില്ല. അവൻ അവരവരുടെ കാര്യം ഓരോരുത്തരോടും നേരിട്ട് പറഞ്ഞുവെങ്കിലും അത് എപ്പോഴും സ്നേഹത്തോടുകൂടെയായിരുന്നു. ക പട ഭക്തിയെയും അവിശ്വാസത്തെയും അക്രമത്തെയും അവന് കഠിനമായി ആക്ഷേപിച്ചെങ്കിലും ആ ശകാരവാക്കുകൾ അവൻ ഉച്ചരിച്ചപ്പോൾ അവന്റെ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞിരുന്നു. താൻ സ്നേഹിച്ച യെരുശലേം, വഴിയും സത്യവും ജീവനുമായ തന്നെ ഉപേക്ഷിക്കനിമിത്തം, അവൻ ആ പട്ടണത്തെക്കുറിച്ചു കണ്ണുനീർ വാർത്തുവല്ലൊ. യെരുശലേം നിവാസികൾ രക്ഷിതാവായ അവനെ ത്യജിച്ചു കളഞ്ഞു എങ്കിലും അവൻ വാത്സല്യത്തോടുകൂടെ അവരോടു ദയകാണിച്ചു. അവന്റെ മുഴുജീവിതവും സ്വയത്യാഗനിർ ഭരവും മറ്റുള്ളവർക്കുവേണ്ടി കരുതുന്നതും ആയിരുന്നുവല്ലൊ. എതാത്മാവും അവന്റെ ദ്രിഷ്ടിയിൽ വിലയേറിയതായിരുന്നു. തന്റെ ദിവ്യ മഹത്വവും പ്രതാപവും ഗണ്യമാക്കാതെ ദൈവത്തിന്റെ കുടുംബത്തിലെ ഓരോ അംഗത്തേയും എത്രയും സ്നേഹാദരവോടുകൂടി

കരുതുകയും ശുശ്രൂഷിക്കയും ചെയ്യുന്നു. പതിതരായ മാനവകുലത്തിലെ ഓരോ വ്യക്തിയിലും താൻ രക്ഷിക്കേണ്ട ഒരാത്മാവുണ്ടെന്ന് അവൻ ഗ്രഹിച്ചിരുന്നു.

ഇതാകുന്നു യേശു കർത്താവ് തന്റെ ജീവിതത്തിൽ പ്രകടമാക്കിയിരുന്ന സ്വഭാവലക്ഷണം. പിതാവായ ദൈവത്തിന്റെ സ്വഭാവലക്ഷണവും അതുതന്നെ. പിതാവിന്റെ ഹൃദയത്തിൽ നിന്നാണ് കർത്താവിൽ പ്രത്യക്ഷമായിരുന്ന മനസ്സലിവിൻ നീർച്ചാലുകൾ പുറപ്പെട്ടു മനുഷ്യപുത്രരിലേക്ക് ഒഴുകുന്നത്. ഇത്രമാത്രം മനസ്സലിവും ദയയുമുള്ള കർത്താവ് ദൈവം “ജഡത്തിൽ വെളിപ്പെട്ടത് തന്നെ.” ( 1 തിമൊ. 3:16 ).

**(9). നമ്മുടെ പാപം നിമിത്തം ക്രിസ്തു എപ്രകാരം ഈ ഭൂമിയിൽ കഷ്ടം അനുഭവിച്ചു?**

***“അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു; അവനെ കാണുന്നവർ മുഖം മറെച്ചുകളയത്തക്കവണ്ണം അവൻ നിന്ദിതനായിരുന്നു; നാം അവനെ ആദരിച്ചതുമില്ല. സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു; നാമോ, ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾനിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾനിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിന്നായുള്ള ശിക്ഷ അവന്റെമേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൌഖ്യം വന്നുമിരിക്കുന്നു” (യെശയ്യാ:53:3-5).***

നമ്മെ വീണ്ടെടുപ്പാൻ യേശു കർത്താവ് മനുഷ്യനായി ജീവിക്കയും കഷ്ടപ്പെട്ടുമരിക്കയും ചെയ്തു. അവൻ “വ്യസന പാത്രമായിത്തീർന്നത്” നമ്മെ നിത്യസന്തോഷത്തിൽ പങ്കാളികളാക്കുവാനായിട്ടല്ലയോ! കൃപയും സത്യവുംകൊണ്ട് നിറഞ്ഞ തന്റെ പുത്രൻ ആ മഹത്വരാജ്യത്തിന്റെ എല്ലാമേന്മകളും വിട്ടു പാപത്താൽ കറപ്പെട്ടതും മരണവും ശാപവും കുടികൊണ്ടിരിക്കുന്നതുമായ ഈ ഭൂമിയിലേക്ക് വരുവാൻ പിതാവായ

ദൈവം സമ്മതിച്ചു. അതെ, തന്റെ സ്നേഹമാർവിടത്തെയും ദൂതന്മാരാലുള്ള ആരാധനയും, ഉപേക്ഷിച്ചു നിന്ദയും, ലജ്ജയും, താഴ്ചയും, അസൂയയും മരണവും, അനുഭവിപ്പാൻ ദൈവം തന്റെ പ്രിയ പുത്രനെ ഏല്പിച്ചു കൊടുത്തു. “നമ്മുടെ സമാ ധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി അവന്റെ അടിപിണരുകളാൽ നമ്മുക്ക് സൌഖ്യം വന്നിരിക്കുന്നു.” (യെശ. 53:5) ഇതാ മരുഭൂമിയിൽ അവനോടുകൂടെ പോകുവിൻ. ഗെത്ത്ശെമന തോട്ടത്തിലും അവനെ ഒന്ന് സൂക്ഷിച്ചുനോക്കുവിൻ! ക്രൂശിന്മേൽ തൂങ്ങുന്ന അവനെ നോക്കുവിൻ. കളങ്കമില്ലാത്ത ദൈവപുത്രൻ സർവ്വലോകത്തിന്റെയും ഭാരം തന്റെമേൽ വഹിച്ചിരിക്കുന്നത് നിങ്ങൾ കാണുന്നില്ലയോ?

**(10). യേശു പിതാവിനോട് നിലവിളിച്ചതെന്താണ് ?**

***“ഏകദേശം ഒമ്പതാംമണി നേരത്തു യേശു: “ഏലീ, ഏലീ, ലമ്മാ ശബക്താനി” എന്നു ഉറക്കെ നിലവിളിച്ചു; “എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതു എന്തു” എന്നർത്ഥം” (മത്താ:27:46)***

ദൈവത്തോട് ഏകീഭവിച്ചിരുന്നവൻ പാപത്താൽ ദൈവത്തിന്നും മനുഷ്യർക്കും തമ്മിൽ ഉണ്ടായ വേർപാട് എത്ര ഭയങ്കരമെന്നു തന്റെ ദേഹിയിൽ അനുഭവിക്കേണ്ടിവന്നുവല്ലോ. ഈ ഭയങ്കര വേർപ്പാട് അനുഭവപ്പെട്ട അവസരത്തിലാണ് “എന്റെ ദൈവമെ, എന്റെ ദൈവമെ, നീ എന്നെ കൈവിട്ടത് എന്ത്?” എന്ന മുറവിളി അവന്റെ അധരങ്ങളിൽ നിന്ന് പുറപ്പെട്ടത്. ഇതിൽനിന്ന് പാപത്തിന്റെ ഭാരവും പാപം നിമിത്തം മാനുഷ്യദേഹി ദൈവത്തിൽനിന്ന് അന്യപ്പെടുന്നതിന്റെ ഭയങ്കരത്വവും എത്ര കാഠിന്യമേറിയതെന്നു മനസ്സിലാക്കാമല്ലൊ. അതത്രെ ദൈവപുത്രന്റെ ഹൃദയം തകർത്തു കളഞ്ഞത്.

**(11). ദൈവം തന്റെ പുത്രനെ ഈ ഭൂമിലയിലേക്ക് അയക്കുവാനുള്ള രണ്ടു സുപ്രധാന കാരണങ്ങൾ എന്തെല്ലാമാണ് ?**

***“തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം***

*അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ:3:16)*

*"ദൈവം ലോകത്തിന്നു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു പോന്നു. ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭരമേല്പിച്ചുമിരിക്കുന്നു" (2 കൊരി:5:19)*

എന്നാൽ കർത്താവ് ഇങ്ങനെ തന്നെത്താൻ യാഗമായി അർപ്പിച്ചത് അത് നിമിത്തം പിതാവായ ദൈവത്തിന്റെ ഹൃദയത്തിൽ മനുഷ്യരുടെ നേർക്കുള്ള സ്നേഹമോ അവരെ രക്ഷിപ്പാനുള്ള അഭിവാഞ്ചയോ അങ്കുരിപ്പിപ്പാനല്ല. കാരണം അതിനു മുമ്പുതന്നെ "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു." (യോഹ. 3:16) ഈ മഹാവലിയ വീണ്ടെടുപ്പ് വേല ഹേതുവായിട്ടല്ല ദൈവം നമ്മെ സ്നേഹിച്ചത്. പ്രത്യുത അവൻ നമ്മെ സ്നേഹിച്ചതുകൊണ്ടാണ് അത് നടപ്പില്ൽ വരുത്തിയത്. തന്റെ അളവില്ലാത്ത നഷ്ടപ്പെട്ട ലോകത്തിലേക്ക് ഒഴുക്കിക്കൊടുപ്പാൻ ക്രിസ്തുവിനെ ഒരു ചാലായ പിതാവായ ദൈവം ഉപയോഗിച്ചു എന്നേയുള്ളു. "ദൈവം....... ലോകത്തെ ക്രിസ്തുവിൻ തന്നോട് നിരപ്പിച്ചുപോന്നു." (2 കൊരിന്ത്യർ 5: 19) ദൈവവും തന്റെ പുത്രനോടുകൂടെ കഷ്ടമനുഭവിച്ചുവല്ലൊ. ഗെത്ത്ശമനയിലെ മരണ വേദനയും കാൽവറിയിലെ ക്രൂശുമരണവും നമ്മുടെ വീണ്ടെടുപ്പിന്നായി സ്നേഹമൂർത്തിയായ പിതാവ് കൊടുത്ത അമൂല്യമായ മറുവിലയല്ലയോ?

**(12). പാപത്തിൽ വീണ മനുഷ്യനെ രക്ഷിക്കുവാനുള്ള പദ്ധതി യേശു എപ്രകാരം വിവരിച്ചു ? പിതാവിന്റെ പ്രതികരണം എന്തായിരുന്നു ?**

*"ദൈവം ലോകത്തിന്നു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു പോന്നു. ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭരമേല്പിച്ചുമിരിക്കുന്നു" (2 കൊരി:5:19)*

“എന്റെ ജീവനെ വീണ്ടും പ്രാപിക്കേണ്ടതിന്നു ഞാൻ അതിനെ കൊടുക്കുന്നത്കൊണ്ട് പിതാവ് എന്നെ സ്നേഹിക്കുന്നു” എന്ന് യേശു കർത്താവ് പറയുന്നു.(യോഹ. 10:17) അതിന്റെ സാരം എന്തെന്നാൽ:- നിങ്ങളെ വീണ്ടെടുക്കേണ്ടതിനു ഞാൻ എന്റെ ജീവനെ കൊടുക്കുന്നത് കൊണ്ട് പിതാവ് എന്നെ സ്നേഹിക്കുന്നതിനാൽ. അവൻ നിങ്ങളെ എത്ര അധികം സ്നേഹിക്കുന്നു എന്ന് നോക്കുവിൻ. ഞാൻ നിങ്ങളുടെ പ്രതി പുരുഷനും ജാമ്യക്കാരനും ആയിത്തീർന്നതിനാലും എന്റെ ജീവനെ അർപ്പിച്ചിരിക്കുന്നതിനാലും, നിങ്ങളുടെ പ്രകൃതി കൈക്കൊണ്ടും നിങ്ങളുടെ സഹജമായ വീഴ്ചകളെയും ലംഘനങ്ങളെയും എന്റെ മേൽ ഏറ്റുകൊണ്ടതിനാലും ഞാൻ പിതാവിനു ഏറ്റവും പ്രിയനായിത്തീരുന്നു; എന്തുകൊണ്ടെന്നാൽ എന്റെ യാഗത്താൽ ദൈവം നീതിമാൻ എന്നും ക്രിസ്തുവിൽ വിശ്വസിക്കുന്നവരെ നീതികരിക്കുന്നവൻ എന്നും, കാണായിവരുന്നുവല്ലൊ.

ദൈവപുത്രന്നല്ലാതെ മറ്റാർക്കും നമ്മുടെ ഈ വീണ്ടെടുപ്പുവേല നിർവഹിക്കുവാൻ കഴിയുമായിരുന്നില്ല. പിതാവിന്റെ മാർവ്വിടത്തിൽ വസിച്ചിരുന്നവനുമാത്രമെ അവനെ നമ്മുക്ക് വെളിപ്പെടുത്തിതരുവാൻ സാധിക്കയുള്ളു. ദൈവസ്നേഹത്തിൻ ഉയരവും ആഴവും അറിഞ്ഞവനുമാത്രമല്ലെ, അത് പ്രത്യക്ഷപ്പെടുത്തുവാനും സാധിക്കയുള്ളു! പാപികളായ മനുഷ്യർക്ക് വേണ്ടി ക്രിസ്തുയേശു അർപ്പിച്ചിരിക്കുന്ന പ്രായശ്ചിത്തയാഗത്താലല്ലാതെ ദൈവത്തിനു നാശത്തിൽ കിടക്കുന്ന മാനുഷവർഗത്തോടുള്ള സ്നേഹം പ്രസ്പഷ്ടമാക്കുവാൻ മറ്റൊരു വഴിയും ഇല്ല.

“ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.” മനുഷ്യരുടെ ഇടയിൽ വസിപ്പാനും, അവരുടെ പാപങ്ങളെ ചുമപ്പാനും അവരുടെ പ്രായശ്ചിത്ത ബലിയായി മരിപ്പാനും മാത്രമല്ല ദൈവം അവനെ നല്കിയത്; അവനെ മുറ്റും മാനുഷവർഗ്ഗത്തിന്നായി ഏല്പിച്ചു. അവൻ

അവരുടെ അഭിലാഷങ്ങളെയും ആവശ്യകതകളെയും അറിഞ്ഞു അതിൽ അവരോടു സദൃശനായിത്തീരേണ്ടിയിരുന്നു. ദൈവത്തോട് തുല്യനായിരുന്നവൻ ഇതാ ഒരിക്കലും പൊട്ടിപ്പാൻ പാടില്ലാത്ത പാശങ്ങളാൽ മനുഷ്യവർഗ്ഗത്തോട് ബന്ധിക്കപ്പെടുന്നു.

**(13). യേശു നമ്മെ എങ്ങനെ വിളിക്കുവാൻ ലജ്ജിക്കുന്നില്ല ?**

**"യേശു കർത്താവ് "അവരെ സഹോദരന്മാർ എന്ന് വിളിപ്പാൻ ലജ്ജിക്കുന്നില്ല." (എബ്രായർ 2:11)**

അവൻ നമ്മുടെ ബലിയും, നമ്മുടെ മദ്ധ്യസ്ഥനും, സഹോദരനും, പിതാവിൻ സിംഹാസനത്തിൻ മുമ്പിൽ നമ്മുടെ പ്രകൃതി വഹിച്ചു നിൽക്കുന്നവനും എന്നന്നേയ്ക്കുമായി താൻ വീണ്ടെടുത്തവർഗ്ഗത്തോട് ബന്ധിക്കപ്പെട്ടവനുമായി അതെ, സാക്ഷാൽ മനുഷ്യപുത്രനായിത്തന്നെ ഇരിക്കുന്നു. ഇതൊക്കെയും അവൻ ഏറ്റെടുത്തതു മനുഷ്യന്നു പാപത്താൽ വന്നു ഭവിച്ച നാശത്തിലും താഴ്ചയിലും നിന്ന് അവനെ ഉദ്ധരിപ്പാനും ദൈവസ്നേഹത്തെ അവനിൽ പ്രതിഫലിപ്പിച്ചിട്ടു അവന്റെ വിശുദ്ധിക്കും സന്തോഷത്തിനും അവനെ പങ്കാളിയാക്കിത്തീർപ്പാനുമാകുന്നു.

**(14). അവന്റെ വലിയ സ്നേഹത്താൽ എന്ത് പദവിയാണ് പിതാവ് നമുക്ക് നൽകിയിരിക്കുന്നത് ?**

***"കാണ്മിൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു; അങ്ങനെ തന്നേ നാം ആകുന്നു. ലോകം അവനെ അറിഞ്ഞിട്ടില്ലായ്കകൊണ്ടു നമ്മെയും അറിയുന്നില്ല" (1യോഹ:3:1)***

നമ്മുടെ വീണ്ടെടുപ്പിന്നായി കൊടുത്തിരിക്കുന്ന വിലയാൽ അതെ, നമുക്കുവേണ്ടി മരിപ്പാൻ ദൈവം തന്റെ പുത്രനെ വിട്ടു കൊടുത്തതിലുള്ള അവന്റെ ആ വലിയ യാഗാർപ്പണത്താൽ തന്നെ, ക്രിസ്തുമുഖാന്തരം നാം എന്തായിരിക്കുന്നു എന്നതിനെപറ്റി എത്രയും ഉപരിയായ ആലോചനകൾ നമ്മിൽ ഉണ്ടാകേണ്ടതാണ്. ആത്മനിശ്വാസം പ്രാപിച്ച യോഹന്നാൻ

അപ്പോസ്തലൻ അരിഷ്ട ലോകത്തോടുള്ള ദൈവസ്നേഹത്തിൻ ഉയരവും ആഴവും, വീതിയും നീളവും, കണ്ടപ്പോൾ അവൻ ആവേശഭരിതനായി ഭയഭക്തിപൂണ്ടു അതിനെ വാക്കുകളാൽ വർണ്ണിപ്പാൻ കഴിവില്ലാതെ അതിനെ നോക്കിക്കാണ്മാൻ ലോകത്തെ ആഹ്വാനം ചെയ്കയാണുണ്ടായത്. അതിപ്രകാരമാണ്:- “കാണ്മിൻ, നാം ദൈവമക്കൾ എന്ന് വിളിക്കപ്പെടുവാൻ പിതാവ് നമ്മുക്ക് എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു.”(1 യോഹന്നാൻ 3:1) ഇതിനാൽ മനുഷ്യൻ എന്തുമാത്രം വിലയുള്ളവനായിത്തീർന്നു! ലംഘനങ്ങൾ മൂലം മനുഷ്യർ പിശാചിന്റെ ദാസന്മാരായിത്തീരുന്നു. ക്രിസ്തുവിന്റെ പ്രായശ്ചിത്ത ബലിയെ വിശ്വാസംമൂലം ആദാമിന്റെ മക്കൾ ദൈവമക്കൾ ആയിത്തീരുന്നുവല്ലൊ. മാനുഷപ്രകൃതിയെ സ്വീകരിച്ചതിനാൽ ക്രിസ്തുമാനുഷികതത്തെ ഉന്നമിപ്പിക്കയാണ് ചെയ്തത്. പതിതരായ മനുഷ്യർ യേശു കർത്താവിനോടുള്ള സംബന്ധംമൂലം “ദൈവമക്കൾ” എന്ന് യഥാർത്ഥമായും വിളിക്കപ്പെടുവാനുള്ള നില പ്രാപിക്കുവാനിടയായത് ആശ്ചര്യമല്ലയോ?

**(15). നാം ദൈവത്തിന്റെ മക്കളാകുന്നതെങ്ങനെ ?**

***“അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു”*** **(യോഹ:1:12)**

ഈ സ്നേഹത്തിനു തുല്യമായ സ്നേഹം മറ്റെങ്ങും കാണപ്പെടുകയില്ല. സ്വർഗ്ഗീയ രാജ്യത്തിന്റെ മക്കൾ! എന്തു വിലയേറിയ വാഗ്ദാനം! അത്യഗാധമായ ചിന്തയെ അർഹിക്കുന്ന വിഷയം! ഹാ! തന്നെ സ്നേഹിക്കാത്ത ലോകത്തോടുള്ള ദൈവത്തിന്റെ നിസ്തുല്യസ്നേഹം! ഈ കാര്യത്തെപ്പറ്റി ആലോചിക്കുമ്പോൾ തന്നെ ഒരു ദിവ്യശക്തി നമ്മെ ആകർഷിക്കുന്നില്ലയോ? അത് നമ്മുടെ മനസ്സിനെ ദൈവേഷ്ടത്തിന്നു വിധേയമാക്കുന്നില്ലയോ? ക്രൂശിന്റെ വെളിച്ചത്തിൽ നാം ദിവ്യ സ്വഭാവത്തെക്കുറിച്ച് ധ്യാനിക്കുന്തോറും ന്യായവും നീതിയും കലർന്നിരിക്കുന്ന ദയ,

കരുണ, ദീർഘക്ഷമ എന്നിത്യാദി ഗുണങ്ങളെ നാം അധികമധികം കാണുകയും വഴിപിഴച്ചു നടക്കുന്ന ഒരു പൈതലിന്റെനേർക്ക് അതിന്റെ മാതാവിനുള്ള സഹതാപത്തേയും ആകാംക്ഷയേയും കവിയുന്ന ഒന്നാണ് നമ്മുടെ നേർക്ക് ദൈവത്തിനുള്ളത് എന്ന് ബോധ്യമാകയും ചെയ്യുന്നതായിരിക്കും.

*ഈ പ്രകൃതിയുടെ സൗന്ദര്യത്തിനും, എനിക്കും സകല ജീവജാലങ്ങൾക്കും ആവശ്യമുള്ളതെല്ലാം കരുതുന്ന സ്വർഗീയ പിതാവിനോട് ഞാൻ നന്ദിയുള്ളവനാണ്*

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല

*തന്റെ പ്രിയപ്പെട്ട പുത്രന്റെ ദാനത്താൽ അവിടുന്ന് എന്നോട് കാണിച്ച കരുണയും, ദീർഘ ക്ഷമയും അനുകമ്പയും ഓർത്തു ഞാൻ സ്നേഹത്താൽ നിറഞ്ഞിരിക്കുന്നു* (നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല

*യേശു ഈ ഭൂമിയിൽ വന്ന് രോഗികളെ സുഖപ്പെടുത്തുന്നതിലൂടെയും അന്ധർക്ക് കാഴ്ച നൽകുന്നതിലൂടെയും തകർന്ന മനസ്സിനെ ആശ്വസിപ്പിക്കുന്നതിലൂടെയും വീണുപോയ മനുഷ്യവർഗത്തെ വീണ്ടെടുക്കുന്നതിന് സ്വജീവൻ നൽകുന്നതിലൂടെയും തന്റെ സ്നേഹം പ്രകടിപ്പിച്ചതെങ്ങനെയെന്ന് മനസിലാക്കിയപ്പോൾ ഞാൻ ആശ്ചര്യപെട്ടുപോയി*

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല

*ദൈവസ്നേഹത്തിറെപ്പറ്റി കൂടുതൽ അറിയുവാനും എങ്ങിനെ എനിക്കും ദൈവ മകൻ ആകുവാൻ കഴിയുമെന്നു മനസിലാക്കിത്തരുന്ന ദൈവ വചനത്തിൽ കൂടുതൽ സമയം ചിലവഴിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.*

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല



## ആദ്ധ്യായം രണ്ട്

## പാപിക്കു യേശുവിനെകൊണ്ടുള്ള ആവശ്യം

**(1) ദൈവത്തെ ബഹുമാനിക്കുന്നതിനാലും അനുസരിക്കുനന്നതിനാലും നമുക്ക് ലഭിക്കുന്ന നന്മകൾ എന്തെല്ലാമാണ്**

***"യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു. അവയെ ആചരിക്കുന്ന എല്ലാവർക്കും നല്ല ബുദ്ധി ഉണ്ടു; അവന്റെ സ്തുതി എന്നേക്കും നിലനില്ക്കുന്നു".. (സങ്കീ: 111:11)***

മനുഷ്യരെ ദൈവം സൃഷ്ടിച്ചപ്പോൾ അവനു മഹത്തായ ഗുണശക്തികളും സമചിന്തയും നല്കിയിരുന്നു. അവൻ പൂർണ്ണനും ദൈവത്തോടു യോജ്യതയുള്ളവനും ആയിരുന്നു. അവന്റെ ആലോചനകൾ പരിശുദ്ധവും ലക്ഷ്യങ്ങൾ പരിപാവനവുമായിരുന്നു. എന്നാൽ അനുസരണക്കേടുമൂലം അവന്റെ ശക്തികൾ വഴിപിഴച്ചുപോകയും സ്വാർത്ഥത, സ്നേഹത്തിന്റെ സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. സ്വന്ത ശക്തിയാൽ ദോഷത്തെതടുപ്പാൻ കഴിയാതവണ്ണം അവന്റെ സ്വഭാവപ്രകൃതി ലംഘനം നിമിത്തം ബലഹീനമായിപ്പോയി. അവൻ പിശാചിന്നു അടിമയായിപ്പോയി എന്നുമാത്രല്ല ദൈവം ഇതിൽ

ഇടപ്പെട്ടിരുന്നില്ലെങ്കിൽ അവൻ എന്നേക്കും ആ ദാസ്യത്തിൽത്തന്നെ ഇരിക്കുമായിരുന്നു.

**(2) എന്തുകൊണ്ടാണ് ആദാമും ഹവ്വയും ദൈവത്തെ ഭയപ്പെട്ട് ഓടിയൊളിച്ചത്?**

***"തോട്ടത്തിൽ നിന്റെ ഒച്ച കേട്ടിട്ടു ഞാൻ നഗ്നനാകകൊണ്ടു ഭയപ്പെട്ടു ഒളിച്ചു എന്നു അവൻ പറഞ്ഞു. (ഉല്പ:3:10)***

മനുഷ്യനെ സൃഷ്ടിച്ചതിൽ ദൈവത്തിനുള്ള ഉദ്ദേശത്തിനു ഒരു പ്രതിബന്ധംവരുത്തി ലോകത്തെ മുഴുവനും നാശവും അരിഷ്ടതയും കൊണ്ടു നിറക്കേണമെന്നായിരുന്നു പരീക്ഷകന്റെ നോട്ടം. ഈ ലോകത്തിലുള്ള സർവ്വദോഷവും മനുഷ്യനെ സൃഷ്ടിച്ചതിൽനിന്നുളവായതാണെന്ന് അവൻ പ്രസ്താവിക്കയും ചെയ്യുന്നു. ആദിമനിഷ്ക്കളങ്കവസ്ഥയിൽ മനുഷ്യന്നു ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ അടങ്ങിയിരിക്കുന്ന" അവനോടു (കൊലൊ. 2:3) ആനന്ദപൂർണ്ണമായ കൂട്ടായ്മ ഉണ്ടായിരുന്നു. എന്നാൽ പാപം ചെയ്തശേഷം വിശുദ്ധസംസർഗ്ഗത്തിൽ അനിഷ്ടംതോന്നുകയും തന്നിമിത്തം ദൈവസന്നിധിവിട്ടുമറഞ്ഞുകളവാൻ വഴിനോക്കുകയും ചെയ്തു.

**(3) കർത്താവിന്റെ മടങ്ങിവരവിൽ അവിടുത്തെ പ്രത്യക്ഷതയോടുള്ള രക്ഷിക്കപ്പെടാത്തവരുടെ പ്രതികരണം എന്തായിരിക്കും ?**

**മലകളോടും പാറകളോടും; ഞങ്ങളുടെ മേൽ വീഴുവിൻ; സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും കുഞ്ഞാട്ടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറെപ്പിൻ. (വെളി:6:16).**

മാനസാന്തരപ്പെടാത്ത മനുഷ്യന്റെ സ്ഥിതി ഇന്നും അപ്രകാരംതന്നേ. അവന്നു ദൈവത്തോട് നിരപ്പില്ല. അവനോടുള്ള കൂട്ടായ്മയിൽ അവന്നു സംപ്രീതിയില്ല. പാപിക്കു ദൈവസന്നിധാനത്തിൽ സന്തോഷമായിരിക്കാൻ കഴികയില്ല. വിശുദ്ധജീവിതമുള്ള കൂട്ടായ്മയിൽനിന്ന് അവൻ പിന്മാറിക്കളയും. സ്വർഗ്ഗത്തിൽ അവനൊരു പ്രവേശനം ലഭിച്ചാൽതന്നെയും

ആ സ്ഥലം അവന്നു ആനന്ദപ്രദമായിരിക്കുകയില്ല. അവിടെ വ്യാപരിക്കുന്ന സ്വാർത്ഥരഹിതമായ സ്നേഹത്തിന്റെ ആത്മാവ് അവന്റെ ഹൃദയത്തിനു ചേരുകയില്ല. അവിടെ എല്ലാഹൃദയങ്ങളും ഒരുപോലെ ആ അളവറ്റസ്നേഹ ഹൃദയത്തിനു അനുയോജ്യമായിരിക്കും. അവന്റെ വിചാരങ്ങളും ആഗ്രഹങ്ങളും ലക്ഷ്യങ്ങളും അവിടെവസിക്കുന്ന

പാപരഹിതരായവർക്കുള്ളവയിൽനിന്നു അന്യപ്പെട്ടിരിക്കും. അവന്റെ സ്വരം സ്വർഗ്ഗത്തിലെ ഇമ്പസ്വരത്തോടു യോജിച്ചതായിരിക്കുകയില്ല. സ്വർഗ്ഗം അവന്നു ഒരു ദണ്ഡനസ്ഥലം പോലെയിരിക്കുകയും അതിന്റെ പ്രകാശവും അവിടെയുള്ള സന്തോഷത്തിന്റെ ഉറവിടവും ആയിരിക്കുന്നവനിൽ നിന്ന് മറഞ്ഞിരിപ്പാൻ അവൻ വാഞ്ചിക്കുകയും ചെയ്യും. ദൈവം സ്വേച്ഛാനുസാരമായോരു വിധിയാൽ ദുഷ്ടന്മാരെ സ്വർഗ്ഗത്തിൽനിന്നു ബഹിഷ്കരിച്ചു കളയുന്നു എന്നല്ല പ്രത്യുത അവിടത്തെ കൂട്ടായ്മ അനുഭവിപ്പാൻ തങ്ങളുടെ സ്വന്തം അയോഗ്യത
നിമിത്തം അർഹതയില്ലാത്തതുകൊണ്ട് അവർ തന്നെ അവരെ പുറത്താക്കുകയാണ് ചെയ്യുന്നത്. ദൈവത്തിന്റെതേജസ്സ് ദഹിപ്പിക്കുന്ന അഗ്നിയായി അവർക്കു തോന്നും. അതുകൊണ്ട് തങ്ങളെ രക്ഷിക്കേണ്ടതിന്നു തന്നെത്താൻ മരണത്തിന്നു ഏല്പിച്ചുകൊടുത്ത ആ രക്ഷിതാവിൽനിന്നു മറെക്കപ്പെടുവാനായി അവർ നാശത്തെ ക്ഷണിച്ചുവരുത്തും.

**(4) എന്തുകൊണ്ടാണ് പാപിയായ ഒരു വ്യക്തിക്ക് തന്റെ ഹൃദയത്തെ ശുദ്ധീകരിക്കുവാൻ കഴിയാത്തതു ?**

**“അശുദ്ധനിൽ നിന്ന് ജനിച്ച വിശുദ്ധൻ ഉണ്ടോ? ഒരുത്തനുമില്ല.” (ഇയ്യോബ് 14:4)**

നാം വീണുകിടക്കുന്ന പാപക്കുഴിയിൽ നിന്ന് നമ്മെ കരേറ്റുവാൻ നമ്മുക്കുതന്നെ സാധിക്കുകയില്ല. നമ്മുടെ ഹൃദയം ദോഷമുള്ളതാകുന്നു; അതുമാറ്റുവാൻ നമ്മാൽ അസാദ്ധ്യം. “ജഡത്തിന്റെ ചിന്ത

ദൈവത്തോട് ശത്രുത്വമാകുന്നു; അത് ദൈവത്തിന്റെ ന്യാപ്രമാണത്തിനു കീഴ്പ്പെടുന്നില്ല; കീഴ്പ്പെടുവാൻ കഴിയുന്നതുമല്ല.(റോമ. 8:7) വിദ്യാഭ്യാസം, സംസ്കാരം ചിന്ത, പരിശീലനം, മാനുഷീകയത്നങ്ങൾ ഇവയെല്ലാം അതാതിന്റെ സ്ഥാനത്ത് നല്ലതുതന്നെ. എങ്കിലും ഈ വിഷയത്തിൽ അവ എല്ലാം അശക്തങ്ങളാകുന്നു. അവയെക്കൊണ്ടു നമ്മുടെ സ്വഭാവപ്രകൃതിക്ക് ഒരു ബാഹ്യമായമാറ്റം വരുത്താമെങ്കിലും ഹൃദയത്തെ മാറ്റുവാൻ സാധിക്കയില്ല. 'ജീവന്റെ ഉറവകളെ' ശുദ്ധീകരിപ്പാനും അവർക്ക് കഴികയില്ല. പാപത്താൽ അശുദ്ധരായിരിക്കുന്ന മനുഷ്യൻ ശുദ്ധനായിത്തീരേണ്ടതിനു മേലിൽനിന്നുള്ള ആ പുതുജീവന്റെ ശക്തി അവന്റെ ഉള്ളിൽ പ്രവർത്തിച്ചേ മതിയാവൂ. ആ ശക്തിയോ ക്രിസ്തുവത്രെ. അവന്റെ കരുണയ്ക്ക് മാത്രമേ മനുഷ്യാത്മാവിൽ അന്തർലീനമായിരിക്കുന്ന നിർജ്ജീവശക്തികളെ സജീവമാക്കി വിശുദ്ധിക്കായി ദൈവത്തിങ്കലേക്ക് ആകർഷിപ്പാനുള്ള ശക്തിയുള്ളൂ.

**(5) ദൈവ രാജ്യത്തിൽ പ്രവേശിക്കുവാൻ എന്ത് മാറ്റമാണ് നമ്മുടെ ജീവിധത്തിൽ ഉണ്ടാകേണ്ടത് ?**

**യേശു അവനോടു: "ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയകയില്ല " എന്നു ഉത്തരം പറഞ്ഞു (യോഹ:3:3)**

നമ്മുടെ കർത്താവ് പറയുന്നതാവിത് : "പുതുതായി ജനിച്ചില്ലായെങ്കിൽ (അതായത് പുതു ജീവനിലേക്കുവഴിനടത്തുന്ന പുതിയോരുഹൃദയവും, പുതു ആഗ്രഹങ്ങളും, പുതു ലക്ഷ്യങ്ങളും പ്രാപിച്ചില്ലായെങ്കിൽ) ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല." (യോഹന്നാൻ 3:3) മനുഷ്യനിൽ ജാത്യാലുള്ള സൽഗുണങ്ങളെ വികസിപ്പിച്ചാൽ മതിയാകുമെന്ന അഭിപ്രായം മരണഹേതുകമായ ഒരു വഞ്ചനയത്രെ.

**(6) ആത്മീയ കാര്യങ്ങൾ എങ്ങനെ മനസിലാക്കുവാൻ കഴിയും?**

***“നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു; ആത്മാവു സകലത്തെയും ദൈവത്തിന്റെ ആഴങ്ങളെയും ആരായുന്നു” (1 കൊരി:2:10)***

“പ്രാകൃതമനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല. അത് അവന്നു ഭോഷത്വം ആകുന്നു; ആത്മീകമായി വിവേചിക്കേണ്ടതാകയാൽ അത് അവന്നു ഗ്രഹിപ്പാൻ കഴിയുന്നതുമല്ല”. (1 കൊരി 2:14) നിങ്ങൾ പുതുതായി ജനിക്കേണം എന്ന് ഞാൻ നിന്നോട് പറകയാൽ ആശ്ചര്യപ്പെടരുത്.” (യോഹ. 3:7) “അവനിൽ ജീവൻ ഉണ്ടായിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു” (യോഹ. 1:4) എന്നും നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെയിടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല” (അ.പ്ര. 4:12) എന്നും യേശുകർത്താവിനെക്കുറിച്ച് എഴുതിയിരിക്കുന്നുവല്ലോ.

**(7) നീതീകരിക്കപ്പെട്ട ശേഷവും നമ്മൾ പാപവുമായി പോരാടുന്നത് എന്തുകൊണ്ട്?**

**“ഞാനോ ജഡമയൻ; പാപത്തിന്നു ദാസനായി വില്ക്കപ്പെട്ടവൻതന്നെ” (റോമ. 7:14)**

ദൈവത്തിന്റെ സ്വഭാവത്തിലടങ്ങിയിരിക്കുന്ന അവന്റെ പരോപകാരതല്പരതയും പിതൃവാത്സല്യവും മനസ്സിലാക്കുന്നതിന് അവന്റെ ആർദ്രസ്നേഹത്തെമാത്രം കുറികൊണ്ടാൽപോരാ. ന്യായപ്രമാണം സ്നേഹത്തിന്റെ ശാശ്വത തത്വത്തിൽ അധിഷ്ഠിതമാണെന്ന് ഗ്രഹിക്കേണ്ടതിനു അതിൽ വിളങ്ങുന്ന ജ്ഞാനത്തേയും നീതിയേയും വിവേചിച്ചറിഞ്ഞാലും പോരാ, അപ്പോസ്തലനായ പൌലോസ് “ന്യായപ്രമാണം നല്ലത് എന്ന് ഞാൻ സമ്മതിക്കുന്നു.” ന്യായപ്രമാണം വിശുദ്ധം; കല്പന വിശുദ്ധവും ന്യായവും നല്ലതുംതന്നെ.” (റോമ. 7:12,16) എന്ന് പ്രസ്താവിച്ചത് അതെല്ലാം മനസ്സിലാക്കിക്കൊണ്ടായിരുന്നു. തന്നിമിത്തമാണ് തന്റെ പ്രാകൃതനിലയുടെ അരിഷ്ടതയും കൈപ്പും അവനു ബോദ്ധ്യമാകുകയും തൽഫലമായി അവൻ തന്നെ തിരിച്ചു മുറവിളികൂട്ടുകയും

ചെയ്തത്. എന്നാൽ നീതിയും വിശുദ്ധിയും പ്രാപിക്കേണ്ടതിന് അവൻ വാഞ്ഛിച്ചെങ്കിലും അത് സ്വയത്നങ്ങളാൽ സംപ്രാപ്യമല്ലായെന്നും അതിന്നു താൻ അശക്തനെന്നും കാണുകയാൽ, “അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ! ഈ മരണത്തിനു അധീനമായ ശരീരത്തിൽ നിന്നും എന്നെ ആർ വിടുവിക്കും?” (റോമ. 7:24) എന്ന് പ്രലപിക്കുന്നു. ഇപ്രകാരമുള്ള നിലവിളി ഏതുകാലത്തും ഏതുസ്ഥലത്തു നിന്നും ഞെരുക്കവും ഭാരവും അനുഭവിക്കുന്ന ഹൃദയങ്ങളിൽനിന്ന് പുറപ്പെടാവുന്നതാക്കുന്നു; “ഇതാ ലോകത്തിന്റെ ഭാരം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്” (യോഹ. 1:29) എന്ന ഏകസമാധാനമേ ഇതിനുള്ളൂ.

**(8) പാപിയെയും ദൈവത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഏക മധ്യസ്ഥൻ ആരാണ് ?**

***“ദൈവം ഒരുവനല്ലോ. ദൈവത്തിന്നും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ” (1 തിമോ:2:5)***

പാപഭാരത്തിൽനിന്ന് വിടുതൽ പ്രാപിപ്പാൻ ആഗ്രഹിക്കുന്ന ആത്മാക്കൾക്ക് ഈ സത്യം തെളിയിച്ചുകൊടുപ്പാനും അതിനെ സ്പഷ്ടമായി ഗ്രഹിപ്പിപ്പാനുമായി തിരുവെഴുത്തുകളിൽ അനേക ദൃഷ്ടാന്തങ്ങളും, സാദൃശ്യങ്ങളും ഉപയോഗിച്ചിരിക്കുന്നു. ഏശാവിനെ ചതിച്ചതിൽ പിന്നെ തന്റെ പിതൃഭവനം വിട്ടു ഓടിപ്പോകുമ്പോൾ യാക്കോബിനു അവന്റെ പാപഭാരം അനുഭവ ബോദ്ധ്യമായി. ഏകാകിയും പുറംതള്ളപ്പെട്ടവനും ജീവന്റെ എല്ലാ സന്തോഷകാര്യങ്ങളിൽ നിന്ന് അന്യപ്പെട്ടവനുമായി അവൻ യാത്രചെയ്കയാൽ അവന്റെ പാപം അവനെ ദൈവത്തിൽ നിന്നും അകറ്റിക്കളഞ്ഞു എന്നും സ്വർഗ്ഗം അവനെ കൈവിട്ടു കളഞ്ഞു എന്നുമുള്ള ചിന്തയും വിഷാദവും മാത്രമെ അവന്റെ ഹൃദയത്തിൽ ഉണ്ടായിരിന്നുള്ളു. ഈ ചിന്താഭാരവും യാത്രാക്ലേശവും നിമിത്തം ഒരിടത്ത് വെറും തറയിൽ കിടന്നുറങ്ങി. ചുറ്റും മനുഷ്യവാസമില്ലാത്ത കുന്നുകളും മീതെ നക്ഷത്രജാലങ്ങളാൽ പ്രശോഭിതമായ ആകാശവുമുണ്ടായിരുന്നു. അവൻ അവിടെ

കിടന്നുറങ്ങുമ്പോൾ ദർശനത്തിൽ ഒരു വൻ പ്രകാശം കണ്ടു. ഈ പ്രകാശത്തിൽ അവൻ കിടന്നിരുന്ന സ്ഥലംതൊട്ടു സ്വർഗ്ഗത്തിന്റെവാതിലോളം ചെന്നെത്തുന്ന കോണിപ്പടികളും അവയിൽകൂടി ദൈവദൂതന്മാർ ഇറങ്ങുകയും കയറുകയും ചെയ്യുന്നതും അവൻ ദർശിച്ചു. അതിന്റെ മീതെയുള്ള ആ തേജസ്സിൽനിന്നു ആശ്വാസദായകവും പ്രത്യാശാജനകവുമായ ദൂത് നൽകുന്ന ഒരു ദിവ്യശബ്ദവും അവൻ കേട്ടു. ഇപ്രകാരം അവന്റെ ആത്മസമാധാനത്തിനു അത്യന്താപേക്ഷിതമായിരുന്ന ഒരു രക്ഷിതാവിനെപ്പറ്റിയുള്ള അറിവ് യാക്കോബിന്നു നൽകപ്പെട്ടു.

ഒരു പാപിക്കു നഷ്ടപെട്ടുപോയ ദിവ്യസംസർഗ്ഗം വീണ്ടും പ്രാപിപ്പാനുള്ള മാർഗ്ഗം തനിക്കു വെളിപ്പെട്ടതുകൊണ്ട് അവന് സന്തോഷിക്കുകയും കൃതജ്ഞതയുള്ളവനായിത്തീരുകയും ചെയ്തു. തന്റെ സ്വപ്നത്തിൽകണ്ട ഈ മറുപ്പൊരുളായ കോവണി ദൈവത്തിനും മനുഷ്യനും മദ്ധ്യെയുള്ള ഏകമദ്ധ്യസ്ഥനാകുന്ന യേശു കർത്താവിനെയാണ് സൂചിപ്പിച്ചത്. അതെ സാദൃശ്യം തന്നെയാണ് “സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രന്റെ അടുക്കൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും” എന്ന് നഥനയേലിനോടുപറകയിൽ യേശു ഉപയോഗിച്ചത്. വിശ്വാസത്യാഗവും, അനുസരണക്കേടും നിമിത്തം മനുഷ്യൻ ദൈവത്തിൽനിന്നു വേർപ്പെടുകയും അങ്ങനെ സ്വർഗ്ഗത്തിന്നും ഭൂമിക്കും തമ്മിലുള്ള ബന്ധം അറ്റുപോകുകയും ചെയ്തു.

ഇവകൾക്ക് മദ്ധ്യെയുള്ള വൻപിളർപ്പിനെ തരണം ചെയ്വാൻ മറ്റുയാതൊരു മാർഗ്ഗവും ഉണ്ടായിരുന്നില്ല. എന്നാൽ ക്രിസ്തുമുഖാന്തിരം ഈ ലോകം സ്വർഗ്ഗത്തോടു വീണ്ടും ഘടിപ്പിക്കപ്പെട്ടു. തന്റെ സ്വന്ത പുണ്യത്താൽ ക്രിസ്തു ആ പിളർപ്പ് നികത്തി. സേവകാത്മാക്കളായ ദൂതന്മാർക്ക് മനുഷ്യരോടുസമ്പർക്കം പുലർത്തുവാനുള്ള വഴി തുറന്നിരിക്കുന്നു. പാപംനിമിത്തമുണ്ടായ അധഃപതനം

ഹേതുവാൽ ബലഹീനനും നിസ്സാഹായനുമായിത്തീർന്ന മനുഷ്യനെ ക്രിസ്തുവീണ്ടും അളവില്ലാത്ത ശക്തിയുടെ ഉറവയോടുബന്ധിച്ചു.

**(9) നമുക്ക് എങ്ങനെ പിതാവിലേക്ക് വരുവാൻ കഴിയും?**

**"ഞാൻ തന്നെ വഴിയും, സത്യവും, ജീവനുമാകുന്നു. ഞാൻ മുഖാന്തിരമല്ലാതെ ആരും പിതാവിൻറെ അടുക്കൽ എത്തുന്നില്ല." (യോഹ. 14:6**

പാപത്താൽ ആണ്ടുകിടക്കുന്ന മാനവകുലത്തിന്റെ പ്രത്യാശയുടെയും സഹയാത്തിന്റെയും ഏകഉറവിടത്തെ അവഗണിച്ചിട്ടു സ്വന്തശ്രമത്താൽ പുരോഗതിയും ഉൽക്കർഷവും പ്രാപിക്കാമെന്നു സ്വപ്നംകാണുന്നത് വ്യർത്ഥമത്രെ. "എല്ലാ നല്ലദാനവും തികഞ്ഞവരമൊക്കേയും.... പിതാവിങ്കൽ നിന്ന് ഇറങ്ങിവരുന്നു." (യാക്കോ. 1:17) അവനെകൂടാതെ നമ്മുക്ക് അത്യുത്തമമായ ഒരു സ്വഭാവനില ഒരുകാലത്തും സംപ്രാപ്യമല്ല. ദൈവത്തിങ്കലേക്കുള്ള ഏകവഴി ക്രിസ്തുവത്രെ. എന്ന് അവൻ പ്രസ്താവിച്ചിരിക്കുന്നു.

**(10) പാപത്തിന്റെ താഴ്ചയിൽ നിന്നും സ്വയം വീണ്ടെടുക്കുവാനുള്ള നമ്മുടെ പ്രയത്നങ്ങൾ വൃതാവാകുന്നത് എന്തുകൊണ്ടാണ് ?**

**"കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല" (എഫേ:2:8-9)**

ദൈവത്തിന്റെ ഹൃദയം മനുഷ്യമക്കളോടുള്ള അളവില്ലാത്ത സ്നേഹവും ആകാംക്ഷയുംകൊണ്ടു നിറഞ്ഞിരിക്കുന്നു. സ്വപുത്രനെ നമ്മുക്കുവേണ്ടി ഏല്പിച്ചുകൊടുക്കയിൽ ദൈവം സ്വർഗ്ഗം മുഴുവനേയും നമ്മുക്ക് ഏക ദാനമായി ഒഴുക്കിത്തന്നിരിക്കുന്നു. നമ്മുടെ ഉദ്ധാരണാർത്ഥം ദൈവം നിർണ്ണയിച്ച പരിപാടിയിൽ ക്രിസ്തുവിന്റെ ജീവൻ, മരണം, മദ്ധ്യസ്ഥത എന്നിവയും ദൂതന്മാരുടെ ശുശ്രൂഷയും ആത്മാവിന്റെ

പ്രതിവാദവും എല്ലാറ്റിനും മേലായും എല്ലാറ്റിനും കൂടിയുള്ള പിതാവിന്റെ പ്രവൃത്തിയും മറ്റെല്ലാസ്വർഗ്ഗീയ ജീവികളുടെ നിരന്തരമായ സഹകരണവും അടങ്ങിയിരിക്കുന്നു.

**(11) നമ്മുടെ വീണ്ടെടുപ്പിനായി സ്വർഗത്തിൽ നിന്നുള്ള മികച്ച പരിഹാരം എന്തായിരുന്നു ?**

**"അങ്ങനെയായാൽ ലോകസ്ഥാപനം മുതല്ക്കു അവൻ പലപ്പോഴും കഷ്ടമനുഭവിക്കേണ്ടിയിരുന്നു. എന്നാൽ അവൻ ലോകാവസാനത്തിൽ സ്വന്ത യാഗംകൊണ്ടു പാപപരിഹാരം വരുത്തുവാൻ ഒരിക്കൽ പ്രത്യക്ഷനായി" (എബ്രാ :9:26)**

നമ്മുക്കുവേണ്ടി കഴിച്ചിരിക്കുന്ന അതിശയമാർന്ന ബലിയെക്കുറിച്ചു നാം നന്നായി ചിന്തിക്കുക! നഷ്ടമായിപ്പോയവരെ രക്ഷിപ്പാനും അവരെ പിതാവിന്റെ ഭവനത്തിലേക്ക് മടക്കിവരുത്തുവാനും സ്വർഗ്ഗം കഴിക്കുന്ന അദ്ധ്വാനത്തേയും വ്യയം ചെയ്യുന്ന ശക്തിയേയും നാം വേണ്ടുംപോലെ വിലമതിക്കണം. ഇതിലും കവിയുന്നൊരു ഹേതുകമോ, ശക്തിയേറിയ ഉപകരണങ്ങളോ മറ്റൊരുകാര്യത്തിനും പ്രായോഗികമാക്കിയിട്ടില്ല. സൽപ്രവൃത്തികൾക്കുള്ള ഉത്തമ പ്രതിഫലം സ്വർഗ്ഗീയവാസം, ദൈവദൂതന്മാരുമായുള്ള സഹവാസം ദൈ വത്തോടും അവന്റെ പുത്രനോടും ഉള്ള നിരന്തര സംസർഗ്ഗം നമ്മുടെ എല്ലാഗുണ ശക്തികളുടെയും ശാശ്വത വികസനവും ഉൽകർഷവും ഇവ ഒട്ടൊഴിയാതെ നമ്മുടെ കർത്താവും വീണ്ടെടുപ്പുകാരനുമായവനെ നാം ഹൃദയപൂർവ്വം സ്നേഹിച്ചാരാധിപ്പാൻ നമ്മെ പ്രേരിപ്പിക്കുന്ന മഹൽ കാര്യങ്ങളല്ലയോ?

നേരെമറിച്ചു പാപത്തിനെതിരായി ദൈവം പ്രഖ്യാപിച്ചിട്ടുള്ള ന്യായവിധി അനിർവാര്യമായ പ്രതിക്രിയ, നമ്മുടെ സ്വഭാവത്തിന്റെ അധഃപതനം; അന്ത്യനാശം, ഇവയെല്ലാം വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് നാം സാത്താനെ സേവിക്കാതിരിപ്പാനാകുന്നു.

ദൈവത്തിന്റെ കരുണയെ നാം വിലമതിക്കാതിരിക്കുകയോ? ഇതിൽപരമായി അവൻ എന്താണുചെയ്യേണ്ടത്? അതിശയമാർന്ന സ്നേഹത്താൽ നമ്മെ സ്നേഹിച്ച ദൈവത്തോട് നമ്മുക്ക് ശരിയായി ചേർന്നിരിക്കാം. അവന്റെ സാദൃശ്യത്തോട് അനുരൂപപ്പെടുവാനായി നമ്മുക്ക് പ്രദാനംചെയ്തിരിക്കുന്ന മാർഗ്ഗങ്ങൾ നാം തക്കത്തിൽ ഉപയോഗിക്കുകയും തദ്വാരാ സേവാകാത്മാക്കളായ ദൂതന്മാരുടെ സഹവാസവും പിതാവിനോടും പുത്രനോടുമുള്ള പൂർണ്ണഐക്യതയും കൂട്ടായ്മയും തിരികെ പ്രാപിക്കുകയും ചെയ്യാം.

**തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും ദൈവം മനുഷ്യനെ സൃഷ്ടിച്ചുവെന്ന് ഈ പഠനത്തിലൂടെ ഞാൻ മനസിലാക്കുന്നു എന്നാൽ അനുസരണക്കേടിനാൽ ഈ പദവി നഷ്ടമാവുകയും ദൈവത്തോട് അകന്നു പോവുകയും സാത്താന്റെ പിടിയിൽ അകപ്പെട്ടു പാപത്തിനു അധീനരായിത്തീരുകയും ചെയ്തു**

**(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)**

**അതെ തീരുമാനിച്ചില്ല**

**ഈ വിശ്വാസത്യാഗം നിമിത്തം മനുഷ്യൻ ദൈവത്തിൽ നിന്ന് സ്വയം അകന്നുപോയെന്നും ദൈവത്തിലേക്കു മടങ്ങാനുള്ള ഏക വഴി യേശുക്രിസ്തുവിലൂടെയാണെന്നും ഞാൻ മനസ്സിലാക്കുന്നു.**

**(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)**

**അതെ തീരുമാനിച്ചില്ല**

**എന്റെ നിസ്സഹായത ഞാൻ മനസിലാക്കുകയും, രക്ഷകനെന്ന നിലയിൽ യേശുക്രിസ്തുവിന്റെ എനിക്ക് എത്രമാത്രം ആവശ്യമാണെന്നും ഞാൻ മനസ്സിലാക്കുന്നു.**

**(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)**

അതെ തീരുമാനിച്ചില്ല

ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെയും, വീണ്ടെടുപ്പിൻ പദ്ധതിക്കായും ഞാൻ ദൈവത്തോട് നന്ദി പറയുകയും അവിടുന്ന് കൃപ തോന്നി നൽകിയ ഈ ദാനത്തെ ഞാൻ സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നു.

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല





## അദ്ധ്യായം മൂന്ന്
## പാപ ബോധം

**(1). പാപിയായ നമുക്ക് എങ്ങനെ പാപമോചിതരാകാം ?**

***"പത്രൊസ് അവരോടു: നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിന്നായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും: (അപ്പൊ. പ്രവ:2:38)***

ദൈവസന്നിധിയിൽ മർത്യൻ നീതിമാനാകുന്നതെങ്ങിനെ? ഒരു പാപി നീതികരിക്കപ്പെടുന്നതും എങ്ങനെ? യേശു ക്രിസ്തു മുഖാന്തിരമല്ലാതെ നമ്മുക്ക് ദൈവത്തോടുള്ള കൂട്ടായ്മയും വിശുദ്ധിയും പ്രാപിപ്പാൻ കഴികയില്ല. എന്നാൽ ക്രിസ്തുവിന്റെ അടുക്കലേക്കു നാം എങ്ങിനെയാണ് ചെല്ലുക? പെന്തെക്കോസ്തു ദിവസത്തിലെന്നപോലെ ഇന്നും പലരും പാപബോധമുണ്ടാകുമ്പോൾ "ഞങ്ങൾ എന്തു ചെയ്യേണ്ടു? എന്ന് ചോദിക്കുന്നു. പത്രോസ് നൽകിയ

ഉത്തരത്തിലെ ഒന്നാമത്തെ വാക്കു "മാനസാന്തരപ്പെടുവിൻ" (അ.പ്ര. 2:38) എന്നായിരിന്നുവല്ലോ. അതിൽപിന്നെ ചിലദിവസങ്ങൾക്കുശേഷം മറ്റൊരിടത്തുവെച്ച് അതെ അപ്പോസ്തലൻ: "നിങ്ങളുടെ പാപങ്ങൾ മാഞ്ഞുകിട്ടേണ്ടതിനു മാനസാന്തരപ്പെട്ടു തിരിഞ്ഞുകൊള്ളുവിൻ" (അ.പ്ര. 3:39) എന്നും പറകയുണ്ടായി.

മാനസാന്തരപ്പെടുകയെന്നാൽ പാപങ്ങളെക്കുറിച്ച് ദുഃഖിക്കുന്നതും അവയെ പരിത്യജിക്കുന്നതുമാകുന്നു. പാപത്തിന്റെ യഥാർത്ഥ സ്ഥിതി എന്താണെന്ന് നാം പരിപൂർണ്ണമായി ഗ്രഹിച്ചല്ലാതെ നമ്മുക്ക് പാപത്തെ വിട്ടുമാറുവാൻ സാധിക്കുകയില്ല; നാം അതിനെ വിട്ടുമാറാതിരുന്നാൽ നമ്മുടെ ജീവിതത്തിൽ യഥാർത്ഥമായോരു മാറ്റവും സംഭവിക്കയില്ല.

അനേകം ആളുകൾ മാനസാന്തരത്തിന്റെ യഥാർത്ഥമായ നില എന്തെന്ന് പൂർണ്ണമായി ഗ്രഹിക്കുന്നില്ല. ചെയ്തുപോയ പാപം നിമിത്തം പലരും ദുഃഖിക്കുകയും ആ പാപം നിമിത്തം തങ്ങൾക്കു വരുവാൻ ഇരിക്കുന്ന കഷ്ടതകളെ ഭയന്നു തങ്ങളുടെ ജീവിതത്തിൽ ഒരു ബാഹ്യമായ മാറ്റം വരുത്തുകയും ചെയ്യുന്നു. എന്നാൽ തിരുവെഴുത്തുകൾ നിർദ്ദേശിക്കുന്ന മാനസാന്തരം അങ്ങിനെയുള്ളതല്ല. അവർ പാപത്തെക്കുറിച്ചല്ല, പ്രത്യുത വരുവാനിരിക്കുന്ന കഷ്ടപ്പാടുകളെക്കുറിച്ചാണ് ദുഃഖിക്കുന്നത്. തന്റെ ജ്യേഷ്ഠാവകാശം എന്നേയ്ക്കുമായി നഷ്ടപ്പെട്ടു എന്ന് കണ്ടപ്പോൾ ഏശാവു പ്രകടിപ്പിച്ച ദുഃഖം അങ്ങനെയുള്ളതായിരുന്നു. വഴിമദ്ധ്യേ ഊരിയ വാളോടുകൂടെനിന്നിരുന്ന ദൂതനെക്കണ്ടപ്പോൾ ബിലെയാം തന്റെ പാപത്തെ ഭയന്നു അവൻ ചെയ്ത കുറ്റം സമ്മതിച്ചു. എന്നാൽ ആ കുറ്റസമ്മതത്തിൽ പാപത്തെക്കുറിച്ചുള്ള നിജമായ മനസ്സുതിരിവോ ദോഷത്തോടുള്ള വെറുപ്പോ കാണുന്നില്ല. യൂദാഈസ്കര്യാത്തോവും തന്റെ ഗുരുവിനെ ഒറ്റിക്കൊടുത്തശേഷം: "ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ പാപം

ചെയ്തു" (മത്താ. 27:4) എന്ന് പറഞ്ഞുവല്ലോ. തനിക്കു നേരിടാവുന്ന ഭയങ്കര ശിക്ഷയെക്കുറിച്ചുള്ള ബോധവും ന്യായവിധിയെക്കുറിച്ചുള്ള പ്രതീക്ഷയും അവനിൽ ഉളവായപ്പോഴാണ് അവൻ തന്റെ കുറ്റം സമ്മതിച്ചത്. അതിന്റെ ഭവിഷ്യത്തുഹേതുവായി അവൻ ഭയപരവശനായിത്തീർന്നു എന്നല്ലാതെ കുറ്റമില്ലാത്ത ദൈവപുത്രനെ കാണിച്ചുകൊടുക്കുകയും ഇസ്രായേലിന്റെ പരിശു ദ്ധനെ ഉപേക്ഷിക്കുകയും ചെയ്തുകൊണ്ടുള്ളൊരു അവഗാഢവും ഹൃദയപൂർവ്വകവുമായ ദുഃഖം അവനിൽ ഇല്ലായിരുന്നു.

ഫറവൊരാജാവും ദൈവം അയച്ചബാധകൾക്കധീനനായിരിക്കയിൽ ആ ബാധകളെ ഒഴിവാക്കുവാനായി തന്റെ കുറ്റംസമ്മതിക്കുകയും ക്ഷമയാചിക്കയും ചെയ്തു എങ്കിലും ബാധകൾ നീങ്ങിയ ഉടനെ തന്റെ ഹൃദയം കഠിനപ്പെടുത്തുകയും ദൈവത്തെ നിന്ദിക്കുകയും ചെയ്തു. ഇവരെല്ലാവരും പാപത്തിന്റെ ഫലത്തെക്കുറിച്ചു ദുഃഖിച്ചതല്ലാതെ പാപത്തെക്കുറിച്ചു ദുഃഖിച്ചില്ല.

**(2) പരിശുദ്ധാത്മാവിനാൽ അന്ധകാരം നീക്കുകയും ആത്മാവിന്റെ പ്രകാശനം നല്കുന്നവനുമായ ക്രിസ്തുവിനെപ്പറ്റി എന്ത് വിവരണമാണ് ചുവടെയുള്ള വാക്യം നൽകുന്നത്**

***"ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്കു വന്നുകൊണ്ടിരുന്നു" (യോഹ:1:9)***

എന്നാൽ ഒരു മനുഷ്യൻ ദൈവാത്മാവിന്റെ പ്രവൃത്തിക്ക് തന്റെ ഹൃദയത്തിൽ ഇടം കൊടുക്കുമ്പോൾ അവന്റെ മനസ്സാക്ഷി ഉണർത്തപ്പെടുകയും ദൈവത്തിന്റെ സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള ആധിപത്യത്തിനു ആധാരമായിരിക്കുന്ന അവന്റെ വിശുദ്ധന്യായപ്രമാണത്തിൻ അഗാധത്വവും വിശുദ്ധിയും അവൻ ഗ്രഹിക്കുകയും ചെയ്യും. "ഏതു മനുഷ്യനേയും പ്രകാശിപ്പിക്കുവാൻ ലോകത്തിലേക്കു വന്നു കൊണ്ടിരിക്കുന്ന സത്യവെളിച്ചം" (യോഹ. 1:9) അവന്റെ ആത്മാവിന്റെ

ഉള്ളറകളിൽ പ്രവേശിച്ചുമറഞ്ഞിരിക്കുന്ന എല്ലാഇരുട്ടിന്റെ കാര്യങ്ങളേയും വെളിപ്പെടുത്തുകയും അങ്ങനെ അവന്റെ ഹൃദയത്തിൽ യഥാർത്ഥമായ കുറ്റബോധമുളവാക്കുകയും ചെയ്യും. അപ്പോൾ പാപി യഹോവയുടെ നീതിയെ ഉണർന്നറികയും ഹൃദയങ്ങളെ ശോധനചെയ്യുന്നവന്റെ തിരുമുമ്പിൽ തന്റെ കുറ്റത്തോടും അഴുക്കോടും ഉറച്ചു നില്പാൻ ഭയപ്പെടുകയും ചെയ്യുന്ന ആ നിലയിൽ അവൻ ദൈവത്തിന്റെ സ്നേഹവും വിശുദ്ധിയുടെ അലങ്കാരവും, നിർമ്മലതയുടെ സന്തോഷവും ദർശിക്കുകയും അതോടുകൂടി വിശുദ്ധീകരണം പ്രാപിച്ചു സ്വർഗ്ഗവുമായുള്ള സംസർഗ്ഗത്തിൽ യഥാസ്ഥാനസ്ഥിതനാകുവാൻ വാഞ്ചിക്കുകയും ചെയ്യും.

**(3) ദാവീദിനെപ്പോലെ പാപങ്ങളെ ഓർത്തു പശ്ചാത്തപിക്കുന്നവരാണ് നാമെങ്കിൽ നമ്മുടെ പ്രാർത്ഥന എങ്ങിനെയുള്ളതാകുമായിരുന്നു ?**

**ദൈവമേ, നിന്റെ ദയെക്കു തക്കവണ്ണം എന്നോടു കൃപയുണ്ടാകേണമേ; നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചുകളയേണമേ. എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കേണമേ; എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കേണമേ. എന്റെ ലംഘനങ്ങളെ ഞാൻ അറിയുന്നു; എന്റെ പാപം എപ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു. നിന്നോടു തന്നേ ഞാൻ പാപം ചെയ്തു; നിനക്കു അനിഷ്ടമായുള്ളതു ഞാൻ ചെയ്തിരിക്കുന്നു. സംസാരിക്കുമ്പോൾ നീ നീതിമാനായും വിധിക്കുമ്പോൾ നിർമ്മലനായും ഇരിക്കേണ്ടതിന്നു തന്നേ (സങ്കീ:51:1-4)**

**ദൈവമേ, നിർമ്മലമായോരു ഹൃദയം എന്നിൽ സൃഷ്ടിച്ചു സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കേണമേ (സങ്കീ:51:10)**

സങ്കീർത്തനക്കാരനായ ദാവീദ് പാപത്തിൽ വീണശേഷം കഴിച്ചിട്ടുള്ള പ്രാർത്ഥന, പാപത്തെക്കുറിച്ചുള്ള ദുഃഖത്തിന്റെ ശരിയായസ്വഭാവത്തെ സുവ്യക്തം തെളിയിക്കുന്നു. അവന്റെ

അനുതാപം ആത്മാർത്ഥമായതും അവഗാഢവുമായിരുന്നു. ഒഴികഴിവുകൾകൊണ്ടു തന്റെ കുറ്റത്തെ ലഘൂകരിപ്പാനുള്ള യാതൊരു യത്നവും അതിലില്ല. നിർണ്ണയിക്കപ്പെട്ടിരുന്ന ന്യായവിധിയിൽനിന്ന് തെറ്റി ഒഴിവാനുള്ള ആഗ്രഹം അയാളെ ഇപ്രകാരം പ്രാർത്ഥിക്കുമാറാക്കിയതുമല്ല. ദാവീദിന് തന്റെ പാപത്തിന്റെ ഭയങ്കരത്വം നല്ലപോലെ ബോധ്യമായി രുന്നു; അതുമൂലം തന്റെ ആത്മാവിനു ഭവിച്ച ദൂഷ്യം അവൻ ശരിക്കുമനസ്സിലാക്കി; അതുകൊണ്ടു അവൻ തന്റെ പാപത്തെ വെറുത്തു. പാപക്ഷമയ്ക്കും ഹൃദയശുദ്ധിക്കും വേണ്ടി അവൻ പ്രാർത്ഥിച്ചു. ആ പ്രാർത്ഥനമൂലം അവൻ വിശുദ്ധിയുടെ സന്തോഷത്തിനായും ദൈവത്തോടുള്ള ഐക്യതയും കൂട്ടായ്മയും വീണ്ടും പ്രാപിപ്പാനായും വാഞ്ചിച്ചു. ആ പ്രാർത്ഥന ഇപ്രകാരമാകുന്നു:

"ദൈവമേ, നിന്റെ ദയയ്ക്കു ഒത്തവണ്ണം എന്നോട് കൃപയുണ്ടാകേണമേ; നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ ലംഘനങ്ങളെമായിച്ചു കളയേണമേ.

**(4) യഥാർത്ഥ അനുതാപത്തിൽനിന്നുള്ള ഏറ്റുപറച്ചിലിന്റെ പരിണിതഫലം എന്താണ്?**

***ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയവൻ ഭാഗ്യവാൻ (സങ്കീ:32:1)***

**(5) അനുതാപത്തിന്റെ അനന്തര നടപടികൾ എന്തെല്ലാം ?**

***"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൌമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ടു എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും" (മത്താ:11:28-29)***

അനുതാപം നമ്മിൽ ഉളവാക്കാൻ നമ്മുടെ സ്വന്തശക്തിയാലും പരിശ്രമത്താലും സാധിക്കയില്ല. അത് ഉയരത്തിൽ കയറി മനുഷ്യർക്ക് നല്ലദാനങ്ങളെ കൊടുത്തിരിക്കുന്ന നമ്മുടെ കർത്താവായ

യേശുക്രിസ്തുവിങ്കൽ നിന്നു മാത്രം പ്രാപിക്കേണ്ടതാകുന്നു. ഈ ഒരു സംഗതിയിലാണ് പലരും തെറ്റിപ്പോകുന്നത്. തന്മൂലം ക്രിസ്തു അവർക്ക് നൽകുവാൻ ആഗ്രഹിക്കുന്ന സഹായം അവർ പ്രാപിക്കുന്നതുമില്ല. ക്രിസ്തുവിന്റെ അടുക്കൽ വരുന്നതിനു മുമ്പു തന്നെ മാന സാന്തരപ്പെട്ടിരിക്കണമെന്നും മാനസാന്തരമാണ് പാപക്ഷമാലബ്ധിക്കു തങ്ങളെ അർഹരാക്കുന്നതെന്നും അവർ വിചാരിക്കുന്നു. പാപമോചനത്തിനു മുമ്പെ മാനസാന്തരം ആവശ്യമാണ്. കാരണം ഉടഞ്ഞും ചതഞ്ഞും ഉള്ള ഒരു ഹൃദയത്തിനുമാത്രമേ ആ രക്ഷിതാവിനെക്കൊണ്ടുള്ള ആവശ്യബോധമുണ്ടാകുകയുള്ളു. എന്നാൽ മാനസാന്തരം ഉണ്ടാകുന്നതുവരെ പാപി യേശുവിന്റെ അടുക്കൽ ചെല്ലാതിരിക്കണമോ? മാനസാന്തരത്തെ പാപിക്കും രക്ഷിതാവിനും ഇടയിലുള്ള ഒരു പ്രതിബന്ധമാക്കാമോ?

അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ; എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. (മത്താ. 11:28) എന്ന്

**(6) പാപത്തെക്കുറിച്ചുള്ള യഥാർത്ഥ അനുതാപത്തിന്റെ ഉറവിടം എന്താണ് ?**

***"നിങ്ങൾ മരത്തിൽ തൂക്കിക്കൊന്ന യേശുവിനെ നമ്മുടെ പിതാക്കന്മാരുടെ ദൈവം ഉയിർപ്പിച്ചു; യിസ്രായേലിന്നു മാനസാന്തരവും പാപമോചനവും നല്കുവാൻ ദൈവം അവനെ പ്രഭുവായും രക്ഷിതാവായും തന്റെ വലങ്കയ്യാൽ ഉയർത്തിയിരിക്കുന്നു" (അ. പ്രവർത്തി:5:30-31)***

യേശുവിന്റെ ക്ഷണം സ്വീകരിപ്പാൻ കഴിയുന്നതിനുമുമ്പായി ഒരു പാപി മാനസാന്തരപ്പെടണമെന്നു വേദപുസ്തകം ഉപദേശിക്കുന്നില്ല. യേശുകർത്താവിൽനിന്നു പുറപ്പെടുന്ന ഒരു സൽഗുണവീര്യമാണ് പാപിയെ മാനസാന്തരത്തിലേക്ക് നയിക്കുന്നത്. യിസ്രായേലിന്നു മാനസാന്തരവും പാപമോചനവും നൽകുവാൻ ദൈവം അവനെ(യേശുവിനെ) പ്രഭുവായും രക്ഷിതാവായും തന്റെ

വലങ്കയ്യാല് ഉയർത്തിയിരിക്കുന്നു (അ.പ്ര. 5:31) എന്നുള്ള പത്രോസ് അപ്പോസ്തലന്റെ പ്രസ്താവന ആ വസ്തുതയെ സുവ്യക്തം തെളിയിക്കുന്നു. കർത്താവിനെ കൂടാതെ നമ്മുക്ക് പാപക്ഷമയില്ല; അവന്റെ ആത്മാവ് നമ്മുടെ മനസാക്ഷിയെ ഉണർത്താതെ യഥാർത്ഥമായി മാനസാന്തരപ്പെടുവാൻ നമ്മുക്ക് സാധിക്കയുമില്ല.

നമ്മിലുള്ള എല്ലാ നല്ല ആഗ്രഹങ്ങളുടെയും ഉറവിടം ക്രിസ്തുവത്രെ. അവന്നു മാത്രമെ പാപത്തോടുള്ള ശത്രുത്വം നമ്മുടെ ഹൃദയങ്ങളിൽ നട്ടുവളർത്താൻ സാധിക്കുകയുള്ളു. സത്യത്തിന്നും വിശുദ്ധിക്കുമായുള്ള ആഗ്രഹവും നമ്മുടെ പാപാവസ്ഥയെക്കുറിച്ചുണ്ടാകുന്ന ബോധവും ക്രിസ്തുവിന്റെ ആത്മാവ് നമ്മുടെ ഹൃദയങ്ങളിൽ നടത്തുന്ന പ്രവർത്തനത്തിന്റെ ലക്ഷ്യങ്ങളത്രെ.

**(7) മാനസാന്തരമെന്ന ദാനവും രക്ഷയുടെ വാഗ്ദാനവും നൽകി കർത്താവ് ആരെയാണ് തന്നിലേക്ക് ആകർഷിക്കുന്നത് ?**

**“ഞാനോ ഭൂമിയിൽ നിന്നുയർത്തപ്പെട്ടാൽ എല്ലാവരേയും എങ്കലേക്കു ആകർഷിക്കും” എന്ന് യേശുകർത്താവ് പറഞ്ഞിരിക്കുന്നു” (യോഹ 12:32)**

ക്രിസ്തു ലോകത്തിന്റെ പാപത്തിനുവേണ്ടി മരിക്കുന്ന രക്ഷിതാവാണെന്നു പാപിക്കു ബോദ്ധ്യമാകണം. കാൽവറിയിലെ ക്രൂശിന്മേൽ തൂങ്ങുന്ന ദൈവത്തിന്റെ കുഞ്ഞാടിനെ നാം നോക്കിക്കാണുമ്പോൾ വീണ്ടെടുക്കപ്പെട്ടവേലയുടെ രഹസ്യം നമ്മുക്ക് വെളിപ്പെടുകയും അതിനെതുടർന്ന് ദൈവത്തിന്റെ ദയ നമ്മെ മാനസാന്തരത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. പാപികൾക്കു വേണ്ടിമരിക്കുകയാൽ ക്രിസ്തു തന്റെ അപ്രമേയസ്നേഹം പ്രകടമാക്കി. പാപി ഈ സ്നേഹത്തെ ദർശിക്കുമ്പോൾ അവന്റെ ഹൃദയം മൃദുലമാക്കപ്പെടുകയും അതിന്റെ വിലമനസ്സിൽ പതിയുകയും അങ്ങനെ ആത്മാവിൽ പശ്ചാത്താപം സംജാതമാകയും ചെയ്യുന്നതാണ്.

ചിലപ്പോൾ മനുഷ്യർക്ക് തങ്ങളുടെ പാപവഴികളെക്കുറിച്ചു ലജ്ജതോന്നീട്ട് അത് മൂലം ക്രിസ്തു തങ്ങളെ അവങ്കലേക്ക് ആകർഷിക്കയാണ് ചെയ്യുന്നത് എന്ന് ബോദ്ധ്യമാകുന്നതിനു മുമ്പു തന്നെ അവർ തങ്ങളുടെ ദുഷ്പരിചയങ്ങളിൽ ചിലതിനെ പരിത്യജിക്കാറുണ്ട്. നന്മ പ്രവർത്തിക്കേണം എന്ന പരമോദ്ദേശത്തോടുകൂടി തങ്ങളുടെ വഴികളെ ഗുണീകരിപ്പാനുള്ള ശ്രമം കാണുന്നിടത്തൊക്കെയും കർത്താവ് ആത്മാക്കളെ അവങ്കലേക്ക് ആകർഷിക്കുന്ന പ്രവർത്തി നടത്തുന്നു എന്ന് നിസ്സംശയം പറയാം. അവരുടെ ആത്മാവിൽ ഒരു നിഗൂഢശക്തിപ്രവർത്തിക്കുന്നു. അത് ഹേതുവാൽ അവരുടെ മനസ്സാക്ഷി ഉണർത്തപ്പെടുകയും തൽഫലമായി അവർ തങ്ങളുടെബാഹ്യജീവിതത്തെ നവീകരിക്കയും പിന്നെത്തേതിൽ ക്രിസ്തു തങ്ങളുടെ പാപം നിമിത്തം കുത്തിത്തുറക്കപ്പെട്ട തങ്കലേക്ക് അവരുടെ ദൃഷ്ടികളെ ആകർഷിക്കുന്നതിനാൽ അവർക്ക് അവന്റെ കല്പനയെക്കുറിച്ചുള്ള ബോധം ഉണ്ടാകുകയും ചെയ്യുന്നു.

അതോടുകൂടി തങ്ങളുടെ ജീവിതത്തിന്റെ കൊള്ളരുതായ്മയും ആത്മാവിലെ അടിയുറച്ച പാപങ്ങളും എല്ലാം അവർക്ക് ബോധ്യപ്പെടും. അപ്പോൾ ക്രിസ്തുവിന്റെ നീതിയെക്കുറിച്ചുള്ള ബോധം അവരിൽ ഉദയം ചെയ്തിട്ട് ആശ്ചര്യഭരിതരായി പാപിയെ വീണ്ടെടുക്കേണ്ടതിനു ഇത്ര വലിയയാഗം ആവശ്യപ്പെടത്തക്കവണ്ണം അത്ര ഭയങ്കരമാണോ? എന്ന് ചോദിക്കുന്നു. നാം നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനല്ലയോ ക്രിസ്തു ഇത്ര വലിയ സ്നേഹം പ്രദർശിപ്പിക്കയും, ഈ പങ്കപ്പാടുകളേയും ക്രൂശിലെ മരണത്തോളം തന്നെ താഴ്ത്തുകയും ചെയ്തത്.

**(8). ഈ ലോകം നൽകുന്നതിനേക്കാൾ അധികമായതിനായി ദാഹിക്കുന്നവർക്കായി ദൈവം നൽകുന്ന ഉത്കൃഷ്ടമായ ക്ഷണം എന്താണ് ?**

***"വരിക എന്നു ആത്മാവും മണവാട്ടിയും പറയുന്നു; കേൾക്കുന്നവനും: വരിക എന്നു പറയട്ടെ; ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൌജന്യമായി വാങ്ങട്ടെ" (വെളിപ്പാ: 22:17)***

പ്രകൃതിവിഷയങ്ങളിൽ ക്രിയചെയ്യുന്ന അതെ ദിവ്യചിത്തം തന്നെയാണ് മനുഷ്യരോടു സംസാരിക്കുകയും അവൻ പ്രാപിച്ചിട്ടില്ലാത്ത ഏതോ ഒരു കാര്യത്തിനായുള്ള അഭിവാഞ്ച അവരുടെ ഹൃദയങ്ങളിൽ ഉളവാക്കുകയും ചെയ്യുന്നത്. ഈ ലോകത്തിലെ വസ്തുക്കൾക്ക് ആ അഭിവാഞ്ചയെ തൃപ്തിപ്പെടുത്തുവാൻ സാധിക്കയില്ല. അതുകൊണ്ടു യഥാർത്ഥ സമാധാനവും സ്വസ്ഥതയും കൈവരുത്തുന്ന ആ വക കാര്യങ്ങളെ അന്വേഷിപ്പാനായി ദൈവത്തിന്റെ ആത്മാവ് അവരോടു കേണപേക്ഷിച്ചിരിക്കുന്നു. ആ കാര്യങ്ങളോ ക്രിസ്തുവിന്റെ കൃപയും വിശുദ്ധീകരണത്താലുള്ള സന്തോഷവുംതന്നെ. ഒരിക്കലും തൃപ്തി നൽകാത്ത പാപോല്ലാസങ്ങളിൽ നിന്ന് ക്രിസ്തുവിലുള്ള പരമാവകാശത്തിലേക്ക് നമ്മുടെ ദൃഷ്ടികളെ തിരിപ്പാൻ നമ്മുടെ കർത്താവ് ദൃശ്യവും അദൃശ്യവുമായ വിവിധമാർഗ്ഗങ്ങളിൽകൂടി അവൻ പരിശ്രമിച്ചുവരുന്നു. ഈ ലോകത്തിലെ പൊട്ടമരുവികളിൽ നിന്നു വെള്ളം കുടിച്ചു ദാഹം ശമിപ്പിപ്പാൻ വൃഥായത്നിക്കുന്ന എല്ലാദേഹികളോടും തിരുവെഴുത്തുകൾ ഇപ്രകാരം പറയുന്നു:- “ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ”. (വെളി. 22:17).

ഈ ലോകം തരുന്നതിനേക്കാളും വിശേഷമായിരിക്കുന്ന ഒന്നിനെ പ്രാപിക്കേണം എന്നു നിന്റെ ഹൃദയത്തിൽ ഒരു വാഞ്ചയുണ്ടെങ്കിൽ അത് നിന്റെ ആത്മാവിനോടുള്ള ദൈവശബ്ദമാണെന്ന് ഓർത്തുകൊൾക. നിനക്ക് മാനസാന്തരം നൽകുവാനും ക്രിസ്തുവിനെ അവന്റെ അളവറ്റ സ്നേഹത്തിലും പരിപൂർണ്ണവിശുദ്ധിയിലും നിനക്ക് വെളിപ്പെടുത്തിത്തരുവാനും അവനോടു അപേക്ഷിക്കുക.

**(9) ക്രിസ്തുവിന്റെ സ്വഭാവത്തെപ്പറ്റി മനസ്സിലാക്കുമ്പോൾ പാപികളായ നമുക്ക് ബോധ്യമാകുന്നതതെന്താണ് ?**

***“ഞങ്ങൾ എല്ലാവരും അശുദ്ധനെപ്പോലെ ആയ്തീർന്നു; ഞങ്ങളുടെ നീതിപ്രവർത്തികൾ***

*ഒക്കെയും കറപിരണ്ട തുണിപോലെ; ഞങ്ങൾ എല്ലാവരും ഇലപോലെ വാടിപ്പോകുന്നു; ഞങ്ങളുടെ അകൃത്യങ്ങൾ ഞങ്ങളെ കാറ്റുപോലെ പറപ്പിച്ചുകളയുന്നു" (യെശ:64:6)*

ദൈവത്തോടും മനുഷ്യരോടും ഉള്ള സ്നേഹം എന്ന് ദൈവീക ന്യായപ്രമാണത്തിന്റെ അടിസ്ഥാനതത്വം ക്രിസ്തുവിന്റെ ജീവിതത്തിൽ പരിപൂർണ്ണമായി അനുഷ്ഠിച്ചു ദൃഷ്ടാന്തീകരിക്കപ്പെട്ടിരുന്നു. പരോപകാരം, നിസ്വാർത്ഥ സ്നേഹം ഇവരണ്ടും അവന്റെ ജീവിതത്തിൽ പ്രായോഗികമാക്കപ്പെ ട്ടിരുന്നു. നാം അവങ്കലേക്ക് നോക്കുമ്പോൾമാത്രമേ അവന്റെ വെളിച്ചം നമ്മുടെമേൽ പ്രകാശിക്കയുള്ളു. ആ വെളിച്ചത്തിൽ നമ്മുക്ക് നമ്മുടെ ഹൃദയത്തിന്റെ പാപസമ്പൂർണ്ണമായ നില ശരിക്ക് മനസ്സിലാക്കുകയും ചെയ്യാം.

നിക്കോദോമോസിനെപ്പോലെ നമ്മുടെ ജീവിതം നേരുള്ളതും സ്വഭാവം നല്ലതുമാകയാൽ നമ്മുടെ ഹൃദയങ്ങളെ ദൈവമുമ്പാകെ ഒരിക്കലും വിനയപ്പെടുത്തേണ്ട ആവശ്യമില്ല എന്ന് പ്രശംസിച്ചുപറഞ്ഞേയ്ക്കാം. എന്നാൽ ക്രിസ്തുവിൽനിന്നുള്ള പ്രകാശം നമ്മുടെ ഉള്ളിൽ പ്രവേശിക്കുമ്പോൾ നാം എത്രമാത്രം അഴുക്കുള്ളവരാണെന്നും സ്വാർത്ഥ തല്പരത ദൈവത്തോട് ശത്രുത്വമാണെന്നും നമ്മുക്ക് വിവേചിച്ചറിവാൻ സാധിക്കും. അപ്പോൾ നമ്മുടെ സ്വനീതി വെറും കറപിരണ്ട വസ്ത്രം പോലെയാണെന്നും തന്നിമിത്തം പാപത്തിന്റെ മാലിന്യത്തിൽനിന്ന് നമ്മെ കഴുകിവെടിപ്പാക്കി നമ്മുടെ ഹൃദയങ്ങളെ തന്റെ സ്വന്ത സാദൃശ്യത്തിൽ രൂപാന്തരപ്പെടുത്തുവാൻ ക്രിസ്തുവിന്റെ രക്തത്തിനുമാത്രമെ സാധിക്കയുള്ളു എന്നുമനസ്സിലാകും. ദൈവതേജസ്സിന്റെ ഒരു രശ്മി അഥവാ ക്രിസ്തുവിൻറെ വിശുദ്ധിയുടെ ഒരു കിരണം മാത്രം മാനുഷഹൃദയത്തിൽ പ്രവേശിച്ചാൽമതി. അത് ഹൃദയത്തിന്റെ കോണുകളിലും ഉള്ളറകളിലും മറഞ്ഞു കിടക്കുന്ന പാപങ്ങളെ വെളിച്ചത്താക്കുകയും മാനുഷസ്വഭാവത്തിന്റെ വൈരൂപ്യം, ദൂഷ്യം,

ആദിയായവയെ അനാവൃതമാക്കുകയും ചെയ്യും. ഹൃദയത്തിലെ അവിശ്വാസവും അധരങ്ങളുടെ മാലിന്യവും നമ്മുക്ക് കാണിച്ചു തരികയും ചെയ്യും. ദിവ്യന്യായപ്രമാണത്തെ ദുർബ്ബലമാക്കിക്കൊണ്ടുള്ള അവിശ്വസ്തതയെ പ്രകടമാക്കുന്ന പാപിയുടെ പ്രവൃത്തികളെ അവന്നു ദൃഷ്ടിഗോചരമാക്കീട്ട് ദൈവാത്മാവിന്റെ നിരീക്ഷണശക്തി അവന്റെ ആത്മാവിനെ ദണ്ഡിപ്പിച്ചു കീഴടക്കുകയും ചെയ്യുന്നു. ഇപ്രകാരം ക്രിസ്തുവിന്റെ കറയും കളങ്കവുമില്ലാത്ത സ്വഭാവത്തെ ദർശിക്കുംതോറും അവൻ തന്നെത്താൻവെറുക്കുകയും ചെയ്യും.

**(10) തന്റെ സ്വഭാവത്തിലെ കുറവുകൾ തിരിച്ചറിഞ്ഞപ്പോൾ ഡാനിയേലിൽ അതെന്തു ഫലം ഉളവാക്കി?**

***"അങ്ങനെ ഞാൻ തനിച്ചു ശേഷിച്ചിരുന്നു ഈ മഹാദർശനം കണ്ടു; എന്നിൽ ഒട്ടും ബലം ശേഷിച്ചിരുന്നില്ല; എന്റെ മുഖശോഭ ക്ഷയിച്ചുപോയി; എനിക്കു ഒട്ടും ബലം ഇല്ലാതെയും ആയി" (ദാനീ:10:8)***

ദാനിയേൽ പ്രവാചകൻ തന്റെ അടുക്കൽ അയക്കപ്പെട്ട സ്വർഗ്ഗീയദൂതനെ ചുറ്റിയിരുന്ന തേജസ്സ് കണ്ടയുടൻതന്നെ തന്റെ സ്വന്തകുറ്റങ്ങളും ബലഹീനതകളും അവന്നു ബോധ്യമായി. ആ അത്ഭുതകാഴ്ച അവനെ എപ്രകാരം ബാധിച്ചു എന്ന് വിവരിച്ചുകൊണ്ട് അവൻ ഇങ്ങനെ എഴുതിയിരിക്കുന്നു:- "എന്നിൽ ഒട്ടും ബലംശേഷിച്ചിരുന്നില്ല; എന്റെ മുഖശോഭക്ഷയിച്ചുപോയി; എനിക്ക് ഒട്ടും ബലമില്ലാതെയും ആയി." (ദാനീ 10:8) ഇപ്രകാരം ദർശിക്കപ്പെട്ട ഒരു ആത്മാവ് സ്വാർത്ഥത, സ്വസ്നേഹം ആദിയായ ദുർഗുണങ്ങളെ പരിത്യജിക്കുകയും ക്രിസ്തുവിന്റെ നീതിയിൽ ആശ്രയിച്ചുകൊണ്ട് ദിവ്യന്യായപ്രമാണത്തിന്നും ക്രിസ്തുവിന്റെ സ്വഭാവത്തിന്നും അനുയോജ്യമായ ശുദ്ധിപ്രാപിപ്പാൻ വാഞ്ചിക്കുകയും ചെയ്യും.

**(11) പൗലോസിനെപോലെ, ക്രിസ്തുവിന്റെ പരിശുദ്ധി നാം കാണുവാനിടയായാൽ**

**ദൈവത്തിന്റെ വിശുദ്ധ ന്യായപ്രമാനത്തിലെ നിയമങ്ങളെ പറ്റി നാം എന്ത് പറയും ?**

**“ഞാൻ ഒരു കാലത്തു ന്യായപ്രമാണം കൂടാതെ ജീവിച്ചിരുന്നു; എന്നാൽ കല്പന വന്നപ്പോൾ പാപം വീണ്ടും ജീവിക്കുകയും ഞാൻ മരിക്കുകയും ചെയ്തു”. (റോമ. 7:9)**

“ന്യായപ്രമാണത്തിലെ നീതിയെ സംബന്ധിച്ചു” –അതായത് ബാഹ്യമായ നടപ്പുകളെ സംബന്ധിച്ചിടത്തോളം താൻ അനിന്ദ്യൻ”. (ഫിലി 3:6) എന്ന് അപ്പോസ്തലനായ പൌലോസ് പറയുന്നു. എന്നാൽ ന്യായപ്രമാണത്തിന്റെ ആത്മീകസ്വഭാവത്തെ മനസ്സിലാക്കിയ ഉടനെ അവൻ, തന്നെ ഒരു മഹാപാപിയായി കണ്ടു. സാധാരണ മനുഷ്യർ ചെയ്യുന്നതുപോലെ തന്റെ ബാഹ്യജീവിതത്തെ ന്യായപ്രമാണത്തിന്റെ ശബ്ദാർത്ഥത്തോട് ഒത്തുനോക്കിയപ്പോൾ തന്നിൽ യാതൊരുപാപവും അവൻ കണ്ടില്ല; എന്നാൽ ആ വിശുദ്ധകല്പനകളുടെ പൊരുളിൻ ആഴത്തിലേക്ക് അവൻ കടന്നുനോക്കിയപ്പോൾ താൻ ദൈവമുമ്പാകെ ഏതു നിലയിൽ കാണപ്പെട്ടുവോ അതെ നിലയിൽ തന്നെ അവനും തന്നെക്കണ്ട് തലതാഴ്ത്തി അവന്റെ കുറ്റം ഏറ്റു പറഞ്ഞു അവൻ ഇങ്ങനെ പറയുന്നു:- “ഞാൻ ഒരു കാലത്തു ന്യായപ്രമാണം കൂടാതെ ജീവിച്ചിരുന്നു; എന്നാൽ കല്പന വന്നപ്പോൾ പാപം വീണ്ടും ജീവിക്കുകയും ഞാൻ മരിക്കുകയും ചെയ്തു”. (റോമ. 7:9) ന്യായപ്രമാണത്തിന്റെ ആത്മീയ സ്വഭാവം അവന്നു ബോദ്ധ്യമായപ്പോൾ പാപം അതിന്റെ യഥാർത്ഥമായ ഭയങ്കരാവസ്ഥയിൽ അവന്നു കാണപ്പെടുകയും അവന്റെ ആത്മപ്രശംസ അന്തർദ്ധാനം ചെയ്കയുമാണുണ്ടായത്.

**വന്നു എന്നോട് പഠിപ്പീൻ എന്നുള്ള യേശുവിന്റെ ക്ഷണം സ്വീകരിക്കുന്നതിൽ ഞാൻ നന്ദിയുള്ളവനാണ് അത് എന്റെ ആത്മാവിന്റെ രക്ഷ ആയിത്തീരും.**

**(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)**

അതെ തീരുമാനിച്ചില്ല

അവൻ എന്നെ തന്നോട് അടുപ്പിച്ചതിനാൽ അവന്റെ വചനത്തിൽ ഞാൻ അധിക സമയം മുഴുകും, ആയതിൽ ഞാൻ അവന്റെ നീതിയും എന്റെ ജീവിതത്തിലെ അശുദ്ധിയും പാപവും തിരിച്ചറിയുകയും ചെയുന്നു.

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല

അവന്റെ സ്വഭാവത്തോടു അനുരൂപപ്പെടുവാനുള്ള ആഗ്രഹം അവൻ എന്റെ ഹൃദയത്തിൽ ഇടുകയാണ് എന്നാൽ എനിക്ക് സ്വയം അവനിൽ അനുരൂപനാകുവാൻ ആസക്തനാകുന്നുവെന്ന് ഞാൻ തിരിച്ചറിയുന്നു.

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല

ഞാൻ പാപിയും, നിസ്സഹായനും, ആശ്രിതനുമായ അവസ്ഥയിലും അവങ്കലേക്ക് വരുവാൻ കഴിയുന്നതിൽ നന്ദിയുള്ളവനാണ് , അവനെ മഹത്വപ്പെടുത്തുവാനായി എന്റെ ജീവിതതിയിൽ വരുത്തുന്ന മാറ്റങ്ങളെ ഞാൻ അംഗീകരിക്കുന്നു.

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല



## അദ്ധ്യായം നാല്
## മാനസാന്തരം

**(1). ദൈവമുന്പാകെ കുറ്റകരമായിരുക്കുന്ന, ഈ വാക്യത്തിൽ പരാമർശിച്ചിട്ടുള്ള ആദ്യത്തെ പാപം എന്താണ് ???**

***"യഹോവാഭക്തി ദോഷത്തെ വെറുക്കുന്നതാകുന്നു; ഡംഭം, അഹങ്കാരം, ദുർമ്മാർഗ്ഗം, വക്രതയുള്ള വായ് എന്നിവയെ ഞാൻ പകെക്കുന്നു" (സാദൃശ്യ:8:13)***

ദൈവം എല്ലാ പാപങ്ങൾക്കും തുല്യമായ അളവ് കല്പിക്കുന്നില്ല. മനുഷ്യരുടെ നോട്ടത്തിലെന്നപോലെ ദൈവത്തിന്റെ ദൃഷ്ടിയിലും മനുഷ്യർ ചില പാപങ്ങളെ നിസ്സാരമെന്നു വിധിച്ചു തള്ളിക്കളയുന്നതുപോലെ യാതൊരു പാപവും ദൈവദൃഷ്ടിയിൽ നിസ്സാരമല്ല. മനുഷ്യർ കല്പിക്കുന്ന വിധി പക്ഷപാതിതവും അപൂർണ്ണവുമാകുന്നു. എന്നാൽ ദൈവം എല്ലാ സംഗതികളെയും അവയുടെ യഥാർത്ഥനിലയിൽ

പരിഗണിക്കുന്നു. മദ്യപാനിയെ മനുഷ്യർ നിന്ദിക്കുകയും അവന്നു സ്വർഗ്ഗത്തിൽ പ്രവേശനം കിട്ടുകയില്ലെന്നു പറകയും ചെയ്യുന്നു. എന്നാൽ ഗർവ്വം, സ്വാർത്ഥത, ദുരാഗ്രഹം എന്നീ സ്വഭാവങ്ങളെ മിക്കപ്പോഴും ഗണിക്കാതെ വിട്ടുകളയുന്നു. ഈ പാപങ്ങൾ ദൈവത്തിനു പ്രത്യേകം വെറുപ്പുണ്ടാക്കുന്നവയാണ് എന്തുകൊണ്ടെന്നാൽ അവ അവന്റെ സ്വഭാവത്തിന്റെ പരോപകിരതല്പരതയ്ക്കും അഖിലാണ്ഡത്തിലെ വീണുപോകാത്ത ലോകങ്ങളാലുള്ള അന്തരീക്ഷം തന്നെ ആയിരിക്കുന്ന നിസ്വാർത്ഥ സ്നേഹത്തിന്നും അശേഷം അനുയോജ്യമല്ല.

**(2) അനുതാപത്തോടെ ദൈവത്തോട് പ്രാർത്ഥിച്ച ചുങ്കക്കാരനായ വ്യക്തിയെപ്പോലെ പാപബോധം വന്നാൽ നമ്മുടെ പ്രാർത്ഥന എപ്രകാരമായിരിക്കും ?**

***"ചുങ്കക്കാരനോ ദൂരത്തു നിന്നുകൊണ്ടു സ്വർഗ്ഗത്തേക്കു നോക്കുവാൻപോലും തുനിയാതെ മാറത്തടിച്ചു: ദൈവമേ, പാപിയായ എന്നോടു കരുണയുണ്ടാകേണമേ എന്നു പറഞ്ഞു" (ലൂക്കോ:18:13)***

ഒരു ഭയങ്കര പാപം ചെയ്യുന്ന മനുഷ്യൻ അതിനെക്കുറിച്ചുള്ള കുറ്റബോധവും, ലജ്ജയും, ദാരിദ്ര്യവും തന്മൂലം ക്രിസ്തുവിന്റെ കൃപകൊണ്ടുള്ള ആവശ്യബോധവും ഉണ്ടായെന്നു വരാം. എന്നാൽ പാപിയായ മനുഷ്യന്നു ആ മാതിരി യാതൊരു ബോധവും ഉണ്ടാകയില്ല. അതിനാൽ അവന്റെ ഹൃദയ കവാടം സദാ ക്രിസ്തുവിനെതിരായി അടയ്ക്കപ്പെട്ടിരിക്കയും അങ്ങനെ അവൻ നല്കുവാൻ വന്ന അളവറ്റ അനുഗ്രഹങ്ങൾ അവന്നു ലഭ്യമാകാതിരിക്കയും ചെയ്യുന്നു.

"ദൈവമേ, പാപിയായ എന്നോട് കരുണയുണ്ടാകണമേ" എന്ന് പ്രാർത്ഥിച്ച ആ ചുങ്കക്കാരൻ തന്നെത്താൻ മഹാ അരിഷ്ടനായ പാപിയായി കരുതി എന്ന് മാത്രമല്ല മറ്റുള്ളവരും അവനെ അപ്രകാരം തന്നെ എണ്ണിപ്പോന്നു; എന്നാൽ തന്നിൽ കുറവായിരുന്നത് ഇന്നതെന്നു അവനു നല്ല ബോധമുണ്ടായതുകൊണ്ട് അവൻ തന്റെ അപരാധങ്ങളുടെ മുഴുഭാരത്തോടും

ദുഃഖത്തോടും കൂടെ ദൈവസന്നിധിയിൽ ചെന്നു കരുണക്കായി അപേക്ഷിച്ചു. തന്റെ ഹൃദയം അവൻ ദൈവാത്മാവിന്റെ കൃപാപ്രവൃത്തിക്കു തുറന്നു കൊടുത്തു; ദൈവാത്മാവ് അവനെ പാപത്തിന്റെ അധികാരത്തിൽ നിന്ന് സ്വതന്ത്രനാക്കി. എന്നാൽ സ്വനീതിക്കാരനായ ആ പരീശന്റെ ആത്മപ്രശംസാ പൂർണ്ണമായ പ്രാർത്ഥനയിൽ നിന്ന് അവന്റെ ഹൃദയം വിശുദ്ധാത്മാവിന്റെ വ്യാപാരത്തിന്നെതിരായി അടയ്ക്കപ്പെട്ടിരുന്നു എന്ന് ഗ്രഹിക്കാം. അവൻ ദൈവത്തിൽ നിന്ന് അന്യപ്പെട്ടിരുന്നതുകൊണ്ടും ദൈവീക വിശുദ്ധിയുടെ പൂർണ്ണതയ്ക്കെതിരായി അവനിൽ ഉണ്ടായിരുന്ന അശുദ്ധിയെക്കുറിച്ചുള്ള ബോധം അവന്നു ഉണ്ടായിരുന്നില്ല. അവന്നു യാതൊരു ആവശ്യബോധവും ഉണ്ടായിരുന്നില്ല. അതിനാൽ അവൻ യാതൊന്നും പ്രാപിച്ചതുമില്ല.

**(3) പാപം ഏറ്റുപറഞ്ഞുകഴിഞ്ഞാലും, നീതീകരണത്തിന്റെ ഫലങ്ങൾ നമുക്ക് സ്വയമേവ സ്വായത്തമാക്കുവാൻ കഴിയാത്തതു എന്തുകൊണ്ടാണ് ?**

***"ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായക്കും; എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്‌വാൻ കഴികയില്ല" (യോഹ:15:5 NKJV)***

നിന്റെ പാപാരിഷ്ടതയെക്കുറിച്ചുള്ള ബോധം നിന്നിൽ അങ്കുരിച്ചു കഴിഞ്ഞാൽ ക്രിസ്തുവിന്റെ അടുക്കൽ ചെല്ലുന്നതിനു നീ നിന്നെത്തന്നെ ഗുണീകരിച്ചു തീരുവോളം കാത്തിരിക്കരുത്. ക്രിസ്തുവിന്റെ അടുക്കൽ ചെല്ലുവാനുള്ള യോഗ്യത തങ്ങൾക്കില്ല എന്ന് എത്രപേർ വിചാരിക്കുന്നു. നിനക്ക് നിന്റെ സ്വന്ത പരിശ്രമങ്ങളാൽ നിന്നെത്തന്നെ ഗുണീകരിപ്പാൻ കഴിയുമെന്നു നീ കരുതുന്നുവോ? "ക്രൂശിന്നു തന്റെ ത്വക്കും പുള്ളിപുലിക്ക് തന്റെ പുള്ളിയും മാറ്റുവാൻ കഴിയുമോ? എന്നാൽ ദോഷം ചെയ്‌വാൻ ശീലിച്ചിരിക്കുന്ന നിങ്ങൾക്കും നന്മ ചെയ്‌വാൻ കഴിയും" (യിരെ. 13:23) ഇതിന്നു ദൈവം മാത്രമേ നമ്മുക്ക്

സഹായമുള്ളു. അതുകൊണ്ടു ഇതിലും അധികം ബലവത്തായ ഒരു പ്രോത്സാഹനഹേതു ഉണ്ടാകട്ടെ എന്നോ, അഥവാ ഇതിലും ഉത്തമമായൊരവസരം വരട്ടെ എന്നോ അല്ലെങ്കിൽ ഇപ്പൊഴുള്ളതിനേക്കാൾ അധികം പരിപാവനമായ ഒരു സ്വഭാവ ഗുണം സംജാതമാകട്ടെ എന്നോ വിചാരിച്ചു കാത്തിരിക്കരുത്. നമ്മുക്ക് സ്വയമായി യാതൊന്നും ചെയ്‌വാൻ കഴികയില്ല. അതിനാൽ നാം ഏതു നിലയിൽ ആയിരിക്കുന്നുവോ അതേ നിലയിൽ തന്നെ നമ്മുക്ക് ക്രിസ്തുവിന്റെ അടുക്കൽ ചെല്ലാം.

**(4). ഒരിക്കൽ നീതിമാനായ ശേഷം നീതി വിട്ടുതിരിഞ്ഞ ഒരുമനുഷ്യനിൽ പാപത്തിനു എന്ത്രമാത്രം സ്വാധീനം ഉണ്ടായിരിക്കും ?**

***"എന്നാൽ നീതിമാൻ തന്റെ നീതി വിട്ടുതിരിഞ്ഞു നീതികേടു പ്രവർത്തിച്ചു, ദുഷ്ടൻ ചെയ്യുന്ന സകലമ്ളേച്ഛതകളെയുംപോലെ ചെയ്യുന്നു എങ്കിൽ, അവൻ ജീവിച്ചിരിക്കുമോ? അവൻ ചെയ്ത നീതിയൊന്നും കണക്കിടുകയില്ല; അവൻ ചെയ്ത ദ്രോഹത്താലും അവൻ ചെയ്ത പാപത്താലും അവൻ മരിക്കും" (യെഹെസ് :18:24)***

എന്നാൽ, "അവന്റെ കൃപയെ നിരസിക്കുന്നവരെ കൂടി ദൈവം ഒടുവിൽ തന്റെ മഹാസ്നേഹവും വൻ കരുണയും ഹേതുവായി രക്ഷിക്കും എന്ന വ്യാജോപദേശത്താൽ ആരും നിങ്ങളെ ചതിക്കരുത്. പാപത്തിന്റെ പാതകത്വം (പാപത്തിന്റെ ദോഷകരമായനില) എത്ര ഭയാനകമാണെന്ന് ക്രൂശുകൊണ്ടല്ലാതെ വെളിവാകയില്ല. ദൈവം നല്ലവനാകയാൽ യാതൊരു പാപിയേയും തള്ളിക്കളയാതെ ഒടുവിൽ എല്ലാ മനുഷ്യരേയും ഒന്നുപോലെ ചേർത്തുകൊള്ളും എന്നുപദേശിക്കുന്നവർ കാൽവറിമലയിലേയ്ക്ക് ഒന്ന് കണ്ണുയർത്തട്ടെ. മനുഷ്യരെ രക്ഷിപ്പാൻ മറ്റൊരു മാർഗ്ഗവും ഇല്ലാത്തതുകൊണ്ട് ഈ ഏക ബലിയർപ്പണത്താലല്ലാതെ മനുഷ്യർക്ക് പാപത്തിന്റെ ദുശക്തിയിൽനിന്ന് തെറ്റി ഒഴിവാനും വിശുദ്ധന്മാരോടുള്ള കൂട്ടായ്മയിൽ യഥാസ്ഥാനപ്പെട്ട് വരുവാനുമായി വേറെ

വഴിയില്ലാത്തതു കൊണ്ടുതന്നെയാണ് ക്രിസ്തു അനുസരണം കെട്ടവരായ നമ്മുടെ കുറ്റം തന്റെമേൽ ഏറ്റുകൊണ്ട് പാപികളുടെ പ്രതിപുരുഷനായി നിന്ന് കഷ്ടപ്പെട്ട് മരിച്ചത്. ദൈവപുത്രന്റെ ഈ സ്നേഹം കഷ്ടപ്പാട്, മരണം എന്നിവയിൽ നിന്നു പാപത്തിന്റെ ഭയങ്കരത്വം എന്തെന്നു കാണായ് വരുന്നില്ലയോ? നാം ക്രിസ്തുവിന്നു നമ്മെത്തന്നെ ഭരമേല്പിച്ചു അവന്നു വിധേയരായിത്തീരുന്നതൊഴികെ പാപത്തിന്റെ അധികാരത്തിൽ നിന്ന് തെറ്റി ഒഴിവാനും വിശുദ്ധ ജീവന്നു അംശികളായിത്തീരുവാനും വേറെ വഴി ഒന്നുമില്ലെന്നും ഇവ നമ്മോടു പ്രസ്താവിക്കുന്നു.

**(5). ആരുടെ മാതൃക പിന്തുടരാനാണ് നമ്മോടു കല്പിച്ചിരിക്കുന്നതു ?**

***"അതിന്നായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നതു. ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു" (1പത്രോ:2:21)***

ചിലപ്പോൾ അനുതപിപ്പാൻ ഇഷ്ടപ്പെടാത്ത ആളുകൾ ചിലപേർ ക്രിസ്ത്യാനികളെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഞങ്ങൾ അവരെപ്പോലെ തന്നെ ഉത്തമന്മാരാണ്. ഞങ്ങൾക്കുള്ളതിലധികം സ്വയത്യാഗമോ, ജാഗരണമോ, സൂക്ഷ്മബുദ്ധിയോ അവർക്കില്ല. ഞങ്ങളെപ്പോലെ അവരും സുഖഭോഗങ്ങളെ പ്രിയപ്പെടുകയും അവയിൽ തങ്ങളുടെ സമയം ചെലവിടുകയും ചെയ്യുന്നുവല്ലോ എന്ന് പറയാറുണ്ട്. ഇങ്ങനെ അവർ തങ്ങളുടെ കൃത്യവിലോപങ്ങളേയും പാപങ്ങളേയും മൂടേണ്ടതിനു മറ്റുള്ളവരുടെ കുറ്റങ്ങളെ എടുത്തുകാണിക്കുന്നു. എന്നാൽ മറ്റുള്ളവരുടെ കുറ്റങ്ങളും കുറവുകളും നിമിത്തം ആരുടേയും കുറവുകൾ പരിഹരിക്കപ്പെടുകയില്ല. കാരണം തെറ്റിപ്പോകാവുന്ന ഒരു മാനുഷ മാതൃക ദൈവം നമ്മുക്ക് തന്നിട്ടില്ല. നമ്മുടെ മാതൃക കളങ്കവും കറയുമില്ലാത്ത ദൈവപുത്രനത്രെ. അതുകൊണ്ടു മേൽ പ്രസ്താവിച്ച പ്രകാരം പേർ ക്രിസ്ത്യാനികളുടെ കുറ്റങ്ങളും

കുറവുകളും പരസ്യം ചെയ്യുന്ന ആളുകൾ തന്നെ തങ്ങളുടെ സ്വന്ത ജീവിതവും നടപ്പും കൊണ്ട് ശരിയായ മാതൃക കാണിച്ചുകൊടുക്കണം. അവർക്ക് ഒരു സാക്ഷാൽ ക്രിസ്ത്യാനിയുടെ ജീവിതം ഇന്നവണ്ണം ആയിരിക്കണം എന്ന് ഒരു പരിധികല്പിപ്പാൻ കഴിയുമെങ്കിൽ അവരുടെ സ്വന്തം പാപം അത്രയ്ക്കും ഭയങ്കരമായിരിക്കയില്ലയോ? നന്മ എന്തെന്ന് അവർ അറിഞ്ഞിട്ടും അവർ അത് ചെയ്യുന്നില്ല.

**(6). പരിശുദ്ധാത്മാവിന്റെ ആലോചനകൾ നിരസിക്കുകയും പാപം വിട്ടുതിരിയാതിരിക്കുകയും ചെയുന്ന ഒരുവൻ നേരിടേണ്ട ഭയാനകമായ പരിണിത ഫലം എന്താണ് ?**

***നേരുള്ളവരുടെ നിഷ്കളങ്കത്വം അവരെ വഴിനടത്തും; ദ്രോഹികളുടെ വികടമോ അവരെ നശിപ്പിക്കും. നിഷ്കളങ്കന്റെ നീതി അവന്റെ വഴിയെ ചൊവ്വാക്കും; ദുഷ്ടനോ തന്റെ ദുഷ്ടതകൊണ്ടു വീണു പോകും. (സാദൃശ്യ:11:3,5)***

നിങ്ങളുടെ കാര്യാദികളെ പിന്നീടാകട്ടെന്നു വെക്കാതിരിപ്പാൻ സൂക്ഷിപ്പിൻ. നിങ്ങളുടെ പാപങ്ങളെ ഉപേക്ഷിച്ചു യേശുക്രിസ്തുമൂലം ഹൃദയശുദ്ധി പ്രാപിക്കുന്നതു പിന്നീടാകട്ടെന്നു വെക്കരുതെ. അങ്ങനെ കാലം ദീർഘിപ്പിച്ചതു കൊണ്ടാണ് അനേകായിരം ആളുകൾ നിത്യനാശത്തിന്നു അർഹരായിത്തീർന്നത്. ജീവന്റെ ഹ്രസ്വതയെയോ അസ്ഥിരതയെയോ സംബന്ധിച്ചു ഞാൻ പ്രസ്താവിക്കുന്നില്ല. എന്നാൽ പരിശുദ്ധാത്മാവിന്റെ കാരുണ്യക്ഷണത്തിന്നു ഉടനടി ചെവികൊടുക്കുന്നതിന്നു പകരം പാപത്തിൽ തന്നെ കുറച്ചുകൂടെ ജീവിപ്പാൻ മനുഷ്യർ ഇഷ്ടപ്പെടുന്നതിൽ വലിയൊരാപത്തുണ്ട്. അതിന്റെ ഭയാനകതയെ മനുഷ്യർ സാധാരണയായി ഗ്രഹിക്കുന്നില്ല. അവർ അപ്രകാരം കാലം ദീർഘിപ്പിക്കുന്നത് പാപത്തിൽ തന്നെ കുറെക്കാലം കൂടി നിലനില്പാനാകുന്നു. എന്നാൽ നാം ചെയ്തു രസിക്കുന്ന പാപം നിമിത്തം അത്രയും നിസ്സാരമായിരുന്നാൽ തന്നേയും അവസാനം നിത്യനാശം പ്രദാനം

ചെയ്യാതിരിക്കയില്ല. നാം ഇന്നു ജയിച്ചടക്കുവാൻ അമാന്തിക്കുന്ന നമ്മുടെ ദുശ്ശീലങ്ങളും പാപവും ഒടുവിൽ നമ്മെ ജയിച്ചടക്കി നിത്യനാശത്തിന്നർഹരാക്കും.

നിരോധിക്കപ്പെട്ട ആ വൃക്ഷഫലം ഭക്ഷിച്ചു എന്ന ആ നിസ്സാര സംഗതി നിമിത്തം ദൈവം അരുളിചെയ്തിരുന്ന ആ ഭയങ്കര വിപത്ത് സംഭവിക്കുമോ എന്ന് ആദാമും ഹവ്വയും ഒരു വേള തങ്ങളുടെ മനസ്സിൽ ന്യായവാദം ചെയ്തിരിക്കാം. എന്നാൽ ആ നിസ്സാര സംഗതിയാൽ ദൈവത്തിന്റെ ശാശ്വതവും വിശുദ്ധവുമായ കല്പനയല്ലയൊ ലംഘിക്കപ്പെട്ടത്? അതിനാൽ മനുഷ്യൻ ദൈവകൂട്ടായ്മയിൽ നിന്ന് അകറ്റപ്പെടുകയും രോഗം, മരണം ആദിയായ അസംഖ്യംദുരിതങ്ങൾ ലോകത്തിൽ പ്രവേശിക്കയും ചെയ്തുവല്ലൊ. മനുഷ്യന്റെ അനുസരണക്കേട് നിമിത്തം അന്ന് മുതൽ വിലാപത്തിന്റെ ഞരക്കം ഭൂമിയിൽ നിന്ന് പൊങ്ങിക്കൊണ്ടിരിക്കയും സർവ്വ സൃഷ്ടിയും ഇന്നുവരെ ഒരുപോലെ ഞരങ്ങി ഈറ്റ് നോവോടിരിക്കയും ചെയ്യുന്നു. ദൈവത്തോടുള്ള മനുഷ്യന്റെ ഈ മത്സരഫലം സ്വർഗ്ഗത്തേയും ബാധിക്കാതിരുന്നില്ല. ദിവ്യന്യായപ്രമാണ ലംഘനപരിഹാരാർത്ഥം ആവശ്യമായി വന്ന ആ മഹായാഗത്തിന്നു കാൽവറിമല ഒരു നിത്യസ്മാരകമത്രെ. ആകയാൽ പാപം ഒരു നിസ്സാരസംഗതിയാണെന്ന് ആരും ധരിക്കരുത്.

**(7). നമ്മുടെ പാപത്തെ പരിപോഷിപ്പിക്കുവാൻ തീരുമാനിക്കുന്നതിന്റെ പരിണിത ഫലം എന്താണ് ?**

***"ദുഷ്ടന്റെ അകൃത്യങ്ങൾ അവനെ പിടിക്കും; തന്റെ പാപപാശങ്ങളാൽ അവൻ പിടിപെടും" (സദൃശ്യ:5:22)***

നീ തിരുകല്പനകളെ ലംഘിക്കുകയോ ക്രിസ്തുവിന്റെ കൃപയെ അലക്ഷ്യമാക്കുകയൊ, തിരസ്ക്കരിക്കയൊ ചെയ്യുമ്പോഴൊക്കെയും നീ അറിയാതെ തന്നെ അത് നിന്നിൽ മറ്റൊരു കാര്യം സാധിപ്പിക്കുന്നു. അതായത് അത് നിന്റെ ഹൃദയത്തെ കഠിനപ്പെടുത്തുകയും

മനസ്സിനെ നികൃഷ്ടമാക്കുകയും ഗ്രഹണശക്തിയെ മന്ദീഭവിപ്പിക്കയും ചെയ്യുന്നതുകൂടാതെ, നിന്നിൽ നടക്കുന്ന പരിശുദ്ധാത്മാവിന്റെ വേലയ്ക്കു നിന്നെത്തന്നെ വിധേയനാക്കുവാൻ മനസ്സും ശക്തിയും ഇല്ലാത്തവനാക്കിത്തീർക്കുകയും ചെയ്യുന്നു.

തങ്ങൾക്കു മനസുള്ളപ്പോൾ തങ്ങളുടെ ദോഷ വഴികളെ വിട്ടുമാറി ഗുണപ്പെടാം എന്ന് വച്ചു ദൈവാത്മാവിന്റെ ഇന്നത്തെ കാരുണ്യക്ഷണത്തെ ചിലർ നിരാകരിക്കുന്നു. ആത്മാവിന്റെ കാരുണ്യപ്രവൃത്തിയെ തുച്ഛീകരിച്ചു വൈരിയായ പിശാചിന്റെ ഇഷ്ടത്തിന്നു അധീനനായിത്തീർന്നശേഷം ഇനി ഏതെങ്കിലും ഭയങ്കരമായ ആപത്തോ മറ്റോ വരുമ്പോൾ തങ്ങളുടെ ഗതിയെ മാറ്റി ഗുണപ്പെട്ടുകൊള്ളാം എന്ന് അവർ പ്രത്യാശിക്കുന്നു. എന്നാൽ അവർ ആശിക്കുംപോലെ അതത്ര എളുപ്പമല്ല. ആയുഷ്കാലപര്യന്തമായ വിദ്യാഭ്യാസംകൊണ്ടും ഓരോ ജീവിതാനുഭവങ്ങളാലും സ്വഭാവം ഒരു സ്ഥിരമായ രൂപം പ്രാപിച്ചശേഷം ആരും യേശുവിന്റെ രൂപസാദൃശ്യം പ്രാപിപ്പാൻ ആഗ്രഹിക്കാറില്ല.

തെറ്റായ ഓരോ സ്വഭാവ ഗുണവും നാം തുടർച്ചയായി കൈവളർത്തുന്ന ഓരോ പാപാഭിലാഷവും കാലാന്തരത്തിൽ സുവിശേഷ ത്തിന്റെ ശക്തിയെ ദുർബലമാക്കിക്കളയും. ഓരോ പാപ വഴക്കവും മനുഷ്യാത്മാവിനു ദൈവത്തോടുള്ള വെറുപ്പിനെ സുദൃഢമാക്കുന്നു. സത്യത്തിനെതിരായി അവിശ്വാസം മൂലമുള്ള ധീരതയോ വിധ്ഢിത്വപരമായ അഗണ്യതയോ പ്രകടിപ്പിക്കുന്നവൻ താൻ വിതച്ചതിനെ തന്നെ കൊയ്യുകയാണ് ചെയ്യുന്നത്. "ദുഷ്ടന്റെ അകൃത്യങ്ങൾ അവനെ പിടിക്കും. തന്റെ പാപപാശങ്ങളാൽ അവൻ പിടിപെടും." (സദൃശ. 5:22) ഇത് പാപത്തോട് കളിക്കുന്നവരെപ്പറ്റി വേദപുസ്തകത്തിൽ രേഖപ്പെടുത്തീട്ടുള്ള ഒരു പ്രബോധനമാകുന്നു.

**(8) രക്ഷക്കായുള്ള യേശുക്രിസ്തുവിന്റെ ആഹ്വാനത്തെ നാം സ്വീകരിക്കേണ്ടത് എപ്പോൾ ?**

***"പ്രസാദകാലത്തു ഞാൻ നിനക്കു ഉത്തരം അരുളി; രക്ഷാദിവസത്തിൽ ഞാൻ നിന്നെ സഹായിച്ചു" എന്നു അവൻ അരുളിച്ചെയ്യുന്നുവല്ലോ. ഇപ്പോൾ ആകുന്നു സുപ്രസാദകാലം; ഇപ്പോൾ ആകുന്നു രക്ഷാദിവസം" (2 കോരി:6:2)***

ക്രിസ്തു നമ്മെ പാപത്തിന്റെ ദാസ്യത്തിൽ നിന്ന് സ്വതന്ത്രരാക്കുവാൻ സദാ മനസ്സൊരുക്കമുള്ളവനായിരിക്കുന്നു. എങ്കിലും അവൻ നമ്മുടെ മനസ്സിനെ തീരെ പാപത്തിലേക്ക് നിർബന്ധിക്കുന്നില്ല. കൂടെക്കൂടെയുള്ള ലംഘനങ്ങൾ നിമിത്തം നമ്മുടെ മനസ്സ് ചായുകയും അതിൽനിന്നു മോചിക്കപ്പെടുവാൻ നാം ആഗ്രഹിക്കാതിരിക്കയും ചെയ്യുന്നുവെങ്കിൽ, അവന്നു അതില്പരമായി എന്തുചെയ്വാൻ കഴിയും? അവന്റെ സ്നേഹത്തെ നാം മനഃപൂർവ്വം തിരസ്കരിക്കുന്നതിനാൽ നാം നമ്മെത്തന്നെ നശിപ്പിക്കുന്നു. "ഇപ്പോൾ ആകുന്നു സുപ്രസാദകാലം; ഇപ്പോഴാകുന്നു രക്ഷാദിവസം" (2 കൊരി. 6:2) "ഇന്ന് നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നുവെങ്കിൽ നിങ്ങളുടെ ഹൃദയം കഠിനമാക്കരുത്." (എബ്രായർ 3:7,8)

**(9) വഞ്ചനാപരമായ ഹൃദയത്തിന്റെ പ്രേരണയാലുള്ള താല്പര്യങ്ങൾ, ഉദ്ദേശ്യങ്ങൾ എന്നിവയിൽ നിന്നും വിടുതൽ നേടുന്നതിനായുള്ള ഏക പ്രാർത്ഥന എന്താണ് ?**

***"ദൈവമേ, എന്നെ ശോധന ചെയ്തു എന്റെ ഹൃദയത്തെ അറിയേണമേ; എന്നെ പരീക്ഷിച്ചു എന്റെ നിനവുകളെ അറിയേണമേ. വ്യസനത്തിന്നുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി, ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തേണമേ" (സങ്കീ:139:23-24)***

"മനുഷ്യൻ കണ്ണിന്നു കാണുന്നത് നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു." (1 ശമു 16:7) അതെ, സന്തോഷസന്താപഹേതുകങ്ങളും പരസ്പരവിരുദ്ധങ്ങളുമായ

മനോവികാരങ്ങളാൽ സമ്പൂർണ്ണവും എല്ലാവിധ അശുദ്ധിക്കും വഞ്ചനയ്ക്കും ഉറവിടവും അസ്ഥിരതയും താന്തോന്നിത്വവും ഉള്ളതുമായ മാനുഷ ഹൃദയത്തെത്തന്നെയാണ് യഹോവ നോക്കുന്നത്. അവൻ അതിന്റെ നോട്ടവും ഉദ്ദേശവും അഭിലാഷങ്ങളും എന്തെന്ന് അറിയുന്നു. അതുകൊണ്ടു കറപ്പെട്ടിരിക്കുന്ന നിന്റെ ആ ഹൃദയത്തോടു കൂടെത്തന്നെ നീ അവന്റെ അടുക്കൽ ചെല്ലുക.
സങ്കീർത്തനക്കാരനെപോലെ നീയും സർവ്വവും ദർശിക്കുന്ന ആ കണ്ണുകൾക്കു മുമ്പാകെ നിന്റെ ഹൃദയം തുറന്നുവെച്ചുകൊണ്ട് "ദൈവമെ, എന്നെ ശോധനചെയ്തു എന്റെ ഹൃദയത്തെ അറിയേണമേ; എന്നെ പരീക്ഷിച്ചു എന്റെ നിനവുകളെ അറിയേണമെ; വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടൊ എന്ന് നോക്കി ശ്വാശതമാർഗ്ഗത്തിൽ എന്നെ നടത്തേണമെ" (സങ്കീ. 139: 23,24) എന്ന് പ്രാർത്ഥിക്കുക.

ഹൃദയശുദ്ധിപ്രാപിക്കാതിരിക്കെ പലരും ഭക്തിയുടെ വേഷം മാത്രമുള്ളതും വെറും ബുദ്ധികൊണ്ട് ഗ്രഹിച്ചിട്ടുള്ളതുമായ ഒരു മാർഗ്ഗം ഇഷ്ടപ്പെടുന്നു. എന്നാൽ നിന്റെ പ്രാർത്ഥനയൊ:- "ദൈവമെ, നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിച്ചു സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കേണമെ" (സങ്കീ. 51:10) എന്നായിരിക്കട്ടെ. നിന്റെ ആത്മാവിനോട് നേരായി പെരുമാറുക. നിന്റെ ജീവൻ നശിക്കാറായിരിക്കുന്ന അവസരത്തിൽ നീ എപ്രകാരമായിരിക്കുമൊ അപ്രകാരം തന്നെ നിന്റെ ആത്മാവിനെ പറ്റിയും നീ പരമാർത്ഥിയും സ്ഥിരമാനസനുമായിരിക്കുക. ഈ കാര്യം സദാകാലത്തേക്കുമായി നീയും ദൈവവും തമ്മിൽ തീരുമാനിക്കേണ്ടതാകുന്നു. ഉടനടി ഒന്നും പ്രവൃത്തിക്കാതെ പിന്നീട് ആയിക്കൊള്ളാം എന്നുവച്ചു നീ ഈ കാര്യം മാറ്റിവയ്ക്കുന്നപക്ഷം അത് നിനക്ക് വലുതായ ആപത്തിനിടവരുത്തുമെന്ന് ഓർത്തുകൊൾക.

**(10) നമ്മിൽ പാപബോധം ഉളവാക്കുവാൻ കഴിവുള്ള ദൈവ വചനത്തിന്റെ**

**ധ്യാനപൂർണമായ വായനായാൽ നമുക്ക് ലഭ്യമാകുന്ന അഞ്ചു ആനുകൂല്യങ്ങൾ എന്തൊക്കെയാണ് ?**

***ക്രിസ്തുയേശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷെക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യംമുതൽ അറികയും ചെയ്യുന്നതു കൊണ്ടു നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനിൽക്ക. എല്ലാതിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്നു ഉപദേശത്തിന്നും ശാസനത്തിന്നും ഗുണീകരണത്തിന്നും നീതിയിലെ അഭ്യാസത്തിന്നും പ്രയോജനമുള്ളതു ആകുന്നു. (2 തിമോ: 3:14-17)***

പ്രാർത്ഥനാപൂർവ്വം ദൈവവചനം പഠിക്കുക. അങ്ങനെ ചെയ്താൽ ദിവ്യന്യായപ്രമാണത്തിലും ക്രിസ്തുവിന്റെ ജീവിതത്തിലും അടങ്ങിയിരിക്കുന്ന വിശുദ്ധീകരണ വ്യവസ്ഥകൾ നിനക്ക് ഗ്രഹിക്കാം. "ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല." (എബ്രാ. 12:14) അത് നിനക്ക് പാപബോധം നല്കുകയും രക്ഷാമാർഗ്ഗം സ്പഷ്ടമായി കാണിച്ചു തരികയും ചെയ്യും. അത് നിന്റെ ആത്മാവോട് സംസാരിക്കുന്ന ദൈവശബ്ദമാകുന്നു എന്ന് കരുതി അതിന്നു ചെവി കൊടുക്കുക.

**(11). ക്രിസ്തുവിലൂടെയുള്ള പാപബോധമെന്ന ദാനത്താൽ ദൈവം നമുക്കുവേണ്ടി ചെയ്യുന്നതെന്താണ് ?**

***"ദൈവം ലോകത്തിന്നു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു പോന്നു. ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭരമേല്പിച്ചുമിരിക്കുന്നു" (2 കോരി 5:19)***

നിന്റെ പാപത്തിന്റെ ഭയാനകത്വം നീ കാണുമ്പോൾ, അതായത് നീ നിന്റെ യഥാർത്ഥനില പൂർണ്ണമായി ഗ്രഹിക്കുമ്പോൾ നിരാശപ്പെട്ടുപോകരുത്. പാപികളെ രക്ഷിപ്പാനാകുന്നു യേശുകർത്താവ് വന്നത്. നാമായി ദൈവത്തെ നമ്മോടു നിരപ്പിക്കേണമെന്നു

ദൈവം ആഗ്രഹിച്ചില്ല. നേരെ മറിച്ചു "ദൈവം ലോകത്തെ ക്രിസ്തുവിൽ തന്നോട് നിരപ്പിച്ചു" പോരുകയത്രെ ചെയ്യുന്നത്. (2 കൊരി. 5:19) തന്റെ ആർദ്ര സ്നേഹത്താൽ അനുസരണം കെട്ട തന്റെ മക്കളുടെ ഹൃദയങ്ങളെ അവൻ തങ്കലേക്കു ആകർഷിക്കുന്നു. ദൈവം താൻ രക്ഷിപ്പാൻ ആഗ്രഹിക്കുന്നവരുടെ തെ റ്റുകുറ്റങ്ങളെക്കുറിച്ചു ക്ഷമയുള്ളവനായിരിക്കുന്ന പ്രകാരം യാതൊരു ലൌകീക പിതാവും തന്റെ മക്കളുടെ തെറ്റുകളെക്കുറിച്ചു ക്ഷമയുള്ളവനായിരിക്കുന്നില്ല. ലംഘനക്കാരനോട് ഇത്ര ആർദ്രതയോട് കൂടി കേണപേക്ഷിക്കുവാൻ ആർക്കും കഴിയുന്നതല്ല. വഴിവിട്ടലയുന്ന ഒരാത്മാവിനോട് മടങ്ങിവരുവാൻ ദൈവം അപേക്ഷിക്കുന്നത്ര ദയയോടും സ്നേഹത്തോടും കൂടി യാതൊരു മനുഷ്യനും ഒരിക്കലും സംസാരിച്ചിട്ടുമില്ല. അവൻ തന്നിരിക്കുന്ന വാഗ്ദത്തങ്ങളും പ്രബോധനങ്ങളുമെല്ലാം അവർണ്ണനീയമായ അവന്റെ സ്നേഹോച്ഛ്വാസമല്ലാതെ മറ്റെന്താണ്?

**(12) യേശു ആരെ രക്ഷിക്കുവാനാണ് ഭൂമിയിലേക്ക് വന്നത് ?**

***"ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നേ; ആ പാപികളിൽ ഞാൻ ഒന്നാമൻ" (1 തിമോ 1:15)***

പിശാചു നിന്റെ സമീപെവന്നു "നീ വലിയൊരു പാപിയാണ്" എന്ന് നിന്നോട് പറയുമ്പോൾ നീ നിന്റെ വീണ്ടെടുപ്പുകാരങ്കലേക്ക് കണ്ണുയർത്തി അവന്റെ അപദാനങ്ങളെ പ്രകീർത്തിക്കുക. അവന്റെ വെളിച്ചത്തെ ഉറ്റു നോക്കുന്നത് ആ നാഴികയിൽ നിനക്ക് സഹായകരമായിരിക്കും. നിന്റെ കുറ്റം സമ്മതിക്കുക; എങ്കിലും "ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു" ( 1 തിമൊ. 1:15) എന്നും അവന്റെ ആ നിസ്തുല്യസ്നേഹംമൂലം ഞാനും രക്ഷിക്കപ്പെടും എന്നും നീ അവനോടു പറക.

**(13) ദൈവത്തെ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നതാരാണ് ?**

***"അധികം ഇളെച്ചുകിട്ടിയവൻ എന്നു ഞാൻ ഊഹിക്കുന്നു എന്നു ശിമോൻ പറഞ്ഞു. അവൻ അവനോടു: "നീ വിധിച്ചതു ശരി" എന്നു പറഞ്ഞു. ആകയാൽ ഇവളുടെ അനേകമായ പാപങ്ങൾ മോചിച്ചിരിക്കുന്നു എന്നു ഞാൻ നിന്നോടു പറയുന്നു; അവൾ വളരെ സ്നേഹിച്ചുവല്ലോ; അല്പം മോചിച്ചുകിട്ടിയവൻ അല്പം സ്നേഹിക്കുന്നു"( ലൂക്കോ:7:43, 47)***

യേശു രണ്ടു കടക്കാരെപ്പറ്റി ശീമോനോടു ഒരു ചോദ്യം ചോദിച്ചുവല്ലൊ. ആ യജമാനന്നു ഒരാൾ ഒരു ചെറിയ തുകയും മറ്റെയാൾ ഒരു വലിയ തുകയും കടമ്പെട്ടിരുന്നു എങ്കിലും അദ്ദേഹം രണ്ടു പേർക്കും ഒരുപോലെ ഇളച്ചുകൊടുത്തു. എന്നാൽ ഏതു കടക്കാരൻ തന്റെ യജമാനനെ അധികം സ്നേഹിക്കും എന്ന് യേശു ശീമോനോടു ചോദിക്കുന്നു.

അതിന്നു ശീമോൻ:- "അധികം ഇളച്ചു കിട്ടിയവൻ" (ലൂക്കൊ. 7:43) എന്നുത്തരം പറഞ്ഞു. നാം മഹാപാപികളാകുന്നു എങ്കിലും നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടേണ്ടതിന്നു ക്രിസ്തു നമ്മുക്കുവേണ്ടി മരിച്ചിരിക്കുന്നു. അവന്റെ ബലിയർപ്പണത്താൽ അവൻ സമ്പാദിച്ചിരിക്കുന്ന പുണ്യം നമ്മുടെ പാപപരിഹാരാർത്ഥം പിതാമുമ്പിൽ സമർപ്പിപ്പാൻ മതിയായതാകുന്നു. ആർക്കു അധികം മോചിക്കപ്പെട്ടിരിക്കുന്നുവൊ അവൻ കർത്താവിനെ അധികം സ്നേഹിക്കയും അവന്റെ സിംഹാസനത്തോട് എത്രയും അടുത്ത് നിന്ന് അവന്റെ നിസ്തുല്യ സ്നേഹത്തെയും അവൻ കഴിച്ച മഹായാഗത്തെയും കുറിച്ചു അവനെ എത്രയും അധികമായി വാഴ്ത്തുകയും ചെയ്യും. നാം ദൈവത്തെ പൂർണ്ണമായി ഗ്രഹിക്കുമ്പോഴാണ് നമ്മുടെ പാപാവസ്ഥയുടെ ആഴം നമ്മുക്ക് യഥാർത്ഥമായി ബോധ്യമാകുന്നത്. നമ്മുക്ക് വേണ്ടി അതായത് നമ്മെ പാപക്കുഴിയിൽ നിന്ന് കരേറ്റുവാൻ വേണ്ടി സ്വർഗ്ഗം ഇറക്കിത്തന്നിരിക്കുന്ന ചങ്ങലയുടെ നീളം നാം കണ്ടു മനസ്സിലാക്കുമ്പോൾ അതെ,

ക്രിസ്തു നമ്മുക്ക് വേണ്ടി തന്നെത്താൻ അർപ്പിച്ച ആ അളവറ്റയാഗത്തിന്റെ വില നമ്മുക്ക് എത്രാണ്ടല്പം സുഗ്രാഹ്യമാകുമ്പോൾ തന്നെ നമ്മുടെ ഹൃദയം ആർദ്രതയും പശ്ചാത്താപവുംകൊണ്ട് ഉരുകിപ്പോകും.

ഞാൻ എന്റെ രക്ഷകനോട് കൂടുതൽ അടുക്കുമ്പോൾ അവന്റെ നീതി ഞാൻ കാണുകയും, എന്റെ ജീവിതവും, സ്വഭാവവും അശുദ്ധമാണെന്നു ഞാൻ മനസിലാക്കുകയും ചെയുന്നു. ആയതിനാൽ അവന്റെ സ്വഭാവത്തോടു അനുരൂപനാകുവാൻ ഞാൻ ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല

മാനസാന്തരമെന്നത് വരുവാനുള്ള ശിക്ഷയെപ്പറ്റിയുള്ള ഭയമില്ല പ്രത്യുത പാപത്തെപ്പറ്റിയുള്ള യഥാർത്ഥ അനുതാപമാണെന്നു ഞാൻ മനസിലാക്കുന്നു.

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല

യേശു എന്റെ ഹൃദയത്തിൽ തന്ന പാപബോധത്തിനായി ഞാൻ ദൈവത്തോട് നന്ദിപറയുന്നു. ആയതിൻപ്രകാരം ജീവിക്കുവാൻ ഞാൻ തീരുമാനിക്കുന്നു.

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല



## അദ്ധ്യായം അഞ്ച്
## പാപം ഏറ്റുപറച്ചിൽ

**(1). പാപിയായ നമുക്ക് കരുണ ലഭിക്കുവാനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ?**

**"തൻറെ ലംഘനങ്ങളെ മറെക്കുന്നവന്നു ശുഭം വരികയില്ല; അവയെ ഏറ്റുപറഞ്ഞു ഉപേക്ഷിക്കുന്നവന്നൊ കരുണ ലഭിക്കും." (സദൃ.വാ. *28:13*)**

ദൈവത്തിന്റെ കരുണപ്രാപിപ്പാനായി നല്കപ്പെട്ടിരിക്കുന്ന നിയമങ്ങൾ എത്രയും ലഘുവും ന്യായവും ബുദ്ധിപൂർവ്വകവുമായവയാണ്. പാപക്ഷമ ലഭിക്കേണ്ടതിന്നു ഏതെങ്കിലും കഠിനപ്രവൃത്തി ചെയ്യണമെന്നു ദൈവം നമ്മോടു ആവശ്യപ്പെടുന്നില്ല. നമ്മുടെ ദേഹികളെ സ്വർഗ്ഗസ്ഥനായ ദൈവത്തിൽ ഭരമേല്പിക്കുന്നതിനു അഥവാ നമ്മുടെ അതിക്രമങ്ങൾ മോചിച്ചുകിട്ടുവാൻ

അതിദീർഘവും ക്ഷീണിപ്പിക്കുന്നതുമായ തീർത്ഥയാത്രകളും കഠിന തപസ്സുകളും ചെയ്യേണമെന്നു ദൈവം ആവശ്യപ്പെട്ടിട്ടില്ല.

**(2). ആരോടാണ് നമ്മുടെ പാപങ്ങൾ ഏറ്റുപറയേണ്ടത് ?**

***"എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേണ്ടതിന്നു തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞു ഒരുവന്നു വേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു" (യാക്കോ:5:16)***

**"ഞാൻ എന്റെ പാപം നിന്നോടറിയിച്ചു; എന്റെ അകൃത്യം മറെച്ചതുമില്ല എന്റെ ലംഘനങ്ങളെ യഹോവയോടു ഏറ്റു പറയും എന്നു ഞാൻ പറഞ്ഞു; അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചുതന്നു" (സങ്കീ:32:5)**

നിങ്ങളുടെ പാപങ്ങൾ അവയെ മോചിപ്പാൻ ഏകവല്ലഭനായിരിക്കുന്ന ദൈവത്തോട് ഏറ്റുപറവിൻ. മനുഷ്യരോടു ചെയ്യുന്ന കുറ്റങ്ങളെ അവരോടും ഏറ്റുപറവിൻ. നീ നിന്റെ കൂട്ടുക്കാരന് വല്ലകാര്യത്തിലും ഇടർച്ച വരുത്തിയിട്ടുണ്ടെങ്കിൽ നീ അതിനെ അവനോടു ഏറ്റുപറയേണ്ടത് നിന്റെ കടമയും അത് നിനക്ക് സൌജന്യമായി ക്ഷമിച്ചു തരേണ്ടത് ആ കൂട്ടുകാരന്റെ ചുമതലയുമാകുന്നു. അതിൽപിന്നെ നീ വേദനിപ്പിച്ചിരിക്കുന്ന സഹോദരൻ ദൈവത്തിന്റെ വകയാകയാലും അവനെ വേദനിപ്പിക്കയാൽ നീ നിന്റെ സ്രഷ്ടാവും വീണ്ടെടുപ്പുകാരനുമായവനെത്തന്നെ വേദനിപ്പിച്ചിരിക്കയാലും നീ ദൈവസന്നിധിയിൽ ചെന്ന് ദൈവത്തോടും അവനോടും ക്ഷമ യാചിക്കേണ്ടതാകുന്നു. ഇങ്ങനെ ഈ കാര്യം നമ്മുടെ ശ്രേഷ്ഠമഹാപുരോഹിതനായ ഏക സത്യമദ്ധ്യസ്ഥന്റെ തിരുമുമ്പിൽ ചെന്നെത്തുന്നു. അവൻ "പാപം ഒഴികെ സർവ്വത്തിലും നമ്മുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടവൻ" ആകയാൽ "നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ" കഴിവുള്ളവനാകുന്നുവല്ലോ (എബ്രാ. 4:15) അവൻ ദോഷത്തിന്റെ എല്ലാകറയും

കളങ്കവും നീക്കി നമ്മെ ശുദ്ധീകരിപ്പാൻ കഴിവുള്ളവനത്രേ.

**(3). എന്ത് നിബന്ധനകളിലൂടാണ് നമ്മുടെ ഹൃദയവും, ആത്മാവും, യഥാർത്ഥ സമാധാനവും, ദൈവത്തോടുള്ള കൂട്ടായ്മയും അനുഭവിക്കേണ്ടത് ?**

***"ഹൃദയം നുറുങ്ങിയവർക്കു യഹോവ സമീപസ്ഥൻ; മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു" (സങ്കീ: 34:8)***

പാപങ്ങളെ ഏറ്റുപറഞ്ഞുകൊണ്ടു തങ്ങളുടെ ഹൃദയങ്ങളെ ദൈവസന്നിധിയിൽ വിനയപ്പെടുത്താത്തവർ ആത്മാക്കളെ അംഗീകരിക്കുന്നതിന്നു ദൈവം ഏർപ്പെടുത്തീട്ടുള്ള ഒന്നാമത്തെ നിയമം പോലും അനുഷ്ഠിക്കുന്നില്ല. അനുതാപം വരാത്ത മാനസാന്തരാനുഭവം ഉണ്ടാകതെയും ചതഞ്ഞമനസ്സും നുറുങ്ങിയഹൃദയവും ഉള്ളവരായി പാപങ്ങളെ ഏറ്റുപറഞ്ഞുപേക്ഷിക്കാതേയും ഇരിക്കുന്നവർ പാപമോചനം പ്രാപിപ്പാൻ ഒരിക്കലും ആത്മാർത്ഥമായി ശ്രമിച്ചിട്ടില്ല. ആ യത്നം ചെയ്തിട്ടില്ലെങ്കിൽ അങ്ങനെയുള്ളവർ ദൈവസമാധാനം കണ്ടെത്തീട്ടുമില്ല. എന്നാൽ പാപങ്ങളുടെ മോചനം നാം പ്രാപിക്കാതിരിക്കുന്നതിന്റെ ഏകകാരണം നമ്മുടെ ഹൃദയത്തെ വിനയപ്പെടുത്തി ദൈവവചനം വെളിവാക്കുന്ന നിബന്ധനകൾ അനുസരിപ്പാൻ ഇഷ്ടപ്പെടാതിരിക്കുന്നതത്രെ.

**(4) നമ്മുടെ പാപങ്ങൾ ഏറ്റുപറയുന്നത് എപ്രകാരമായിരിക്കേണം ?**

***"ആ വക കാര്യത്തിൽ അവൻ കുറ്റക്കാരനാകുമ്പോൾ താൻ പാപം ചെയ്തു എന്നു അവൻ ഏറ്റുപറയേണം" (ലേവ്യ:5:5)***

ഈ കാര്യത്തെ സംബന്ധിച്ചു തിരുവെഴുത്തുകൾ എത്രയും ഖണ്ഡിതമായ ഉപദേശം നല്കുന്നുണ്ട്. പരസ്യമായോ രഹസ്യമായോ ഉള്ളപാപം ഏറ്റുപറച്ചിൽ ഹൃദയത്തിൽനിന്ന് വരുന്നതും ശങ്കകൂടാത്തതുമായിരിക്കണം. അത് പാപിയുടെമേൽ അടിച്ചേല്പിക്കാവുന്നതല്ല. അത് ഒരു വായ്പാട്ടു എന്നപോലെ അഗണ്യമായവിധ ത്തിലും ചെയ്തുകൂടാ

എന്നുമാത്രമല്ല പാപത്തിന്റെ അറപ്പായ സ്വഭാവം ബോദ്ധ്യമായിട്ടില്ലാത്ത ആളുകളെ നിർബന്ധിച്ചും ചെയ്തുകൂടാ. ഹൃദയത്തിന്റെ ആഴത്തിൽനിന്നുള്ള ഏറ്റുപറച്ചിൽ കൃപാവാരിധിയായ ദൈവം സസന്തോഷം അംഗീകരിക്കുന്നു. "ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ; മനസ്സുതകർന്നവരെ അവൻ രക്ഷിക്കുന്നു" എന്ന് സങ്കീർത്തനക്കാരൻ (34:18) പറയുന്നു.

സത്യമായ ഏറ്റുപറച്ചിൽ എത്രയും ഖണ്ഡിതമായ നിലയിൽ ചില പ്രത്യേക പാപത്തെപ്പറ്റി ആയിരിക്കും. പക്ഷെങ്കിൽ ആ പാപം ദൈവത്തോടുമാത്രം ഏറ്റുപറവാനുള്ളതായിരിക്കും; അല്ലെങ്കിൽ അത് മനുഷ്യരോടു ഏറ്റുപറയേണ്ടതായിരിക്കാം. ഏതെങ്കിലും വ്യക്തിക്ക് ഇടർച്ചയോ പ്രയാസമോ നേരിടുമാറ് നാം ആ വ്യക്തിമാത്രം അറിയത്തക്കവിധത്തിൽ ചെയ്തിട്ടുള്ള അകൃത്യം ആ വ്യക്തിയോടുതന്നെ ഏറ്റുപറയണം. അല്ല ആ അകൃത്യം മറ്റുപലരും അറിയത്തക്കവണ്ണം പരസ്യമായി ചെയ്തിട്ടുള്ളതാണെങ്കിൽ പരസ്യമായിത്തന്നെ ഏറ്റുപറയണം. ഇങ്ങനെ നാം ആരോട് നമ്മുടെ അകൃത്യം ഏറ്റുപറഞ്ഞാലും ആ ഏറ്റുപറച്ചിൽ യഥാർത്ഥവും ഖണ്ഡിതവും ആയിരിക്കണം.

**(5) എന്ത് പാപത്തെ ഓർത്താണ് യിസ്രായേൽ ജനം അനുതപിച്ചതു.**

***"ജനമെല്ലാം ശമൂവേലിനോടു: അടിയങ്ങൾക്കു വേണ്ടി നിന്റെ ദൈവമായ യഹോവയോടു പ്രാർത്ഥിക്കേണമേ; ഞങ്ങൾ മരിച്ചുപോകരുതേ; ഒരു രാജാവിനെ അപേക്ഷിച്ചതിൽ ഞങ്ങളുടെ സകലപാപങ്ങളോടും ഞങ്ങൾ ഈ ഒരു ദോഷവും കൂട്ടിയിരിക്കുന്നു എന്നു പറഞ്ഞു" (ശാമു:12:19)***

ശമുവേലിന്റെ കാലത്ത് യിസ്രായേൽ ജനം ദൈവത്തെ വിട്ടകന്നു പോയിരുന്നുവല്ലോ. തങ്ങളുടെ പാപത്തിന്റെ ദോഷഫലങ്ങൾ അവർ അനുഭവിച്ചു. ദൈവത്തിങ്കലുള്ള വിശ്വാസം അവർക്ക് നഷ്ടപ്പെട്ടുപോയി. തങ്ങളെ ഭരിക്കുന്നതിൽ കാണായ് വരുന്ന ദിവ്യശക്തിയും ജ്ഞാനവും

വിവേചിച്ചറിയുന്ന കഴിവ് അവർക്കില്ലാതെയായി. തന്റെ കാര്യം ശരിയ്ക്കു പ്രതിവാദിച്ചു വിജയിപ്പിക്കുവാനുള്ള ദൈവത്തിന്റെ പ്രാപ്തിയിൽ അവർക്കുണ്ടായിരുന്ന ആശ്രയവും പൊയ്പോയിരുന്നു. അവർ അഖിലാണ്ഡാധിപനിൽ നിന്ന് വിട്ടകന്നു ചുറ്റുമുള്ള ജാതികളെപ്പോലെ ഒരു മാനുഷഭരണത്തെ ആഗ്രഹിച്ചു. എന്നാൽ അവർക്ക് സമാധാനം ലഭിക്കുന്നതിനുമുമ്പ് "ഒരു രാജാവിനെ അന്വേഷിച്ചതിൽ ഞങ്ങളുടെ സകല പാപങ്ങളോടും ഞങ്ങൾ ഈ ഒരു ദോഷവും കൂട്ടിയിരിക്കുന്നു" (1 ശമൂ. 12:19) എന്ന് പ്രത്യേകം ഏറ്റുപറയേണ്ടിയിരുന്നു. അവർക്ക് ബോദ്ധ്യമാക്കപ്പെട്ട ആ പാപംതന്നെ അവർ ഏറ്റുപറയേണ്ടിയിരുന്നു. അവരുടെ നന്ദികേടു അവരുടെ ആത്മാക്കളെ ഭാരപ്പെടുത്തുകയും ദൈവത്തിൽ നിന്ന് അകറ്റിക്കളകയും ചെയ്തു.

**(6) നമ്മുടെ അനുതാപം ദൈവം അംഗീകരിക്കുവാനും പാപക്ഷമാക്കുമായുള്ള നമ്മുടെ വാഞ്ചയെ എങ്ങനെ വെളിപ്പെടുത്തണം ?**

***"നിങ്ങളെ കഴുകി വെടിപ്പാക്കുവിൻ; നിങ്ങളുടെ പ്രവൃത്തികളുടെ ദോഷത്തെ എന്റെ കണ്ണിന്മുമ്പിൽനിന്നു നീക്കിക്കളവിൻ; തിന്മ ചെയ്യുന്നതു മതിയാക്കുവിൻ" (യെശയ്യാ:1:16)***

ആത്മാർത്ഥമായ അനുതാപവും നവീകരണവും കൂടാതുള്ള ഏറ്റുപറച്ചിൽ ദൈവം അംഗീകരിക്കയില്ല. ജീവിതത്തിൽ പ്രസ്പഷ്ടമായ ഒരു മാറ്റം കാണപ്പെടണം. ദൈവത്തിനു വെറുപ്പായിരിക്കുന്നതെല്ലാം പാടെ പരിത്യജിക്കണം. ഇതാണ് പാപത്തെക്കുറിച്ചുള്ള ഉണ്മയായ അനുതാപത്തിന്റെ ഫലം. ഇതിങ്കൽ നാം നിറവേറ്റേണ്ടഭാഗം ഇന്നതെന്നു തിരുവെഴുത്തുകളിൽ സ്പഷ്ടമായി രേഖപ്പെടുത്തിയിരിക്കുന്നു. അതിപ്രകാരമാണ്:- "നിങ്ങളെക്കഴുകി വെടിപ്പാക്കുവിൻ; നിങ്ങളുടെ പ്രവൃത്തികളുടെ ദോഷത്തെ എന്റെ കണ്ണിന്മുമ്പിൽ നിന്ന് നീക്കിക്കളവിൻ; തിന്മ ചെയ്യുന്നത് മതിയാക്കുവിൻ. നന്മചെയ്‌വാൻ പഠിപ്പിൻ; ന്യായം

അന്വേഷിപ്പിൻ; പീഡിപ്പിക്കുന്നവനെ നേർവഴിക്കാക്കുവിൻ; അനാഥന്നു ന്യായം നടത്തിക്കൊടുപ്പിൻ, വിധവെയ്ക്കു വേണ്ടി വ്യവഹരിപ്പിൻ." (യെശ. 1:16,17) എന്നാൽ ദുഷ്ടൻ "തന്റെ പാപം വിട്ടുതിരിഞ്ഞു നീതിയും ന്യായവും പ്രവൃത്തിക്കയും അപഹരിച്ചത് മടക്കിക്കൊടുക്കുകയും നീതികേടു ഒന്നുംചെയ്യാതെ ജീവന്റെ ചട്ടങ്ങളെ അനുസരിക്കയും ചെയ്താൽ അവൻ മരിക്കാതെ ജീവിക്കും." (യെഹെ 33:16) പൌലോസ് അപ്പോസ്തലൻ അനുതാപത്തിന്റെ ഫലത്തെപ്പറ്റി ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:- ദൈവഹിതപ്രകാരം നിങ്ങൾക്കുണ്ടായ ഈ ദുഃഖം എത്ര ഉത്സാഹം, എത്രപ്രതിവാദം; എത്രനീരസം, എത്രഭയം, എത്ര വാഞ്ച; എത്ര എരിവു എത്ര പ്രതികാരം നിങ്ങളിൽ ജനിപ്പിച്ചു; ഈ കാര്യത്തിൽ നിങ്ങൾ നിർമ്മലന്മാർ എന്ന് എല്ലാവിധത്തിലും കാണിച്ചിരിക്കുന്നു. (2 കൊരി. 7:11)

**(7) അനുതപിക്കുമ്പോൾ, നമ്മൾ ദ്രോഹിച്ചവർ, കബളിപ്പിച്ചവർ, മുറിപ്പെടുത്തിയവർ എന്നിവരോട് നാം എന്താണ് ചെയ്യേണ്ടത്?**

***"പണയം തിരികെ കൊടുക്കയും അപഹരിച്ചതു മടക്കിക്കൊടുക്കയും നീതികേടു ഒന്നും ചെയ്യാതെ ജീവന്റെ ചട്ടങ്ങളെ അനുസരിക്കയും ചെയ്താൽ അവൻ മരിക്കാതെ ജീവിക്കും" (യെഹെസ് :33:15)***

**(8) ആദവും ഹവ്വയും ആരെയാണ് തങ്ങളുടെ പ്രവർത്തിക്കു കാരണമായി കുറ്റപ്പെടുത്തിയത്, എന്തുകൊണ്ടാണ് അവരുടെ ഏറ്റുപറച്ചത് ദൈവം അംഗീകരിക്കാതിരുന്നത് ?**

***"അതിന്നു മനുഷ്യൻ: എന്നോടു കൂടെ ഇരിപ്പാൻ നീ തന്നിട്ടുള്ള സ്ത്രീ വൃക്ഷഫലം തന്നു; ഞാൻ തിന്നുകയും ചെയ്തു എന്നു പറഞ്ഞു. യഹോവയായ ദൈവം സ്ത്രീയോടു: നീ ഈ ചെയ്തതു എന്തു എന്നു ചോദിച്ചതിന്നു: പാമ്പു എന്നെ വഞ്ചിച്ചു, ഞാൻ തിന്നുപോയി എന്നു സ്ത്രീ പറഞ്ഞു" (ഉല്പ:3:12-13)***

പാപം അതിന്റെ ദോഷഫലങ്ങളെക്കുറിച്ചുള്ള ബോധം നശിച്ചശേഷം കുറ്റക്കാരന് അവന്റെ സ്വഭാവ ദൂഷ്യങ്ങളെ കണ്ടുപിടിപ്പനോ താൻ ചെയ്തിരിക്കുന്ന ദോഷത്തിൻ ഭയങ്കരത്വം മനസ്സിലാക്കുവാനോ കഴികയില്ല. എന്നുമാത്രമല്ല, ദൈവാത്മാവിന്റെ ഉണർത്തിപ്പിൻ പ്രവൃത്തിക്കു തന്നെത്താൻ ഏല്പിച്ചു കൊടുക്കാതിരിക്കുന്ന കാലത്തോളം അവൻ തന്റെ പാപത്തെ സംബന്ധിച്ചു അന്ധനായിരിക്കുകയും ചെയ്യും. അങ്ങനെയുള്ളവന്റെ ഏറ്റുപറച്ചിൽ യഥാർത്ഥവും ഹൃദയപൂർവ്വകവുമായിരിക്കയില്ല അങ്ങിനെയുള്ളവൻ തന്റെ കുറ്റം ഏറ്റുപറയുമ്പോൾ "ഇന്നിന്ന സംഗതിയില്ലായിരുന്നുവെങ്കിൽ ഞാൻ ഇന്നകുറ്റം ചെയ്കയില്ലായിരുന്നു" എന്ന് തന്നെ നീതികരിപ്പാനുള്ള സമാധാനമോ ന്യായമോ എടുത്തുപറയാതിരിക്കയില്ല.

വിലക്കപ്പെട്ട വൃക്ഷഫലം തിന്നശേഷം ആദാമിന്റേയും ഹവ്വയുടെയും ഹൃദയം ലജ്ജയും ഭയവും കൊണ്ടു നിറഞ്ഞു. എന്തെങ്കിലും ഒഴിവുകഴിവ് പറഞ്ഞു മരണ വിധിയിൽ നിന്ന് തെറ്റി ഒഴിയുവാൻ എന്താണു വഴി എന്നായിരുന്നു അവർക്ക് ആദ്യം ഉണ്ടായിരുന്ന ആലോചന. ദൈവം തന്റെ അകൃത്യങ്ങളെക്കുറിച്ചു ചോദിച്ചപ്പോൾ ആദാം ദൈവത്തെയും തന്റെ സഹചാരിണിയെയും അല്പാല്പം കുറ്റപ്പെടുത്തിക്കൊണ്ട് ഇങ്ങനെ പ്രസ്താവിച്ചു:- "എന്നോട് കൂടെ ഇരിപ്പാൻ നീ തന്നിട്ടുള്ള സ്ത്രീ വൃക്ഷഫലം തന്നു; ഞാൻ തിന്നുകയും ചെയ്തു." സ്ത്രീയാകട്ടെ:- "പാമ്പ് എന്നെ വഞ്ചിച്ചു ഞാൻ തിന്നുപോയി" എന്ന് പറഞ്ഞു ആ കുറ്റത്തെ പാമ്പിന്മേൽ ചുമത്തി. (ഉല്പത്തി 3:12,13) "നീ എന്തിനാണ് സർപ്പത്തെ ഉണ്ടാക്കിയത്? ഈ തോട്ടത്തിൽ വരുവാൻ അതിനെ അനുവദിച്ചതെന്തിന്നു?" എന്നിങ്ങനെയുള്ള ചോദ്യങ്ങൾ അവളുടെ ഈ സമാധാനത്തിൽ അടങ്ങിയിരിക്കുന്നു. ഇങ്ങനെ പറക നിമിത്തം അവർ തങ്ങളുടെ വീഴ്ചയ്ക്ക് അവർ ദൈവത്തെയാണ് കുറ്റപ്പെടുത്തിയത്. ഈ സ്വയം നീതികരണത്തിന്റെ ആത്മാവ് ഭോഷ്ക്കിന്റെ പിതാവായ പിശാചിൽ

നിന്നാണ് ഉത്ഭവിച്ചത്. ഇന്നെയോളം ആദാമിന്റെ എല്ലാമക്കളിലും അത് വിളങ്ങിക്കാണുന്നുണ്ട്. ഈ മാതിരി ഏറ്റുപറച്ചിൽ ദൈവാത്മാവിൽ നിന്നുള്ളതല്ല; ദൈവം ഇഷ്ടപ്പെടുന്നതുമല്ല.

**(9). ചുങ്കക്കാരനായ മനുഷ്യൻ ദൈവമുന്പാകെ തന്നെ എങ്ങനെ വിലയിരുത്തി ?**

***"ചുങ്കക്കാരനോ ദൂരത്തു നിന്നുകൊണ്ടു സ്വർഗ്ഗത്തേക്കു നോക്കുവാൻപോലും തുനിയാതെ മാറത്തടിച്ചു: ദൈവമേ, പാപിയായ എന്നോടു കരുണയുണ്ടാകേണമേ എന്നു പറഞ്ഞു" (ലൂക്കോ:18:13)***

സത്യമായി മാനസാന്തരപ്പെടുന്ന ഒരു മനുഷ്യൻ തന്റെ കുറ്റം താൻ തന്നെ വഹിക്കുന്നതിനും അതിനെ യാതൊരു കപടവും മറവും കൂടാതെ ഏറ്റുപറയുന്നതിനും മടിക്കുകയില്ല. പ്രത്യുത ആ ചുങ്കക്കാരനെപോലെ തന്റെ കണ്ണുകൾ മേലോട്ടുയർത്തുവാൻപോലും മനസ്സില്ലാതെ "ദൈവമേ, പാപിയായ എന്നോട് കരുണയുണ്ടാകേണമേ!" എന്ന് പ്രാർത്ഥിക്കുകയേ ഉള്ളു. ഇവ്വണ്ണം തങ്ങളുടെ പാപത്തെ ഏറ്റു പറയുന്നവർ നീതികരിക്കപ്പെടുന്നു. ക്രിസ്തു അവർക്ക് വേണ്ടി ചിന്തിയിരിക്കുന്ന വിശുദ്ധ രക്തം കാണിച്ചും കൊണ്ട് പിതാവിനോട് പ്രതിവാദം കഴിക്കുന്നതുകൊണ്ടാണ് അവർക്കിതു സിദ്ധിക്കുന്നത്.

**(10) പാപത്തോടുള്ള തങ്ങളുടെ ആഴമായ സന്താപം വെളിപ്പെടുത്തുവാൻ പൗലോസും, ദാവീദും ഉപയോഗിച്ചിട്ടുള്ള പദപ്രയോഗം എന്താണ് ?**

***"അതു ഞാൻ യെരൂശലേമിൽ ചെയ്തിട്ടുമുണ്ടു; മഹാ പുരോഹിതന്മാരോടു അധികാരപത്രം വാങ്ങി വിശുദ്ധന്മാരിൽ പലരെയും തടവിൽ ആക്കി അടെച്ചു; അവരെ നിഗ്രഹിക്കുന്ന സമയം ഞാനും സമ്മതം കൊടുത്തു. ഞാൻ എല്ലാ പള്ളികളിലും അവരെ പലപ്പോഴും ദണ്ഡിപ്പിച്ചുംകൊണ്ടു ദൂഷണം പറവാൻ നിർബന്ധിക്കയും അവരുടെ നേരെ അത്യന്തം ഭ്രാന്തുപിടിച്ചു അന്യപട്ടണങ്ങളോളവും ചെന്നു അവരെ***

*ഉപദ്രവിക്കയും ചെയ്തു" (അപ്പൊ. പ്രവ:26:10-11)*

**"എന്റെ ലംഘനങ്ങളെ ഞാൻ അറിയുന്നു; എന്റെ പാപം എപ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു. നിന്നോടു തന്നേ ഞാൻ പാപം ചെയ്തു; നിനക്കു അനിഷ്ടമായുള്ളതു ഞാൻ ചെയ്തിരിക്കുന്നു. സംസാരിക്കുമ്പോൾ നീ നീതിമാനായും വിധിക്കുമ്പോൾ നിർമ്മലനായും ഇരിക്കേണ്ടതിന്നു തന്നേ" (സങ്കീ:51:3-4)**

**യദാർത്ഥ ഏറ്റുപറച്ചിലിന്റെ ഉദാഹരണം (ലൂക്കോ:18:13,14; 15:18-21; സങ്കീ:51:3,4, 2സാമുവേൽ:12:13 ദാനി:9:3-12, 18; യിര: 3:25)**

**അനുതാപമില്ലാത്ത ഏറ്റുപറച്ചിലിന്റെ ഉദാഹരണം ഉല്പ:3:12,13; 1സാമുവേൽ: 15:22-26; യോശുവ:7:19-21)**

തിരുവെഴുത്തുകളിൽ പറയപ്പെട്ടിരിക്കുന്ന സത്യ മാനസാന്തരദൃഷ്ടാന്തങ്ങൾ ഒട്ടൊഴിയാതെ പാപങ്ങളെ ലഘൂകരിപ്പാനോ സ്വയം നീതീകരണത്തിന്നോ പര്യാപ്തമായ യാതൊരു ഉദ്യമവും കൂടാതുള്ള യഥാർത്ഥ മാനസാന്തരത്തെ തെളിയിക്കുന്നു. പൌലോസ് അ പ്പോസ്തലനും തന്നെത്താൻ നീതീകരിപ്പാനോ തെറ്റുകളെ ലഘൂകരിപ്പാനോ യാതൊരു ശ്രമവും ചെയ്തു കാണുന്നില്ല. നേരെ മറിച്ചു അതിനെ സ്പഷ്ടമായി എഴുതിയിരിക്കയാണ്. അതിപ്രകാരമാകുന്നു:- "മഹാപുരോഹിതന്മാരോടു അധികാരപത്രം വാങ്ങി വിശുദ്ധന്മാരിൽ പലരേയും തടവിൽ ആക്കി അടച്ചു. അവരെ നിഗ്രഹിക്കുന്ന സമയം ഞാനും സമ്മതം കൊടുത്തു. ഞാൻ എല്ലാ പള്ളികളിലും അവരെ പലപ്പോഴും ദണ്ഡിപ്പിച്ചും കൊണ്ടു ദൂഷണം പറവാൻ നിർബന്ധിക്കയും അവരുടെ നേരെ അത്യന്തം ഭ്രാന്തുപിടിച്ചും അന്യപട്ടണങ്ങളോളവും ചെന്ന് അവരെ ഉപദ്രവിക്കയും ചെയ്തു. (അ.പ്ര. 26:10,11) "ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു......ആ പാപികളിൽ

ഞാൻ ഒന്നാമൻ" (1 തിമൊ. 1:15) എന്ന് പറവാൻ തന്നേയും അവൻ അശേഷം മടിച്ചില്ല.

**(11) യഥാർത്ഥമായി പാപത്തെപ്പറ്റി അനുതപിക്കുകയും ദൈവത്തോട് ഏറ്റുപറയുകയും ചെയ്താൽ നമുക്ക് അവകാശമാക്കുവാൻ കഴിയുന്ന ശ്രേഷ്ഠ വാഗ്ദത്തം എന്താണ് ?**

***"നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു" (1യോഹ:1:9)***

യഥാർത്ഥമായ അനുതാപത്താൽ ഉടഞ്ഞും ചതഞ്ഞും പോയ ഹൃദയം ദൈവത്തിന്റെ മഹാസ്നേഹത്തെയും കാൽവറി മലയിൽ അവൻ അർപ്പിച്ച അമൂല്യ മറുവിലയെയും ശരിയായി വിലമതിക്കാതിരിക്കയില്ല. ഒരു മകൻ തന്നെ സ്നേഹിക്കുന്ന അപ്പന്റെ അടുക്കൽ ചെന്നു തന്റെ കുറ്റം ഏറ്റുപറയുന്ന പ്രകാരം തന്നെ സത്യമായി അനുതപിക്കുന്ന ഓരോ ആത്മാവും തങ്ങളുടെ സമസ്താപരാധങ്ങളും ദൈവസന്നിധിയിൽ ഏറ്റു പറയും. "നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നുവെങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു" എന്ന് എഴുതപ്പെട്ടിരിക്കുന്നുവല്ലൊ. (1 യോഹ. 1:9)

**മാനസാന്തരത്തിന്റെ ദാനം എനിക്ക് തന്നതിന് ഞാൻ കർത്താവിനെ സ്തുതിക്കുന്നു. പാപങ്ങൾ ഏറ്റുപറഞ്ഞു ഉപേക്ഷിച്ചവനായി കർത്താവാൽ നയിക്കപ്പെടുവാൻ ഞാൻ തീരുമാനിക്കുന്നു**

**(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)**

**അതെ തീരുമാനിച്ചില്ല**

**ഞാൻ ആഗ്രഹിക്കുന്ന നിത്യ സമാധാനവും ദൈവ കൃപയും പ്രാപിക്കുവാൻ എന്റെ**

എല്ലാ പാപങ്ങൾ ദൈവത്തോടും മനുഷ്യനോടും ഏറ്റുപറയണം എന്ന് ഞാൻ മനസിലാക്കുന്നു.

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല

ഞാൻ വചനം പഠിക്കുകയും ദൈവത്തോട് കൂടുതൽ അടുക്കുകയും ചെയ്തപ്പോൾ, മുൻകാലങ്ങളിൽ ഞാൻ വ്യണപ്പെടുത്തിയവരും, വഞ്ചിക്കപ്പെട്ടവരും, മുറിവേൽപ്പിക്കപ്പെട്ടവരും ഉണ്ടെന്നു മനസിലാക്കുന്നു. അവരോടെല്ലാം ക്ഷമ ചോദിച്ചു നിരപ്പ് പ്രാപിച്ചുകൊള്ളാമെന്നു ദൈവത്തോട് ഞാൻ ഏറ്റുപറയുന്നു.

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല

ദൈവത്തോടും മനുഷ്യനോടും ഞാൻ ചെയ്ത പാപങ്ങൾ അവിടുത്തെ വിലയേറിയ രക്തത്താൽ മായ്ചുകളയുവാൻ ഞാൻ കർത്താവിനോടു യാചിക്കുന്നു.

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല

അവിടുത്തെ വഴികളെ വിട്ടുമാറിയാൽ, അതുമനസിലാക്കി, അനുതപിച്ചു മടങ്ങിവരുവാനും അവിടുത്തെ നീതിയുടെ പാതയിൽ നടക്കുവാനും കൃപ ദൈവം തുടർന്നും നൽകണമേ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല



## അധ്യായം ആറ്
## സമർപ്പണം

**(1) അവനെ കണ്ടെത്തുന്നതിനും, അവന്റെ സ്വഭാവത്തിന് അനുരൂപനായി നമ്മെ മാറ്റേണ്ടതിനും, നമ്മൾ കർത്താവിനെ എങ്ങിനെ അന്വേഷിക്കണം?**

***"നിങ്ങൾ എന്നെ അന്വെഷിക്കും; പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും" (യിര:29:13)***

നാം അവന്റെ സാദൃശ്യത്തോട് അനുരൂപരായിത്തീരുന്ന ആ രൂപാന്തരം പ്രാപിക്കേണമെങ്കിൽ നാം നമ്മുടെ മുഴു ഹൃദയവും ദൈവത്തിനു സമർപ്പിക്കേണ്ടതാകുന്നു. ജാത്യാൽ നാം ദൈവത്തിൽ നിന്ന് അന്യപ്പെട്ടവരാണ്. ആ നിലയിലുള്ള നമ്മുടെ സ്ഥിതിയെ പ്പറ്റി തിരുവെഴുത്തുകൾ:- "അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവർ" (എഫെ. 2:1) എന്നും "തലമുഴുവനും ദീനവും ഹൃദയം മുഴുവനും രോഗവും പിടിച്ചിരിക്കുന്നു.....ഒരു സുഖവും ഇല്ല" (യെശ. 1:5,6) എന്നും വിവരിച്ചിരിക്കുന്നു. നാം പിശാചിന്റെ കണിയിൽ ബലമായി കുടുങ്ങിയിരിക്കുന്നു; "പിശാചിനാൽ പിടിപ്പെട്ടു കുടുങ്ങിയവർ." (2 തിമോ 2:26) ദൈവം നമ്മെ സൌഖ്യപ്പെടുത്തുവാൻ അതെ നമ്മെ സ്വതന്ത്രരാക്കുവാൻ

ഇഷ്ടപ്പെടുന്നു. എന്നാൽ ഈ കാര്യം സാദ്ധ്യമാകുന്നതിനു നാം പൂർണ്ണമായൊരു രൂപാന്തരം അഥവാ നമ്മുടെ സ്വഭാവപ്രകൃതി മുഴുവൻ പുതുക്കം പ്രാപിക്കേണ്ടതാകയാൽ നാം നമ്മെ തന്നെ ദൈവത്തിന്നു പരിപ്പൂർണ്ണമായി പ്രതിഷ്ഠിപ്പാൻ കടമ്പെട്ടിരിക്കുന്നു.

**(2) ദൈവത്തിന്റെ ഇടപെടൽ ഇല്ലായിരുന്നെങ്കിൽ നമ്മുടെ അവസ്ഥ എന്താകുമായിരുന്നു ?**

***"അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു" (എഫേ:2:1)***

ലോകത്തിലെ ഏറ്റവും വലിയ പോരാട്ടം ഓരോ വ്യക്തിക്കും സ്വയത്തോടുള്ള പോരാട്ടം ആകുന്നു. സ്വയത്വത്തെ ജയിച്ചടക്കി അതിനെ ദൈവേഷ്ടത്തിന്നു വിധേയമാക്കുന്നതിനുള്ള യത്നം ഒരു വലിയ പോരാട്ടം തന്നെയാണ്. എന്നാൽ അത് വിശുദ്ധിയിൽ പുതുക്കപ്പെടുന്നതിന്നു മുമ്പ് നാം നമ്മെത്തന്നെ ദൈവത്തിന്നു കീഴ്പ്പെടുത്തിക്കൊടുക്കണം.

പിശാചു നമ്മെ വിശ്വസിപ്പിക്കുവാൻ ആഗ്രഹിക്കുന്നപ്രകാരം ദൈവത്തിന്റെ ആധിപത്യം നമ്മുടെ കണ്ണ് മടച്ചുകൊണ്ടുള്ള അനുസരണം ആവശ്യപ്പെടുന്നതോ യുക്തിവിരുദ്ധമായ നിയന്ത്രണം നമ്മുടെ മേൽ അടിച്ചേല്പിക്കുന്നതോ അല്ല. നമ്മുടെ ബുദ്ധിയോടും മനസ്സാക്ഷിയോടും "വരുവിൻ, നമ്മുക്ക് തമ്മിൽ വാദിക്കാം" (യെശ. 1:18) എന്ന് പറയുന്നു. ഇത് സൃഷ്ടികളോടുള്ള സ്രഷ്ടാവിന്റെ ആഹ്വാനമാകുന്നു. ദൈവം യാതൊരു സൃഷ്ടിയെയും നിർബന്ധിക്കുന്നില്ല. പൂർണ്ണമനസ്സോടും ബുദ്ധിപൂർവ്വകമായും അർപ്പിക്കാതിരിക്കുന്ന യാതൊരു ആരാധനയും അവന്നു സ്വീകാര്യമല്ല. നിർബന്ധിച്ചു വരുത്തുന്ന അനുസരണം മനസ്സിന്റേയും സ്വഭാവത്തിന്റേയും എല്ലാ യഥാർത്ഥ വളർച്ചയ്ക്കും ഒരു വിലങ്ങു തടിയായിരിക്കും. അത് കേവലം യന്ത്രതുല്യനാക്കും സ്രഷ്ടാവിന്റെ ഉദ്ദേശം അതല്ല. പ്രത്യുതാ തന്റെ

സൃഷ്ടികർമ്മത്തിന്റെ മകുടോദാഹരണമായ മനുഷ്യൻ വികസിച്ചു അവന്നു സംപ്രാപ്യമായ അത്യുച്ചനില പ്രാപിക്കേണമെന്നാണ് അവൻ ആഗ്രഹിക്കുന്നത്. തന്റെ കൃപയാൽ നമ്മെ എത്തിച്ചേർക്കുവാൻ അവൻ ആഗ്രഹിക്കുന്ന അനുഗ്രഹ പൂർണ്ണമായ ഉന്നത നില അവൻ നമ്മുടെ മുമ്പിൽ വെച്ചിരിക്കുന്നു. തന്റെ ഇഷ്ടം അവൻ നമ്മിൽ നിവർത്തിക്കേണ്ടതിന്നും നാം നമ്മെത്തന്നെ അവന്നു പൂർണ്ണമായി ഏല്പിച്ചുകൊടുപ്പാൻ അവൻ നമ്മെ ക്ഷണിക്കുന്നു. നാം പാപത്തിന്റെ അടിമത്വത്തിൽനിന്ന് വിടുവിക്കപ്പെട്ടു ദൈവമക്കളുടെ മഹത്വമേറിയ സ്വാതന്ത്ര്യം പ്രാപിപ്പാൻ ആ ക്ഷണം സ്വീകരിക്കണം. അതിലുപരിയായി നാം മറ്റൊന്നും ചെയ്യേണ്ട ആവശ്യമില്ല.

**(3) ദൈവം നൽകിയതിൽ എന്ത് ആഹ്വാനമാണ് നമുക്കും തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യം ഉണ്ടെന്നു കാണിക്കുന്നത് ?**

***"വരുവിൻ, നമുക്കു തമ്മിൽ വാദിക്കാം എന്നു യഹോവ അരുളിച്ചെയ്യുന്നു; നിങ്ങളുടെ പാപങ്ങൾ കുടുഞ്ചുവപ്പായിരുന്നാലും ഹിമംപോലെ വെളുക്കും; രക്താംബരംപോലെ ചുവപ്പായവിരുന്നാലും പഞ്ഞിപോലെ ആയിത്തീരും" (യെശ:1:18)***

നമ്മെത്തന്നെ നാം ദൈവത്തിന്നു ഏല്പിച്ചുകൊടുക്കയിൽ, അവനെ നമ്മിൽനിന്ന് അന്യപ്പെടുത്തുന്ന എല്ലാ സംഗതികളും പാടെ പരിത്യജിക്കണം. അത്കൊണ്ടാണ് യേശുകർത്താവ് :- "നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളതു ഒക്കെയും വിട്ടുപിരിയുന്നില്ലായെങ്കിൽ അവന്നു എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല" (ലൂക്കൊ. 14:33) എന്ന് പറഞ്ഞിരിക്കുന്നത്. ഹൃദയത്തെ ദൈവത്തിൽനിന്നു പിന്മാറ്റിക്കളയുന്ന സർവ്വസ്വവും വിട്ടുപിരിയണം മാമോൻ പലരുടെയും വിഗ്രഹമാകുന്നു. ദ്രവ്യാഗ്രഹം അവരെ സാത്താനുമായി ഘടിപ്പിക്കുന്ന സ്വർണ്ണചങ്ങലയത്രെ. ലൌകികമാനവും കീർത്തിയുമാണ് വേറൊരു വകുപ്പുകാരുടെ ആരാധ്യവസ്തു. മറ്റൊരുകൂട്ടർ സ്വാർത്ഥപരമായ സുഖഭോഗങ്ങളും

അതിരുകവിഞ്ഞ സ്വാതന്ത്ര്യവും കാംക്ഷിച്ചു അവയെ ആരാധിച്ചുവരുന്നു. എന്നാൽ നാം ഈ അടിമത്വഹേതുകമായ സകല പാശങ്ങളും പൊട്ടിച്ചുകളയണം. നാം പകുതി ദൈവത്തിന്നും പകുതി ലോകത്തിന്നുമുള്ളവരായിരുന്നുകൂടാ. നാം പരിപൂർണ്ണമായും ദൈവമക്കളായിരിക്കുന്നില്ലെങ്കിൽ ദൈവത്തിന്റെ മക്കളേയല്ല.

ചിലർ ഞങ്ങൾ ദൈവത്തെ സേവിക്കുന്നു എന്ന് നടിക്കുന്നു. എങ്കിലും സ്വന്ത പരിശ്രമങ്ങളാൽ അവന്റെ ന്യായപ്രമാണം അനുഷ്ഠിപ്പാനും തങ്ങളുടെ ദുശ്ശീലങ്ങൾ വിട്ടുമാറി നവീകരിക്കപ്പെടുവാനും രക്ഷ അങ്ങനെ പ്രാപിപ്പാനും നോക്കുന്നു. തങ്ങളുടെ ഹൃദയത്തിൽ ക്രിസ്തുവിൻ സ്നേഹത്തെക്കുറിച്ചുള്ള ആഴമായബോധം ഉണ്ടായിട്ടല്ല, അവർ അങ്ങനെ ചെയ്യുന്നത്. പിന്നെയോ സ്വർഗ്ഗപ്രാപ്തിക്കു ഏതാദൃശകർമ്മാനുഷ്ഠാനം അത്യന്താപേക്ഷിതമാണെന്നു ദൈവം കല്പിച്ചിട്ടുണ്ടെന്നുള്ള തെറ്റിദ്ധാരണനിമിത്തം മാത്രമാണ് അവർ അങ്ങനെ ചെയ്യുന്നത്. അങ്ങനെയുള്ള മതഭക്തികൊണ്ട് ഒരു പ്രയോജനവുമില്ല. ക്രിസ്തു ഒരുവന്റെ ഹൃദയത്തിൽവാസം ചെയ്യുമ്പോൾ അവന്റെ ആത്മാവ് ക്രിസ്തുവിന്റെ സ്നേഹവും അവനോടുള്ള കൂട്ടായ്മയുടെ സന്തോഷവും കൊണ്ട് നിറയുകയും തന്മൂലം അവനോടു പറ്റിച്ചേരുകയും അവനെക്കുറിച്ചുള്ള ധ്യാന നിഷ്ഠയിൽ സ്വയം മറന്നുപോകുകയും ചെയ്യുന്നതാണ്. ക്രിസ്തുവിനോടുള്ളസ്നേഹം അവരെ പ്രവർത്തനോത്സുകരാക്കും. ദൈവസ്നേഹത്താൽ നിർബന്ധിക്കപ്പെടുന്ന എല്ലാവരും അല്പംകൊണ്ടു ദൈവപ്രസാദം നേടുവാൻ തുനിയുകയോ ഏറ്റവും താണപടിയിലുള്ള ജീവിത മാനദണ്ഡത്തിന്നായി കാംക്ഷിക്കുകയോ ചെയ്യാതെ തങ്ങളുടെ വീണ്ടെടുപ്പുകാരന്റെ തിരുഹിതം പരിപ്പൂർണ്ണമായി അനുഷ്ഠിപ്പാൻ സദാ പരിശ്രമിച്ചുകൊണ്ടിരിക്കും. പൂർണ്ണമനസ്സോടെ അവർ തങ്ങൾക്കുള്ളതെല്ലാം സമർപ്പിക്കുകയും തങ്ങൾ അന്വേഷിക്കുന്ന വസ്തുവിന്റെ വിലക്കനുയോജ്യമായ ശുഷ്ക്കാന്തിയും

താല്പര്യവും പ്രകടിപ്പിക്കുകയും ചെയ്യും. ഈ മാതിരി ആഴമായ സ്നേഹമില്ലാതെ പുറമോടിക്കായി മാത്രം ക്രിസ്തുവിനെ സ്വീകരിക്കുന്നതു വെറും കാപട്യവും, നിരർത്ഥകവും നിഷ്ഫലവുമത്രെ.

**(4). നാം ദൈവത്തിനു സ്വയം സമർപ്പിക്കുകയും, ക്രിസ്തുവിന്റെ ശിഷ്യരാവുകയും ചെയുമ്പോൾ, നാം എന്ത് ചെയുവാൻ ആഗ്രഹിക്കുന്നു?**

***അങ്ങനെ തന്നേ നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളതു ഒക്കെയും വിട്ടുപിരിയുന്നില്ല എങ്കിൽ അവന്നു എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല" (ലൂക്കോ:14:33)***

നിനക്കുള്ളതെല്ലാം ക്രിസ്തുവിന്നു സമർപ്പിക്കുന്നത് ഒരു വലിയ നഷ്ടമാണെന്ന് നീ കരുതുന്നുവോ? എങ്കിൽ നീ, ക്രിസ്തു എനിക്കുവേണ്ടി എന്ത് നല്കിയിരിക്കുന്നു" എന്ന് നിന്നോട് തന്നെ ചോദിക്കുക. ദൈവത്തിന്റെ പുത്രൻ തന്റെ സർവ്വസ്വവും അതായത് തന്റെ ജീവൻ, സ്നേഹം കഷ്ടാനുഭവം ഇവയെല്ലാം നമ്മുടെ വീണ്ടെടുപ്പിന്നായി നല്കിയിരിക്കുന്നുവല്ലോ. അങ്ങിനെയായാൽ തന്റെ സ്നേഹത്തിന്നു പാത്രരായ നാം നമ്മുടെ ഹൃദയത്തെ അവന്നു നല്കാതിരിക്കാമോ? നമ്മുടെ നാളുകളുടെ ഓരോ നിമിഷത്തിലും നാം അവന്റെ കൃപയുടെ അനുഗ്രഹം അനുഭവിച്ചു പോരുന്നു. ആ കാരണം നിമിത്തം എത്ര അഗാധമായ അറിയായ്മയിലും അരിഷ്ടതയിലും നിന്നാണ് അവൻ നമ്മെ രക്ഷിക്കുന്നത് എന്ന് പൂർണ്ണമായി ഗ്രഹിക്കുവാൻ നമ്മുക്ക് കഴിയുന്നില്ല. നമ്മുടെ പാപങ്ങൾ കുത്തിത്തുളെച്ചവനെ നോക്കിക്കൊണ്ട് അവന്റെ സ്നേഹത്തിന്നും അവൻ അർപ്പിച്ചയാഗത്തിന്നും വിപരീതമായ പ്രവൃത്തിചെയ്‌വാൻ നമ്മുക്കെങ്ങനെ മനസ്സാകും? മഹത്വത്തിന്റെ കർത്താവായിരിക്കുന്നവൻ കൈവരിച്ച ഭയങ്കര താഴ്ചയെ ഓർക്കുമ്പോൾ നാം അനേക പോരാട്ടങ്ങളിലും അപമാനങ്ങളിലും കൂടി ജീവനിൽ പ്രവേശിക്കേണ്ടിയിരിക്കുന്നതിനെക്കുറിച്ചു പിറുപിറുക്കുന്നത് ന്യായമാണോ?

**(5) നമുക്കുതന്നെ നമ്മുടെ രക്ഷ അവകാശമാക്കുവാൻ കഴിയാത്തത്ത് എന്തുകൊണ്ടാണ് ?**

***"കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു" (എഫേ:2:8)***

"ദൈവം എന്നെ അംഗീകരിച്ചിരിക്കുന്നു എന്നുള്ള നിശ്ചയം പ്രാപിക്കുന്നതിനുമുമ്പ് ഞാൻ ഇപ്രകാരം അനുതപിക്കയും എന്നെത്തന്നെയും വിനയപ്പെടുത്തുകയും ചെയ്യേണ്ട ആവശ്യമെന്തു?" എന്ന് നിഗള ഹൃദയമുള്ള പലരും ചോദിക്കാറുണ്ട്. അവർക്ക് ഞാൻ കർത്താവിനെ ചൂണ്ടിക്കാണിക്കുന്നു. അവനെ നോക്കുക. അവൻ പാപരഹിതനായിരുന്നു; മാത്രമല്ല അവൻ സ്വർഗ്ഗീയ രാജകുമാരനും ആയിരുന്നു; എങ്കിലും മനുഷ്യന്റെപേർക്ക്- അതെ മാനവകുലത്തിനുവേണ്ടി- അനേകർക്കുവേണ്ടി അവൻ പാപമായിത്തീർന്നു- "അവൻ അനേകരുടെ പാപം വഹിച്ചും അതിക്രമക്കാർക്കുവേണ്ടി ഇടനിന്നും കൊണ്ട് അതിക്രമക്കാരോടുകൂടെ എണ്ണപ്പെടുകയും ചെയ്തു." (യെശ. 52:12)

എന്നാൽ നമ്മുക്കുള്ളതെല്ലാം അവന്നു സമർപ്പിക്കുമ്പോൾ നാം പരമാർത്ഥമായി നൽകുന്നത് എന്താണ്? പാപത്താൽ ആസകലം കറപുരണ്ടിരിക്കുന്ന നമ്മുടെ ഹൃദയമല്ലയോ? അതെ, തന്നെത്താൻ വിശുദ്ധീകരിക്കപ്പെടേണ്ടതിന്നും തന്റെ തിരുരക്തത്താൽ കഴുകിവെടിപ്പാക്കേണ്ടതിന്നും തന്റെ അപാരമായ സ്നേഹത്താൽ രക്ഷിക്കേണ്ടതിനുമായി ഒരു നീചഹൃദയമാണ് നാം യേശുകർത്താവിനു ഏല്പിച്ചു കൊടുക്കുന്നത്. എന്നിട്ടും പലമനുഷ്യരും അപ്രകാരം തങ്ങളുടെ സർവ്വസ്വവും കൊടുക്കുന്നത് വളരെ പ്രയാസമുള്ള കാര്യമായി വിചാരിക്കുന്നു! അങ്ങനെ പറഞ്ഞു കേൾക്കുന്നതും എഴുതുന്നതും എനിക്ക് ലജ്ജാകരമായിരിക്കുന്നു.

**(6). നമ്മുടെ വീണ്ടെടുപ്പിനുവേണ്ടി യേശു സഹിച്ച കഷ്ടതകൾ ഈ വാക്യം എങ്ങനെ എപ്രകാരം വിവരിക്കുന്നു ?**

***"നീ അറിയാത്ത ഒരു ജാതിയെ നീ വിളിക്കും; നിന്നെ അറിയാത്ത ഒരു ജാതി നിന്റെ ദൈവമായ യഹോവനിമിത്തവും യിസ്രായേലിന്റെ പരിശുദ്ധൻ നിമിത്തവും അവൻ നിന്നെ മഹത്വപ്പെടുത്തിയിരിക്കയാൽ തന്നേ നിന്റെ അടുക്കൽ ഓടിവരും. ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ചു യഹോവയിങ്കലേക്കു തിരിയട്ടെ; അവൻ അവനോടു കരുണകാണിക്കും; നമ്മുടെ ദൈവത്തിങ്കലേക്കു തിരിയട്ടെ; അവൻ ധാരാളം ക്ഷമിക്കും" (യെശ:55: 5, 7)***

നാം സൂക്ഷിച്ചുവെച്ചാൽ നമ്മുക്ക് പ്രയോജനകരമായിത്തീരാവുന്ന യാതൊന്നും ഉപേക്ഷിച്ചുകളവാൻ ദൈവം ഒരുകാലത്തും നമ്മോടു ആവശ്യപ്പെടുകയില്ല. അവൻ ചെയ്യുന്നതെല്ലാം അവന്റെ മക്കളുടെ നന്മയെമാത്രം ലാക്കാക്കിക്കൊണ്ടെചെയ്കയുള്ളു. ക്രിസ്തുവിനെ ഇതുവരെ സ്വീകരിച്ചിട്ടില്ലാത്തവർ സ്വയമായി അന്വേഷിച്ചു പ്രാപിപ്പാൻ ആഗ്രഹിക്കുന്നതിലും അത്യതംപരമായ നന്മ അവർക്ക് പ്രദാനം ചെയ്വാൻ ക്രിസ്തുവിന്റെ പക്കലുണ്ട് എന്ന് ഗ്രഹിച്ചെങ്കിൽ എത്രനന്നായിരിക്കും? ദൈവേഷ്ടത്തിനു പ്രതികൂലമായി ചിന്തിക്കയും പ്രവൃത്തിക്കുകയും ചെയ്യുന്നതാണ് മനുഷ്യൻ തനിക്കുതന്നെ ചെയ്യുന്ന ദോഷങ്ങളിലും അന്യായങ്ങളിലുംവച്ചു ഏറ്റവും വലിയത്. തന്റെ സൃഷ്ടികൾക്ക് ഉത്തമമായിരിക്കുന്നതെന്തന്നറിയുകയും അവരുടെ ഭാഗധേയത്തിനു വേണ്ടി വഴി ഒരുക്കുകയും ചെയ്യുന്ന ദൈവം വിലക്കിയിരിക്കുന്ന മാർഗ്ഗങ്ങളിൽകൂടി നടക്കുമ്പോൾ യഥാർത്ഥമായ യാതൊരുസന്തോഷവും ഉണ്ടാകയില്ല. ലംഘനത്തിന്റെ മാർഗ്ഗം അരിഷ്ടതയുടെയും നാശത്തിന്റെയും മാർഗ്ഗമത്രേ.

**(7). നമ്മുടെ സ്ഥാനത്തു നിന്നുകൊണ്ട് എന്ത് മഹാഭാരമാണ് ക്രിസ്തു നമുക്കുവേണ്ടി വഹിച്ചത്. അത് എപ്രകാരം നമ്മുടെ പാപങ്ങളെക്കുറിച്ചു നമ്മെ ഓർമ്മിപ്പിക്കുന്നു?**

***"അതുകൊണ്ടു ഞാൻ അവന്നു മഹാന്മാരോടുകൂടെ ഓഹരി കൊടുക്കും; ബലവാന്മാരോടുകൂടെ അവൻ കൊള്ള പങ്കിടും; അവൻ തന്റെ പ്രാണനെ മരണത്തിന്നു ഒഴുക്കിക്കളകയും അനേകരുടെ പാപം വഹിച്ചും അതിക്രമക്കാർക്കു വേണ്ടി ഇടനിന്നുംകൊണ്ടു അതിക്രമക്കാരോടുകൂടെ എണ്ണപ്പെടുകയും ചെയ്കയാൽ തന്നേ" (യെശ:53:12)***

തന്റെ മക്കൾ കഷ്ടമനുഭവിക്കുന്നത് കാണ്മാൻ ദൈവത്തിനു സന്തോഷമാണെന്നു വിചാരിക്കുന്നത് അബദ്ധമാണ്. മനുഷ്യന്റെ സന്തുഷ്ടിയിൽ സ്വർഗ്ഗംമുഴുവനും താല്പര്യംവച്ചുമിരിക്കുന്നു. നമ്മുടെ സ്വർഗ്ഗസ്ഥപിതാവ് തന്റെ സൃഷ്ടികളിൽ ഒന്നിന്റേയും സന്തോഷം അടച്ചുകളയുന്നില്ല. നമ്മുക്ക് കഷ്ടപ്പാടും നിരാശയും വരുത്തുന്നതും സ്വർഗ്ഗീയഭാഗ്യത്തിന്റെ വാതിൽ അടച്ചുകളയുന്നതുമായ എല്ലാ കാര്യാദികളും നാം പാടെ ഉപേക്ഷിക്കണമെന്നെ ദൈവം നമ്മോട് ആവശ്യപ്പെടുന്നുള്ളു. ലോകോദ്ധാരകനായ നമ്മുടെ കർത്താവ് മനുഷ്യരെ അവർ ആയിരിക്കുന്ന നിലയിൽതന്നെ, അതായതു ആവരുടെ ആവശ്യകതകൾ, ന്യൂനതകൾ, ബലഹീനതകൾ ആദിയായവയോടുകൂടിയാണ് തങ്കലേക്കു ചേർക്കുന്നത്; പിന്നെത്തേതിൽ അവൻ അവരുടെ പാപങ്ങളിൽനിന്ന് അവരെ വെടിപ്പാക്കുകയും തന്റെ രക്തംമൂലമുള്ള വീണ്ടെടുപ്പു നല്കുകയും ചെയ്യുന്നു എന്നുമാത്രമല്ല, തന്റെനുകം ഏറ്റുകൊണ്ടു തന്റെ ഭാരം ചുമപ്പാൻ ഇഷ്ടമുള്ളവർക്കൊക്കെയും അവരുടെ ഹൃദയത്തിന്റെ ആഗ്രഹങ്ങളെ സാധിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു. ജീവന്റെ അപ്പത്തിനായി തന്റെ അടുക്കല് ചെല്ലുന്നവർക്കൊക്കെ സമാധാനവും സ്വസ്ഥതയും നല്കണമെന്നുള്ളതാണ് അവന്റെ ഉദ്ദേശം. അനുസരണംകെട്ടവർക്ക് ഒരു കാലത്തും സംപ്രാപ്യമല്ലാത്ത അനുഗ്രഹങ്ങളുടെ

മഹോന്നതങ്ങളിലേക്ക് നമ്മെനടത്തുന്ന കൃത്യങ്ങൾമാത്രമെ അവൻ നമ്മോടു ചെയ്യുവാനായി ആവശ്യപ്പെടുന്നുള്ളു. മഹത്വത്തിന്റെ പ്രത്യാശയാകുന്ന ക്രിസ്തു നമ്മുടെ ഉള്ളിൽ ഉരുവായ്തീരുമ്പോഴുണ്ടാകുന്നതാണ് സാക്ഷാൽ ആനന്ദകരമായ ജീവിതം.

**(8). നാംചെയുന്ന എല്ലാറ്റിലും നമുക്കുണ്ടായിരിക്കേണ്ട പരമപ്രധാനമായ ലക്ഷ്യം എന്തായിരിക്കേണം ? അങ്ങനെ നാം ചെയുമ്പോൾ എന്ത് വാഗ്ദത്തമാണ് അവകാശമാക്കുന്നതു ?**

***"മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും" (മത്താ: 6:33).***

"ഞാൻ എങ്ങിനെയാണ് എന്നെത്തന്നെ ദൈവത്തിന്നു സമർപ്പിക്കുക. എന്ന് അനേകർ തങ്ങളോടുതന്നെ ചോദിക്കുന്നുണ്ട്. നിന്നെത്തന്നെ അവന്നു ഏല്പിച്ചുകൊടുപ്പാൻ നീ ഇഷ്ടപ്പെടുന്നു. എന്നാൽ സാന്മാർഗ്ഗികമായി നീ ബലഹീനനും സന്ദേഹത്തിനു ദാസനും പലവിധ ദുശ്ശീലങ്ങൾക്കും നീ അധീനനുമായിരിക്കുന്നുവല്ലോ. നിന്റെ വാഗ്ദത്തങ്ങളും തീരുമാനങ്ങളും ഒക്കെ മണലുകൊണ്ട് പിരിച്ച കയറു പോലെയാകുന്നു. നിനക്ക് നിന്റെ വിചാരങ്ങളേയും പ്രേരണകളേയും അഭിലാഷണങ്ങളേയും നിയന്ത്രണാധീനമാക്കി വെപ്പാൻ കഴിയുന്നില്ല. കഴിഞ്ഞിട്ടില്ലാത്ത നിന്റെ വാഗ്ദത്തങ്ങളേയും നിറവേറ്റുവാൻ കഴിയാതിരുന്ന നിന്റെ പ്രതിജ്ഞകളേയും നീ ഓർക്കുംതോറും നിന്റെ പരമാർത്ഥതയെക്കുറിച്ചു നിനക്ക് തന്നെ സംശയം ജനിക്കുകയും ദൈവം നിന്നെ കൈക്കൊൾകയില്ലെന്നുള്ളൊരു ആശങ്ക നിന്നിൽ ഉളവാകുകയും ചെയ്യുന്നു. എങ്കിലും നിരാശപ്പെടരുത്. മനസ്സിന്റെ യഥാർത്ഥ ശക്തി എന്താണെന്നു നീ ഗ്രഹിച്ചാൽ മതി. ഇതാണ് ഏതെങ്കിലും ഒരു കാര്യത്തെക്കുറിച്ചു ഒരു തീരുമാനമോ തിരഞ്ഞെടുപ്പോ കൈക്കൊള്ളുവാൻ മനുഷ്യശക്തി പ്രകൃതിയിൽ തന്നെ നിക്ഷിപ്തമായിരിക്കുന്ന നിയന്ത്രണശക്തി.

മനസ്സിന്റെ ശരിയായ പ്രവർത്തനത്തെയാണ് സർവ്വകാര്യവും ആശ്രയിച്ചിരിക്കുന്നത്.

**(9). നാം ദൈവരാജ്യം അന്വേഷിക്കുമ്പോൾ, അവന്റെ മക്കൾ എന്ന നിലയിൽ എന്ത് വാഗ്ദത്തത്തെയാണ് അവകാശമാക്കുന്നത് ?**

***"അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും. നിന്റെ വഴി യഹോവയെ ഭരമേല്പിക്ക; അവനിൽ തന്നേ ആശ്രയിക്ക; അവൻ അതു നിർവ്വഹിക്കും" (സങ്കീ:37:4-5)***

തിരഞ്ഞെടുപ്പിൻ ശക്തി ദൈവം മനുഷ്യർക്ക് പ്രദാനം ചെയ്തിട്ടുണ്ട്. അതിനെ യഥാവിധി പ്രയോഗിക്കേണ്ടത് മനുഷ്യന്റെ ചുമതലയത്രേ. നിന്റെ ഹൃദയത്തെ മാറ്റുവാനോ അതിലെ വാഞ്ചകളെ ദൈവത്തിന്നു ഏല്പിച്ചു കൊടുപ്പാനോ നിനക്ക് തന്നെത്താൻ കഴിയുന്നതല്ല. എന്നാൽ അവനെ സേവിക്കുന്നത് തിരഞ്ഞെടുപ്പാൻ നിനക്ക് കഴിയും. നിന്റെ ചിത്തം അവനെ എല്പിക്കാം. അപ്പോൾ അവൻ തിരുവുള്ളമുണ്ടായിട്ടു ഇച്ഛിക്കയെന്നതും പ്രവൃത്തിക്കയെന്നതും നിന്നിൽ പ്രവൃത്തിക്കും. ഇപ്രകാരം നിന്റെ പ്രവൃത്തി മുഴുവൻ ക്രിസ്തുവിൻ ആത്മാവിന്റെ അധീനത്തിൽ ആയിത്തീരും. നിന്റെ ആഗ്രഹങ്ങൾ അവനിൽ കേന്ദ്രീകരിക്കപ്പെടുകയും നിന്റെ ആലോചനകൾ അവന്റെ തിരുഹിതത്തിനു യോജ്യമായിത്തീരുകയും ചെയ്യും.

**(10) എന്നെ എപ്രകാരം പൂർണ്ണമായി ദൈവസന്നിധിയിൽ സമർപ്പിക്കുവാൻ കഴിയും ?**

***"യഹോവയെ സേവിക്കുന്നതു നന്നല്ലെന്നു നിങ്ങൾക്കു തോന്നുന്നെങ്കിൽ നദിക്കക്കരെവെച്ചു നിങ്ങളുടെ പിതാക്കന്മാർ സേവിച്ച ദേവന്മാരെയോ നിങ്ങൾ പാർത്തുവരുന്ന ദേശത്തിലെ അമോർയ്യരുടെ ദേവന്മാരെയോ ആരെ സേവിക്കും എന്നു ഇന്നു തിരഞ്ഞെടുത്തുകൊൾവിൻ. ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും" (യോശുവ:24:15)***

നന്മയ്ക്കും വിശുദ്ധിക്കുമായുള്ള ആഗ്രഹങ്ങൾ ഉണ്ടായിരിക്കുന്നത് നല്ലത് തന്നെ; എന്നാൽ ആഗ്രഹിച്ചാൽ പോരാ, അവ നിറവേറിക്കിട്ടുവാൻ വേണ്ടത് പ്രവൃത്തിക്കുകയും വേണം. ഇല്ലെങ്കിൽ ആഗ്രഹംകൊണ്ട് യാതൊരു പ്രയോജനവുമില്ല. പലരും സത്യക്രിസ്ത്യാനികളായിത്തീരുവാൻ ആശിച്ചും ആഗ്രഹിച്ചും കൊണ്ടിരിക്കെ നശിച്ചു പോകും. അവർ തങ്ങളുടെ ഇഷ്ടം ദൈവത്തിനു സമർപ്പിക്കാത്തതാണ് അതിനുള്ള കാരണം. അവർ പരസ്യമായ ക്രിസ്തീയ ജീവിതം തിരഞ്ഞെടുക്കുന്നില്ല.

**(11). നമ്മുടെ ഇച്ഛാശക്തിയും, ജീവിതവും ക്രിസ്തുവിൽ പൂർണ്ണമായി സമർപ്പിക്കുന്നതിന്റെ അനന്തര ഫലം എന്തായിരിക്കും ?**

***"ഞാൻ നിന്നോടുകൂടെ ഉണ്ടു; ഭ്രമിച്ചുനോക്കേണ്ടാ, ഞാൻ നിന്റെ ദൈവം ആകുന്നു; ഞാൻ നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സഹായിക്കും; എന്റെ നീതിയുള്ള വലങ്കൈകൊണ്ടു ഞാൻ നിന്നെ താങ്ങും" (യെശ: 41:10)***

മനശ്ശക്തിയുടെ ശരിയായപ്രയോഗത്തിൽ നിന്റെ ജീവിതത്തില് ഒരു പരിപ്പൂർണ്ണമാറ്റം വരുത്താം. നിന്റെ ഇഷ്ടത്തെ ക്രിസ്തുവിന്നു സമർപ്പിക്കമൂലം എല്ലാവാഴ്ചകൾക്കും അധികാരങ്ങൾക്കും ഉപരിയായ ഒരു ശക്തിയോടാണല്ലോ നീ നിന്നെത്തന്നെ ബന്ധിക്കുന്നത്? അത് ഹേതുവാൽ നിന്നെ സ്ഥിരതയോടെ നിർത്തുവാനുള്ള ഒരു ശക്തി നീ മേലിൽ നിന്ന് പ്രാപിക്കുകയും ഇങ്ങനെ നിത്യം നിന്നെത്തന്നെ ദൈവത്തിന്നു പ്രതിഷ്ഠിക്കുന്നതിനാൽ വിശ്വാസത്താലുള്ള ജീവന്റെ പുതുക്കത്തിൽ നടക്കാൻ നിനക്ക് സാധിക്കുകയും ചെയ്യും.

**സാത്താന്യമായതുപോലെ അന്ധമായ സമർപ്പണത്തിലോ,യുക്തിരഹിതമായ നിയന്ത്രണത്തിലോ സ്ഥാപിതമായതല്ല ദൈവീക ഭരണം എന്ന് ഞാൻ മനസിലാക്കുന്നു.**

**(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)**

അതെ		തീരുമാനിച്ചില്ല

എന്റെ വീണ്ടെടുപ്പിനും, പാപപാശങ്ങളെ വിട്ടൊഴിയുവാനും വേണ്ടി എന്നിൽ വസിക്കുവാൻ എന്റെ സൃഷ്ടാവ് തന്റെ ജീവനും സ്നേഹവും നൽകി കഷ്ടത സഹിച്ചതിൽ ഞാൻ ആശ്ചര്യപെടുന്നു.

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ		തീരുമാനിച്ചില്ല

എന്റെ ഇച്ഛാശക്തി സാത്താന്റെ നിയന്ത്രണത്തിലായിരിക്കുമ്പോൾ എന്റെ ചിന്തകളോ, പ്രേരണകളോ, ഇഷ്ടങ്ങളോ നിയന്ത്രിക്കുവാൻ എനിക്ക് കഴിയില്ലെന്ന് ഞാൻ മനസിലാക്കുന്നു. എന്റെ എല്ലാ ഉടമ്പടികളും, തീരുമാനവും, മണലിൽ നെയ്ത കയറുപോലെ എന്ന് ഞാൻ മനസിലാക്കുന്നു.

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ		തീരുമാനിച്ചില്ല

ദൈവം തന്റെ സൃഷ്ടികളുടെ ഇച്ഛാശക്തിയെ നിയന്ത്രിക്കാത്തതിൽ ഞാൻ നന്ദിയുള്ളവനാണ്. ജഡത്തിലും ആത്മാവിലും, സ്വഭാവത്തിലും അവനോടു അനുരൂപമായ വളർച്ച പ്രാപിക്കുവാൻ അവിടുന്ന് നമ്മെ വിളിക്കുകയാണെന്നതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു.


(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ		തീരുമാനിച്ചില്ല

എന്റെ ഇച്ഛാശക്തിയുടെ ബലത്തെപ്പറ്റി ഞാൻ തിരിച്ചറിയുന്നു. തിരഞ്ഞെടുക്കുവാനുള്ള തീരുമാനം എന്റേതാണെന്ന് ഞാൻ മനസിലാക്കുന്നു. എന്റെ ഇച്ഛാശക്തി ക്രിസ്തുവിന്റെ ആത്മാവിനാൽ ഭരിക്കപ്പെടുവാൻ ഞാൻ സമർപ്പിക്കുന്നു.

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ		തീരുമാനിച്ചില്ല



# അധ്യായം ഏഴ്
# വിശ്വാസവും അംഗീകാരവും

**(1). ദൈവത്തോടുള്ള നമ്മുടെ സമാധാനവും കൂട്ടായ്മയും വളരെനമെന്ന് ആഗ്രഹിക്കുന്നതോടൊപ്പം പാപത്തോടുള്ള നമ്മുടെ ദൈവീകമായ മനോഭാവം എന്തായിരിക്കണം ?**

***“അപ്പോൾ നിങ്ങൾ നിങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെയും നന്നല്ലാത്ത പ്രവൃത്തികളെയും ഓർത്തു നിങ്ങളുടെ അകൃത്യങ്ങൾ നിമിത്തവും മ്ലേച്ഛതകൾ നിമിത്തവും നിങ്ങൾക്കു നിങ്ങളോടു തന്നേ വെറുപ്പു തോന്നും” (യെഹെസ്:36:31)***

പരിശുദ്ധാത്മാവ് നിന്റെ മനസ്സാക്ഷിയെ പുനർജ്ജീവിപ്പിച്ചതോടുകൂടി പാപത്തിന്റെ കേടു, ശക്തി, കുറ്റം, അതിനാൽ വരുന്ന നാശം എന്നിവയെക്കുറിച്ചു ഒരു ബോധം നിനക്ക് ലഭ്യമായിട്ടുണ്ടല്ലോ. അത് നിമിത്തം നിനക്കിപ്പോൾ പാപത്തോടു വെറുപ്പും തോന്നിയിട്ടുണ്ട്. പാപം നിന്നെ ദൈവത്തിൽനിന്നു വേർപ്പെടുത്തിയിരിക്കുന്നു എന്നും പാപത്തിന്നു നീ അടിമപ്പെട്ടിരിക്കുന്നു

എന്നും നിനക്ക് അനുഭവബോധ്യമാകുന്നു. ആ ദുരവസ്ഥയിൽ നിന്ന് രക്ഷപ്പെടുവാൻ എത്രമാത്രം ശ്രമിക്കുന്നുവോ അത്രമാത്രം അതിനുള്ള നിന്റെ പ്രാപ്തിക്കുറവ് നിനക്ക് മനസ്സിലാകും. നിന്റെ ഉന്നങ്ങൾ അശുദ്ധവും ഹൃദയം അഴുക്കുള്ളതും ആകുന്നു. ഇതുവരെയുള്ള നിന്റെ ജീവിതം മുഴുവനും സ്വാർത്ഥതയും പാപവുംകൊണ്ട് നിറഞ്ഞതായിരുന്നു എന്ന് നീ ഇപ്പോൾ കാണുന്നു. ആകയാൽ പാപക്ഷമ, വിശുദ്ധീകരണം, സ്വാതന്ത്ര്യം ആദിയായവ പ്രാപിപ്പാൻ നീ വാഞ്ഛിക്കുന്നു. ദൈവത്തോടുള്ള യോജ്യതയും അവന്റെ രൂപസാദൃശ്യവും നീ എങ്ങനെ പ്രാപിക്കും?

**(2). പാപമോചനത്തിന്റെയും ,സമാധാനത്തിന്റെ യും ജീവജലം ആർക്കാണ് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നത് ?**

**"അല്ലയോ, ദാഹിക്കുന്ന ഏവരും ദ്രവ്യമില്ലാത്തവരുമായുള്ളോരേ വെള്ളത്തിന്നു വരുവിൻ: വന്നു വാങ്ങി തിന്നുവിൻ; നിങ്ങൾ വന്നു ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ" (യെശയ്യാ:55:1)**

സമാധാനം–അതെ ദൈവത്തിൽനിന്നുള്ള പാപക്ഷമയും ഹൃദയ സമാധാനവും സ്നേഹവും ആണ് നിനക്ക് ആവശ്യമായിരിക്കു ന്നത്. അത് പണം കൊടുത്തു മേടിക്കാവതല്ല. ബുദ്ധിക്കു അതിനെ കരഗതമാക്കുവാൻ കഴികയില്ല. ജ്ഞാനത്തിന്നു അത് സംപ്രാപ്യമല്ല. നിന്റെ സ്വന്ത ശ്രമങ്ങളാൽ അതിനെ സമ്പാദിക്കാമെന്നു നീ ഒരിക്കലും ആശിക്കയും വേണ്ട. എന്നാൽ ഇതാ ദൈവം "ദ്രവ്യവും വിലയും കൂടാതെ" (യെശ. 55:1) സൌജന്യമായി അത് നിനക്ക് നല്കിത്തരുന്നു. നീ നിന്റെ കൈനീട്ടി എടുത്തു കൊള്ളാമെങ്കിൽ അത് നിന്റെ സ്വന്തമായിത്തീരും. "നിങ്ങളുടെ പാപങ്ങൾ കടുഞ്ചുവപ്പായിരുന്നാലും ഹിമം പോലെ വെളുക്കും. രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും" എന്നും (യെശ. 1:18) "ഞാൻ നിങ്ങൾക്ക് പുതിയൊരു ഹൃദയം തരും; പുതിയൊരു ആത്മാവിനെ ഞാൻ

നിങ്ങളുടെ ഉള്ളിൽ ആക്കും” (യെഹെ. 36:26) എന്നും കർത്താവ് പറയുന്നു.

**(3). സമാധാനത്തിനുവേണ്ടിയുള്ള നമ്മുടെ അന്വേഷണത്തിൽ എന്ത് മഹത് വാഗ്ദത്തമാണ് ദൈവം നമുക്ക് അവകാശമായി നൽകിയിരിക്കുന്നത് ?**

***“ ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദയം തരും; പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽനിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും” (യെഹെസ്:36:26).***

നീ നിന്റെ പാപം ഏറ്റു പറഞ്ഞു ഹൃദയപൂർവ്വം അതിനെ വിട്ടൊഴിഞ്ഞിരിക്കുന്നു. നിന്നെത്തന്നെ ദൈവത്തിന്നു സമർപ്പിപ്പാനും നീ തീർച്ചപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടു നീ ഉടൻ തന്നെ ദൈവത്തിന്റെ അടുക്കൽ ചെന്നു നിന്റെ പാപങ്ങളെ കഴുകി വെടിപ്പാക്കി നിനക്ക് ഒരു പുതിയ ഹൃദയം തരുവാൻ അവനോടു അപേക്ഷിക്കുക. അതോടുകൂടി അവൻ അത് വാഗ്ദത്തം ചെയ്തിരിക്കയാൽ തീർച്ചയായും ചെയ്തുതരും എന്ന് പൂർണ്ണമായി വിശ്വസിക്കുകയും ചെയ്ക. ദൈവം നമ്മുക്ക് വാഗ്ദത്തം ചെയ്യുന്ന ദാനം നമ്മുക്ക് ലഭിച്ചു കഴിഞ്ഞു എന്ന് നാം ദൃഢമായി വിശ്വസിച്ചാൽ അത് നാം വാസ്തവമായി പ്രാപിക്കുന്നു എന്ന് യേശു കർത്താവ് തന്റെ ഐഹിക ജീവിതകാലത്ത് മനുഷ്യരെ പഠിപ്പിച്ച പ്രകാരം തന്നെ.

**(4). യേശുക്രിസ്തുവിന്റെ അടയാളങ്ങളും അത്ഭുതങ്ങളും വിശുദ്ധ വാചനത്തിൽ പറഞ്ഞിരിക്കുന്നത് എന്തിനുവേണ്ടിയാണ് ?**

***“എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തുഎന്നു നിങ്ങൾ വിശ്വസിക്കേണ്ടതിന്നും വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിന്നും ഇതു എഴുതിയിരിക്കുന്നു” (യോഹ:20:31)***

തന്റെ ശക്തിയിൽ വിശ്വസിച്ച രോഗികളെ യേശു സൌഖ്യപ്പെടുത്തി; ഇങ്ങനെ അവർക്ക് ദൃഷ്ടിഗോചരമായിരുന്ന

ശാരീരികാവശതകളെ പരിഹരിച്ചിട്ടു അദൃശ്യമായിരുന്ന ആത്മീയാവശതകളെ അഥവാ പാപങ്ങളെ കൂടെ മോചിപ്പാനുള്ള തന്റെ ശക്തിയെ സംബന്ധിച്ചുതന്നിൽ ആശ്രയിപ്പാനായി അവൻ അവരെ ധൈര്യപ്പെടുത്തി. പക്ഷവാതക്കാരനെ സൌഖ്യപ്പെടുത്തിയ അവസരത്തിൽ യേശു കർത്താവ് ആ വസ്തുതയെ പ്രസ്പഷ്ടമാക്കിക്കൊണ്ട് ഇങ്ങനെ പ്രസ്താവിച്ചു:- “ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രന്നു അധികാരം ഉണ്ട് എന്ന് നിങ്ങൾ അറിയേണ്ടതിന്നു അവൻ പക്ഷവാത ക്കാരനോട്: എഴുന്നേറ്റു കിടക്ക എടുത്തു വീട്ടിൽ പോക എന്ന് പറഞ്ഞു.” (മത്തായി 9:6) അപ്രകാരം തന്നെ സുവിശേഷകനായ യോഹന്നാനും യേശു കർത്താവ് ചെയ്ത അതിശയ പ്രവൃത്തികളെപ്പറ്റി സംസാരിക്കുമ്പോൾ:- “യേശു ദൈവപുത്രനായ ക്രിസ്തു എന്ന് നിങ്ങൾ വിശ്വസിക്കേണ്ടതിന്നും വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവൻ ഉണ്ടാകേണ്ടതിന്നും ഇത് എഴുതിയിരിക്കുന്നു” (യോഹ 20:31) എന്ന് പറയുന്നു മരിച്ചുപോയ വിധവയുടെ മകനെ ഉയർത്തെഴുന്നേല്പിക്കുന്നത്.

**(5). പാപമോചനം നേടുന്നതിൽ നമ്മുടെ പങ്കെന്ത് ?**

***“അതുകൊണ്ടു നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്നു വിശ്വസിപ്പിൻ; എന്നാൽ അതു നിങ്ങൾക്കു ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു” (മാർക്കോ:11:24)***

യേശുകർത്താവ് ദീനക്കാരെ സൌഖ്യമാക്കിയത് എങ്ങിനെയായിരുന്നു എന്ന് വേദപുസ്തകത്തിൽ പറയപ്പെട്ടിരിക്കുന്നവയിൽ നിന്ന് നമ്മുടെ പാപങ്ങളുടെ മോചനത്തിനായി നാം അവനിൽ വിശ്വസിക്കേണ്ടത് എങ്ങനെയാണെന്നു ഗ്രഹിക്കാം. ബെഥസ്ദാ കുളക്കരയിൽ 38 വർഷം രോഗിയായിക്കിടന്നിരുന്നവന്റെ ദൃഷ്ടാന്തം നോക്കുക. ആ സാധു തീരെ സഹായമറ്റവനായിരുന്നു.38 വർഷമായി തന്റെ കൈകാലുകൾ ഉപയോഗിക്കുവാൻ പാടില്ലാതെ കിടന്നിരുന്നു. എ ന്നിട്ടും കർത്താവ് അവനോടു: “എഴുന്നേറ്റു കിടക്ക

എടുത്തു വീട്ടിൽ പോക" എന്ന് കല്പിച്ചു. "കർത്താവെ, നീ എന്നെ സൌഖ്യപ്പെടുത്തിയാൽ നിന്റെ കല്പന പ്രകാരം ഞാൻ ചെയ്യാം" എന്ന് ആ രോഗിക്ക് പറയാമായിരുന്നു. എന്നാൽ അവൻ അങ്ങനെ പറഞ്ഞില്ല. നേരെ മറിച്ചു അവൻ കർത്താവിന്റെ വാക്കു വിശ്വസിച്ചു. അവൻ (കർത്താവ്) തന്നെ സൌഖ്യപ്പെടുത്തിയിരിക്കുന്നു എന്ന് വിശ്വസിച്ചുംകൊണ്ട് അവൻ ( ആ രോഗി) നടപ്പാൻ മനസ്സുവെച്ചു. അതുകൊണ്ടു അവന്നു എഴുന്നേറ്റു നടപ്പാൻ സാധിച്ചു. അവൻ കർത്താവിന്റെ വാക്കുപ്രമാണിച്ചു അത് ചെയ്തതുകൊണ്ടു അതിന്നു വേണ്ടി ശക്തി ദൈവം അ വന്നു കൊടുത്തു. അവൻ സൌഖ്യം പ്രാപിക്കയും ചെയ്തു.

**(6). നമ്മുടെ സ്വപ്രയത്നത്താൽ ഹൃദയശുദ്ധി പ്രാപിക്കുവാൻ നമുക്ക് കഴിയാത്തതെന്തുകൊണ്ട് ?**

***"ഹൃദയം എല്ലാറ്റിനെക്കാളും കപടവും വിഷമവുമുള്ളതു; അതു ആരാഞ്ഞറിയുന്നവൻ ആർ?" (യിര:17:9)***

ഇപ്രകാരം തന്നെ നീയും ഒരു പാപിയാകുന്നു. നിന്റെ പാപങ്ങൾ പരിഹരിപ്പാനോ നിന്റെ ഹൃദയം മാറ്റുവാനോ നിന്നെത്തന്നെ ശുദ്ധനാക്കുവാനൊ നിനക്ക് സ്വയമായി കഴികയില്ല. എന്നാൽ ക്രിസ്തുമൂലം ഇതെല്ലാം നിനക്ക് ചെയ്തുതരാം എന്ന് ദൈവം വാഗ്ദത്തം ചെയ്യുന്നു. ആ വാഗ്ദത്തം നീ വിശ്വസിക്കുക. എന്നിട്ട് നിന്റെ പാപങ്ങളെ അവനോടു ഏറ്റു പറഞ്ഞു നിന്നെത്തന്നെ അവന്നു സമർപ്പിക്കുക. അവനെ സേവിപ്പാൻ ഇഷ്ടപ്പെടുക. ഇതൊക്കെയും നീ തീർച്ചയായും ചെയ്താൽ ദൈവവും തന്റെ വാക്കു നിവർത്തിക്കും. നീ അവന്റെ വാഗ്ദത്തം മുറുകെ പിടിച്ചുംകൊണ്ട് അവൻ നിന്റെ പാപങ്ങളെ ക്ഷമിച്ചിരിക്കുന്നു എന്നും നിന്നെ കഴുകി വെടിപ്പാക്കിയിരിക്കുന്നു എന്നും നീ വിശ്വസിച്ചാൽ ദൈവം ചെയ്യേണ്ടതെല്ലാം അവൻ നിന്നിൽ ചെയ്തുകൊള്ളും നിശ്ചയം. ആ പക്ഷവാതക്കാരൻ താൻ സൌഖ്യപ്പെട്ടിരിക്കുന്നു എന്ന് വിശ്വസിച്ച ഉടനെ യേശു കർത്താവ് അവന്നു നടപ്പാൻ

ശക്തി നൽകിയ പ്രകാരം നിന്നെയും അവൻ സൌഖ്യപ്പെടുത്തും. നീ വിശ്വസിക്കുന്നുവെങ്കിൽ അപ്രകാരം നിന്നിൽ സംഭവിക്കയും ചെയ്യും.

നിനക്ക് സൌഖ്യം വന്നിരിക്കുന്നു എന്നൊരു അനുഭവം വരുവോളം നീ കാത്തിരിക്കേണ്ട. നേരെമറിച്ചു:- "എനിക്ക് സൌഖ്യം വന്നിരിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു; എനിക്ക് അങ്ങനെ തോന്നുന്നതുകൊണ്ടല്ല, പ്രത്യുത ദൈവം അങ്ങനെ വാഗ്ദത്തം ചെയ്തിരിക്കുന്നതു കൊണ്ടാണ് ഞാൻ അപ്രകാരം വിശ്വസിക്കുന്നത്."

**(7). വിശ്വാസത്താൽ നാം ദൈവത്തോട് പാപക്ഷമാക്കായി അപേക്ഷിക്കുമ്പോൾ എന്തുകൊണ്ട് അത് നമുക്ക് ലഭിച്ചു എന്ന് ഉറപ്പിച്ചുകൂടാ ?**

***"അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു തന്നോടു യാചിക്കുന്നവർക്കു നന്മ എത്ര അധികം കൊടുക്കും!" (മത്താ:7:11)***

"നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതെല്ലാം ലഭിച്ചു എന്ന് വിശ്വസിപ്പിൻ; എന്നാൽ അത് നിങ്ങൾക്കുണ്ടാകും" (മർക്കൊ. 11:24) എന്ന് യേശുകർത്താവ് പറയുന്നു. എന്നാൽ ഈ വാഗ്ദത്തിന്നു ഒരു വ്യവസ്ഥ ഉണ്ട്. ആ വ്യവസ്ഥ നമ്മുടെ പ്രാർത്ഥന ദൈവത്തിന്റെ തിരുഹിതത്തിന്നു യോജിച്ചതായിരിക്കണം എന്നുള്ളതാകുന്നു എന്നാൽ നമ്മെ പാപത്തിൽനിന്ന് കഴുകി ശുദ്ധീകരിച്ചു തന്റെ മക്കളാക്കി വിശുദ്ധജീവിതം നയിപ്പാൻ പ്രാപ്തിയുള്ളവരാക്കണമെന്നുള്ളതാണ് ദൈവത്തിന്നു നമ്മെ സംബന്ധിച്ചുള്ള തിരുഇഷ്ടം. ആകയാൽ ഏതാദൃശ നന്മകൾക്കായി നമ്മുക്ക് ദൈവത്തോടു യാചിക്കാം. യാചിച്ചിട്ടു അവ നമ്മുക്ക് ലഭിച്ചു കഴിഞ്ഞു എന്ന് വിശ്വസിച്ചുകൊണ്ട് ലഭിച്ച ഈ നന്മക്കുവേണ്ടി ദൈവത്തിന്നു സ്തോത്രം അർപ്പിക്കയും ചെയ്യാമല്ലൊ. കർത്താവിന്റെ അടുക്കൽ ചെല്ലുന്നതും അവന്മൂലം

ശുദ്ധീകരിക്കപ്പെടുന്നതും പിന്നെത്തേതിൽ ന്യായപ്രമാണത്തിന്റെ മുമ്പിൽ യാതൊരു കുണ്ഠിതവും ലജ്ജയും കൂടാതെ നില്പാൻ കഴിയുന്നതും നമ്മുക്കുള്ള വലിയ അവകാശമാകുന്നു. “അത്കൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് (ജഡത്തെയല്ല ആത്മാവിനെ അത്രെ അനുസരിച്ചു നടക്കുന്നവർക്ക്) ഒരു ശിക്ഷാവിധിയും ഇല്ല.” (റോമ. 8:1)

**(8). ദൈവത്തോടുള്ള നമ്മുടെ ബന്ധം എങ്ങിനെ നിലനിർത്താം ?**

***“ആകയാൽ നിങ്ങൾ കർത്താവായ ക്രിസ്തുയേശുവിനെ കൈക്കൊണ്ടതുപോലെ അവന്റെ കൂട്ടായ്മയിൽ നടപ്പിൻ” (കൊലോസ്യ: 2:6)***

നിങ്ങളെ വിലക്കുവാങ്ങിയിരിക്കയാൽ ഇനി നിങ്ങൾ നിങ്ങൾക്കുള്ളവരല്ല. “നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്നു വെള്ളി മുതലായ അഴിഞ്ഞു പോകുന്ന വസ്തുക്കളെ കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രെ. (1 പത്രോ. 1:18,19) വിശ്വസിക്കുക എന്ന ലളിതമായ പ്രവൃത്തിമൂലം പരിശുദ്ധാത്മാവ് നിന്റെ ഹൃദയത്തിൽ ഒരു നവജീവൻ സംജാതമാക്കുന്നു. അങ്ങനെ തന്നെ നീ ദൈവത്തിന്റെ കുടുംബത്തിൽ പുതുതായി ജനിച്ച ഒരു ശിശുവായിരിക്കുന്നതുകൊണ്ടു സ്വന്ത പുത്രനെ എന്ന പോലെ ദൈവം നിന്നെ സ്നേഹിക്കുന്നു.

ഇപ്രകാരം നിന്നെത്തന്നെ കർത്താവിന്നു പ്രതിഷ്ഠിച്ചശേഷം നീ അവനെ വിട്ടു പിരിയരുത്. അവങ്കൽ നിന്ന് നിന്നെത്തന്നെ അകറ്റിക്കളകയുമരുത്. അങ്ങനെ ചെയ്യുന്നതിന് പകരം ദിനംപ്രതി “ഞാൻ എന്നെ പൂർണ്ണമായി ക്രിസ്തുവിന്നു പ്രതിഷ്ഠിച്ചിരിക്കുന്നതിനാൽ ഞാൻ അവന്റെ വകയാകുന്നു എന്ന് പറകയും അവന്റെ ആത്മാവിനെ നിനക്ക് നല്കിയ തന്റെ കൃപയാൽ നിന്നെ കാത്തുസൂക്ഷിക്കുവാൻ അവനോടു അപേക്ഷിക്കയും ചെയ്ക, ഇങ്ങനെ നീ നിന്നെത്തന്നെ ദൈവത്തിന്നു പ്രതിഷ്ഠിക്കുകയും അവനിൽ

വിശ്വസിക്കുകയും ചെയ്തിട്ട് അവന്റെ പൈതലായി തീർന്നത്പോലെ നീ അവനിൽ തന്നെ ജീവിക്കണം. ആകയാൽ നിങ്ങള് കർത്താവായ യേശുക്രിസ്തുവിനെ കൈക്കൊണ്ടതുപോലെ അവന്റെ കൂട്ടായ്മയിൽ നടപ്പിൻ" (കൊലോ. 2:6) എന്ന് അപ്പോസ്തലൻ പറയുന്നു.

**(9). കർത്താവിങ്കലേക്കു വരുന്ന ഏവർക്കും അവിടുന്ന് നൽകുന്ന വാഗ്ദാനം എന്താണ് ?**

***"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" (മത്താ11:28)***

നവീകരണം പ്രാപിച്ചിരിക്കുന്നു എന്ന് കർത്താവിന്നു ബോധ്യമാകുന്നതു വരെ ഒരു പരീക്ഷാകാലത്തിൽ കൂടികടന്നു പോകേണ്ടിയിരിക്കുന്നതിനാൽ ആ കാലയളവിൽ യാതൊരു അനുഗ്രഹത്തിനു വേണ്ടിയും കർത്താവിനോടു അപേക്ഷിച്ചുകൂടാ എന്ന് ചിലർ വിചാരിക്കുന്നു അത് ശരിയല്ല. ഇപ്പോൾ തന്നെയും ദൈവത്തോട് ഏതു നന്മയ്ക്ക് വേണ്ടിയും യാചിക്കുന്നതിനു യാതൊരു തടസ്സവുമില്ല. തങ്ങളുടെ ബലഹീനതയിൽ ദൈവത്തിന്റെ കൃപയും കർത്താവിന്റെ ആത്മാവും അവരെ സഹായിക്കുന്നില്ലെങ്കിൽ ദോഷത്തെ പ്രതിരോധിപ്പാൻ അവർക്ക് സാധിക്കയില്ലല്ലോ. പാപത്താൽ നിറയപ്പെട്ടവരും നിസ്സഹായരും പരാജിതരും ആയ നാം നമ്മുടെ പൂർവ്വസ്ഥിതിയിൽ തന്നെ തന്റെ അടുക്കൽ ചെല്ലണം എന്ന് യേശു കർത്താവ് വാഞ്ചിക്കുന്നു. നമ്മുടെ ബലഹീനതകളോടും ഭോഷത്വങ്ങളോടും പാപങ്ങളോടും കൂടെത്തന്നെ അവന്റെ അടുക്കൽ ചെന്ന് അനുതാപത്തോടെ അവന്റെ കാൽക്കൽ വീഴാം. (ഇത് നമ്മുടെ ഭാഗത്തു അത്യാവശ്യമായ വേലയാകുന്നു.) അപ്പോൾ കർത്താവ് തന്റെ സ്നേഹകരങ്ങളാൽ നമ്മെ താങ്ങി എടുത്തു നമ്മുടെ മുറിവുകളെ കെട്ടി എല്ലാ അശുദ്ധിയിൽ നിന്നും നമ്മെ വെടിപ്പാക്കി തന്റെ മാറോടണച്ചു കൊള്ളും അത് അവന്നു എത്രയും മഹത്വമേറിയ ഒരു വേലയായി അവൻ കരുതുന്നു.

**(10). അനുതപിക്കുന്ന ഓരോ പാപിക്കും ദൈവം നൽകുന്ന ഉറപ്പ് എന്താണ് ?**

***"ഞാൻ കാർമുകിലിനെപ്പോലെ നിന്റെ ലംഘനങ്ങളെയും മേഘത്തെപോലെ നിന്റെ പാപങ്ങളെയും മായിച്ചുകളയുന്നു; എങ്കലേക്കു തിരിഞ്ഞുകൊൾക; ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു" (യെശയ്യാ:44:22)***

ഈ കാര്യത്തിലാണ് പലരും പരാജിതരാകുന്നത്. കർത്താവും ആളാംപ്രതിയായും വ്യക്തിപരമായും തങ്ങളുടെ പാപങ്ങളെ മോചിക്കുന്നു എന്ന് അവൻ വിശ്വസിക്കുന്നില്ല. ദൈവം തന്റെ വാഗ്ദത്തങ്ങളെ സത്യമായി പാലിക്കും എന്ന് അവർ കരുതുന്നതുമില്ല. ദൈവം വച്ചിരിക്കുന്ന വ്യവസ്ഥകളിൽ പ്രകാരം നടക്കുന്നവർക്ക് തങ്ങ ളുടെ സർവ്വ പാപങ്ങളും സൌജന്യമായി മോചിക്കപ്പെടുന്നു എന്ന് അറിയുന്നത് തന്നെ ഒരു പദവിയാകുന്നു. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ നിനക്കും കൂടി ഉള്ളവയല്ല എന്ന സംശയം ദൂരെക്കളക. ആ വാഗ്ദത്തങ്ങൾ മാനസാന്തരപ്പെടുന്ന ഏതു പാപിക്കും അർഹതയുള്ളവയാകുന്നു. വിശ്വസിക്കുന്ന ഏതു ദേഹിക്കും ആവശ്യമായിരിക്കുന്ന കരുണയും ശക്തിയും യേശുക്രിസ്തുമൂലം നൽകപ്പെട്ടിരിക്കുന്നു. ആയതു ശുശ്രൂഷക്കാരായ ദൂതന്മാർ അതതു ദേഹികൾക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുന്നു. തങ്ങൾക്കുവേണ്ടി മരിച്ച യേശുവിൽ നിന്ന് ശക്തിയും ശുദ്ധിയും നീതിയും പ്രാപിപ്പാനർഹതയില്ലാത്തവരായിത്തീരത്തക്കവണ്ണം ഒരു പാപിയും അത്രമാത്രം കെട്ടുപോയിട്ടില്ല. ഇതാ! അവൻ പാപത്താൽ കറപ്പെട്ടും അശുദ്ധിയായും പോയിരിക്കുന്ന അവരുടെ അഴുക്കു വസ്ത്രം അഴിച്ചു തന്റെ നീതിയാകുന്ന വെള്ളവസ്ത്രം അവരെ ധരിപ്പിക്കേണ്ടതിന്നു അവൻ കാത്തിരിക്കുന്നു. ജീവിച്ചിരിപ്പിൻ! എന്തിന്നു മരിക്കുന്നു എന്നാണ് അവരോടു പറയുന്നത്.

**(11). അനുതാപത്തിലേക്കുള്ള ദൈവീക നടത്തിപ്പ് നാം അനുസരിക്കുമ്പോൾ നമ്മുടെ**

**പാപങ്ങളെ ദൈവം എങ്ങിനെ കൈകാര്യം ചെയ്യും ?**

***" അവൻ നമ്മുടെ പാപങ്ങൾക്കു ഒത്തവണ്ണം നമ്മോടു ചെയ്യുന്നില്ല; നമ്മുടെ അകൃത്യങ്ങൾക്കു ഒത്തവണ്ണം നമ്മോടു പകരം ചെയ്യുന്നതുമില്ല. ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ അവന്റെ ദയ അവന്റെ ഭക്തന്മാരോടു വലുതായിരിക്കുന്നു. ഉദയം അസ്തമയത്തോടു അകന്നിരിക്കുന്നതുപോലെ അവൻ നമ്മുടെ ലംഘനങ്ങളെ നമ്മോടു അകറ്റിയിരിക്കുന്നു" (സങ്കീ:103:10-12)***

മർത്യരായ നാം അന്യോന്യം ഇടപെടുന്നതു പോലെയല്ല ദൈവം നമ്മോടു ഇടപ്പെടുന്നത്. അവൻ എത്ര കരുണയും സ്നേഹവും മഹാദയയുമുള്ളവനായി നമ്മുക്ക് വേണ്ടി കരുതുന്നു. "ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ചു യഹോവയിങ്കലേക്ക് തിരിയട്ടെ; അവൻ അവനോട് കരുണ കാണിക്കും; നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ; അവൻ ധാരാളം ക്ഷമിക്കും (യെശ. 55:7) എന്നും "ഞാൻ കാർമുകിലിനെപ്പോലെ നിന്റെ ലംഘനങ്ങളെയും മേഘത്തെപ്പോലെ നിന്റെ പാപങ്ങളെയും മായിച്ചു കളയുന്നു (യെശ 44:22) എന്നും അവൻ പറയുന്നു.

"മരിക്കുന്നവന്റെ മരണത്തിൽ എനിക്ക് ഇഷ്ടമില്ല എന്ന് യഹോവയായ കർത്താവിന്റെ അരുളപ്പാടു; ആകയാൽ നിങ്ങൾ മനം തിരിഞ്ഞു ജീവിച്ചു കൊൾവിൻ." (യെഹെ 18:32) ദൈവത്തിന്റെ ഈ അനുഗ്രഹ പൂർണ്ണമായ വാഗ്ദത്തങ്ങളെ അപഹരിപ്പാൻ പിശാചു സദാ ജാഗരൂകനായിരിക്കുന്നു. മാനുഷ ഹൃദയത്തിൽ ഇത് സംബന്ധിച്ചു മങ്ങി കത്തുന്ന ആശയും പ്രകാശത്തിന്റെ നേരിയ രശ്മിയും ഇല്ലാതാക്കുവാൻ അവൻ ആഗ്രഹിക്കുന്നു. എന്നാൽ നീ അതിന്നു ഇടം കൊടുക്കരുത്. പരീക്ഷകന്നു ചെവി കൊടുക്കരുത്. അവനോടു ഇപ്രകാരം പറക:- "ഞാൻ ജീവിക്കേണ്ടതിന്നു ക്രിസ്തു എനിക്ക് വേണ്ടി മരിച്ചിരിക്കുന്നു. അവൻ

എന്നെ സ്നേഹിക്കുന്നു; ഞാൻ നശിച്ചു പോകണമെന്നു അവൻ ആഗ്രഹിക്കുന്നില്ല.

**(12). സ്വർഗീയ ഭവനത്തിലേക്ക് മടങ്ങിവരുന്ന തന്റെ മക്കളെ ദൈവം എങ്ങിനെയാണ് സ്വീകരിക്കുന്നത് ?**

***"അങ്ങനെ അവൻ എഴുന്നേറ്റു അപ്പന്റെ അടുക്കൽ പോയി. ദൂരത്തു നിന്നു തന്നേ അപ്പൻ അവനെ കണ്ടു മനസ്സലിഞ്ഞു ഓടിച്ചെന്നു അവന്റെ കഴുത്തു കെട്ടിപ്പിടിച്ചു അവനെ ചുംബിച്ചു" (ലൂക്കോ:15:20)***

മനസ്സലിവുള്ളൊരു സ്വർഗ്ഗസ്ഥപിതാവ് എനിക്കുണ്ട്. ഞാൻ അവന്റെ സ്നേഹത്തെ നിരസിക്കയും അവന്റെ ദാനങ്ങളെ നാനാവിധമാക്കി കളകയും ചെയ്തിരിക്കുന്നു എങ്കിലും ഞാൻ എഴുന്നേറ്റു എന്റെ അപ്പന്റെ അടുക്കൽ ചെന്ന് അവനോടു: "അപ്പാ ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്ന പേരിന്നു ഞാൻ യോഗ്യനല്ല; നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേണമെ" എന്ന് പറയും. ഇങ്ങനെ തന്റെ കുറ്റം സമ്മതിച്ചു ഏറ്റു പറഞ്ഞു കൊണ്ടും തന്റെ പിതാവിനെ സമീപിച്ച ആ നാശ പുത്രനെ അവന്റെ പിതാവ് എപ്രകാരം സ്വീകരിച്ചു എന്ന് ഉപമ തെളിയിക്കുന്നുണ്ട്. "ദൂരത്തുനിന്ന് തന്നെ അപ്പൻ അവനെ കണ്ടു മനസ്സലിഞ്ഞു ഓടിച്ചെന്നു അവന്റെ കഴുത്തു കെട്ടിപ്പിടിച്ചു അവനെ ചുംബിച്ചു." (ലൂക്കൊ. 15:18-20)

ഈ ഉപമ നമ്മുടെ മനസ്സിനെ ഇളക്കുകയും ഹഠാദാകർഷിക്കയും ചെയ്യുന്നുണ്ട്. എങ്കിലും സ്വർഗ്ഗസ്ഥപിതാവിന്റെ സ്നേഹത്തെയും മനസ്സലിവിനെയും യഥാപ്രകാരം വിവരിച്ചു കാട്ടുവാൻ ഇതിന്നു ശക്തിയില്ല. തന്റെ ഒരു പ്രവാചകൻ മുഖാന്തരം കർത്താവ് പറയുന്നത്:- "നിത്യസ്നേഹം കൊണ്ട് ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു. അതുകൊണ്ടു ഞാൻ നിനക്ക് ദയദീർഘമാക്കിയിരിക്കുന്നു." (യിരെ: 31:3) എന്നത്രെ. മനുഷ്യൻ തന്റെ പിതാവിന്റെ ഭവനം വിട്ടകന്നു ഈ പാപലോകത്തിൽ പരദേശവാസം

ചെയ്തുകൊണ്ടു തന്റെ വസ്തുവകകളെ നശിപ്പിക്കുകയാണ് ചെയ്യുന്നതെങ്കിലും പിതാവിന്റെ ഹൃദയം അവനെക്കുറിച്ചു അതിവേദനയോടെ വാഞ്ചിക്കുന്നു. ആകയാൽ ദൈവത്തിന്റെ അടുക്കലേക്കു തിരിച്ചു പോകുവാനായി ആത്മാവിൽ ഉണ്ടായിക്കാണുന്ന അഭിവാഞ്ച വഴിതെറ്റി നടക്കുന്ന ദോഷിയെ വീണ്ടും തന്റെ പിതാവിന്റെ സ്നേഹത്തിലേക്കു ആകർഷിക്കുകയും വലിക്കുകയും ചെയ്യുന്ന ദൈവാത്മാവിന്റെ കൃപാപ്രവൃത്തിയുടെ പ്രത്യക്ഷലക്ഷണമാകുന്നു.

**(13). ദൈവത്തെ അന്വേഷിക്കുന്ന ഏവർക്കും അവിടുന്ന് നൽകുന്ന വാഗ്ദത്തം എന്താണ് ?**

***"പിതാവു എനിക്കു തരുന്നതു ഒക്കെയും എന്റെ അടുക്കൽ വരും; എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളകയില്ല" (യോഹ:6:37)***

ഈ മാതിരി അസംഖ്യം വാഗ്ദത്തങ്ങൾ ദൈവവചനത്തിലുണ്ടായിരിക്കെ നീ ഇനിയും സംശയിക്കേണ്ട ആവശ്യമെന്തു? നഷ്ടപ്പെട്ട പാപി അവന്റെ പാപങ്ങളെ വിട്ടു തന്റെ അടുക്കൽ മടങ്ങിവരുവാനുള്ള ആത്യാശയോടുകൂടി അനുതാപത്തോട് തന്നെ സമീപിക്കുമ്പോൾ കരുണാനിധിയായ യേശു കർത്താവ് അവനെ നിർദ്ദയമായി തള്ളിക്കളയും എന്ന് നീ നിരൂപിക്കുന്നുവോ? അപ്രകാരമുള്ള നിരൂപണങ്ങളെ ദുരീകരിക്കുക. സ്വർഗ്ഗസ്ഥ പിതാവിനെക്കുറിച്ചു ഈ ദൃശ്യമായ നിരൂപണങ്ങൾ നിന്റെ ഹൃദയത്തിൽ വെച്ചുകൊണ്ടിരിക്കുന്നതില്പരമായി നിന്റെ ആത്മാവിനെ നശിപ്പിക്കാവുന്ന മറ്റൊരുപാധിയും ഇല്ല. അവൻ പാപത്തെ വെറുക്കുന്നു; എങ്കിലും പാപിയെ സ്നേഹിക്കുന്നു. അതുകൊണ്ടു രക്ഷപ്രാപിപ്പാൻ ആഗ്രഹിക്കുന്ന ഏവരും അവന്റെ മഹത്വരാജ്യത്തിലെ നിത്യഭാഗ്യത്തിന്നു അംശികളായിത്തീരുമാറ് അവൻ ക്രിസ്തുവിൽ തന്നെത്താൻ യാഗമായി അർപ്പിച്ചു. "ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറക്കുമോ? താൻ പ്രസവിച്ച മകനോട് കരുണതോന്നാതിരിക്കുമോ? അവർ മറന്നുകളഞ്ഞാലും ഞാൻ നിന്നെ മറക്കയില്ല." (യെശ. 49:15) എന്ന് ദൈവം

പറയുന്നു. തനിക്കു നമ്മോടുള്ള സ്നേഹത്തെ വെളിപ്പെടുത്തുവാൻ ഇതിൽപരം ആർദ്രതയോടുകൂടി ഇനി എങ്ങനെയാണ് അവർ സംസാരിക്കേണ്ടത്!

ആകയാൽ സംശയിച്ചും ചഞ്ചലിച്ചും നില്ക്കുന്ന ആത്മാവെ, തല ഉയർത്തി മേലോട്ടു നോക്കുക. യേശു കർത്താവ് തന്റെ പിതാവിന്റെ മുമ്പിൽ നമ്മുക്കുവേണ്ടി മാദ്ധ്യസ്ഥം ചെയ്തുകൊണ്ടു നിൽക്കുന്നുവല്ലൊ. തന്റെ പ്രിയപുത്രനെ നിനക്കുവേണ്ടി ദാനം ചെയ്തതിന്നായി അവന്നു സ്തോത്രം ചെയ്യുക. അവൻ നിനക്ക് വേണ്ടി മരിച്ചത് വൃഥാവാകാതിരിപ്പാൻ അവനോടു അപേക്ഷിക്കുക. ആത്മാവ് ഇന്ന് നിന്നെ ക്ഷണിക്കുന്നു. പൂർണ്ണഹൃദയത്തോടു യേശുവിന്റെ അടുക്കൽ ചെന്നു അവന്റെ അനുഗ്രഹങ്ങളെ അവകാശപ്പെട്ടു വാങ്ങിക്കൊൾക.

അവന്റെ വാഗ്ദത്തങ്ങളെ നീ വായിക്കുമ്പോൾ അവ പറഞ്ഞറിയിപ്പാൻ കഴിയാത്ത സ്നേഹത്തിന്റെയും ദയയുടെയും ദിവ്യവെളിപ്പാടുകളാകുന്നു എന്ന് ഓർത്ത് കൊൾക. അളവില്ലാത്ത സ്നേഹം നിറഞ്ഞ ദൈവത്തിന്റെ വൻ ഹൃദയം സീമാതീതമായ മനസ്സലിവോടുകൂടെ പാപിയുടെ നേർക്ക് ആകർഷിക്കപ്പെടുന്നു. “അവനിൽ നമ്മുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പുണ്ട്.” (എഫെ. 1:7) അതെ, ദൈവം നിന്റെ സഹായക നാകുന്നു എന്ന് വിശ്വസിക്കമാത്രം ചെയ്ക. നഷ്ടമായ തന്റെ സൽഗുണ സാദൃശ്യം മനുഷ്യനിൽ പുനർസ്ഥാപിപ്പാൻ അവൻ ആഗ്രഹിക്കുന്നു. നീ അനുതാപത്തോടും ഏറ്റു പറച്ചിലോടും കൂടി അവന്റെ അടുക്കലേക്കു മടങ്ങിച്ചെല്ലുമ്പോൾ അവൻ കരുണയോടും പാപക്ഷമയോടുംകൂടി നിന്റെ അടുക്കലേക്കും മടങ്ങിവരും. (മാലാഖി 3:7)

**(14) ദൈവമക്കൾ അവകാശമാക്കുന്ന അനുഗ്രഹീത വാഗ്ദത്തം എന്ത് ?**

***“ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറക്കുമോ? താൻ പ്രസവിച്ച മകനോടു കരുണ, തോന്നാതിരിക്കുമോ? അവർ***

*മറന്നുകളഞ്ഞാലും ഞാൻ നിന്നെ മറക്കയില്ല"*
*(യെശയ്യാ:49:15)*

*"നിങ്ങളുടെ നടപ്പു ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ; ഉള്ളതുകൊണ്ടു തൃപ്തിപ്പെടുവിൻ; "ഞാൻ നിന്നെ ഒരുനാളും കൈ വിടുകയില്ല, ഉപേക്ഷിക്കയുമില്ല" എന്നു അവൻ തന്നെ അരുളിച്ചെയ്തിരിക്കുന്നുവല്ലോ"*
*(എബ്രാ:13:5)*

ദൈവവചനം പഠിച്ചപ്പോൾ ദൈവം എന്റെ ഹൃദയ വാതിലിൽ മുട്ടുന്നതായി എനിക്ക് അനുഭവപ്പെട്ടു ( വെളി:3 :20 )

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല

രക്ഷിക്കുവാൻ ഒരാളുടെ സഹായം ആവശ്യമായിരിക്കുന്നു പാപിയായ ഒരുവനാണ് ഞാനെന്നു മനസിലാക്കുന്നു (റോമാ: 3 :23 ).

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല

എന്നെ നിത്യ നാശത്തിൽനിന്നും വിടുതൽ ചെയുവാൻ തന്റെ പുത്രനായ യേശുക്രിസ്തുവിനെ നൽകുവാൻ തക്കവണ്ണം അവിടുന്ന് എന്നെ സ്നേഹിച്ചതിൽ ഞാൻ അത്ഭുതപ്പെടുന്നു (യോഹ:3 :16 ). രക്ഷക്കായുള്ള ഏക വാതിൽ അവനാണെന്നു ഞാൻ വിശ്വസിക്കുന്നു (യോഹ:10 :9 ).

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല

ആത്മാർത്ഥമായ ഹൃദയത്തോടെ ഞാൻ എന്റെ പാപങ്ങൾ ഏറ്റുപറഞ്ഞാൽ യേശുവിന്റെ വിലയേറിയ രക്തം എല്ലാ അശുദ്ധിയിൽനിന്നും എന്നെ ശുദ്ധീകരിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു.

**(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)**

**അതെ തീരുമാനിച്ചില്ല**

മുകളിലുള്ള ചോദ്യത്തിന് നിങ്ങളുടെ ഉത്തരം "അതെ " എന്നാണെങ്കിൽ, നിങ്ങളുടെ ജീവിതത്തിലെ പരമപ്രധാനമായ ഒരു തീരുമാനത്തിലേക്ക് ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുകയാണ്. വിശ്വാസത്താൽ യേശുവിനെ നിങ്ങളുടെ രക്ഷകനായി കൈക്കൊള്ളുകയും, അവിടുത്തെ ദിവ്യസമാധാനവും,ശക്തിയും, നിത്യമായ സമാധാനവും നിങ്ങളുടെ ജീവിതത്തിലും അനുഭവിച്ചറിയുവാൻ കഴിയും. ആത്മാർത്ഥ ഹൃദയത്തോടുകൂടി ചുവടെ കൊടുത്തിരിക്കുന്ന പ്രാർത്ഥന ഏറ്റുചൊല്ലുക (യോഹ: 1 :12 ).

**"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പ്രിയ പിതാവേ, ഞാൻ ഒരു പാപിയാണെന്നും, എന്റെ രക്ഷക്കുവേണ്ടി അവിടുത്തെ പുത്രനായ യേശുക്രിസ്തുവിനെ മരിക്കുവാൻ ഏല്പിച്ചുകൊടുത്തു എന്നും ഞാനാ വിശ്വസിക്കുന്നു. വിശ്വാസത്താൽ കർത്താവിനെ എന്റെ രക്ഷിതാവായി സ്വീകരിക്കുകയും, അവിടുത്തെ വിലയേറിയ രക്തത്താൽ എന്റെ പാപങ്ങളെ കഴുകണമേ എന്നും ഞാൻ അപേക്ഷിക്കുന്നു. (കഴിയുന്നിടത്തോളം വ്യക്തമാക്കുക). എന്റെ പാപവഴികളെ വിട്ടുകളയുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവിടുന്ന് എന്റെ ജീവിതത്തിന്റെ ദൈവവും, കർത്താവും ആയിരിക്കേണമേ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. യേശുവിന് നാമത്തിൽത്തന്നെ .. ആമേൻ."**

അഭിനന്ദനങ്ങൾ! ഇപ്പോൾ വിശ്വാസത്താൽ താങ്കൾ വീണ്ടെടുക്കപ്പെട്ട ഒരു ദൈവപൈതലായി തീർന്നിരിക്കുന്നു. ഒരുപക്ഷെ ആ വ്യത്യാസം മനസിലാവുകയില്ലായിരിക്കാം . ക്രിസ്തുവിൽ താങ്കളൊരു പുതിയ സൃഷ്ടിയായിത്തീർന്നിരിക്കുന്നു (അപ്പൊ.പ്രവർ:16 :31 )! ആയതിനാൽ കൊമ്പ് മുന്തിരി വള്ളിയോട് പറ്റിച്ചേർന്നു നിൽക്കുന്നതുപോലെ അവനോടു പറ്റിച്ചേർന്നു നിൽക്കുക (യോഹ: 15 :1 -8 ). താമസംവിനാ അവിടുന്ന് വരികയും

നമുക്കുവേണ്ടി ഒരുക്കിയിട്ടുള്ള വാസസ്ഥലത്തേക്കു നമ്മെ കൊണ്ടുപോവുകയും ചെയ്യും. (യോഹ:14 :1 - 3 ).



# അദ്ധ്യായം എട്ട്
# ശിഷ്യത്വത്തിൻ ശോധന

(1). ഈ വാക്യത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ എന്തിനോടാണ് താരതമ്യം ചെയ്തിരിക്കുന്നത് ?

*“കാറ്റു ഇഷ്ടമുള്ളേടത്തു ഊതുന്നു; അതിന്റെ ശബ്ദം നീ കേൾക്കുന്നു; എങ്കിലും അതു എവിടെനിന്നു വരുന്നു എന്നും എവിടേക്കു പോകുന്നു എന്നും അറിയുന്നില്ല; ആത്മാവിനാൽ ജനിച്ചവൻ എല്ലാം അതുപോലെ ആകുന്നു” എന്നു ഉത്തരം പറഞ്ഞു” (യോഹ:3:8)*

പക്ഷെ ഒരു മനുഷ്യന്നു തന്റെ മാനസാന്തരം സംബന്ധിച്ചു അതുണ്ടായ കൃത്യസമയം എപ്പോഴായിരുന്നു എന്നും എവിടെവെച്ചായിരുന്നു എന്നും തത്സംബന്ധമായ സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നെന്നും പറവാൻ കഴികയില്ലായിരിക്കും. അതുകൊണ്ടു

അവൻ മാനസാന്തരപ്പെട്ടില്ല എന്ന് വരികയില്ല. അതിനെക്കുറിച്ചു യേശുകർത്താവ് നിക്കെദെമൊസിനോടു പറഞ്ഞത് ഇപ്രകാരമായിരുന്ന കാറ്റ് നമ്മുക്ക് കണ്ടുകൂടാ എങ്കിലും അതിന്റെ പ്രവൃത്തി നാം കാണുകയും സ്പർശിക്കുകയും ചെയ്യുന്ന പ്രകാരംതന്നെയാണ് മനുഷഹൃദയത്തിന്മേലുള്ള ദൈവാത്മാവിന്റെ പ്രവൃത്തിയും. മാനുഷദൃഷ്ടിക്ക് അഗോചരമായ ആ വീണ്ടും ജനിപ്പിക്കുന്ന ശക്തി മനുഷ്യനിൽ ഒരു പുതിയജീവൻ ഉളവാകുന്നു; അത് അ വനെ സാന്മാർഗ്ഗികമായി ദൈവസാദൃശ്യത്തിലുള്ള ഒരു പുതിയ വ്യക്തിയാക്കിത്തീർക്കുന്നതാണ്. ആത്മാവിന്റെ ഈ പ്രവൃത്തി ആർഭാടരഹിതവും ദുർഗ്രാഹ്യവുമാണെങ്കിലും അതിന്റെ ഫലം പ്രസ്പഷ്ടമാണ്. ഒരു മനുഷ്യന്റെ ഹൃദയം ദൈവാത്മാവു പുതുക്കിയിട്ടുണ്ടെങ്കിൽ ആ മനുഷ്യന്റെ ജീവിതം അതിനെ തെളിയിക്കാതിരിക്കുകയില്ല. നമ്മുടെ ഹൃദയത്തെ മാറ്റുവാനും നമ്മെത്തന്നെ ദൈവത്തോടുകൂടി നിരപ്പിപ്പാനും നമ്മാൽ അസാദ്ധ്യമായിരിക്കുകയും നമ്മെത്തന്നേയും നമ്മുടെ സൽപ്രവൃത്തികളേയും ആശ്രയിക്കാൻ പാടില്ലാതിരിക്കുകയും ചെയ്യുമ്പോൾ ദൈവകൃപ നമ്മിൽ അധിവസിക്കുന്നുവോ ഇല്ലയോ എന്ന് നമ്മുടെ ജീവിതം വെളിവാക്കും. നമ്മുടെ സ്വഭാവത്തിലും ശീലങ്ങളിലും ഉദ്യമങ്ങളിലും ഒരു മാറ്റം ദൃശ്യമായിരിക്കും. മുമ്പിലത്തെ ജീവിതത്തിനും ഇപ്പോഴുള്ളതിന്നും തമ്മിലുള്ള വ്യത്യാസം സ്പഷ്ടവും ഖണ്ഡിതവുമായിരിക്കും. അപ്പോൾ നമ്മുടെ സ്വഭാവവും ഇടക്കിടേയുള്ള സൽക്കർമ്മങ്ങളും കൊണ്ടല്ല പിന്നെയോ തുടർച്ചയായ സൽക്കർമ്മങ്ങൾ കൊണ്ടു തന്നെ വെളിപ്പെട്ടുവരും.

**(2). എങ്ങിനെയാണ് മനസുപുതുക്കി നാം രൂപാന്തരപ്പെട്ടത് ?**

***"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു" (2 കൊരി: 5:17)***

ക്രിസ്തുവിന്റെ നവീകരണ ശക്തികൂടാതെ ചില മനുഷ്യർ സ്വന്തം പരിശ്രമങ്ങളാൽ തങ്ങളുടെ ജീവിതത്തിൽ ഒരു ബാഹ്യമായ മാറ്റം വരുത്താറുണ്ട്. സ്ഥാനമാറ്റങ്ങൾക്കായുള്ള ആർത്തി ക്രമീകൃതമായ ഒരു ജീവിതം ഉളവാക്കിയേക്കാം. സ്വാഭിമാനം ചിലപ്പോൾ നമ്മെ ദോഷം വിട്ടകലുവാൻ ഇടയാക്കും. സ്വാർത്ഥത നിറഞ്ഞ ഹൃദയമുള്ള ഒരു മനുഷ്യൻ ഏതാനും ഉദാര കൃത്യങ്ങൾ ചെയ്തേക്കാം. അങ്ങനെയായാൽ നാം ആരുടെ പക്ഷത്താണെന്നു എങ്ങനെ മനസ്സിലാക്കാം?

നമ്മുടെ ഹൃദയം ആർ കരസ്ഥമാക്കിയിരിക്കുന്നു? നമ്മുടെ നിരൂപണങ്ങൾ ആരെപ്പറ്റിയാകുന്നു? ആരോടാണ് നാം സംഭാഷിപ്പാൻ ഇഷ്ടപ്പെടുന്നത്? നമ്മുടെ സ്നേഹ ബഹുമാനങ്ങളും ശക്തികളും കവർന്നെടുത്തിരിക്കുന്നത് ആരാകുന്നു? നാം ക്രിസ്തുവിന്നുള്ളവരാകുന്നുവെങ്കിൽ നമ്മുടെ നിരൂപണങ്ങൾ അവനോടു ചേർന്നിരിക്കുകയും അവനെക്കുറിച്ചുള്ള ചിന്ത നമ്മുടെ പ്രമോദം ആയിരിക്കയും ചെയ്യും. നാമും നമ്മുടെ സർവ്വസ്വവും അവന്നു പ്രതിഷ്ഠിതമല്ലോ. അതിനാൽ നാം അവന്റെ സാദൃശ്യം വഹിപ്പാനും അവന്റെ ആത്മാവിനെ വിശ്വസിപ്പാനും അവന്റെ ഇഷ്ടം ചെയ്‌വാനും എല്ലാ വിഷയത്തിലും അവനെ പ്രസാദിപ്പിപ്പാനും സദാ വാഞ്ചിക്കും.

**(3). നാം യഥാർത്ഥമായി വീണ്ടുംജനിച്ചിട്ടുണ്ടെങ്കിൽ, എന്ത് സ്വഭാവ വിശേഷണങ്ങൾ നമ്മിൽ പ്രതിഫലിച്ചു കാണപ്പെടും ?**

***"ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൌമ്യത, ഇന്ദ്രിയജയം; ഈ വകെക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല" (ഗലാ:5:22-23)***

ക്രിസ്തുവിൽ പുതു സൃഷ്ടികളായിത്തീരുന്നവരുടെ ജീവിതത്തിൽ ആത്മാവിൻ ഫലമാകുന്ന "സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ,

പരോപകാരം, വിശ്വസ്തത, സൌമ്യത, ഇന്ദ്രിയജയം" (ഗല. 5:22,23) എന്നിവ തെളിഞ്ഞു വിളങ്ങുന്നതാണ്. അവൻ ചതിമോഹങ്ങളാൽ വഞ്ചിക്കപ്പെടുകയോ തങ്ങളുടെ മുമ്പിലത്തെ നടത്തിപ്പുപോലെ നടക്കുകയോ ചെയ്യാതെ ദൈവപുത്രങ്കലെ വിശ്വാസംമൂലം അവന്റെ കാൽചുവടുകളെ അനുകരിക്കയും അവന്റെ സ്വഭാവഗുണങ്ങളെ പ്രതിബിംബിച്ചുകൊണ്ട് അവൻ നിർമ്മലനായിരിക്കുന്നതുപോലെ തങ്ങളെത്തന്നെ നീതികരിക്കുകയും ചെയ്യുന്നു. അവർ പണ്ടുപകച്ചതിനെ ഇപ്പോൾ സ്നേഹിക്കുന്നു. അന്നു സ്നേഹിച്ചതിനെ ഇപ്പോൾ പകക്കുന്നു. ഗർവ്വികളും തന്നിഷ്ടക്കാരും ആയിരുന്നവർ താഴ്മയും ശാന്തശീലവും ഉള്ളവരായി തീരുന്നു. അഹങ്കാരികളും പൊങ്ങച്ചക്കാരുമായിരുന്നവർ നല്ല ഘനശീലരും അച്ചടക്കമുള്ളവരും ആയി വരുന്നു. മദ്യപാനി സുബുദ്ധിയുള്ളവനും ദുർന്നടപ്പുക്കാരൻ വിശുദ്ധനുമായി മാറിപ്പോകുന്നു. ലൌകീകാലങ്കാരങ്ങളും വ്യർത്ഥമായ പഴക്കവഴക്കങ്ങളും അവർ പാടെ പരിത്യജിക്കുന്നു. ക്രിസ്ത്യാനികളുടെ അലങ്കാരം പുറമെയുള്ളതല്ല. "സൌമ്യതയും സാവധാനതയുമുള്ള മനസ്സു എന്ന അക്ഷയ ഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ" തന്നെ ആയിരിക്കേണം. (1 പത്രോ. 3:3, 4)

**(4). വീണ്ടും ജനിച്ചതിനുശേഷം നമ്മൾ തെറ്റുചെയ്തവരോട് നാം എങ്ങനെ ആയിരിക്കുവാനാണ് ആഗ്രഹിക്കുന്നത്?**

***"സക്കായിയോ നിന്നു കർത്താവിനോടു: കർത്താവേ, എന്റെ വസ്തുവകയിൽ പാതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നുണ്ടു; വല്ലതും ചതിവായി വാങ്ങീട്ടുണ്ടെങ്കിൽ നാലുമടങ്ങു മടക്കിക്കൊടുക്കുന്നു എന്നു പറഞ്ഞു" (ലൂക്കോ:19:8)***

ജീവിതനവീകരണം കൈവരുത്താത്ത മാനസാന്തരം യഥാർത്ഥമല്ല. താൻ വാങ്ങിയപണം മടക്കിക്കൊടുക്കുകയും അപഹരിച്ചമുതൽ തിരിച്ചുകൊടുക്കുകയും തന്റെ പാപം ഏറ്റുപറകയും ദൈവത്തേയും കൂട്ടുക്കാരനേയും സ്നേഹിക്കുകയും ചെയ്യുന്നു എങ്കിൽ ഒരു പാപിക്കു താൻ മരണത്തിൽനിന്നു

ജീവനിലേക്കു പ്രവേശിച്ചിരിക്കുന്നു എന്ന് തീരുമാനിക്കാം.

പാപികളും പിഴയാളികളുമായി നാം യേശുകർത്താവിന്റെ അടുക്കൽചെന്ന് അവന്റെ പാപമോചന കൃപയ്ക്ക് ആംശികളായിത്തീരുന്നതോടുകൂടി നമ്മുടെ ഉള്ളിൽ സ്നേഹ ഉറവകൾ പൊട്ടിപ്പുറപ്പെടുന്നു. അപ്പോൾത്തന്നെ നമ്മുടെ ഭാരങ്ങൾ ലഘുവായിത്തീരുന്നു. കാരണം ക്രിസ്തു നമ്മുടെ മേൽവയ്ക്കുന്ന നുകം മൃദുവായതാകുന്നു. അപ്പോൾ നമ്മുടെ അകൃത്യങ്ങൾ നമ്മുക്ക് സന്തോഷകരവും നാം അനുഷ്ഠിക്കേണ്ടി വരുന്ന ത്യാഗം ആനന്ദപ്രദവുമായിരിക്കും. മുമ്പ് നമ്മുക്ക് ഇരുട്ടായി തോ ന്നിയിരുന്ന മാർഗ്ഗം ഇപ്പോൾ നീതിസൂര്യന്റെ പ്രഭാകിരണങ്ങളാൽ പ്രകാശിതമായിരിക്കും.

**(5). ക്രിസ്തുയേശുവിന്റെ കൃപയാൽ ലഭിച്ച പുതിയ ഹൃദയത്തിൽ നിറവായും, പാരിണാമമായും ഒഴുകുന്ന സ്നേഹത്തിന്റെ ഉറവിടം ആരാണ് ?**

***"എന്നാൽ ഞങ്ങൾക്കു നിങ്ങളോടുള്ള സ്നേഹം വർദ്ധിക്കുന്നതുപോലെ കർത്താവു നിങ്ങൾക്കു തമ്മിലും എല്ലാവരോടുമുള്ള സ്നേഹം വർദ്ധിപ്പിച്ചു കവിയുമാറാക്കുകയും" (1തെസ്സ:3:12)***

ക്രിസ്തുവിന്റെ സ്വഭാവമാഹാത്മ്യം അവന്റെ അനുഗാമികളിലും കാണായ് വരും. പിതാവിന്റെ ഇഷ്ടം നിവർത്തിക്കുന്നത് അവന്റെ പ്രമോദമായിരുന്നു. ദൈവത്തോടുള്ള സ്നേഹം അവന്റെ മഹത്വത്തിനായുള്ള തീഷ്ണത ഇവ രണ്ടുമാണ് നമ്മുടെ രക്ഷിതാവിന്റെ ജീവിതത്തെ നിയന്ത്രിച്ചത്. സ്നേഹം അവന്റെ സകലപ്രവർത്തികളേയും അലങ്കരിച്ചു മഹത്വപ്പെടുത്തി. സ്നേഹം ദൈവത്തിൽ നിന്നുള്ളതാകുന്നു. പ്രതിഷ്ഠിക്കപ്പെടാത്ത ഹൃദയത്തിന്നു അത് ഉല്പാദിപ്പിപ്പാൻ കഴികയില്ല. യേശുകർത്താവ് അധിവസിക്കുന്ന ഹൃദയത്തിൽ മാത്രമെ അത് കാണപ്പെടുകയുള്ളു. "അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ടു നാം സ്നേഹിക്കുന്നു." (1 യോഹ. 4:19) സ്നേഹം

ദിവ്യകൃപയാൽ നവമാക്കപ്പെട്ട ആത്മാവിന്റെ സകലപ്രവർത്തികൾക്കും ആധാരമായിരിക്കും. അത് സ്വഭാവത്തെ പരിഷ്ക്കരിക്കുകയും വികാരങ്ങളെ ഭരിക്കയും അഭിലാഷങ്ങളെ നിയന്ത്രിക്കുകയും ശത്രുതയെ ജയിച്ചടക്കുകയും അഭിവാഞ്ജകളെ ജയിച്ചടക്കുകയും ചെയ്യുന്നു. ഇങ്ങനെ ഹൃദയത്തിൽ സൂക്ഷിച്ചുപോരുന്ന ഈ സ്നേഹജീവിതത്തെ മാധുര്യമുള്ളതാക്കിത്തീർക്കുകയും ചുറ്റുപാടും ഒരു ഗുണീകരണ ശക്തി പരത്തുകയും ചെയ്യുന്നു.

**(6). ദൈവത്തോടുള്ള നമ്മുടെ സ്നേഹം പ്രകടമാക്കുവാൻ എന്ത് ചെയ്യുവാനാണ് നാം ആഗ്രഹിക്കുന്നത് ?**

***"നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും" (യോഹ:14:15)***

**(7). ക്രിസ്തുവിന്റെ ശക്തിയാലുള്ള അനുസരണം എന്തുകൊണ്ട്, അവനുമായുള്ള നമ്മുടെ ബന്ധത്തിൽ അത്യാവശ്യമാണ് ?**

***" അവനെ അറിഞ്ഞിരിക്കുന്നു എന്നു പറകയും അവന്റെ കല്പനകളെ പ്രമാണിക്കാതിരിക്കയും ചെയ്യുന്നവൻ കള്ളൻ ആകുന്നു; സത്യം അവനിൽ ഇല്ല" (1 യോഹ:2:4)***

ദൈവമക്കൾ-വിശേഷാൽ നൂതനമായി അവന്റെ കൃപയെ ആശ്രയിച്ചു തുടങ്ങിയവർ തന്നെ-കുടുങ്ങിപ്പോകാൻ പാടില്ലാത്ത രണ്ടു അബദ്ധങ്ങൾ ഉണ്ട്. അവയിൽ ഒന്നാമത്തേതു മേൽപ്രസ്താവിച്ച പ്രകാരം, ദൈവത്തോടുള്ള നിരപ്പു സമ്പാദിക്കുവാൻ തങ്ങളുടെ സ്വന്ത പ്രവൃത്തികളിൽ ആശ്രയിക്കുക എന്നതാണ്. സ്വന്തശ്രമത്താൽ ന്യായപ്രമാണം അനുസരിച്ചു വിശുദ്ധീകരണം പ്രാപിപ്പാൻ ആഗ്രഹിക്കുന്നവൻ അതിന്നുവേണ്ടി കഴിക്കുന്ന പ്രയത്നം വ്യർത്ഥമത്രെ. കാരണം അത് ഒരു കാലത്തും സാദ്ധ്യമല്ല. ക്രിസ്തുവിനെക്കൂടാതുള്ള മനുഷ്യന്റെ പ്രവൃത്തികളെല്ലാം സ്വാർത്ഥതയും പാപവും കൊണ്ട് മലിനമാകുന്നു.

ക്രിസ്തുവിന്റെ കൃപയ്ക്കു മാത്രമെ വിശ്വാസംമൂലം നമ്മെ ശുദ്ധരാക്കുവാൻ കഴികയുള്ളു.

രണ്ടാമത്തെ അബദ്ധം ഒന്നാമത്തേതിനോടു ഘടകവിരുദ്ധവും കൂടുതൽ ആപല്ക്കരവുമാകുന്നു. അത് യേശു ക്രിസ്തുവിലുള്ള വിശ്വാസംമൂലം നാം ദൈവകല്പനാനുസരണത്തിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു എന്നും അതിനാൽ മോക്ഷ പ്രാപ്തിക്കു വിശ്വാസം മാത്രമല്ലാതെ പ്രവൃത്തികൾ ആവശ്യമില്ലെന്നുമുള്ള ധാരണയും ഉപദേശവും തന്നെ.

**(8). വീണ്ടും ജനിക്കുമ്പോൾ ക്രിസ്തു നമ്മിൽ എന്തുചെയ്യുമെന്ന വാഗ്ദത്തമാണ് നൽകിയിരിക്കുന്നത് ?**

***"ഈ കാലം കഴിഞ്ഞശേഷം ഞാൻ അവരോടു ചെയ്‌വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു: എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും എന്നു കർത്താവിന്റെ അരുളപ്പാടു" (എബ്രാ:10:16)***

എന്നാൽ അനുസരണമെന്നത് വെറും ബാഹ്യമായ പ്രവൃത്തിയല്ല. പ്രത്യുത അത് സ്നേഹനിർഭരമായ ശുശ്രൂഷയാകുന്നു. ദൈവീക ന്യായപ്രമാണം അഥവാ ദൈവകല്പനയെന്നത് അവന്റെ പ്രകൃതിയുടെ വെളിപ്പാടാകുന്നു. ദിവ്യസ്നേഹത്തിൽ അധിഷ്ഠിതമായ ആ കല്പനകൾ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള ദൈവത്തിന്റെ ആധിപത്യാടിസ്ഥാനമാകുന്നു. ദൈവസാദൃശ്യത്തിൽ നമ്മുടെ ഹൃദയം പുതുക്കപ്പെടുകയും അതിന്റെ അന്തർഭാഗത്ത് ദൈവസ്നേഹം സ്ഥാപിതമാകുകയും ചെയ്താൽ നാം ദിവ്യന്യായപ്രമാണത്തിലെ ആജ്ഞകൾ അനുസരിക്കാതിരിക്കുമോ? സ്നേഹത്തിന്റെ പ്രമാണം ഒരു മനുഷ്യന്റെ ഹൃദയത്തിൽ ഉൾനടപ്പെടുകയും തന്നെ സൃഷ്ടിച്ചവന്റെ സാദൃശ്യത്തിന്നനുസാരമായി അവൻ പുതുക്കപ്പെടുകയും ചെയ്യുമ്പോൾ; "എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും" (എബ്രാ. 10:16) എന്ന പുതിയനിയമ വാഗ്ദത്തം അവരിൽ നിവൃത്തിയായി വരും. ന്യായപ്രമാണം അവരുടെ

ഹൃദയങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നുവെങ്കിൽ അത് അവരുടെ മുൻനടപ്പുകളെ ഭേദപ്പെടുത്താതിരിക്കുമോ? സ്നേഹത്തിന്റെ ശുശ്രൂഷയും അതുകൊണ്ടുള്ള സഖ്യതയുമായിരിക്കുന്ന അനുസരണമാണ് ശിഷ്യത്വത്തിന്റെ യഥാർത്ഥ അടയാളം. തിരുവെഴുത്തുകൾ ഇപ്രകാരം പറയുന്നു:- “അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം.” “അവനെ അറിഞ്ഞിരിക്കുന്നു എന്ന് പറകയും അവന്റെ കല്പനകളെ പ്രമാണിക്കാതിരിക്കുകയും ചെയ്യുന്നവൻ കള്ളൻ ആകുന്നു; സത്യം അവനിൽ ഇല്ല.” (1 യോഹ. 5:3,4) അതിനാൽ ക്രിസ്തുവിലെ വിശ്വാസം നമ്മെ ന്യായപ്രമാണാനുസരണത്തിൽ നിന്ന് ഒഴിവാക്കുന്നതിനു (സ്വതന്ത്രരാക്കുന്നതിനു) പകരം അവയെ അനുസരിപ്പാൻ നമ്മെ പ്രാപ്തരാക്കുന്ന ദൈവകൃപ നമ്മുക്ക് പകർന്നുതരികയാണ് ചെയ്യുന്നത്.

**(9). നമ്മൾ സേവിക്കുന്ന യജമാനന്റെ ഒരു സൂചകം എന്താണ് ?**

***“അവരുടെ ഫലങ്ങളാൽ നിങ്ങൾക്കു അവരെ തിരിച്ചറിയാം; മുള്ളുകളിൽനിന്നു മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽനിന്നു അത്തിപ്പഴവും പറിക്കുമാറുണ്ടോ?” (മത്താ:7:16)***

***“ആകയാൽ അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയും” (മത്താ:7:20)***

നമ്മുടെ അനുസരണം കൊണ്ടല്ല നാം രക്ഷ പ്രാപിക്കുന്നത്. രക്ഷയെന്നത് വിശ്വാസംമൂലം ദൈവത്തിന്റെ സൌജന്യദാനമത്രെ. എന്നാൽ അനുസരണം എന്നതോ വിശ്വാസത്തിന്റെ ഫലമാകുന്നു. “പാപങ്ങളെ നീക്കുവാൻ അവൻ പ്രത്യക്ഷനായി എന്ന് നിങ്ങൾ അറിയുന്നു; അവനിൽ പാപം ഇല്ല, അവനിൽ വിശ്വസിക്കുന്നവൻ ആരും അവനെ കണ്ടിട്ടില്ല, അറിഞ്ഞിട്ടുമില്ല.” (1 യോഹ. 3:5,6) ഇതത്രെ ശിഷ്യത്വത്തിന്റെ യഥാർത്ഥശോധന. നാം ക്രിസ്തുവിൽ വസിക്കുകയും ദൈവസ്നേഹം നമ്മിൽ സ്ഥിതിചെയ്യുകയും ചെയ്യുന്നു എങ്കിൽ

നമ്മുടെ അനുഭവങ്ങളും വിചാരങ്ങളും ക്രിയകളുമെല്ലാം ദൈവത്തിന്റെ ന്യായപ്രമാണം വെളിവാക്കുന്ന അവന്റെ തിരുഹിതത്തിനു അനുയോജ്യമായിരിക്കും. “കുഞ്ഞുങ്ങളെ ആരും നിങ്ങളെ തെറ്റിക്കരുത്; അവൻ നീതിമാനായിരിക്കുന്നത് പോലെ നീതി ചെയ്യുന്നവൻ നീതിമാൻ ആകുന്നു.” (1 യോഹ. 3:7) സീനായ് പർവ്വതത്തിൽ വച്ചുകൊടുക്കപ്പെട്ട ദശവാക്യങ്ങളിൽ അടങ്ങിയിരിക്കുന്ന ദിവ്യപ്രമാണങ്ങളുടെ അനുസരണമാണ് നീതി.

**(10). കർത്താവിനു നമ്മുടെ ഹൃദയം കൊടുത്തതിനു ശേഷം തുല്യമായി നമ്മിൽ ഉണ്ടാകേണ്ട ഏറ്റവും പ്രധാനപ്പെട്ട രണ്ടു ഘടകങ്ങൾ ഏതെല്ലാമാണ് ?**

***“അങ്ങനെ വിശ്വാസവും പ്രവൃത്തികളില്ലാത്തതായാൽ സ്വതവെ നിർജ്ജീവമാകുന്നു:” (യാക്കോ:2:17)***

ദൈവത്തെ അനുസരിക്കുന്നതിനുള്ള ചുമതലയിൽനിന്ന് മനുഷ്യരെ ഒഴിവാക്കുന്ന വിശ്വാസം സാക്ഷാൽ വിശ്വാസമല്ല. പിന്നെയോ വെറും തോന്നിയവാസമാണ്. “കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്.” (എഫെ 2:8) എന്നാൽ വിശ്വാസവും പ്രവൃത്തികളില്ലാത്തതായാൽ “സ്വതവെ നിർജ്ജീവമാകുന്നു.” (യാക്കോ. 2:17) ഈ ലോകത്തിലേക്ക് വരുന്നതിന് മുമ്പ് യേശു തന്നെക്കുറിച്ചു തന്നെ “എന്റെ ദൈവമേ, നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ പ്രിയപ്പെടുന്നു. നിന്റെ ന്യായപ്രമാണം എന്റെ ഉള്ളിൽ ഇരിക്കുന്നു” (സങ്കീ. 40:8) എന്ന് പറഞ്ഞിരിക്കുന്നു. അതിനാൽ പിന്നെ അവൻ സ്വർഗ്ഗത്തിലേക്ക് മടങ്ങിപ്പോകുന്നതിനു അല്പം മുമ്പായി “ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ചു അവന്റെ സ്നേഹത്തിൽ വസിക്കുന്നു” (യോഹ. 15:10) എന്ന് പ്രസ്താവിച്ചു. ആ മാതൃക അനുസരിച്ചു ക്രിസ്ത്യാനികളും ദൈവത്തിന്റെ കല്പന അനുസരിപ്പാൻ കടപ്പെട്ടിരിക്കുന്നുവെന്നു തിരുവെഴുത്തുകൾ പിൻവരുമാറു തെളിയിക്കുന്നു:- “അവന്റെ കല്പനകളെ പ്രമാണിക്കുന്നു എങ്കിൽ നാം അവനെ അറിഞ്ഞിരിക്കുന്നു എന്ന് അതിനാൽ

അറിയുന്നു...........അവനിൽ വസിക്കുന്നു എന്ന് പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു." (1 യോഹ. 2:3-6) "ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു നിങ്ങൾ അവന്റെ കാൽചുവടു പിന്തുടരുവാൻ ഒരു മാതൃകവെച്ചേച്ചു പോയിരിക്കുന്നു." (1 പത്രോ. 2:21)

**(11). വിശ്വാസ ജീവിതത്തിലും ശുശ്രൂഷയിലും നിങ്ങൾ ആരുടെ മാതൃകയാണ് പിന്തുടരേണ്ടത് ?**

***"അതിന്നായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നതു. ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു"(1 പത്രോ:2:21)***

**(12). എന്തിനുവേണ്ടി വിശക്കുകയും ദഹിക്കുകയും ചെയുന്നവരെയെയാണ് കർത്താവ് തൃപ്തിപ്പെടുത്തും എന്ന് വാഗ്ദത്തം ചെയ്തിരിക്കുന്നത് ?**
***"നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്കു തൃപ്തിവരും" (മത്താ:5:6)***

നിത്യജീവൻ പ്രാപിപ്പാനുള്ള ആദ്യവ്യവസ്ഥ ഇന്നും നിലവിലിരിക്കുന്നുണ്ട്. അതെ നമ്മുടെ ആദ്യ മാതാപിതാക്കന്മാർ പിഴക്കുന്നതിനുമുമ്പ് പരദീസായിൽ വച്ചു നല്കപ്പെട്ട അതെ വ്യവസ്ഥ തന്നെയാണ് ഇന്നും ഉള്ളത്. ആ വ്യവസ്ഥ ദൈവകല്പനയുടെ പൂർണ്ണമായ അനുസരണം അഥവാ പരിപൂർണ്ണ നീതി പാലിക്കുക എന്നുള്ളത് തന്നെ. നിത്യജീവലബ്ധിക്കുള്ള ഈ വ്യവസ്ഥയിൽ അല്പമെങ്കിലും അയവു വരുത്തിയിരുന്നുവെങ്കിൽ അത് അഖില ലോകങ്ങൾക്കും നാശഹേതുകമായിരുന്നു. കാരണം, ദൈവത്തിന്റെ ദശ വാക്യപ്രമാണം അഖില ലോകങ്ങൾക്കുമായുള്ളതാകയാൽ അതിന്റെ അനുസരണത്തിൽ വരുത്തുന്ന അയവു അഖില ലോകവാസികൾക്കും ആ പ്രമാണം ലംഘിപ്പാനുള്ള സ്വാതന്ത്ര്യം നല്കുകയും തദ്വാരാ അഖിലലോകങ്ങളും പാപത്തിലാണ്ടുപോകയും

ചെയ്യുമായിരുന്നു. അങ്ങനെ പാപം അതിന്റെ സകല വിധമായ കഷ്ടാരിഷ്ടതകളോടുകൂടി ശാശ്വതീകരിക്കപ്പെടുകയും ചെയ്യുമായിരുന്നു.

**(13). നാം ഓരോരുത്തർക്കും ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്ന പദവി എന്താണ് ?**

***"അവയാൽ അവൻ നമുക്കു വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളും നല്കിയിരിക്കുന്നു. ഇവയാൽ നിങ്ങൾ ലോകത്തിൽ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ടു ദിവ്യസ്വഭാവത്തിന്നു കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു" (2 പത്രോ:1:4)***

**(14). ക്രിസ്തുവിന്റെ രക്തത്താൽ, കൃപയാൽ നമുക്ക് ലഭ്യമാകുന്ന രണ്ടു ദാനങ്ങൾ എന്തെല്ലാം ?**

***"അവനിൽ നമുക്കു അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പു ഉണ്ടു" (എഫേ:1:7)***

ആദാമിന്നു അവന്റെ വീഴ്ചയ്ക്കു മുമ്പ് ദൈവകല്പനാനുസരണം മൂലം നീതിപൂർവ്വകമായ ഒരു സ്വഭാവം രൂപീകരിച്ചുകൊള്ളാമായിരുന്നു. എന്നാൽ അവൻ അത് ചെയ്തില്ല. അവൻ കല്പന ലംഘിച്ചു പാപം ചെയ്തു. തന്മൂലം നാമും പാപസ്വഭാവമുള്ളവരായിത്തീർന്നു. നമ്മുക്ക് നമ്മെത്തന്നെ നീതിമാന്മാരാക്കുവാൻ കഴികയുമില്ല. നാം പാപികളും അശുദ്ധരുമാകയാൽ ഒരു വിശുദ്ധ പ്രമാണത്തെ പൂർണ്ണമായി അനുസരിപ്പാനും കഴിയുന്നില്ല. ദൈവകല്പനയുടെ ആവശ്യങ്ങളെ നിറവേറ്റുവാൻ നമ്മുക്ക് സ്വന്തമായ ഒരു നീതിയില്ലല്ലോ. എന്നാൽ ക്രിസ്തു നമ്മുക്ക് ഒരു പോം വഴി സമ്പാദിച്ചു തന്നിരിക്കുന്നു. അവൻ ഈ ലോകത്തിൽ നമ്മെപ്പോലെ സകലവിധ കഷ്ടാരിഷ്ടതകൾക്കും പരീക്ഷകൾക്കും വിധേയനായി ജീവിച്ചു എങ്കിലും അവന്റെ ജീവിതം പരിപൂർണ്ണമായും പാപരഹിതമായിരുന്നു. അവൻ നമ്മുക്ക് വേണ്ടി മരിച്ചു. ഇപ്പോഴൊ നമ്മുടെ

പാപങ്ങളെ ഏറ്റുകൊണ്ട് അവന്റെ നീതി നമ്മുക്ക് പകർന്നുതരാമെന്നു അവൻ വാഗ്ദാനം ചെയ്യുന്നു. നിന്നെത്തന്നെ അവന്നു ഏല്പിച്ചു അവനെ നിന്റെ രക്ഷിതാവായി അംഗീകരിക്കുന്നതായാൽ നിന്റെ ജീവിതം പാപസമ്പൂർണ്ണമായിരുന്നിട്ടുള്ളതാണെങ്കിലും അവന്റെ നിമിത്തം നീ നീതിമാനെന്നു എണ്ണപ്പെടുന്നു. ക്രിസ്തുവിന്റെ സ്വഭാവം നിന്റെ സ്വഭാവത്തിന്നു പകരം നിൽക്കുന്നതിനാൽ ദൈവം നിന്നെ ഒരു പാപവും ചെയ്യാത്തവനെന്നപ്പോലെ അംഗീകരിക്കുന്നു.

**(15). ക്രിസ്തുവിൽ നമ്മുടെ വീണ്ടും ജനനത്തിനു ശേഷം ഏതുവിധത്തിലെയാണ് അവനിൽ വസിക്കുകയും വളരുകയും ചെയ്യേണ്ടത് ?**

**"ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നതു" (ഗലാ:2:20)**

ഇതുകൂടാതെ ക്രിസ്തു നിന്റെ ഹൃദയത്തെ മാറ്റുകയും ചെയ്യുന്നു. അവൻ വിശ്വാസംമൂലം നിന്റെ ഹൃദയത്തിൽ അധിവസിക്കുന്നു. വിശ്വാസത്താലും ദിനംപ്രതി നിന്റെ ഇഷ്ടത്തെ അവന്നു കീഴ്പ്പെടുത്തി കൊടുക്കുന്നതിനാലും നീ ക്രിസ്തുവിനോടുള്ള ഈ ബന്ധം നിലനിർത്തിക്കൊള്ളണം. ഇത് നീ ചെയ്യുന്ന കാലത്തോളം അവൻ "ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും എന്നിൽ തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കും." അപ്പോൾ നിനക്ക് "ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്ക് വേണ്ടി തന്നത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത് (ഗലാ. 2:20) എന്ന് സാക്ഷിപ്പാൻ കഴിയും. തന്നിമിത്തമാണ് യേശു തന്റെ ശിഷ്യന്മാരോടു:- "പറയുന്നത് നിങ്ങളല്ല നിങ്ങളിൽ പറയുന്ന നിങ്ങളുടെ പിതാവിന്റെ ആത്മാ വത്രേ" വന്നു

പറഞ്ഞിരിക്കുന്നത്. ഇപ്രകാരം ക്രിസ്തു നിങ്ങളിൽ പ്രവർത്തിക്കുന്നതായാൽ നിങ്ങൾ അതെ ആത്മാവിനെ പ്രകടിപ്പിക്കുകയും അതെ പ്രവൃത്തികൾ അതായത് അനുസരണം എന്ന നീതി പ്രവൃത്തികൾ തന്നെ ചെയ്യുകയും ചെയ്യും.

ഇങ്ങനെ പ്രശംസാർഹമായി നമ്മിൽ തന്നെ യാതൊന്നുമില്ല എന്ന് നാം ഗ്രഹിക്കുന്നു. തന്നത്താൻ ഉയർത്തുവാനും നമ്മിലൊന്നുമില്ല. നമ്മുടെ പ്രത്യാശയ്ക്കുള്ള ഏക ആധാരം നമ്മുക്ക് പകർന്നു തന്ന ക്രിസ്തുവിന്റെ നീതിയും നമ്മിലും നമ്മിൽകൂടിയും നടത്തപ്പെടുന്ന അവന്റെ ആത്മാവിന്റെ പ്രവർത്തനവുമാകുന്നു.

**(16). ദൈവഭക്തിയും വിശ്വാസവും വ്യത്യസ്തമാണെന്ന് വെളിപ്പെടുത്തുന്ന ഈ വാക്യത്തിലെ പ്രസ്താവന ഏതാണ് ?**

***"ദൈവം ഏകൻ എന്നു നീ വിശ്വസിക്കുന്നുവോ; കൊള്ളാം; പിശാചുകളും അങ്ങനെ വിശ്വസിക്കയും വിറെക്കയും ചെയ്യുന്നു" (യാക്കോ:2:19)***

വിശ്വാസത്തെക്കുറിച്ചു നാം സംസാരിക്കുമ്പോൾ മനസ്സിൽ ഓർത്തുകൊള്ളേണ്ട ഒരു പ്രത്യേകതയുണ്ട്. സാക്ഷാൽ വിശ്വാസത്തിൽ നിന്ന് വ്യതസ്തമായ ഒരു തരം വിശ്വാസമുണ്ട്. ദൈവത്തിന്റെ ആസ്തിക്യം അവന്റെ ദിവ്യശക്തി, വചനത്തിന്റെ യാഥാർത്ഥ്യം ഇവയെല്ലാം സാത്താനും അവന്റെ സൈന്യത്തിനും മറുത്തു പറവാൻ കഴിയാത്ത സത്യങ്ങൾ ആകുന്നു. "പിശാചുക്കളും അങ്ങനെ വിശ്വസിക്കയും വിറെക്കയും ചെയ്യുന്നു." (യാക്കോ. 2:19) എന്ന് വേദപുസ്തകത്തിലും പറയപ്പെട്ടിരിക്കുന്നുവല്ലൊ. എന്നാൽ അത് യഥാർത്ഥ വിശ്വാസം അല്ല. പ്രത്യുത യഥാർത്ഥ സംഗതികളെക്കുറിച്ചുള്ള ഒരു സമ്മതം മാത്രമാണ്. ഇങ്ങനെ ദൈവവചനത്തിന്റെ യഥാർത്ഥങ്ങളെ സമ്മതിക്കുക മാത്രമല്ല മുഴുമനസ്സും അവന്റെ തിരുഹിതത്തിന്നു അധീനമാക്കി കൊടുക്കുകയും ഹൃദയം അവനിൽ സമർപ്പിച്ചിട്ടു അതിന്റെ വാഞ്ചകൾ അവനിൽ ഉറപ്പിക്കുകയും ചെയ്യുന്നതാണ്

സ്നേഹത്താൽ വ്യാപരിച്ചിട്ട് ആത്മാവിനെ നിർമ്മലീകരിക്കുവാൻ പര്യാപ്തവുമായ സത്യവിശ്വാസം. ഈ വിശ്വാസംമൂലം ഹൃദയം ദൈവസാദൃശ്യത്തിൽ പുതുക്കപ്പെടുന്നു. ഇങ്ങനെ പുതുക്കം പ്രാപിക്കാത്ത നിലയിൽ ദൈവത്തിന്റെ ന്യായപ്രമാണത്തിനു കീഴ്പ്പെടാതിരുന്നതും കീഴ്പ്പെടാൻ കഴിയാത്തതുമായ ഹൃദയം ഇപ്പോൾ അതിൽ രസിക്കയും സങ്കീർത്തനക്കാരനോടൊന്നിച്ചു "നിന്റെ ന്യായപ്രമാണം എനിക്ക് എത്രയോപ്രിയം ഇടവിടാതെ അത് എന്റെ ധ്യാനമാകുന്നു" (സങ്കീ. 119:97) എന്ന് ഏറ്റു പറഞ്ഞു കൊണ്ട് അതനുസരിക്കയും ചെയ്യുന്നു.

**(17). നമ്മുടെ സ്വഭാവത്തെ ഉത് കൃഷ്ടമാക്കുന്നതിൽ കർത്താവ് എത്രത്തോളം ക്ഷമയോടെ കാത്തിരിക്കും ?**

***"നിങ്ങളിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികെക്കും എന്നു ഉറപ്പായി വിശ്വസിച്ചുമിരിക്കുന്നു" (ഫിലി:1:4)***

ഇങ്ങനെ ജഡത്തെയല്ല ആത്മാവിനെ അനുസരിച്ചു നടക്കുന്ന നമ്മിൽ ന്യായപ്രമാണത്തിന്റെ നീതി നിവൃത്തിയാകുന്നു." (റോമ. 8:4) ക്രിസ്തുവിന്റെ പാപവിമോചന സ്നേഹം ആസ്വദിച്ചറികയും ദൈവമക്കളായിത്തീരുവാൻ വാസ്തവമായി ആഗ്രഹിക്കുകയും ചെയ്യുന്ന പലരും തങ്ങളുടെ സ്വഭാവം അപൂർണ്ണവും ജീവിതം കൂറുള്ളതുമാണെന്ന് ചിന്തിച്ചുകൊണ്ട് തങ്ങളുടെ ഹൃദയം വിശുദ്ധാത്മാവിനാൽ പുതുക്കപ്പെട്ടുവോ ഇല്ലയോ എന്ന് സംശയിക്കുന്നു. അങ്ങനെയുള്ളവരോട്: നിങ്ങൾ നിരാശപ്പെട്ടു പിന്മാറിപ്പോകരുതെ, എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. നമ്മുടെ കുറ്റങ്ങളും കുറവുകളും നിമിത്തം നാം കൂടക്കൂടെ കർത്താവിൻറെ തൃപ്പാദത്തിങ്കൽ ചെന്ന് തലകുനിച്ചു വിലപിക്കേണ്ടിവരും; എങ്കിലും നാം അധൈര്യപ്പെട്ടുകൂടാ.

**(18). ജീവിതാന്തത്തോളമുള്ള സഭാവരൂപീകരണത്തിൽ അറിയാതെ നാം പാപം ചെയ്താൽ, നമ്മുടെ**

**നീതീകരണത്തിനായ് നൽകിയിരിക്കുന്ന മഹത് വാഗ്ദത്തം എന്താണ് ?**

***"എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്കു എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ടു" (1 യോഹ:2:1)***

ശത്രുചിലപ്പോൾ നമ്മുടെ മേൽ ജയം പ്രാപിച്ചാലും ദൈവം നമ്മെ എന്നേക്കുമായി തള്ളിക്കളകയൊ, ഉപേക്ഷിക്കയൊ ചെയ്കയില്ല. ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്തു നിന്നുകൊണ്ട് നമ്മുക്കുവേണ്ടി മാദ്ധ്യസ്ഥം ചെയ്യുന്നുവല്ലൊ. അവന്റെ പ്രിയശിഷ്യനായ യോഹന്നാൻ പറയുന്നത്:- "നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇത് നിങ്ങൾക്ക് എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലൊ നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമ്മുക്ക് പിതാവിന്റെ അടുക്കൽ ഉണ്ട്" (1 യോഹ. 2:1) "പിതാവ് താനും നിങ്ങളെ സ്നേഹിക്കുന്നു" (യോഹ. 16:27) എന്ന് യേശു കർത്താവ് പറയുന്നതും മറന്നുപോകരുത്. അവൻ നിന്നെ തന്റെ അടുക്കൽ വീണ്ടും ചേർത്തുകൊള്ളുവാനും തന്റെ വിശുദ്ധിയും നീതിയും നിന്നിൽ പ്രതിബിംബിച്ചു കാണേണ്ടതിന്നും അവൻ വാഞ്ചിക്കുന്നു. നീ നിന്നെത്തന്നെ അവന്നു കീഴ്പ്പെടുത്തിക്കൊടുക്കുമെങ്കിൽ നിന്നിൽ ഒരു നല്ല പ്രവൃത്തി ആരംഭിച്ചവൻ ക്രിസ്തുവിന്റെ നാളോളം അതിനെ തുടർന്നുകൊണ്ടുപോകും. കൂടുതൽ ശുഷ്കാന്തിയോടെ പ്രാർത്ഥിക്കുക; അധികം പൂർണ്ണമായി വിശ്വസിക്കുക. നമ്മുടെ സ്വന്ത ശക്തിയിൽ ആശ്രയിക്കാതെ നമ്മുടെ വീണ്ടെപ്പുകാരന്റെ ശക്തിയിൽ ആശ്രയിക്കാം. അപ്പോൾ നമ്മുടെ മുഖപ്രകാശകരക്ഷയാകുന്ന ദൈവത്തെ നമ്മുക്ക് സ്തുതിക്കാം.

**(19). രക്ഷിക്കപ്പെട്ടതിനു ശേഷമുള്ള ആത്മീക വളർച്ചയിൽ നമ്മുക്ക് മനസിലാക്കുവാൻ കഴിയുന്ന ആത്മീക യാഥാർത്ഥ്യം എന്താണ് ?**

***"ഞങ്ങൾ എല്ലാവരും അശുദ്ധനെപ്പോലെ ആയ്തീർന്നു; ഞങ്ങളുടെ നീതിപ്രവർത്തികൾ ഒക്കെയും കറപിരണ്ട തുണിപോലെ; ഞങ്ങൾ***

*എല്ലാവരും ഇലപോലെ വാടിപ്പോകുന്നു; ഞങ്ങളുടെ അകൃത്യങ്ങൾ ഞങ്ങളെ കാറ്റുപോലെ പറപ്പിച്ചുകളയുന്നു" (യെശയ്യാ:64:6)*

നീ യേശുവോടു സമീപിക്കുന്തോറും നിന്റെ തെറ്റുകൾ നിനക്ക് അധികം തെളിവായി ബോധ്യമാകും. നിന്റെ ഹൃദയകണ്ണുകൾക്ക് നല്ല കാഴ്ച ലഭിക്കുന്നതുകൊണ്ട് അവന്റെ തികഞ്ഞ സ്വഭാവത്തിന്മുമ്പിൽ നിന്റെ കുറവുകളും ലംഘനങ്ങളും എത്രയും സ്പഷ്ടമായി കാണായിവരും. ഇത് നിന്നെ കുടുക്കിലാക്കിയിരിക്കുന്ന സാത്താന്റെ വഞ്ചനകളുടെ ശക്തി ക്ഷയിച്ചു പോയിരിക്കുന്നു എന്നും ദൈവാത്മാവിന്റെ ജീവസംദായ ശക്തി നിന്നിൽ വ്യാപിക്കുന്നു എന്നും ഉള്ള വസ്തുതയ്ക്കു തക്ക തെളിവത്രെ. തന്റെ പാപസ്ഥിതിയെ സൂക്ഷ്മമായി കണ്ടറിയാത്ത ഒരുവന്റെ ഹൃദയത്തിൽ ക്രിസ്തുവിന്റെ സ്നേഹം ഗാഢമായി നിലനില്ക്കയില്ല. ക്രിസ്തുവിന്റെ കൃപയാൽ രൂപാന്തരം പ്രാപിച്ചിട്ടുള്ള ഒരു ദേഹി അവന്റെ ദിവ്യ സ്വഭാവത്തെ ശ്ലാഘികാതിരിക്കയില്ല. എന്നാൽ അതോടൊപ്പം നമ്മുടെ സ്വന്ത സാന്മാർഗ്ഗിക വൈരൂപ്യവും നാം സ്പഷ്ടമായി കാണുന്നില്ലെങ്കിൽ ക്രിസ്തുവിന്റെ മനോഹരത്വവും മഹത്വവും നാം ഉള്ളപ്രകാരം ദർശിച്ചിട്ടില്ല എന്നുള്ളത് തീർച്ചതന്നെ.

നമ്മിൽ വിലമതിക്കത്തക്കത് യാതൊന്നും ഇല്ലെന്നു നാം ഉണരുന്തോറും നമ്മുടെ രക്ഷകന്റെ വിശുദ്ധിയെയും സൌന്ദര്യത്തെയും നാം അധികമധികം വിലമതിക്കും. നമ്മുടെ പാപാവസ്ഥ നമ്മുക്ക് ബോദ്ധ്യമാകുമ്പോൾ ആ ബോധം നമ്മെ പാപം മോചിപ്പാൻ കഴിവുള്ള അവങ്കലേക്ക് നടത്താതിരിക്കയില്ല. ഒരു ദേഹി അതിന്റെ നിസ്സഹായാവസ്ഥകണ്ടുണർന്നു സഹായത്തിന്നും കൃപയ്ക്കുമായി യേശുവിന്റെ അടുക്കൽ അഭയം പ്രാപിക്കുമ്പോൾ അവൻ മഹാശക്തിയോടുകൂടി ആ വ്യക്തിക്കുതന്നത്താൻ വെളിപ്പെടുത്തും. നമ്മുടെ ആവശ്യബോധം നമ്മെ അവങ്കലേക്കും ദൈവവചനത്തിലേക്കും

അധികം ആട്ടി ഓടിക്കുന്തോറും അവന്റെ സ്വഭാവത്തെക്കുറിച്ചും അധികമധികം ഉന്നതമായ കാഴ്ച നമ്മുക്ക് ലഭിക്കുകയും അവന്റെ സാദൃശ്യം നമ്മിൽ അധികമധികം തെളിവായി പ്രതിഫലിച്ചു കാണപ്പെടുകയും ചെയ്യുന്നതാണ്.

**അവന്റെ കൃപയാൽ ക്രിസ്തുവിന്റെ പാത പിന്തുടരുവാനും, എന്റെ ജീവിതത്തിന്റെ കർത്താവും യജമാനനുമായി അവനെ പിന്തുടരുവാനും ഞാൻ തീരുമാനിക്കുന്നു.**


**(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)**

**അതെ തീരുമാനിച്ചില്ല**

**അവിടുത്തെ നീതിയും വിശുദ്ധ സ്വഭാവവും പ്രതിഭലിപ്പിക്കുന്നതിനായി അവന്റെ ആത്മാവിന്റെ ഫലങ്ങൾ എന്നിൽ നിറയപ്പെടട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.**

**(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)**

**അതെ തീരുമാനിച്ചില്ല**



## അദ്ധ്യായം ഒൻപത്
## ആത്മീക വളർച്ച

**(1) ഇപ്പോൾ ജനിച്ച ശിശുക്കളെ പോലെ, കർത്താവുമായുള്ള നമ്മുടെ ബന്ധം വളരുന്നതിനായി നാം വാഞ്ചിക്കേണ്ടത് എന്താണ് ?**

***“ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷെക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛരിപ്പിൻ” (1പത്രോ:2:2)***

നാം ദൈവമക്കളായി തീരുന്നതിനുള്ള ഹൃദയമാറ്റത്തിന്നു ദൈവവചനത്തിൽ ജനനം എന്ന് പറയപ്പെട്ടിരിക്കുന്നു. വീണ്ടും അതിനെ ഒരു കൃഷിക്കാരൻ വിതച്ചിരിക്കുന്ന നല്ല വിത്ത് മുളച്ചു വരുന്നതിനോടും സാമ്യപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം പുതുതായി ക്രിസ്തുവിങ്കലേക്ക് മാനസാന്തരപ്പെട്ടു ചേർന്നവർ “ഇപ്പോൾ ജനിച്ച ശിശുക്കൾ” (1 പത്രോ. 1:2) എന്നപോലെ ക്രിസ്തുവിൽ തികഞ്ഞ

പുരുഷത്വവും സ്ത്രീത്വവും പ്രാപിക്കുവോളം വളരേണ്ടതാകുന്നു. (എഫെ. 4:15) അല്ലെങ്കിൽ നിലത്തു വിതച്ച നല്ലവിത്ത് എന്ന പോലെ അവർ മുളച്ചു വളർന്നു നല്ല ഫലം കായ്ക്കേണ്ടതാകുന്നു. “അവൻ മഹത്വീകരിക്കപ്പെടേണ്ടതിന്നു അവർക്ക് നീതി വൃക്ഷങ്ങൾ എന്നും യഹോവയുടെ നടുതല എന്നും പേരാകും” എന്ന് യെശയ്യാ പ്രവാചകൻ (61:3) പറയുന്നു. ഇങ്ങനെ കർത്താവ് ആത്മീക ജീവിതം സംബന്ധിച്ച നിഗൂഢ സത്യങ്ങളെ പ്രാകൃത ജീവിതത്തിലെ ദൃഷ്ടാന്തങ്ങളാൽ വിശദീകരിച്ചു
സുഗ്രാഹ്യമാക്കിത്തീർത്തിട്ടുണ്ട്.

മനുഷ്യന്റെ ജ്ഞാനവും സാമർത്ഥ്യവും പരിപൂർണ്ണമായി ഉപയോഗിച്ചാലും പ്രകൃതിയിലുള്ള ഏറ്റവും ചെറിയ ഒരു വസ്തുവിനു പോലും ജീവൻ കൊടുപ്പാൻ കഴികയില്ല. ദൈവം തന്നെ പകർന്നു കൊടുത്തിരിക്കുന്ന ജീവൻ കൊണ്ടുമാത്രമേ ജന്തുക്കൾക്കും സസ്യാദികൾക്കും നിലനില്പാൻ കഴികയുള്ളൂ. അവ്വണ്ണം തന്നെ ദൈവത്തിങ്കൽ നിന്നുള്ള ജീവൻ മുഖാന്തരമേ മാനുഷഹൃദയങ്ങളിൽ ആത്മീയജീവൻ സംജാതമാക്കുവാനും കഴികയുള്ളു. “പുതുതായി (അതായത് ഉയരത്തിൽനിന്ന്) ജനിച്ചില്ല എങ്കിൽ ഒരു മനുഷ്യനും ക്രിസ്തു മൂലമുള്ള ജീവന്റെ അംശിയായിത്തീരുവാൻ കഴികയില്ല. (യോഹ. 3:3)

**(2). എന്തുകൊണ്ടാണ് നമ്മുടെ സ്വന്തം ആത്മീക വളർച്ചക്ക് നമുക്ക് കാരണക്കാരാകുവാൻ കഴിയാത്തതു ?**

***“എന്നാൽ പ്രാകൃത മനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല; അതു അവന്നു ഭോഷത്വം ആകുന്നു. ആത്മികമായി വിവേചിക്കേണ്ടതാകയാൽ അതു അവന്നു ഗ്രഹിപ്പാൻ കഴിയുന്നതുമല്ല” (1 കൊരി:2:14)***

ജീവന്റെ കാര്യം പോലെയാണ് വളർച്ചയുടെ കാര്യവും മൊട്ടു വിടരുമാറാക്കുന്നതും പൂവിനെ കായാക്കിത്തീർക്കുന്നതും ദൈവം തന്നെ. അവന്റെ ശക്തിയാലാണ് നിലത്തുവീണ വിത്ത് മുളച്ചു “മുമ്പെ ഞാറും പിന്നെ

കതിരും പിന്നെ കതിരിൽ നിറഞ്ഞ മണിയും" ഉണ്ടാ യിവരുന്നത്. (മർക്കൊ. 4:28) "അവൻ താമരപോലെ പൂത്തു..........വേരൂന്നും. (അവർ) വീണ്ടും ധാന്യവും വിളയിക്കയും മുന്തിരിവള്ളിപോലെ തളിർക്കയും ചെയ്യും." എന്ന് യെശയ്യാ പ്രവാചകൻ യിസ്രായേലിനെക്കുറിച്ചു പറയുന്നു. "താമര എങ്ങനെ വളരുന്നു എന്നു വിചാരിപ്പിൻ" (ലൂക്കോ. 12:27) എന്ന് നമ്മുടെ കർത്താവും നമ്മോടു പറയുന്നു.

**(3). ഈ വാക്യത്തിൽ ഒരു വൃക്ഷത്തിന്റെ വളർച്ചയുടെ ഘടകം എന്ന പ്രതീകാത്മകമായ പ്രയോഗത്തിൽ വിവക്ഷിച്ചിരിക്കുന്ന രണ്ടു കാര്യങ്ങൾ എന്തെല്ലാമാണ് ? ഇതെങ്ങനെ നമ്മുടെ ആത്മീക വളർച്ചയുടെ ദൈവീക സ്വാധീനത്തെ പ്രതിനിധീകരിക്കുന്നു?**

***"യഹോവയായ ദൈവം സൂര്യനും പരിചയും ആകുന്നു; യഹോവ കൃപയും മഹത്വവും നല്കുന്നു; നേരോടെ നടക്കുന്നവർക്കു അവൻ ഒരു നന്മയും മുടക്കുകയില്ല" (സങ്കീ:84:11)***
***"ഞാൻ യിസ്രായേലിന്നു മഞ്ഞുപോലെയിരിക്കും; അവൻ താമരപോലെ പൂത്തു ലെബാനോൻ വനം പോലെ വേരൂന്നും" (ഹോശേ:14:5)***

സസ്യങ്ങളും പൂക്കളും തങ്ങളുടെ സ്വന്ത കരുതലോ ആകുലചിന്തയോ പരിശ്രമമോ കൊണ്ടല്ല നേരെ മറിച്ചു ദൈവം അവയുടെ വളർച്ചയ്ക്കായി സജ്ജമാക്കിയിരിക്കുന്നവയെ യഥാവിധി പ്രാപിക്കുന്നതിനാലാണ് വളരുന്നത്. ഒരു ശിശുവിനാകട്ടെ അതിന്റെ സ്വന്ത ആകാംക്ഷയോ ശക്തിയോകൊണ്ട് അതിന്റെ വലിപ്പത്തെ കൂട്ടുവാൻ കഴികയില്ല. അതുപോലെ സ്വന്ത നിരൂപണമോ പരിശ്രമമോകൊണ്ടു ആത്മീയവളർച്ച കൈവരുത്തുവാനും നിന്നാൽ കഴിയുന്നതല്ല. ചെടികളും ശിശുക്കളും തങ്ങളുടെ ചുറ്റു പാടും ഉള്ള വായു, സൂര്യപ്രകാശം, ആഹാരം ആദിയായവ കൊണ്ടു വളരുന്നു. പ്രകൃതിയുടെ ഈ ദാനങ്ങൾ ജന്തുക്കൾക്കും സസ്യങ്ങൾക്കും എങ്ങനെ ഉപകരിക്കുന്നുവോ അങ്ങനെ തന്നെ ക്രിസ്തുവും തന്നിൽ വിശ്വസിക്കുന്നവർക്ക്

ഉപകരിക്കുന്നു എന്ന് തിരുവെഴുത്തുകൾ സാക്ഷിക്കുന്നു. അവൻ അവർക്ക് “നിത്യപ്രകാശവും” (യെശ. 60:19) “സൂര്യനും പരിചയും” (സങ്കീ. 84:11) ആയിരിക്കുന്നു. അവൻ “യിസ്രായേലിനു മഞ്ഞുപോലെയും” (ഹോശേയ 14:5) “അരിഞ്ഞപുൽപുറത്തു പെയ്യുന്ന മഴ പോലെയും” (സങ്കീ. 72:6) ഇരിക്കും. “അവൻ ജീവജലവും” സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്നു ലോകത്തിന്നു ജീവനെ കൊടുക്കുന്ന ദൈവത്തിന്റെ അപ്പവുമാകുന്നു. (യോഹ. 6:33)

പ്രകൃതിയിലെ വായു മുഴുവനും ലോകത്തിൽ വ്യാപിച്ചിരിക്കുന്നതു പോലെ തന്റെ പ്രിയ പുത്രനെ നൽകിക്കൊണ്ടുള്ള നിസ്തുല്യദാനം മുഖാന്തരം ദൈവം ആഗോളമൊട്ടുക്കും ഒരു കൃപാന്തരീക്ഷം വ്യാപൃതമാക്കിയിരിക്കുന്നു. ആ ജീവദായവായു ശ്വസിക്കുന്നവരൊക്കെയും ക്രിസ്തുവിൽ താങ്കളെ പുരുഷന്മാരും സ്ത്രീകളും ആക്കി തീർക്കുവോളം ആ പ്രായത്തിൻ അളവിലേക്ക് സദാ വളർന്നുകൊണ്ടിരിക്കും.

ഒരു പുഷ്പത്തിന്റെ ഭംഗിക്കും ആകൃതിക്കും സൂര്യരശ്മി അത്യാവശ്യമായിരിക്കുന്നതുപോലെ അവന്റെ സ്വർഗ്ഗീയ വെളിച്ചം നമ്മു ടെ മേൽ പ്രകാശിച്ചു നമ്മുടെ സ്വഭാവം ക്രിസ്തുവിന്റെ സ്വഭാവത്തിന്നനുരൂപമായിത്തീരുവാൻ നാം നീതി സൂര്യങ്കലേക്ക് നമ്മുടെ ദൃഷ്ടികളെ തിരിക്കണം.

**(4) നമുക്കെങ്ങനെ യേശുവിൽ വളരാനും നല്ല ഫലം കായ്ക്കാനും കഴിയും ?**

***“യജമാനൻ ചെയ്യുന്നതു ദാസൻ അറിയായ്കകൊണ്ടു ഞാൻ നിങ്ങളെ ദാസന്മാർ എന്നു ഇനി പറയുന്നില്ല; ഞാൻ എന്റെ പിതാവിനോടു കേട്ടതു എല്ലാം നിങ്ങളോടു അറിയിച്ചതു കൊണ്ടു നിങ്ങളെ സ്നേഹിതന്മാർ എന്നു പറഞ്ഞിരിക്കുന്നു” (യോഹ:15:5)***

താഴെ കാണുന്ന പ്രസ്താവന മൂലം യേശു ഈ സത്യം തന്നെയാണ് പഠിപ്പിച്ചത്:- “എന്നിൽ വസിപ്പിൻ, ഞാൻ

നിങ്ങളിലും വസിക്കും. കൊമ്പിന്നു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കും കഴികയില്ല..........എന്നെ പിരിഞ്ഞു നിങ്ങൾക്ക് ഒന്നും ചെയ്വാൻ കഴികയില്ല."(യോഹ. 15:4,5) ഒരു കൊമ്പു വളരുന്നതിന്നും ഫലം പുറപ്പെടുവിക്കുന്നതിന്നും അതിന്റെ തായി മരത്തോടു പന്തിയിരിക്കണം. അവ്വണ്ണം തന്നെ ഒരു വിശുദ്ധജീവിതം നയിക്കുന്നതിനു നാം ക്രിസ്തുവിനോടു ചേർന്നിരിക്കണം. അവനെ വിട്ടു പിരിഞ്ഞാൽ നമ്മുക്ക് ജീവൻ ഇല്ല. പരീക്ഷയെ പ്രതിരോധിപ്പാനും കൃപയിലും വിശുദ്ധിയിലും വളരുവാനും നമ്മുക്ക് ശക്തിയില്ല. അവനിൽ വസിച്ചുകൊണ്ട് നമ്മുക്ക് പുരോഗതി പ്രാപിക്കാം. ദിവസന്തോറും അവനിൽ നിന്ന് ജീവനെ വലിച്ചെടുത്ത് കൊണ്ടിരുന്നാൽ നീ വാടിപ്പോകയോ ഫലം പുറപ്പെടുവിക്കാതിരിക്കയോ ചെയ്കയില്ല. നീ ആറ്റിരകത്തു നട്ടിരിക്കുന്ന വൃക്ഷം പോലെയിരിക്കും.

**(5) നമ്മുടെ വിശ്വാസത്തിന്റെ ഉറവിടം ആരാണ്? ക്രിസ്തീയ ജീവിതത്തിന്റെ മുന്നോട്ടുള്ള ഗമനത്തിൽ ഇത് എങ്ങനെ വളർന്നുകൊണ്ടിരിക്കുന്നു ?**

***"വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കയും ചെയ്തു" (എബ്രായ:12:2)***

ഈ പ്രകൃതിയുടെ ചിലഭാഗം തങ്ങൾതന്നെ ചെയ്യേണ്ടതാണെന്നു പലരും വിചാരിക്കുന്നുണ്ട്. തങ്ങൾ പാപക്ഷമക്കായി ക്രിസ്തുവിനെ വിശ്വസിച്ചു. എങ്കിലും ഇപ്പോൾ തങ്ങളുടെ സ്വന്തയത്നങ്ങളാൽ നല്ല ജീവിതം നയിപ്പാൻ പരിശ്രമിക്കുന്നു. എന്നാൽ അപ്രകാരമുള്ള സർവ്വയത്നങ്ങളും പരാജിതമാകും. "എന്നെ പിരിഞ്ഞു

നിങ്ങൾക്ക് ഒന്നും ചെയ്‌വാൻ കഴിയുകയില്ല" എന്നത്രെ യേശു പറഞ്ഞത്. നമ്മുടെ കൃപയിലെ വളർച്ച, സന്തോഷം, നമ്മെക്കൊണ്ടുള്ള പ്രയോജനം ഇവയെല്ലാം നമ്മുക്ക് ക്രിസ്തുവിനോടുള്ള ഐക്യതയെ ആശ്രയിച്ചിരിക്കുന്നു. ദിവസം പ്രതിയും മണിക്കൂറുതോറും അവനോടു കൂട്ടായ്മ പാലിക്കുന്നതിനാൽ അഥവാ അവനിൽ വസിക്കുന്നതിനാലാണ് നാം കൃപയിൽ വളരുന്നത്. അവൻ നമ്മുടെ വിശ്വാസത്തിന്റെ നായകൻ മാത്രമല്ല അതിനെ പൂർത്തിയാക്കുന്നവനുമാകുന്നു. ആരംഭത്തിലും അവസാനത്തിലും എല്ലായ്പോഴും ക്രിസ്തു തന്നെ. അവൻ നമ്മുടെ ജീവാ ദശയുടെ ആരംഭത്തിലും അവസാനത്തിലും മാത്രമല്ല, നാം വയ്ക്കുന്ന ഓരോ കാലടിയിലും അവൻ നമ്മോടുകൂടി ഉണ്ടായിരിക്കണം. "ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വെച്ചിരിക്കുന്നു; അവൻ എന്റെ വലത്തുഭാഗത്തുള്ളതുകൊണ്ട് ഞാൻ കുലുങ്ങിപ്പോകയില്ലായെന്നു സങ്കീർത്തനക്കാരനായ ദാവീദ് പറയുന്നു (സങ്കീ. 16:8).

**(6). നമുക്ക്, എങ്ങിനെ ക്രിസ്തുവിൽ നിത്യമായി നിലനിൽക്കുവാൻ കഴിയും ?**

***"ആകയാൽ നിങ്ങൾ കർത്താവായ ക്രിസ്തുയേശുവിനെ കൈക്കൊണ്ടതുപോലെ അവന്റെ കൂട്ടായ്മയിൽ നടപ്പിൻ; അവനിൽ വേരൂന്നിയും ആത്മികവർദ്ധന പ്രാപിച്ചും നിങ്ങൾക്കു ഉപദേശിച്ചുതന്നതിന്നു ഒത്തവണ്ണം വിശ്വാസത്താൽ ഉറെച്ചും സ്തോത്രത്തിൽ കവിഞ്ഞും ഇരിപ്പിൻ" (കൊലോസ്യ:2:6-7)***

പക്ഷെങ്കിൽ "ഞാൻ എങ്ങനെയാണ് അവനിൽ വസിക്കേണ്ടതു?" എന്ന് നീ ചോദിക്കുമായിരിക്കും. ഉത്തരം, "നീ അവനെ ആദ്യം എങ്ങനെ കൈക്കൊണ്ടുവോ അങ്ങനെ തന്നെ അവനിൽ വസിക്കുകയും ചെയ്യണം. ആകയാൽ നിങ്ങൾ കർത്താവായ യേശുവിനെ കൈക്കൊണ്ടതുപോലെ അവന്റെ കൂട്ടായ്മയിൽ നടപ്പിൻ." (കൊലൊ. 2:6) "എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും." (എബ്രാ 10:38)

നീ മുഴുവനും അവന്റെ വകയായിരിപ്പാനും അവനെ സേവിപ്പാനുമായി നിന്നെത്തന്നെ നീ ദൈവത്തിന്നു ഭരമേല്പിക്കയും ക്രിസ്തുവിനെ നിന്റെ രക്ഷിതാവായി അംഗീകരിക്കയും ചെയ്തുവല്ലൊ. നിന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തം ചെയ്യുവാനോ നിന്റെ ഹൃദയത്തെ മാറ്റുവാനോ നിനക്ക് തന്നെത്താൻ കഴിഞ്ഞില്ലല്ലൊ; എന്നാൽ നിന്നെത്തന്നെ ദൈവത്തിന്നു നീ ഭരമേല്പിച്ചപ്പോൾ ഇതൊക്കെയും അവൻ നിനക്ക് വേണ്ടി ക്രിസ്തുവിനെ പ്രതി നിവൃത്തിച്ചിരിക്കുന്നു എന്ന് നീ വിശ്വസിച്ചു. ഇങ്ങിനെ വിശ്വാസത്താൽ നീ ക്രിസ്തുവിന്നുള്ളവനായിത്തീർന്നതുപോലെ- കൊടുത്തും വാങ്ങിയുംകൊണ്ടു- വിശ്വാസത്താൽ നീ അവനിൽ വളരുകയും വേണം. നിനക്കുള്ളതൊക്കെയും അതായതു നിന്റെ ഹൃദയം, നിന്റെ ഇഷ്ടം, നിന്റെ സേവനം ഇവ ഒക്കെയും നീ അവന്നു സമർപ്പിച്ചിട്ട് അവന്റെ ആജ്ഞകളെല്ലാം അനുസരിക്കത്തക്കവണ്ണം നിന്നെത്തന്നെ അവന്നു ഏല്പിച്ചു കൊടുക്കണം. അതിൽ പിന്നെ നീ സകലതും വാങ്ങുകയും വേണം. അതായത് സർവ്വ അനുഗ്രഹങ്ങളുടേയും നിറവാകുന്ന ക്രിസ്തുവിന്റെ ഹൃദയത്തിൽ വസിപ്പാനും നിന്റെ നീതിയും നിന്റെ നിത്യസഹായകനും ആയിരുന്നു നിനക്ക് അനുസരിപ്പാനുള്ള ശക്തി നൽകുവാനുമായി നീ അവനെ കൈക്കൊള്ളണം.

**(7). ഓരോ ദിവസം ആരംഭിക്കുമ്പോൾ തന്നെ നമ്മുടെ ജീവിതത്തിനായി ദൈവത്തെയും, അവിടുത്തെ ജ്ഞാനത്തെയും അന്വേഷിക്കേണ്ടത് എന്തുകൊണ്ടാണ് ?**

***"എന്നെ സ്നേഹിക്കുന്നവരെ ഞാൻ സ്നേഹിക്കുന്നു; എന്നെ ജാഗ്രതയോടെ അന്വേഷിക്കുന്നവർ എന്നെ കണ്ടെത്തും" (സദൃശ്യ:8:17)***

പ്രഭാതവേളയിൽ നിന്നെത്തന്നെ ദൈവത്തിന്നു പ്രതിഷ്ഠിക്കുക; ഇത് ദിനംപ്രതിയുള്ള നിന്റെ ഒന്നാമത്തെ വേലയായിരിക്കട്ടെ. നീ അവനോടു:- "എന്നെ മുഴുവനും നിന്റേതായി എടുക്ക, കർത്താവേ: എന്റെ ആലോചനകളൊക്കെ

ഞാൻ തൃപ്പാദത്തിങ്കൽ വെയ്ക്കുന്നു. ഇന്ന് എന്നെ നിന്റെ സേവയിൽ വച്ചുകൊള്ളേണമേ! നീ എന്നിൽ വസിച്ചു എന്റെ പ്രവൃത്തികളെല്ലാം നിന്നിൽ ചെയ്തു തീർപ്പാൻ സഹായിക്കേണമേ! എന്നിങ്ങനെ പ്രാർത്ഥിക്കുക. ഇത് ദിനംപ്രതി ചെയ്യേണ്ട കാര്യമാണ്. ഓരോ ദിവസവും രാവിലെ നിന്നെത്തന്നെ ദൈവത്തിന്നു പ്രതിഷ്ഠിക്കുക. നിന്റെ ആലോചനകളും അവങ്കൽ ഭരമേല്പിച്ചു അവന്റെ തിരുഹിതത്തിന്നു ഒത്തവണ്ണം നിറവേറ്റുകയോ നിരാകരിക്കയോ ചെയ്‌വാൻ അവയെ വിട്ടുകൊടുക്കുക. ഇങ്ങനെ ദിവസംതോറും നിന്റെ ജീവിതത്തെ നീ ദൈവതൃക്കരങ്ങളിൽ സമർപ്പിക്കുന്നതിനാൽ നിന്റെ ജീവിതം നാൾക്കുനാൾ ക്രിസ്തുവിന്റെ ജീവിതത്തോട് അധികമധികം അനുരൂപമാക്കപ്പെടും.

**(8). നമ്മുടെ ഹൃദയത്തിൽ സമാധാനം നിലനിർത്തുവാനുള്ള വഴി എന്താണ് ?**

***"സ്ഥിരമാനസൻ നിന്നിൽ ആശ്രയം വെച്ചിരിക്കകൊണ്ടു നീ അവനെ പൂർണ്ണസമാധാനത്തിൽ കാക്കുന്നു. യഹോവയാം യാഹിൽ ശാശ്വതമായോരു പാറ ഉള്ളതിനാൽ യഹോവയിൽ എന്നേക്കും ആശ്രയിപ്പിൻ" (യെശയ്യാ:26:3-4)***

***"എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു" (കൊരി:3:18)***

ക്രിസ്തുവിലുള്ള ജീവിതം ഒരു സൈ്വരജീവിതമാകുന്നു. നിന്നിൽ അത്യാഹ്ളാദകരമായ ഒരു ഇളക്കം ഉണ്ടായേക്കാം. എങ്കിലും സമാധാനപൂർണ്ണമായ പ്രത്യാശ അതിനെ യഥാവിധി നിയന്ത്രിച്ചു കൊള്ളും. നിന്റെ പ്രത്യാശ നമ്മിലല്ല ക്രിസ്തുവിലത്രേ. നിന്റെ ബലഹീനത അവന്റെ ശക്തിയോടും നിന്റെ അറിവില്ലായ്മ അവന്റെ ജ്ഞാനത്തോടും നിന്റെ ചാപല്യം അവന്റെ സ്ഥിരതയോടും സംയോജിക്കപ്പെട്ടിരിക്കുന്നു. ആകയാൽ

ഇനി നിന്നെത്തന്നെ നോക്കിക്കൊണ്ടു നിന്നെക്കുറിച്ചു വിചാരപ്പെടാതെ ക്രിസ്തുവിനെ നോക്കി ജീവിക്കണം. നിന്റെ ചിന്ത എല്ലായ്പോഴും അവന്റെ സ്നേഹം അവന്റെ രൂപലാവണ്യം അവന്റെ സ്വഭാവപൂർണ്ണത ആദിയായവയെക്കുറിച്ചു ആയിരിക്കട്ടെ. ക്രിസ്തുവിന്റെ സ്വയത്യാഗം ക്രിസ്തു കൈവരിച്ച താഴ്മയും ക്രിസ്തു പ്രകടിപ്പിച്ച ജീവിതനൈർമ്മല്യം, വിശുദ്ധി, സ്നേഹം ആദിയായവയും നിന്റെ ധ്യാനവിഷയങ്ങളായിരിക്കട്ടെ. ക്രിസ്തുവിനെ സ്നേഹിക്കയും അനുകരിക്കയും അവനെത്തന്നെ പൂർണ്ണമായി ആഗ്രഹിക്കയും ചെയ്യുന്നതുകൊണ്ടാണ് നീ അവന്റെ സാദൃശ്യത്തോട് അനുരൂപനാകേണ്ടത്.

**(9). ക്രിസ്തു മനുഷ്യകുലത്തിലെ എല്ലാവർക്കുമായി നൽകിയിട്ടുള്ള ക്ഷണം എന്താണ് ?**

***"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" (മത്താ:11:28)***

"എന്നിൽ വസിപ്പിൻ" എന്ന് യേശു പറയുന്നു. ഈ വാക്കുകളിൽ സ്വസ്ഥതയുടെയും സ്ഥിരതയുടെയും ആശ്രയത്തിന്റെയും ആശയം അടങ്ങിയിരിക്കുന്നു. "എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" (മത്താ. 11:28,29) എന്നും കർത്താവ് ക്ഷണിക്കുന്നു. സങ്കീർത്തനക്കാരന്റെ വാക്കുകളിലും ഇതേ കാര്യം തന്നെ അടങ്ങിയിരിക്കുന്നു. "യഹോവയുടെ മുമ്പാകെ മിണ്ടാതെയിരുന്നു അവന്നായി പ്രത്യാ ശിക്ക." (സങ്കീ. 37:7) "വിശ്രമിക്കുന്നതിലും ആശ്രയിക്കുന്നതിലും നിങ്ങളുടെ ബലം" (യെശ. 30:15) എന്ന് യെശയ്യാപ്രവാചകനും ഉറപ്പുനല്കുന്നു. ഈ സ്വൈരം അലസതയിൽ അധിഷ്ഠിതമല്ല. കാരണം കർത്താവിന്റെ ക്ഷണത്തിൽ വിശ്രമത്തിന്റെ വാഗ്ദത്തം അദ്ധ്വാനിപ്പാനുള്ള കല്പനയോടുകൂടി ഘടിപ്പിച്ചിട്ടുണ്ട്. അത് ഇപ്രകാരമാകുന്നു:- "എന്റെ നുകം ഏറ്റുകൊണ്ട് എന്നോട്

പഠിപ്പിൻ. എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും." (മത്താ. 11:29) ക്രിസ്തുവിൽ ഏറ്റം പൂർണ്ണമായി സ്വസ്ഥതകണ്ടെത്തുന്ന ഒരു ഹൃദയം സംശയമെന്യേ അവന്നു വേണ്ടി പ്രാർത്ഥിക്കുന്നതിൽ ഏറ്റവും തീഷ്ണതയും ശുഷ്കാന്തിയും കാണിക്കാതിരിക്കയില്ല.

**(10). ക്രിസ്തുയേശുവുമായുള്ള കൂട്ടായ്മയുടെ സംസർഗ്ഗത്തിൽനിന്നും നമ്മെ വേർപിരിക്കുവാൻ സാത്താൻ നടത്തുന്ന മൂന്നു തന്ത്രങ്ങൾ എന്തെല്ലാം ?**

***"ഇഹലോകത്തിന്റെ ചിന്തകളും ധനത്തിന്റെ വഞ്ചനയും മറ്റുവിഷയ മോഹങ്ങളും അകത്തു കടന്നു, വചനത്തെ ഞെരുക്കി നഷ്ഫലമാക്കി തീർക്കുന്നതാകുന്നു" ( മാർക്കോ:4:19)***

നമ്മുടെ മനസ്സു നമ്മെക്കുറിച്ചുള്ള ചിന്തയിൽ തന്നെ വ്യാപൃതമായിരിക്കുമ്പോൾ അത് നമ്മുടെ ശക്തിയുടെയും ജീവന്റെയും ഉറവിടമായിരിക്കുന്ന ക്രിസ്തുവിൽ നിന്ന് പിന്മാറ്റപ്പെടുകയാണ് ചെയ്യുന്നത്. അപ്രകാരം നമ്മുടെ ശ്രദ്ധയെ രക്ഷിതാവിൽ നിന്ന് അകറ്റി നാമും ക്രിസ്തുവും തമ്മിൽ ഒരു യോജിപ്പും കൂട്ടായ്മയും ഉണ്ടാകാതിരിക്കത്തക്കവണ്ണം സാത്താൻ നിരന്തരം പ്രയത്നിച്ചു കൊണ്ടിരിക്കുകയാണ്. നിന്റെ മുമ്പിൽ ഈ ലോകത്തിന്റെ ചിറ്റിമ്പങ്ങളും ജീവിതക്ലേശങ്ങളും മറ്റുള്ളവരുടെയും നിന്റെയും തെറ്റുകുറ്റങ്ങളും പർവ്വതീകരിച്ചു കാണിച്ചിട്ടു നിന്റെ മനസ്സു മറിച്ചുകളവാൻ അവൻ ജാഗരൂകനായിരിക്കുന്നു. അവന്റെ ഉപായങ്ങളാൽ നീ വഞ്ചിക്കപ്പെട്ട് പോകരുതെ.

**(11). നമുക്ക് നിത്യജീവൻ ഉണ്ടെന്നുള്ള ഉറപ്പിൽ എങ്ങിനെ ആശ്രയിക്കുവാൻ കഴിയും ?**

***"പുത്രനുള്ളവന്നു ജീവൻ ഉണ്ടു; ദൈവപുത്രനില്ലാത്തവന്നു ജീവൻ ഇല്ല. ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്കു ഞാൻ ഇതു***

*എഴുതിയിരിക്കുന്നതു നിങ്ങൾക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ അറിയേണ്ടതിന്നു തന്നേ" (1 യോഹ:5:12-13)*

സ്വയബോധവും ദൈവത്തിന്നായി ജീവിപ്പാൻ ആഗ്രഹവുമുള്ള പലരെയും അവൻ തങ്ങളുടെ സ്വന്ത കുറ്റങ്ങളെയും ബലഹീനതകളെയും കുറിച്ചു ചിന്തിപ്പാൻ പ്രോത്സാഹിപ്പിക്കുന്നതിനാൽ ക്രിസ്തുവിൽ നിന്ന് അകറ്റി അവരുടെമേൽ ജയം പ്രാപിക്കാമെന്നു അവൻ പ്രത്യാശിക്കുന്നു. നാം നമ്മുടെ സ്വയത്തെ (അഹത്തെ) നമ്മുടെ ചിന്തയുടെ കേന്ദ്രമാക്കി രക്ഷിക്കപ്പെടുമൊ ഇല്ലയൊ എന്ന ആകുലചിന്തയും ഭയപാരവശ്യവും ഉള്ളവരായിരിക്കരുത്. ഇതെല്ലാം ശക്തിയുടെ ഉറവിടത്തുനിന്ന് നമ്മുടെ ആത്മാക്കളെ വേർപിരിച്ചു കളയുന്നു. നിന്റെ ആത്മാവിന്റെ സൂക്ഷിപ്പിനെ ദൈവത്തിന്റെ കൈയ്യിൽ ഭരമേല്പിച്ചിട്ട് അവനിൽ ആശ്രയിച്ചുറച്ചിരിക്കുക. യേശുവിനെക്കുറിച്ചു ചിന്തിക്കുകയും സംസാരിക്കുകയും ചെയ്ക. നിന്റെ സ്വയം അവനിൽ ലയിച്ചിരിക്കട്ടെ. സംശയങ്ങളെല്ലാം ഉപേക്ഷിച്ചുകളക. ഭയം തള്ളിക്കളക. പൌലോസ് അപ്പോസ്തലനോട് ചേർന്ന് "ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതൊ എന്നെ സ്നേഹിച്ചു എനിക്ക് വേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രെ ജീവിക്കുന്നത്" (ഗലാ. 2:20) എന്ന് പറയുക. ദൈവത്തിൽ വിശ്രമിക്കുക. നീ അവനിൽ ഭരമേല്പിച്ചത് കാത്തു സൂക്ഷിപ്പാൻ അവൻ ശക്തനാകുന്നു. നീ നിന്നെത്തന്നെ അവന്റെ കരങ്ങളിൽ ഏല്പിച്ചാൽ നിന്നെ സ്നേഹിച്ചവൻ മുഖാന്തരം അവൻ നിന്നെ പൂർണ്ണ ജയാളി ആക്കും.

**(12). ഒരിക്കൽ നീതീകരണം പ്രാപിച്ച ശേഷം പാപത്തിലേക്കു മടങ്ങി പോകുന്ന ഒരുവന് എന്ത് സംഭവിക്കും ?**

*"എന്നാൽ നീതിമാൻ തന്റെ നീതി വിട്ടുതിരിഞ്ഞു നീതികേടു പ്രവർത്തിച്ചു, ദുഷ്ടൻ ചെയ്യുന്ന*

*സകലമ്ളേച്ഛതകളെയുംപോലെ ചെയ്യുന്നു എങ്കിൽ, അവൻ ജീവിച്ചിരിക്കുമോ? അവൻ ചെയ്ത നീതിയൊന്നും കണക്കിടുകയില്ല; അവൻ ചെയ്ത ദ്രോഹത്താലും അവൻ ചെയ്ത പാപത്താലും അവൻ മരിക്കും" (യെഹെസ:18:24)*

ക്രിസ്തു മാനുഷപ്രകൃതി കൈക്കൊണ്ടപ്പോൾ മനുഷ്യന്റെ സ്വന്ത ഇഷ്ടത്താലല്ലാതെ മറ്റൊന്നിനാലും പൊട്ടിച്ചു കളവാൻ പാടില്ലാത്ത ഒരു സ്നേഹപാശം കൊണ്ട് അവൻ മാനവകുലത്തെ തന്നോട് ചേർത്തു ബന്ധിച്ചു. എന്നാൽ സാത്താനാകട്ടെ ആ ബന്ധം വേർപ്പെടുത്തുവാനായി വിവിധങ്ങളായ ലൌകീക ഭോഗങ്ങളാൽ നമ്മെ വശീകരിച്ചുകൊണ്ടിരിക്കുകയാണ്. തന്നിമിത്തമാണ് മറ്റൊരു യജമാനനെ തിരഞ്ഞെടുപ്പാൻ നമ്മെ യാതൊന്നും വശീകരിക്കാതിരിക്കത്തക്കവണ്ണം നാം ഉണർന്നിരിക്കയും പോരാടുകയും പ്രാർത്ഥിക്കുകയും ചെയ്യേണ്ടിയിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ ഈ തിരഞ്ഞെടുപ്പ് നടത്തുവാനുള്ള സ്വാതന്ത്ര്യം നമ്മുക്ക് എല്ലാ കാലത്തും ഉണ്ട്. എന്നാൽ നാം നമ്മുടെ ദൃഷ്ടികളെ യേശുക്രിസ്തുവിൽ തന്നെ പതിച്ചു കൊള്ളാം; അവൻ നമ്മെ കാത്തു സൂക്ഷിക്കും. യേശുവിനെ നോക്കിക്കൊണ്ടിരിക്കുന്ന കാലത്തോളം നമ്മുടെ നില സുരക്ഷിതം തന്നെ. അവന്റെ കൈകളിൽ നിന്ന് നമ്മെ ആർക്കും പറിച്ചെടുപ്പാൻ കഴികയില്ല. അവനെ ഇടവിടാതെ നോക്കിക്കൊണ്ടിരിക്കുന്നതിനാൽ "നാം ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സ് പ്രാപിച്ച അതെ പ്രതിമയായി രൂപാന്തരപ്പെടുന്നു." (2 കൊരി. 3:18)

**(13) ക്രിസ്തുവിന്റെ വിളി കേട്ടവരായ നമ്മൾ അവനെ എങ്ങനെ കണ്ടെത്തും?**

*"നിങ്ങൾ എന്നെ അന്വേഷിക്കും; പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും" (യിര:29:13)*

ഇപ്രകാരമാണ് ആദ്യശിഷ്യന്മാർ പ്രിയ രക്ഷിതാവിന്റെ സാദൃശ്യമുള്ളവരായിത്തീർന്നത്. ആ

ശിഷ്യന്മാർ യേശുവിന്റെ വചനങ്ങൾ കേട്ടപ്പോൾ അവനെകൊണ്ട് തങ്ങൾക്കുള്ള ആവശ്യകത നന്നായി ബോധിച്ചറിഞ്ഞു. അവർ അത് നിമിത്തം അവനെ അന്വേഷിക്കയും അവനെ കണ്ടെത്തുകയും അവനെ അനുഗമിക്കയും ചെയ്തു. അവർ വീട്ടിലും ഭക്ഷണസമയത്തും സ്വകാര്യ (പ്രാർത്ഥന) മുറിയിലും വയലിലും അവനോടുകൂടെ തന്നെയായിരുന്നു. ഒരു ഗുരുനാഥനോടു ശിഷ്യർ എന്ന കണക്കെ അവർ അവനോടുകൂടെ ഇരുന്നു അവന്റെ വായിൽനിന്ന് വിശുദ്ധസത്യം സംബന്ധിച്ച പാഠങ്ങൾ നിത്യം പഠിച്ചുകൊണ്ടിരുന്നു. ഓരോ ദിവസവും തങ്ങൾക്കുള്ള കൃത്യം എന്തെന്നറിവാൻ ദാസന്മാർ തങ്ങളുടെ യജമാനന്മാരെ ഉറ്റുനോക്കിക്കൊണ്ടിരുന്ന പ്രകാരം അവർ കർത്താവിനെ ഉറ്റുനോക്കിക്കൊണ്ടിരുന്നു. ആ ശിഷ്യന്മാർ "നമ്മുക്ക് സമസ്വഭാവമുള്ള മനുഷ്യർ ആയിരുന്നു." (യാക്കോ. 5:17) അവർക്കും പാപത്തോടു നമ്മുക്കുള്ള ഇതേ പോരാട്ടം തന്നെ ഉണ്ടായിരുന്നു. വിശുദ്ധജീവിതം കഴിക്കേണ്ടതിന്നു നമ്മുക്ക് എന്നപോലെ അതെ കൃപതന്നെ അവർക്കും ആവശ്യമായിരുന്നു.

**(14). ദൈവമക്കളായവരും പാപത്തിന്റെ പാശങ്ങളാൽ ഞെരുങ്ങപ്പെട്ടിട്ടുണ്ടെന്നു ഈ വാക്യത്തിലെ ഏതു പരാമർശം വ്യക്തമാക്കുന്നു ?**

***"ഞാൻ ചെയ്‌വാൻ ഇച്ഛിക്കുന്ന നന്മ ചെയ്യുന്നില്ലല്ലോ; ഇച്ഛിക്കാത്ത തിന്മയത്രേ പ്രവർത്തിക്കുന്നതു" (റോമ:7:19)***

നമ്മുടെ രക്ഷിതാവിന്റെ സാദൃശ്യം ഏകദേശം കൃത്യമായി പ്രതിബിംബിക്കുന്ന തന്റെ പ്രിയ ശിഷ്യനായ യോഹന്നാൻ അപ്പോസ്തലൻ പോലും പ്രകൃത്യാ ആമാർദ്ദവസ്വഭാവമുള്ളവനായിരുന്നില്ല. അവൻ തന്നിഷ്ടക്കാരനും മാനകാംക്ഷിയും ആയിരുന്നു എന്ന് മാത്രമല്ല മുൻകോപിയും പ്രതികാര ബുദ്ധിയുള്ളവനുമായിരുന്നു. എന്നാൽ കർത്താവിന്റെ ദിവ്യസ്വഭാവം അവന്നു വെളിപ്പെട്ടപ്പോൾ അവൻ തന്റെ സ്വന്തകുറവു കാണുകയും ആ ബോധം നിമിത്തം തന്നെത്താൻ താഴ്ത്തുകയും ചെയ്തു. ദൈവപുത്രനിൽ അവൻ ദിവസംതോറും കണ്ടിരുന്ന ബലവും,

ക്ഷമയും, ശക്തിയും, ആർദ്രതയും, മേന്മയും, താഴ്ചയും ഹേതുവായി അവനിൽ വിസ്മയവും സ്നേഹവും നിറഞ്ഞുവന്നു. ദിവസേന അവന്റെ ഹൃദയം ക്രിസ്തുവിങ്കലേക്ക് ആകർഷിക്കപ്പെട്ടു. ഒടുവിൽ തന്റെ ഗുരുവിനോടുള്ള സ്നേഹത്തിൽ തന്റെ സ്വയം ആണ്ടുപോകയും ചെയ്തു. അവന്റെ നിഷേധബുദ്ധിയും അത്യാഗ്രഹവുമെല്ലാം ക്രിസ്തുവിന്റെ സ്വഭാവരൂപീകരണ ശക്തിക്ക് വിധേയമായിത്തീർന്നു. പരിശുദ്ധാത്മാവിന്റെ പുനർജ്ജീവിപ്പിക്കുന്ന ശക്തിയാൽ അവന്റെ ഹൃദയത്തിന്നു ഒരു പുതുക്കവും വന്നു. ക്രിസ്തുവിന്റെ സ്നേഹത്തിൻ ശക്തിയാൽ അവന്റെ മുഴുസ്വഭാവവും രൂപാന്തരപ്പെട്ടു. ഇവ യേശു കർത്താവിനോടുള്ള സുനിശ്ചിത ഫലങ്ങളത്രേ. ക്രിസ്തു ഹൃദയത്തിൽ വസിക്കുമ്പോൾ മനുഷ്യന്റെ മുഴുപ്രകൃതിയും രൂപാന്തരം പ്രാപിക്കുന്നു ക്രിസ്തുവിന്റെ ആത്മാവ് അതെ അവന്റെ സ്നേഹം നമ്മുടെ ഹൃദയത്തെ മൃദുലമാക്കപ്പെടുകയും നമ്മുടെ ആത്മാവിനെ കീഴടക്കുകയും നമ്മുടെ നിരൂപണങ്ങളെയും ആഗ്രഹങ്ങളെയും മേല്പോട്ടു ദൈവത്തിങ്കലേക്കും സ്വർഗ്ഗത്തിലേക്കും തിരിച്ചുവിടുകയും ചെയ്യുന്നതാണ്.

**(15). യേശുവിന്റെ സ്വർഗാരോഹണത്തിനു മുന്നോടിയായി തന്റെ ശിഷ്യന്മാർക്കു നൽകിയ ആശ്വാസത്തിന്റെ മഹത് വാഗ്ദത്തം എന്തായിരുന്നു ?**

***"ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു" എന്നു അരുളിച്ചെയ്തു" (മത്താ:28:19)***

ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തശേഷവും അവന്റെ സാന്നിദ്ധ്യം അവന്റെ അനുഗാമികളോടുകൂടെ ഉണ്ടായിരുന്നു. അത് സ്നേഹവും വെളിച്ചവും കൊണ്ട് സമ്പൂർണ്ണമായ ഒരു ആളത്വപരമായ സാന്നിദ്ധ്യം ആയിരുന്നു. തങ്ങളോടുകൂടെ നടക്കുകയും

സംസാരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തവനും തങ്ങളുടെ ഹൃദയത്തിന്നു ആശയും ആശ്വാസവും പ്രദാനം ചെയ്തവനുമായ യേശു രക്ഷിതാവ് അവരോടു സമാധാനത്തിന്റെ ദൂത് പ്രസ്താവിച്ചുകൊണ്ടിരിക്കെ അവൻ അവരിൽനിന്ന് മേലോട്ടു എടുക്കപ്പെട്ടു. ദൂതന്മാരുടെ മേഘം അവനെ ഏറ്റുകൊള്ളും നേരത്തും "ഞാനോ എല്ലാനാളും നിങ്ങളുടെകൂടെ ഉണ്ട്" (മത്താ. 28:20) എന്ന് അരുളിച്ചെയ്ത അവന്റെ ശബ്ദം അവർ കേൾക്കുന്നുവല്ലോ. മനുഷ്യസാദൃശ്യത്തിൽ തന്നെയാണ് അവൻ സ്വർഗ്ഗാരോഹണം ചെയ്തത്. അതിനാൽ ഇനിയും അവൻ തങ്ങളുടെ സഖിയും രക്ഷിതാവും ആയിട്ട് ദൈവസിംഹാസനത്തിന്മുമ്പിൽ ഇരിക്കുന്നു എന്നും അവന്റെ സഹതാപം മാറിപ്പോയിട്ടില്ലെന്നും ലോകത്തിൽ കഷ്ടമനുഭവിക്കുന്ന മാനുഷവർഗ്ഗത്തിൽ ഒരുവനായി അവർ തന്നെ ഇനിയും കരുതിവരുന്നു എന്നും അവർ തീർച്ചയായും ഗ്രഹിച്ചിരുന്നു. തന്നാൽ വീണ്ടെടുക്കപ്പെട്ടവർക്ക് വേണ്ടി താൻകൊടുത്തവിലയുടെ സ്മാരകമായി മുറിപ്പെട്ട തന്റെ കൈകാലുകൾ കാണിച്ചുകൊണ്ട് അവന്റെ വിലയേറിയ രക്തത്തിന്റെ പുണ്യംനിമിത്തം അവൻ നിത്യം ദൈവസന്നിധിയിൽ പക്ഷവാദം ചെയ്തുകൊണ്ടിരിക്കുന്നു എന്നും അവർ അറിഞ്ഞിരുന്നു. അവർക്ക് വേണ്ടി സ്ഥലം ഒരുക്കുവാനാണ് അവൻ സ്വർഗ്ഗത്തിലേക്ക് കയറിപ്പോയതെന്നും അവൻ വീണ്ടും വന്ന് അവരെ അവൻറെ അടുക്കൽ ചേർത്തുകൊള്ളും എന്നും അവർ മനസ്സിലാക്കിയിരുന്നു.

**(16) തന്നെ പിന്തുടരുന്നവരുടെ ഹൃദയങ്ങളിൽ ഇപ്പോഴും വസിക്കുവാൻ യേശുവിനു കഴിയുന്നതെങ്ങനെ ?**

***"എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവു എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടു കൂടെ ഇരിക്കേണ്ടതിന്നു നിങ്ങൾക്കു തരും" (യോഹ:14:16)***

സ്വർഗ്ഗാരോഹണശേഷം അവർ ഒന്നിച്ചു കൂടിയപ്പോൾ യേശുവിന്റെ നാമത്തിൽ

തങ്ങളുടെ അപേക്ഷകളെ പിതാവിന്റെ സന്നിധിയിൽ സമർപ്പിപ്പാൻ അവർ കാംക്ഷിതരായി കാണുന്നു. “നിങ്ങൾ പിതാവിനോടപേക്ഷിക്കുന്നതൊക്കെയും അവൻ എന്റെ നാമത്തിൽ നിങ്ങൾക്ക് തരും. ഇന്ന് വരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും അപേക്ഷിച്ചിട്ടില്ല. അപേക്ഷിപ്പിൻ; എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകുംവണ്ണം നിങ്ങൾക്ക് ലഭിക്കും” (യോഹ. 16:23,24) എന്ന വാഗ്ദത്തത്തെ മുറുകെ പിടിച്ചുംകൊണ്ട് അവർ ഭക്തിയോടെ പ്രാർത്ഥിച്ചു. ക്രിസ്തുയേശു മരിച്ചവൻ; മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റവൻ തന്നെ. അവൻ ദൈവത്തിന്റെ വലഭാഗത്തിരിക്കയും നമ്മുക്ക് വേണ്ടി പക്ഷവാദം കഴിക്കയും ചെയ്യുന്നു” (റോമ. 8:34) എന്ന ഘനമേറിയ ന്യായേന അവർ തങ്ങളുടെ വിശ്വാസക്കരങ്ങളെ ഉയരത്തിലേക്കു അധികമധികം നീട്ടിയിരുന്നു. പെന്തക്കോസ്തു ദിവസത്തിൽ അവർ ആശ്വാസപ്രദനെ പ്രാപിച്ചു; അവനെക്കുറിച്ചു ക്രിസ്തു “അവൻ നിങ്ങളിൽ ഇരിക്കുകയും ചെയ്യും” (യോഹ. 14:17) എന്ന് പറഞ്ഞിരുന്നുവല്ലോ. അതുകൂടാതെ “ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവൻ നിങ്ങളുടെ അടുക്കൽ അയക്കും” (യോഹ. 16:7) എന്നും പറഞ്ഞിരിക്കുന്നു. ആകയാൽ അന്നുമുതൽ പരിശുദ്ധാത്മാവു മുഖാന്തിരമാണ് ക്രിസ്തു തന്റെ മക്കളുടെ ഹൃദയങ്ങളിൽ തുടർച്ചയായി വാസം ചെയ്യേണ്ടിയിരുന്നത്. അത് മൂലം അവർക്ക് അവനോടുള്ള ബന്ധവും ഐക്യതയും അവൻ അവരുടെയിൽ ആളത്വമായി ജീവിച്ചിരുന്ന കാലത്തുണ്ടായിരുന്നതിനേക്കാൾ അധികം ഞെരുങ്ങിയതായിത്തീർന്നു. അങ്ങിനെ അവരിൽ വാസം ചെയ്തിരുന്ന ക്രിസ്തുവിന്റെ വെളിച്ചവും സ്നേഹവും ശക്തിയും അവരിൽകൂടി പുറത്ത് പ്രകാശിച്ചതിനാൽ അവരെക്കണ്ടവരൊക്കെയും ആശ്ചര്യപ്പെട്ടു “അവർ യേശുവിനോടു കൂടെ ആയിരുന്നവർ എന്ന് അറിവാൻ” ഇടവരികയും ചെയ്തു. (അ.പ്ര. 4:13)

**(17) തന്റെ ശിഷ്യന്മാർക്കായി പ്രാർത്ഥിച്ചതുപോലെ മറ്റാർക്കുവേണ്ടിയാണ് യേശുക്രിസ്തു പ്രാർഥിച്ചത് ?**

***“ഇവർക്കു വേണ്ടിമാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു” (യോഹ:17:20)***

ക്രിസ്തുവിന്റെ ആദ്യശിഷ്യന്മാർക്ക് എന്തായിരുന്നുവോ അത് തന്നെ ഇന്നുള്ള തന്റെ മക്കൾക്കും ആയിരിപ്പാൻ അവൻ ആഗ്രഹിക്കുന്നു; തന്നോട് ചേർന്നിരുന്ന ആ ചെറുകൂട്ടം ശിഷ്യന്മാരോടുകൂടെ അവൻ കഴിച്ച ആ അന്ത്യപ്രാർത്ഥനയിൽ:- “ഇവർക്ക് വേണ്ടി മാത്രമല്ല ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്ക് വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു” (യോഹ. 17:20) എന്ന് അവന് ആപേക്ഷിച്ചുവല്ലോ!

യേശുകർത്താവ് നമ്മുക്കുവേണ്ടി പ്രാർത്ഥിക്കുകയും താൻ പിതാവിൽ ഒന്നായിരിക്കുന്ന പ്രകാരം നാമും ഒന്നായിരിക്കണമെന്നു അവൻ യാചിക്കുകയും ചെയ്യുന്നു. എന്തൊരത്ഭുതമായ ചേർച്ചയാണിത്! കർത്താ വു തന്നെക്കുറിച്ചു “പുത്രന്നു സ്വതെ ഒന്നും ചെയ്‌വാൻ കഴികയില്ല.” “പിതാവ് എന്നിൽ വസിച്ചുകൊണ്ട് തന്റെ പ്രവൃത്തി ചെയ്യുന്നു.” (യോഹ. 5:19 ; 14 10) എന്ന് പറയുന്നു; അങ്ങനെയായാൽ ക്രിസ്തു നമ്മുടെ ഹൃദയത്തിൽ വസിക്കുമ്പോൾ ഇച്ഛിക്കയെന്നതും പ്രവൃത്തിക്കയെന്നതും ദൈവം തിരുവുള്ളമുണ്ടായിട്ടു നമ്മിൽ പ്രവർത്തിക്കുമല്ലോ?

**(18) നാം ദിവസേന ക്രിസ്തുവിൽ വസിക്കുകയും, അവനോടുകൂടെ സ്നേഹത്തിൽ സത്യം പങ്കുവെക്കുകയും ചെയ്യുന്നതിന്റെ ഫലം എന്തായിരിക്കും ?**

***“സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടു ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും” (എഫേ:4:15)***

അവൻ പ്രവൃത്തിക്കും പോലെ നാമും പ്രവർത്തിക്കും; നാം അതേ ആത്മാവ് തന്നെ പ്രകടമാക്കുകയും ചെയ്യും. അങ്ങനെ നാം അവനെ സ്നേഹിച്ചും അവനിൽ വസിച്ചും കൊണ്ട് "ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാക്കും." (എഫെ. 4:15)

**ഞാൻ കർത്താവിനോടു അടുത്തുവരുമ്പോൾ എന്റെ ജീവിതത്തിൽ ഉടനീളം നിലനിൽക്കുന്ന ഒരു വളർച്ചാ പ്രക്രിയ എന്നിൽ ആരംഭിക്കുന്നു എന്ന് ഞാൻ മനസിലാക്കുന്നു.**

**(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)**

**അതെ തീരുമാനിച്ചില്ല**

**ക്രിസ്തുവുമായുള്ള എന്റെ കൂട്ടായ്മയിൽ എന്റെ ആത്മീക വളർച്ചക്കായി ഞാൻ ഭാരപ്പെടുകയോ കഠിനാദ്ധ്വാനം ചെയ്യുകയോ വേണ്ടതില്ല.**

**(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)**

**അതെ തീരുമാനിച്ചില്ല**

**അവിടുത്തെ മുഖം അന്വേഷിക്കുവാനും, ജീവാധായകമായ ദൈവ സാനിധ്യത്തിൽ വസിക്കുകയും അങ്ങനെ ആത്മീക വളർച്ച പ്രാപിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു.**

**(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)**

**അതെ തീരുമാനിച്ചില്ല**



# അദ്ധ്യായം പത്ത്
# പ്രവർത്തിയും ജീവിതവും

**(1). യേശു നമ്മോടു പിന്തുടരുവാൻ ആവശ്യപ്പെടുന്ന സ്വർഗീയ കല്പന എന്താണ് ?**

***"നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നേ" (യോഹ:13:34)***

അഖിലാണ്ഡം ഒട്ടുക്കും ജീവന്റെയും വെളിച്ചത്തിന്റെയും സന്തോഷത്തിന്റെയും ഉറവിടമായിരിക്കുന്നത് ദൈവമാണ്. സൂര്യനിൽ നിന്ന് പ്രകാശരശ്മികളും ജീവ ഉറവയിൽ നിന്ന് ജലപ്രവാഹവുമെന്ന പോലെ ദൈവത്തിൽനിന്ന് അനുഗ്രഹങ്ങൾ എല്ലാ സൃഷ്ടിജാലങ്ങളിലേക്കും പ്രവഹിച്ചുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ ജീവൻ കുടികൊണ്ടിരിക്കുന്ന മാനുഷഹൃദയങ്ങളിൽ നിന്നും അത് മറ്റുള്ളവർക്കായി സ്നേഹത്തിന്റെയും വിവിധ അനുഗ്രഹങ്ങളുടെയും വൻ നദികൾ പുറപ്പെടുവിക്കും. പതിതരായ മനുഷ്യരുടെ ഉന്നമനത്തിലും വീണ്ടെടുപ്പിലുമാണ് നമ്മുടെ കർത്താവ്

സന്തോഷിക്കുന്നത്. ഇതിനായി അവൻ തന്റെ ജീവനെ വിലമതിക്കാതെ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിച്ചുവല്ലോ. ആകയാൽ ദൈവദൂതന്മാർ മറ്റുള്ളവരുടെ സന്തോഷത്തിനുവേണ്ടി പ്രവൃത്തിക്കുന്നതിൽ സദാ ജാഗരൂകരായിരിക്കുന്നു. അതിൽ തന്നെയാണ് അവരുടേയും സന്തോഷം സ്ഥിതി ചെയ്യുന്നത്. സ്വഭാവ ഗുണത്തിലും പദവിയിലും എല്ലാംകൊ ണ്ടും നമ്മെക്കാളും താണസ്ഥിതിയിലിരിക്കുന്ന നീചന്മാരെ ശുശ്രൂഷിക്കുന്നത് വലിയ അപമാനകരമായ കൃത്യമാണെന്നു സ്വാർത്ഥതൽപരന്മാർ വിചാരിക്കുന്നു. എന്നാൽ ആ പ്രവൃത്തിയാണ് പാപരഹിതരായ ദൂതന്മാർ സസന്തോഷം നിർവ്വഹിക്കുന്നത്. ക്രിസ്തുവിന്റെ സ്വയത്യാഗപൂർണ്ണമായ സ്നേഹത്തിൻ ആത്മാവാണ് സ്വർഗ്ഗത്തിൽ വ്യാപരിക്കുകയും അവിടത്തെ ഭാഗ്യാവസ്ഥയുടെ സാക്ഷാൽ കാതലായിരിക്കുകയും ചെയ്യുന്നത്. അവന്റെ അനുഗാമികളിലും അവരുടെ പ്രവൃത്തികളിലും വ്യാപരിക്കുന്നതും അതെ ആത്മാവുതന്നെ. ക്രിസ്തുവിന്റെ സ്നേഹം ഹൃദയത്തിൽ കുടികൊണ്ടിരുന്നാൽ അതൊളിക്കയില്ല. പ്രത്യുത അത് സുഗന്ധ ദ്രവ്യം പോലെ അതിന്റെ സൗരഭ്യം പരത്തി ചുറ്റുപാടുമുള്ള സകല സൃഷ്ടികൾക്കും അതിന്റെ സാന്നിദ്ധ്യബോധം ഒരു ഹൃദയത്തിൽ നിറഞ്ഞുവരുന്ന ക്രിസ്തുവിന്റെ ആത്മാവ് നല്കിക്കൊണ്ടിരിക്കും. നശിപ്പാറായിരിക്കുന്നവരെ ജീവജലം പാനംചെയ്‌വാൻ വാഞ്ചയുള്ളവരാക്കിത്തീർത്തിട്ട് മരുഭൂമിയിലെ നീരുറവപോലെ അത് എല്ലാവരുടെയും ദാഹം ശമിപ്പിക്കും.

**(2). യേശു എന്തിനുവേണ്ടി ഭൂമിയിലേക്ക് വന്നു ?**

***"മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതുപോലെ തന്നേ" എന്നു പറഞ്ഞു" (മത്താ:20:28)***

യേശു ചെയ്തതുപോലെ മാനവകുലത്തിന്റെ നന്മയ്ക്കും ഉന്നമനത്തിനും പര്യാപ്തമായ പ്രവൃത്തികൾ ചെയ്യുന്നവനിൽ യേശുവിനോടുള്ള സ്നേഹം ഉണ്ടെന്നു വാസ്തവമായി അറിയാം. സ്നേഹം നമ്മെ നമ്മുടെ സ്വർഗ്ഗസ്ഥ പിതാവിന്റെ സംരക്ഷണയുള്ള എല്ലാ ജീവികളോടും സ്നേഹവും ദയയും സഹതാപവും ഉള്ളവരാക്കിത്തീർക്കുന്നു.

നമ്മുടെ രക്ഷിതാവിന്റെ ഐഹിക ജീവിതം സുഖപ്രദമോ. തന്നെ പുലർത്തുന്നതോ ആയിരുന്നില്ല. നേരെമറിച്ചു നഷ്ടപ്പെട്ടു പോയവരായ നരകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി നിരന്തരവും ആത്മാർത്ഥവുമായ അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടാണ് അവൻ ജീവിതം നയിച്ചത്. പശുത്തൊട്ടി മുതൽ കാൽവറി വരെ അവന്റെ ജീവിതം സ്വയത്യാഗപരമായ ഒന്നായിരുന്നു. എന്നുമാത്രമല്ല, പ്രയാസമുള്ള കൃത്യങ്ങളും, ദുർഘടമായ യാത്രകളും അദ്ധ്വാനമുള്ള പ്രവൃത്തികളും വിട്ടൊഴിയാൻ അവൻ ഒരിക്കൽപോലും ആഗ്രഹിച്ചതുമില്ല. “മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും ആകുന്നു വന്നതു എന്നല്ലയോ അവൻ പറയുന്നത്. (മത്താ. 20:28) ഇതായിരുന്നു അവന്റെ അതിമഹത്തായ ജീവിതോദ്ദേശം. മറ്റെല്ലാം ദ്വിതീയസ്ഥാനം അർഹിക്കുന്നവയും കീഴ്ത്തരങ്ങളുമായിരുന്നു. ദൈവത്തിന്റെ പ്രവൃത്തിചെയ്തു അതിനെ തികക്കുന്നത് അവന്റെ ഭക്ഷണവും പാനീയവുമായിരുന്നു. സ്വയത്തിന്നും സ്വാർത്ഥ താല്പര്യത്തിന്നും അവന്റെ അദ്ധ്വാനത്തിൽ ഒരു പങ്കും ഉണ്ടായിരുന്നില്ല.

**(3). നാം ക്രിസ്തുവിന്റെ കൃപയുടെ ഭാഗമാകുമ്പോൾ യോഹന്നാൻ സ്നാപകനെപോലെ ആരുടെ സാക്ഷി ആകുവാനാണ് പരിശുദ്ധാത്മാവ് നമ്മെ നയിക്കുന്നത് ?**

***“പിറ്റെന്നാൾ യേശു തന്റെ അടുക്കൽ വരുന്നതു അവൻ കണ്ടിട്ടു: ഇതാ,***

***ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടു" (യോഹ:1:29)***

അപ്രകാരംതന്നെ ക്രിസ്തുവിന്റെ കൃപയ്ക്കു ഓഹരിക്കാരായിത്തീർന്നിരിക്കുന്നവരും മറ്റുള്ളവർ (അവർക്കുവേണ്ടിയും അവൻ മരിച്ചിരിക്കയാൽ) സ്വർഗ്ഗീയദാനത്തിന്നു അംശികളായിത്തീരുവാൻവേണ്ടി ഏതുവിധമായ ത്യാഗവും അനുഷ്ഠിപ്പാൻ സദാ ഒരുക്കമുള്ളവരായിരിക്കും. തങ്ങളുടെ പാർപ്പിന്നുവേണ്ടി ഈ ലോകത്തെ ഗുണീകരിപ്പാൻ അവർ തങ്ങളാൽ കഴിയുന്നതൊക്കെയും പ്രവർത്തിക്കും. ഇത് യഥാർത്ഥമായി മാനസാന്തരപ്പെട്ടിട്ടുള്ള ഒരാളിൽ തീർച്ചയായും കാണായ് വരുന്ന ആത്മാവാകുന്നു. ഒരാൾ പരമാർത്ഥ ഹൃദയത്തോടെ ക്രിസ്തുവിന്റെ അടുക്കൽ വന്ന ഉടനെ അവനിൽ എത്ര വിലയേറിയ ഒരു സഖിയെയാണ് താൻ കണ്ടെത്തിയിരിക്കുന്നത് എന്ന് മറ്റുള്ളവരോടും സാക്ഷിപ്പാനുള്ള ഒരു ആഗ്രഹം അവന്റെ ഹൃദയത്തിൽ ഉത്ഭവിക്കാതിരിക്കുകയില്ല; കാരണം രക്ഷിക്കുന്നതും വിശുദ്ധീകരിക്കുന്നതുമായ ആ സത്യം അവന്നു തന്റെ ഹൃദയത്തിൽ അടക്കിവെപ്പാൻ കഴിയുന്നതല്ല. ക്രിസ്തുവിന്റെ നീതിയാൽ നാം ആച്ഛാദനം ചെയ്യപ്പെടുകയും നമ്മിൽ അധിവസിക്കുന്ന അവന്റെ ആത്മാവിന്റെ സന്തോഷംകൊണ്ടു നാം നിറയപ്പെടുകയും ചെയ്യുമ്പോൾ നമ്മുക്ക് മൗനമായിരിപ്പാൻ സാധിക്കുകയില്ല. കർത്താവ് നല്ലവനാകുന്നു എന്നു നാം കാണുകയും രുചിക്കയും ചെയ്തിരിക്കുന്നുവെങ്കിൽ നമ്മുക്ക് സാക്ഷിപ്പാനും വല്ലതും ഉണ്ടായിരിക്കും. ഫിലിപ്പോസ് രക്ഷിതാവിനെ കണ്ടെത്തിയപ്പോൾ ചെയ്തതുപോലെ നാമും മറ്റുള്ളവരെ അവന്റെ സന്നിധാനത്തിങ്കലേക്ക് ക്ഷണിച്ചുവരുത്തും. ക്രിസ്തുവിന്റെ മനോഹരത്വവും വരുവാനിരിക്കുന്ന ലോകത്തിന്റെ അദൃശ്യയഥാർത്ഥങ്ങളും അവരെ ഗ്രഹിപ്പിക്കുവാൻ നാം സദാശ്രമിക്കും. ക്രിസ്തു നടന്ന പാതയിൽ തന്നെ നടപ്പാനുള്ള അഭിവാഞ്ചയും നമ്മിൽ അതികലശലായി ഉണ്ടാകും. നമ്മുടെ

ചുറ്റും പാർക്കുന്ന സമസ്ത മനുഷ്യരും "ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടി"നെ കണ്ടെത്തുവാൻ ഇടയാകണം എന്ന ആകാംക്ഷയും നമ്മുക്കുണ്ടാകും.

**(4). നിസ്വാർത്ഥമായി മറ്റുള്ളവരെ ഔദാര്യം കാണിക്കുന്നതിന്റെ ഫലം എന്തായിരിക്കും ?**

***"ഔദാര്യമാനസൻ പുഷ്ടി പ്രാപിക്കും; തണുപ്പിക്കുന്നവന്നു തണുപ്പു കിട്ടും" (സദൃശ്യ:11:25)***

മറ്റുള്ളവരെ അനുഗ്രഹിപ്പാനായി നാം ചെയ്യുന്ന പ്രയത്നങ്ങൾ നമ്മുക്ക് തന്നെ ഒരു അനുഗ്രഹകരമായി പരിണമിക്കുന്നു. വീണ്ടെടുപ്പുവേലയിൽ നമ്മുക്കും ഒരു ഓഹരി തന്നിരിക്കുന്നതിനാൽ ദൈവത്തിന്നുള്ള ഉദ്ദേശം ഇത് തന്നെ. ദിവ്യസ്വഭാവത്തിൽ അംശികളായി തീർന്നിട്ട് തങ്ങൾ തന്നെ തങ്ങളുടെ കൂട്ടുകാർക്ക് അനുഗ്രഹം വരുത്തുവാൻ കഴിവുള്ളവരായിത്തീരുവാനുള്ള ഭാഗ്യം ദൈവം മനുഷ്യർക്കു നല്കിയിരിക്കുന്നു. ദൈവത്തിന്നു മനുഷ്യർക്ക് കൊടുപ്പാൻ കഴിയുന്ന അതിശ്രേഷ്ഠപദവിയും ഏറ്റവും വലിയ സന്തോഷവും ഇതുതന്നെ ഇപ്രകാരം ഈ സ്നേഹശുശ്രൂഷയിൽ പങ്കുകാരായി തീരുന്നവരൊക്കെയും തങ്ങളുടെ സൃഷ്ടാവിനോടു ഏറ്റവും അടുപ്പിക്കപ്പെടുന്നു.

ദൈവത്തിന്നു ഈ സുവിശേഷ ദൂതും തൽസംബന്ധമായ എല്ലാ സ്നേഹശുശ്രൂഷകളും തന്റെ ദൂതന്മാരെ ഭരമേല്പിക്കാമായിരുന്നു. തന്റെ ഉദ്ദേശ നിവൃത്തിക്കായി മറ്റു മാർഗ്ഗങ്ങളും ഉപയോഗിക്കാമായിരുന്നു. എന്നാൽ തന്റെ അളവില്ലാത്ത സ്നേഹം നിമിത്തം ഈ സ്വാർത്ഥരഹിതമായ ശുശ്രൂഷയുടെ ഫലമായ സന്തോഷം, ആത്മീക അഭ്യുന്നതി ആദിയായ അനുഗ്രഹങ്ങൾക്ക് നാമും പങ്കാളികളാകുമാറ് ദൈവത്തിന്നു നമ്മെ തന്റേയും ക്രിസ്തുവിന്റേയും എല്ലാ നല്ല ദൂതന്മാരുടേയും കൂട്ടു വേലക്കാരാക്കുവാൻ ഇഷ്ടം തോന്നി.

**(5). ആത്മപരിത്യാഗത്തിന്റെ എന്ത് മാതൃകയാണ് ക്രിസ്തു നമുക്ക് കാണിച്ചുതന്നത് ?**

***“നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന്നു നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ” (2 കൊരി:8:9)***

അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മ മൂലം നാം ക്രിസ്തുവിനോടു സഹതാപമുള്ളവരായിത്തീരുന്നു. മറ്റുള്ളവരുടെ നന്മക്കുവേണ്ടി ചെയ്യുന്ന ഓരോ സ്വത്യാഗകർമ്മവും അതനുഷ്ഠിക്കുന്നവന്റെ ഹൃദയത്തിൽ പരോപകാര ശീലം സുദൃഢമാക്കുകയും “സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്തിൽ നാം സമ്പന്നൻ ആകേണ്ടതിന്നു നാം നിമിത്തം ദരിദ്രനായിത്തീർന്ന (2 കൊരി. 8:9) ലോകത്തിന്റെ വീണ്ടെടുപ്പുകാരനായ യേശുകർത്താവിനോടു അധികം അടുക്കുമാറാക്കുകയും ചെയ്യുന്നു” നമ്മെ സൃഷ്ടിക്കയിൽ ദൈവത്തിന്നുണ്ടായിരുന്ന ഉദ്ദേശം നാം ഇപ്രകാരം നിവൃത്തിയാക്കുമ്പോൾ മാത്രമേ ജീവൻ നമ്മുക്ക് ഒരു അനുഗ്രഹമായിത്തീരുകയുള്ളു.

തന്റെ ശിഷ്യന്മാർ ചെയ്യേണമെന്നു കർത്താവ് നിശ്ചയിച്ചിരിക്കുന്ന മാതൃകപ്രകാരം നീ പ്രവർത്തിക്കുകയും ആത്മാക്കളെ ആദായപ്പെടുത്തുകയും ചെയ്‌വാൻ തുനിയുമ്പോൾ ദൈവീക കാര്യാദികളിൽ ആഴമേറിയ അനുഭവവും കൂടുതൽ പരിജ്ഞാനവും ആവശ്യമാണെന്നു നിനക്ക് ബോധ്യമാകയും തൽഫലമായി നീതിക്കായുള്ള വിശപ്പും ദാഹവും നിന്നിൽ ഉണ്ടാകയും ചെയ്യും. അപ്പോൾ നീ ദൈവത്തോട് മുട്ടിപ്പായി അപേക്ഷിക്കയും നിന്റെ വിശ്വാസം ബലപ്പെട്ടു വരികയും നിന്റെ ദേഹി രക്ഷാ കൂപത്തിൽ നിന്ന് ജീവജലം ധാരാളം വലിച്ചു കുടിക്കയും ചെയ്യും. നേരിടുന്ന എതിർപ്പുകളും പരീക്ഷകളും ഹേതുവായി വേദപാരായണത്തിലും പ്രാർത്ഥനയിലും കൂടുതൽ സമയം ചെലവിടുവാൻ നീ

നിർബന്ധിതനാകും. അങ്ങനെ നീ കൃപയിലും ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിലും വളരുകയും നല്ല അനുഭവശാലിയായിത്തീരുകയും ചെയ്യുന്നതാണ്.

**(6). മറ്റുള്ളവരിലേക്ക് എത്തിച്ചേരുവാനുള്ള ആഗ്രഹം ആരാണ് നമുക്ക് നൽകുന്നത് ?**

***"ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നതു" (ഫിലി:2:13)***

**(7). മറ്റുള്ളവരുടെ നന്മക്കായി നിസ്വാർത്ഥം സേവനം ചെയുവാൻ സമർപ്പിക്കപ്പെട്ടവർക്കു എന്ത് അനുഗ്രഹമാണ് ലഭിക്കുന്നത് ?**

***" വിശപ്പുള്ളവനോടു നീ താല്പര്യം കാണിക്കയും കഷ്ടത്തിൽ ഇരിക്കുന്നവന്നു തൃപ്തിവരുത്തുകയും ചെയ്യുമെങ്കിൽ നിന്റെ പ്രകാശം ഇരുളിൽ ഉദിക്കും; നിന്റെ അന്ധകാരം മദ്ധ്യാഹ്നം പോലെയാകും. യഹോവ നിന്നെ എല്ലയ്പോഴും നടത്തുകയും വരണ്ടനിലത്തിലും നിന്റെ വിശപ്പു അടക്കി, നിന്റെ അസ്ഥികളെ ബലപ്പെടുത്തുകയും ചെയ്യും; നീ നനവുള്ള തോട്ടംപോലെയും വെള്ളം വറ്റിപ്പോകാത്ത നീരുറവുപോലെയും ആകും" (യെശയ്യാ:58:10-11)***

അന്യർക്ക് വേണ്ടിയുള്ള സ്വാർത്ഥരഹിതമായ പ്രവൃത്തിയാൽ ഒരുവന്റെ സ്വഭാവത്തിന്നു ശക്തിയും സ്ഥിരതയും ക്രിസ്തുവിന്റേതിനു തുല്യമായ മനോഹരത്വവും വർദ്ധിച്ചു വരികയും അങ്ങനെ അവൻ സമാധാനവും സന്തുഷ്ടിയും കണ്ടെത്തുകയും ചെയ്യുന്നു. മേന്മയായ ആകാംക്ഷകൾ അവനിലുത്ഭവിക്കുന്നു. അലസതയ്ക്കോ സ്വാർത്ഥതല്പരതയ്ക്കോ ഇനി മേൽ അവനിൽ ഇടം ഇല്ല. ക്രിസ്തീയ കൃപകളെ ഇപ്രകാരം ഉപയോഗപ്പെടുത്തുന്നവർ അവയിൽ വളരുകയും ദൈ വത്തിന്നായി പ്രവൃത്തിപ്പാൻ ശക്തരാകയും ചെയ്യും. അവർക്ക് നല്ല തെളിവായ ആത്മീയബോധവും സുദൃഢവും വർദ്ധമാനവുമായ വിശ്വാസവും പ്രാർത്ഥനയിൽ അതിയായ പ്രാഗത്ഭ്യവും ഉണ്ടായിരിക്കും. ദൈവത്തിന്റെ ആത്മാവ്

അവരുടെ ആത്മാക്കളുടെ മീതെ പരിവർത്തിക്കുന്നതിനാൽ ആ ദിവ്യ സ്പർശനംമൂലം അവരുടെ ദേഹികൾ തമ്മിൽ പവിത്രമായ ഒരു യോജിപ്പ് സംജാതമാകും. ഇപ്രകാരം മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി സ്വാർത്ഥരഹിതമായി പ്രവർത്തിക്കുന്നവർ സംശയമെന്യേ തങ്ങളുടെ സ്വന്തരക്ഷയ്ക്കായിട്ടത്രേ പ്രവർത്തിക്കുന്നത്.

**(8). നമ്മുടെ ആത്മീകവളർച്ചയിലേക്കു നമ്മെ നയിക്കുന്ന, പരിശുധാത്മാനിര്ഭരമായ രണ്ട് പ്രവർത്തികൾ എന്തെല്ലാമാണ് ?**

***"സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം ഉറ്റുനോക്കി അതിൽ നിലനില്ക്കുന്നവനോ കേട്ടു മറക്കുന്നവനല്ല, പ്രവൃത്തി ചെയ്യുന്നവനായി താൻ ചെയ്യുന്നതിൽ ഭാഗ്യവാൻ ആകും" (യാക്കോ:1:25)***

കൃപയിൽ വളരുന്നതിനുള്ള ഏകമാർഗ്ഗം കർത്താവ് നമ്മെ ഏല്പിച്ചിരിക്കുന്ന പ്രവൃത്തി പരോപകാര തൽപരതയോടുകൂടി നിർവ്വഹിക്കുന്നതുതന്നെ. അതിന്റെ അർത്ഥമോ നമ്മുടെ സഹായം ആവശ്യപ്പെടുന്നവർക്ക് നമ്മാൽ കഴിയുന്നത്ര സഹായവും അനുഗ്രഹവും നമ്മുടെ പ്രവൃത്തി മുഖേന വരുത്തിക്കൊടുക്കണം എന്നാകുന്നു. അഭ്യാസം മുഖേനയാണ് ശക്തിയുണ്ടാകുന്നത്. പ്രവൃത്തി ജീവിതവ്യവസ്ഥയാകുന്നു. കൃപമൂലം ലഭ്യമായി വരുന്ന അനുഗ്രഹങ്ങളെ അനുഭവിച്ചുകൊണ്ട് ക്രിസ്തുവിന്നു വേണ്ടി യാതൊന്നും പ്രവർത്തിക്കാതെ തങ്ങളുടെ ക്രിസ്തീയജീവിതം പുരോഗമിപ്പാൻ ആഗ്രഹിക്കുന്നവർ വേലചെയ്യാതെ ഭക്ഷിച്ചുകൊണ്ടുമാത്രം ജീവിപ്പാൻ ശ്രമിക്കുകയാണ്. അതിന്റെ ഫലം ഭൗമീക ലോകത്തിലെന്നപോലെ ആത്മീയലോകത്തിലും അധഃപതനവും നിരാശയും തന്നെ. ഒരു മനുഷ്യൻ തന്റെ കൈകാലുകളെ ഉപയോഗിക്കുന്നില്ലെങ്കിൽ കാലാന്തരത്തിൽ അവയുടെ ശക്തി ക്ഷയിച്ചു തീരെ ഉപയോഗ്യശൂന്യമായിത്തീരും. ഇപ്രകാരം തന്നെ ഒരു ക്രിസ്ത്യാനി തന്റെ

ദൈവദത്തമായ ശക്തികളെ ഉപയോഗിച്ചില്ലെങ്കിൽ അവന്നു ക്രിസ്തുവിൽ വളരുവാൻ കഴികയില്ലെന്നു മാത്രമല്ല തനിക്കുണ്ടായിരുന്ന ശക്തിയും കൂടി ക്രമേണ നഷ്ടമായിപ്പോകുന്നതാണ്. ക്രിസ്തുവിന്റെ സഭ മനുഷ്യരുടെ രക്ഷക്കായി ദൈവം ഏർപ്പെടുത്തീട്ടുള്ള ഒരു മുഖാന്തരമാകുന്നു. അതിന്നുള്ള ജോലി ഈ ലോകം ഒട്ടുക്കും സുവിശേഷം ഘോഷിക്കുന്നതാണ്. ഈ ചുമതല ഓരോ ക്രിസ്ത്യാനിക്കും ഉണ്ട്. എല്ലാവരും തങ്ങൾക്ക് ലഭ്യമായിട്ടുള്ള പ്രാപ്തിക്കും അവസരത്തിന്നും അനുസാരമായി പിതാവിന്റെ ഈ കല്പന നിവർത്തിക്കേണ്ടതാകുന്നു. നമ്മിൽ വെളിപ്പെട്ട ക്രിസ്തുവിന്റെ സ്നേഹം മൂലം അവനെ അറിയാത്തവർക്ക് നാം കടക്കാ രാകുന്നു. ദൈവം നമ്മുക്ക് വെളിച്ചം നൽകിയത് നമ്മുക്കുവേണ്ടി മാത്രമല്ല മറ്റുള്ളവർക്കും നാം അതിനെ പ്രകാശിപ്പിപ്പാനാകുന്നു.

**(9). ക്രിസ്തു തന്റെ സഭക്ക് നൽകിയ ദൗത്യം എന്താണ് ?**

***"ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു" എന്നു അരുളിച്ചെയ്തു" (മത്താ:28:19-20)***

ക്രിസ്താനുഗാമികൾ ഒക്കെയും തങ്ങളുടെ ഈ ചുമതലയെപ്പറ്റി ഉണർവ്വുള്ളവരായി തീർന്നാൽ പുറജാതികളുടെയിടയിൽ സുവിശേഷം അറിയിക്കുന്നതിനു ഇന്ന് ഒരാളുള്ളേടത്തു ആയിരം ആളുകൾ ഉണ്ടാകും. നേരിട്ടുള്ള ഈ പ്രവൃത്തി ചെയ്വാൻ കഴിയാത്തവർക്കും തങ്ങളുടെ വസ്തുവകകളും അനുഭവവും പ്രാർത്ഥനയും കൊണ്ടു അതിനെ നിലനിർത്താൻ സാധിക്കും.

ക്രിസ്തീയരാജ്യങ്ങളിലും ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി ഇന്നുള്ളതിലും വളരെ അധികം ആത്മാർത്ഥതയും ശുഷ്കാന്തിയുമുള്ള വേല നടക്കുന്നതായിരിക്കും.

കർത്താവിന്നുവേണ്ടി പ്രവൃത്തിക്കുന്നതിനു എപ്പോഴും നാം നമ്മുടെ പിതൃഭവനവും സ്വദേശവും വിട്ടു അന്യരാജ്യങ്ങളിലേക്കു പോകണമെന്നില്ല. പലപ്പോഴും നമ്മുടെ പ്രവൃത്തി സ്ഥലം നമ്മുടെ സ്വന്ത കുടുംബം തന്നെയായിരിക്കും. നമ്മുടെ ഭവനത്തിലോ സഭയിലോ നാം സാമുദായികമായും തൊഴിൽപരമായും ഇടപെടുന്നവരുടെ മദ്ധ്യേതന്നെ നമ്മുക്ക് ഈ വേല ചെയ്‌വാൻ കഴിയുന്നതാണ്.

**(10). ക്രിസ്ത്യാനി എന്ന നിലയിൽ ക്രിസ്തുവിനുവേണ്ടി എവിടെ വേലചെയ്യുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു ?**

***"സഹോദരന്മാരേ, ഓരോരുത്തൻ വിളിക്കപ്പെട്ട സ്ഥിതിയിൽ തന്നേ ദൈവസന്നിധിയിൽ വസിക്കട്ടെ" (1 കൊരി:7:24)***

നമ്മുടെ രക്ഷിതാവിന്റെ ഐഹിക ജീവകാലത്തിന്റെ ഭൂരിഭാഗവും തച്ചുവേലയിലാണല്ലോ ക്ഷമാപൂർവ്വം കഴിച്ചുകൂട്ടിയത്. അവൻ കർഷകന്മാരോടും കൂലിക്കാരോടും കൂടെ നടക്കുമ്പോഴും അദൃശ്യരും അജ്ഞാതരുമായി സേവകാത്മാക്കളായ ദൂതന്മാർ അവനെ ശുശ്രൂഷിച്ചിരുന്നു. രോഗികളെ സൌഖ്യമാക്കുകയും ക്ഷുഭിതമായിരുന്ന ഗലീലാ കടൽത്തിരകളുടെ മേൽ നടക്കുകയും ചെയ്തപ്പോൾ അവൻ ദിവ്യകൃത്യം എത്ര വിശ്വസ്തതയോടുകൂടി നിറവേറ്റിയോ അത്രയും വിശ്വസ്തത താൻ തച്ചുപണി ചെയ്തുകൊണ്ടിരുന്ന കാലത്തും താൻ നിറവേറ്റുവാൻ വന്ന ജോലിയിൽ പ്രദർശിപ്പിച്ചിരുന്നു. അതിനാൽ നമുക്കും എത്ര വിനീതമായ കൃത്യങ്ങളിലും ഏറ്റവും താണജീവിതത്തിലും യേശുവോടു നടക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

“സഹോദരന്മാരെ, ഓരോരുത്തൻ വിളിക്കപ്പെട്ട സ്ഥിതിയിൽ തന്നെ ദൈവസന്നിധിയിൽ വസിക്കട്ടെ” (1 കൊരി. 7:24) എന്ന് അപ്പോസ്തലൻ പറയുന്നു. ഏതൊരു തൊഴിൽക്കാരനും തന്റെ പരമാർത്ഥതയിൽ തന്റെ ഗുരുവിന്നു മഹത്വം ഉണ്ടാക്കത്തക്കനിലയിൽ തന്റെ തൊഴിൽ ചെയ്യാമല്ലോ. അവൻ ക്രിസ്തുവിന്റെ ഒരു യഥാർത്ഥ അനുഗാമിയാണെന്നു വരികിൽ താൻ ചെയ്യുന്ന എല്ലാറ്റിലും തന്റെ ഭക്തി തിളങ്ങിവിളങ്ങുകയും തന്മൂലം അവനിൽ ക്രിസ്തുവിന്റെ ആത്മാവുണ്ടെന്നും മനുഷ്യർ കാണ്മാനിടവരികയും ചെയ്യും. ഗലീലാ നാട്ടിൽ എത്രയും വിനീതാവസ്ഥയിൽ ജീവിച്ചിരുന്ന നമ്മുടെ കർത്താവിന്റെ ഉത്സാഹവും വിശ്വസ്തതയുമുള്ള ഒരു പ്രതിനിധിയായിരിപ്പാൻ ഒരു യാന്ത്രിക തൊഴിൽകാരനും കഴിയും. ക്രിസ്തുവിന്റെ പേർ വഹിക്കുന്ന ഏവനും മറ്റുള്ളവർ തന്റെ നല്ല ക്രിയകൾ കണ്ടിട്ട് തങ്ങളുടെ സൃഷ്ടാവും വീണ്ടെടുപ്പുകാരനുമായിരിക്കുന്നവരെ മഹത്വീകരിപ്പാൻ ഇടവരത്തക്കവണ്ണം പ്രവൃത്തിപ്പാൻ കടമ്പെട്ടിരിക്കുന്നു.

**(11). ഏറ്റവും ചെറുതായി നാം പരിഗണിക്കപ്പെട്ടാലും, ക്രിസ്തുവിന്റെ സേവക്കായി എന്തുകൊണ്ട് നമ്മുടെ എല്ലാ കഴിവുകളും ഉപയോഗിക്കേണം ?**

***“എന്നിൽ കായ്ക്കാത്ത കൊമ്പു ഒക്കെയും അവൻ നീക്കിക്കളയുന്നു; കായക്കുന്നതു ഒക്കെയും അധികം ഫലം കായ്ക്കേണ്ടതിന്നു ചെത്തി വെടിപ്പാക്കുന്നു” (യോഹ:15:2)***

മറ്റുള്ളവർ തങ്ങൾക്ക് ഇതിനേക്കാൾ ഉപരിയായ വരങ്ങളും സൌകര്യങ്ങളും ഉണ്ടെന്നു ഒഴികഴിവ് പറഞ്ഞുകൊണ്ട് അനേകം ആളുകൾ ക്രിസ്തുവിന്റെ സേവയിൽ നിന്ന് പിന്മാറിക്കളയുന്നു. പ്രത്യേകവരപ്രാപ്തികൾ ഉള്ളവർ മാത്രം തങ്ങളെത്തന്നെ ദൈവസേവക്കായി വേർതിരിച്ചു വെച്ചാൽ മതി എന്നൊരു അഭിപ്രായം പ്രബലപ്പെട്ടിരിക്കുന്നു. ഈ താലന്തുകൾ ദൈവം പ്രത്യേകമായി ഒരു കൂട്ടർക്കു മാത്രമെ നല്കുകയുള്ളു എന്നും മറ്റുള്ളവരെ അതിൽ നിന്നു തീരെ

ഒഴിവാക്കിയിരിക്കുന്നതുകൊണ്ട് അങ്ങെനെ ഒഴിവാക്കപ്പെട്ടിട്ടുള്ളവർ തത്സംബന്ധമായ പ്രവൃത്തിയിലും പ്രതിഫലത്തിലും ഭാഗഭാക്കാകണമെന്നു ഉദ്ദേശിക്കപ്പെട്ടിട്ടില്ല എന്നും ചിലർ വിശ്വസിക്കുന്നുണ്ട്. എന്നാൽ കർത്താവ് പറഞ്ഞ ഉപമയിൽ അങ്ങനെ വിവരിച്ചു കാണുന്നില്ല. ആ വീട്ടെജമാനൻ തന്റെ വേലക്കാരെ വിളിച്ചു ഓരോരുത്തനും തന്റെ വേല ഏല്പിച്ചുവല്ലൊ.

**(12). ദൈവത്തോടുള്ള സ്നേഹത്താൽ നമ്മുടെ ഹൃദയം നിറയുമ്പോൾ ജീവിതത്തിലെ ഏറ്റവും കടമകളെയും നമ്മൾ എങ്ങനെ സമീപിക്കും ?**

***"മനുഷ്യരെ പ്രസാധിപ്പിക്കുന്നവരെപ്പോലെ ദൃഷ്ടിസേവയാൽ അല്ല, ക്രിസ്തുവിന്റെ ദാസന്മാരെപ്പോലെ ദൈവേഷ്ടം മനസ്സോടെ ചെയ്തും മനുഷ്യരെയല്ല കർത്താവിനെ തന്നേ പ്രീതിയോടെ സേവിച്ചുംകൊണ്ടു അനുസരിപ്പിൻ" (എഫേ:6:6-7)***

സ്നേഹാത്മാവിൽ ലോകത്തിലെ ഏതു നികൃഷ്ടമായ വേലയും "കർത്താവിന്നു എന്നപോലെ" (കൊലൊ. 3:23) ചെയ്‌വാൻ കഴിയുന്നതാണ്. ദൈവത്തിന്റെ സ്നേഹം ഹൃദയത്തിലുണ്ടെങ്കിൽ അത് തീർച്ചയായും നമ്മുടെ ജീവിതത്തിൽ പ്രത്യക്ഷപ്പെടും. ക്രിസ്തുവിന്റെ സൌരഭ്യവാസന നമ്മെ ചുറ്റിക്കൊള്ളുകയും നമ്മുടെ സ്വാധീനശക്തി സദാ ഉൽകർഷദായകവും അനുഗ്രഹപ്രദമായിരിക്കുകയും ചെയ്യും.

**(13). ദൈവവുമായുള്ള നമ്മുടെ ബന്ധം ആഴമായതാണെങ്കിൽ നാം ചെയുന്ന എല്ലാ കാര്യങ്ങളുടെയും പ്രേരക ശക്തി എന്തായിരിക്കുയും?**

***"നിങ്ങൾ ചെയ്യുന്നതു ഒക്കെയും മനുഷ്യർക്കെന്നല്ല കർത്താവിന്നു എന്നപോലെ മനസ്സോടെ ചെയ്‌വിൻ" (കൊലോസ്യ:3:23)***

ദൈവത്തിന്നുവേണ്ടി പ്രവർത്തിപ്പാൻ ഒരു പ്രത്യേക അവസരമൊ അപൂർവ്വമായ വരപ്രാപ്തികളൊ ഉണ്ടാകുവോളം നീ കാത്തി രിക്കേണ്ട. ലോകം നിന്നെക്കുറിച്ചു എന്ത് വിചാരിക്കും എന്നും നീ കരുതേണ്ട.

നിന്റെ ദിനംപ്രതിയുള്ള ജീവിതം നിന്റെ വിശ്വാസത്തിന്റെ വിശുദ്ധിക്കും ആത്മാർത്ഥതയ്ക്കും ഒരു സാക്ഷ്യമായിരിക്കയും നീ പരോപകാരിയാണെന്നു മറ്റുള്ളവർക്കു ബോധ്യമാകയും ചെയ്യുന്നുവെങ്കിൽ നിന്റെ പ്രവൃത്തി വിഫലമായി പോകയില്ല.

**(14). വിശ്വാസത്തിന്റെയും, പങ്കുവക്കലിന്റെയും ജീവിതത്തിൽനിന്നും ലഭ്യമാകുന്ന ഫലം എന്താണ് ?**

***"എന്നാൽ ലോഭമായി വിതെക്കുന്നവൻ ലോഭമായി കൊയ്യും; ധാരാളമായി വിതെക്കുന്നവൻ ധാരളമായി കൊയ്യും എന്നു ഓർത്തുകൊൾവിൻ" (2 കൊരി:9:26)***

യേശുവിന്റെ ഏറ്റവും നിസ്സാരരും സാധുക്കളും ആയ ശിഷ്യന്മാർക്ക് പോലും മറ്റുള്ളവർക്കു ഒരനുഗ്രഹമായി പരിലസിപ്പാൻ തങ്ങൾ വല്ല പ്രത്യേക നന്മയും ചെയ്യുന്നുണ്ടെന്നു അവർക്ക് പക്ഷെ ബോധ്യമായില്ലെന്നുവരാം. എങ്കിലും അവരുടെ നല്ല ജീവിതം ഉളവാക്കുന്ന പ്രേരണാശക്തി അവർ അറിയാതെ തന്നെ നാളുകൾ കഴിയുന്തോറും അധികമധികം വ്യാപ്തിയും ആഴവുമുള്ള അനുഗ്രഹ നദികളെ പുറപ്പെടുവിക്കും. അന്ത്യഫലം ലഭിക്കുന്ന ആ ദിവസത്തിൽ അല്ലാതെ അതിന്റെ അനുഗ്രഹിക്കപ്പെട്ട ഫലങ്ങളെക്കുറിച്ചു അവർ ഒന്നും അറികയില്ല. തങ്ങൾ ഗണ്യമായി വല്ലതും ചെയ്യുന്നുണ്ടെന്നുള്ള അറിവോ തോന്നലോ അവർക്കുണ്ടായിരിക്കയില്ല. ഫലപ്രാപ്തിയെക്കുറിച്ചുള്ള ചിന്താകുലതയാൽ തങ്ങളെത്തന്നെ ഭാരപ്പെടുത്തണമെന്നു അവരോടു ആവശ്യപ്പെടുന്നതുമില്ല. ദൈവം തങ്ങൾക്ക് എല്പിച്ചിരിക്കുന്ന പ്രവൃത്തി വിശ്വസ്തതയോടെ ചെയ്തുകൊണ്ടു തങ്ങളുടെ ജീവിതം നയിക്കപ്പെടുമെന്നേയുള്ളു. അങ്ങനെയായാൽ അവരുടെ ജീവിതം വൃഥാവായിപ്പോകയില്ല. അവരുടെ ആത്മാവ് നാൾതോറും അധികമധികം ക്രിസ്തുവിന്റെ സാദൃശ്യത്തോടനുരൂപമായിവരും. ഈ ജീവിതത്തില് അവർ ദൈവത്തിന്റെ പ്രവൃത്തിയിൽ

കൂട്ടുവേലക്കാരായിരുന്നുകൊണ്ട്
വരുവാനുള്ള ജീവിതത്തിലെ
ഉന്നതവേലയ്ക്കും വാടാത്ത
സന്തോഷത്തിന്നും യോഗ്യന്മാരായിത്തീരും.

**മനുഷ്യരാശിയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സ്വർഗ്ഗത്തിലെ മഹത്വം ഉപേക്ഷിച്ചു ഈ താണലോകത്തിലേക്കു യേശു വന്നതിൽ ഞാൻ അങ്ങയോടു നന്ദിയുള്ളവനാണ്.**

**(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)**

**അതെ** തീരുമാനിച്ചില്ല

ക്രിസ്തുവിന്റെ സുവിശേഷീകരണം മാതൃകയിലേക്കു പരിശുദ്ധാത്മാവ് എന്നെ നയിക്കുന്നതിനായി ഞാൻ പ്രാർത്ഥിക്കുന്നു. ആദ്യം വ്യക്തികളുമായി ഇടപഴകുവാനും, സുഹൃത്താകുവാനും,അവരുടെ സാമാന്യ ആവശ്യങ്ങളിൽ കരുണകാണിക്കുവാനും തുടർന്ന് അവരോടു സുവിശേഷം പറയുവാനും എന്നെ പ്രാപ്തനാക്കണേ.

**(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)**

**അതെ** തീരുമാനിച്ചില്ല

**മറ്റുള്ളവരെ ശുശ്രൂഷിക്കുന്നവർക്കു ഏറ്റവും മഹത്തായ ആത്മീക ആനുഗ്രഹങ്ങളും, വളർച്ചയും ലഭിക്കുമെന്ന് ഞാൻ അറിയുന്നു. എന്റെ ജീവിതം ശുശ്രൂഷക്കായി സമർപ്പിക്കുകയും, മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിനായി എന്നെ കർത്താവ് നയിക്കേണ്ടതിനായും ഞാൻ പ്രാർത്ഥിക്കുന്നു.**

**(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)**

**അതെ** തീരുമാനിച്ചില്ല



## അദ്ധ്യായം പതിനൊന്ന്
## ദൈവത്തെക്കുറിച്ചുള്ള അറിവ്

**(1). ദൈവത്തെയും അവിടുത്തെ അത്ഭുതകരമായ മഹത്വത്തെയും വെളിപ്പെടുത്തുന്ന എപ്പൊഴും നിലനിൽക്കുന്ന ഒരു ഉറവിടം ഏതാണ് ?**

***"ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു" (സങ്കീ:19:1)***

വിവധമാർഗ്ഗങ്ങളിൽകൂടി ദൈവം നമ്മുക്ക് തന്നെത്താൻ വെളിപ്പെടുത്തുവാനും നമ്മെ തന്റെ കൂട്ടായ്മയിലേക്ക് ആകർഷിക്കുവാനും ശ്രമിച്ചുവരുന്നു. പ്രകൃതി നിരന്തരമായി നമ്മുടെ പഞ്ചേന്ദ്രിയങ്ങളോടു സംഭാഷിച്ചുകൊണ്ടിരിക്കുന്നുവല്ലോ. തന്റെ കൈവേലകൾ മുഖാന്തരം വെളിവാക്കപ്പെട്ടിരിക്കുന്ന ദൈവസ്നേഹവും മഹത്വവും ഹൃദയപരമാർത്ഥതയുള്ള ഏതുമനുഷ്യനും കണ്ടറിയാതിരിക്കുകയില്ല. ശ്രദ്ധാലുക്കൾ പ്രകൃതിയിലെ വസ്തുക്കളെ സൂക്ഷ്മാവലോകനം ചെയ്തു അവ മൂലം ദൈവം തങ്ങളോടു അരുളിച്ചെയ്യുന്നവയെ പൂർണ്ണമായി ഗ്രഹിക്കും. പച്ചപുല്പുറങ്ങളും ഉയർന്ന വൃക്ഷങ്ങളും,

വിടരുന്നമൊട്ടും, പൂക്കളും കടന്നുപോകുന്ന മേഘങ്ങളും മഴയും നീരുറവകളും വാനത്തിലെ മഹത്വങ്ങളും നമ്മുടെ ഹൃദയത്തോട് സംസാരിക്കുകയും അവയെ നിർമ്മിച്ചവനോട് പരിചയിപ്പാൻ നമ്മെ ക്ഷണിക്കുകയും ചെയ്യുന്നു.

നമ്മുടെ രക്ഷിതാവ് പ്രകൃതിയിലെ കാര്യാദികളെ ഉദാഹരിച്ചാണ് ഓരോ ഉപദേശം നല്കിയത്. വൃക്ഷങ്ങൾ, പക്ഷികൾ, വയലിലെ താമര, കുന്നുകൾ, തടാകങ്ങൾ ആകാശഗോളങ്ങൾ നമ്മുടെ ദൈനംദിന ജീവിതത്തിലെ സംഭവങ്ങളും പരിതസ്ഥിതികളും ഇവയെല്ലാം ഉദാഹരിച്ചുകൊണ്ട് അവൻ ദിവ്യസത്യങ്ങളെ മനുഷ്യർക്ക് പഠിപ്പിച്ചു കൊടുത്തിരിക്കയാൽ എത്ര ജോലിത്തിരക്കുള്ള അവസരത്തിലും പ്രസ്തുത ഉപദേശങ്ങളെ വിസ്മരിക്കാതിരിക്കുവാനും അവയെക്കുറിച്ചു ധ്യാനിപ്പാനും സൗകര്യമുണ്ട്. അവന്റെ മക്കൾ തന്റെ കൈവേലയെ അലങ്കരിച്ചിരിക്കുന്നതിനെ ഓർത്തു സന്തോഷിക്കുന്നവരും ആയിരിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു. ഭംഗിയുള്ളതൊക്കെയും അവന്നു വലിയ ഇഷ്ടമാണ് എന്നുമാത്രമല്ല പുറമെയുള്ള ഭംഗിയേക്കാൾ അകമെയുള്ള അതായത് സ്വഭാവത്തിന്റെ ഭംഗിയെയാണ് അവൻ അധികം ഇഷ്ടപ്പെടുന്നത്. പുഷ്പങ്ങളെപ്പോലെ നാം ശുദ്ധിയും നിർമ്മലതയും ഉള്ളവരായിരിക്കണമെന്നാണ് അവൻ നമ്മെപ്പറ്റി പ്രത്യേകം ആഗ്രഹിക്കുന്നത്.

**(2). നമ്മുടെ ജീവിത തിരക്കുകൾക്കിടയിൽ ദൈവം നമ്മളോട് സംസാരിക്കുന്നത് എങ്ങിനെ കാണുവാനും കേൾക്കുവാനും കഴിയും?**

***"നടുങ്ങുവിൻ; പാപം ചെയ്യാതിരിപ്പിൻ; നിങ്ങളുടെ കിടക്കമേൽ ഹൃദയത്തിൽ ധ്യാനിച്ചു മൌനമായിരിപ്പിൻ"  (സങ്കീ:4:4)***

നാം ശരിയായി ശ്രദ്ധിക്കുമെങ്കിൽ ദൈവത്തിന്റെ സൃഷ്ടിപ്രവൃത്തികളിൽ നിന്ന് നമ്മുക്ക് അനുസരണത്തിന്റെയും ആശ്രയത്തിന്റെയും വിലയേറിയ പാഠങ്ങൾ പഠിക്കാം. യുഗങ്ങൾതോറും തങ്ങളുടെ

ഗതിക്കു യാതൊരു വ്യത്യാസവും കൂടാതെ നിശ്ചിതപാന്ഥാവിൽകൂടി ആകാശമാർഗ്ഗേസഞ്ചരിച്ചുകൊണ്ടിരിക്കുന്ന നക്ഷത്രജാലങ്ങൾ തുടങ്ങി ഏറ്റവും ചെറിയ അണുക്കൾവരെയുള്ള പ്രകൃതിയിലെ സർവ്വവസ്തുക്കളും സ്രഷ്ടാവിന്റെ ഇഷ്ടം അനുസരിക്കുന്നു.

**(3). താൻ സൃഷ്ടിച്ച എല്ലാറ്റിനോടും ദൈവം തെന്റെ കരുണ എങ്ങനെ വെളിപ്പെടുത്തിയിരിക്കുന്നു ?**

*"കാശിന്നു രണ്ടു കുരികിൽ വിൽക്കുന്നില്ലയോ? അവയിൽ ഒന്നുപോലും നിങ്ങളുടെ പിതാവു സമ്മതിക്കാതെ നിലത്തു വീഴുകയില്ല. എന്നാൽ നിങ്ങളുടെ തലയിലെ രോമവും എല്ലാം എണ്ണപ്പെട്ടിരിക്കുന്നു" (മത്താ:10:29-30)*

ദൈവമോ എല്ലാറ്റിനേയുംകുറിച്ചു കരുതലുള്ളവനായിരിക്കുകയും താൻ സൃഷ്ടിച്ച സർവ്വത്തേയും താങ്ങിനടത്തുകയും ചെയ്യുന്നു. ആകാശമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന അനേകായിരം ലോകങ്ങളെ താങ്ങിപ്പോരുന്നവൻ നിർഭയസ്വൈരമായി മധുരഗാനമാലപിക്കുന്ന കുരികിൽ പക്ഷികളുടെ ആവശ്യങ്ങളേയും നിറവേറ്റിക്കൊടുക്കുന്നു. മനുഷ്യർ പ്രാർത്ഥിക്കുമ്പോഴും തങ്ങളുടെ ദിനകൃത്യങ്ങളിൽ ഏർപ്പെട്ടിരിക്കുമ്പോഴും രാത്രി കിടന്നുറങ്ങുമ്പോഴും പുലർകാലെ എഴുന്നേല്ക്കുമ്പോഴും ധനവാൻ വിരുന്നു ആചരിക്കുമ്പോഴും എളിയവൻ തന്റെ ഭാര്യാകുഞ്ഞുങ്ങളുമായി ഒന്നിച്ചിരുന്നു അന്നന്നുള്ള തുച്ഛമായ ആഹാരം കഴിക്കുമ്പോഴും സ്വർഗ്ഗസ്ഥപിതാവായ ദൈവം ഓരോരുത്തരെയും ആർദ്രതയോടുകൂടി കാത്തുപരിപാലിക്കുന്നു. നാം ഒഴുക്കുന്ന കണ്ണുനീർ അവനുമറിയാതിരിക്കുന്നില്ല. അവന്റെ അറിവുകൂടാതെ നമ്മുക്ക് പുഞ്ചിരിതൂകുവാനും കഴിയുന്നതല്ല.

**(4). നാം ദൈവത്തെ സ്നേഹിക്കുകയും, നമ്മുടെ ജീവിതം ദൈവകരത്തിൽ സമർപ്പിക്കുകയും ചെയുമ്പോൾ എന്ത് സുരക്ഷിതത്വമാണ് നമുക്കുള്ളത് ?**

*"എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു" (റോമ:8:28)*

ഇത് നാം പൂർണ്ണമായി വിശ്വസിക്കുമെങ്കിൽ അനാവശ്യമായ ആകുലചിന്തകൾ ഒഴിവാക്കാം. ഇപ്പോഴത്തെപ്പോലെ നമ്മുടെ ജീവിതം നിരാശാപൂർണ്ണമായിരിക്കയില്ല. കാരണം ചെറുതും വലുതുമായ നമ്മുടെ എല്ലാകാര്യങ്ങളും ദൈവത്തിന്റെ കൈയിൽ ഭരമേല്പിക്കപ്പെട്ടിരിക്കും. അവൻ നമ്മുടെ ആവശ്യതകളുടെ മഹത്വം നിമിത്തം അമ്പരന്നുപോകയോ അവയുടെ ഭാരം നിമിത്തം ഭയപരവശനായിത്തീരുകയോ ചെയ്തില്ല. അപ്പോൾ പലരും ദീർഘകാലം അനുഭവിച്ചറിഞ്ഞിട്ടില്ലാത്ത ഒരു ആത്മീകസ്വസ്ഥതയും സമാധാനവും നമ്മുക്ക് അനുഭവമാകും.

**(5). വീണ്ടെടുക്കപ്പെട്ട തന്റെ മക്കളുടെ ജീവിതത്തിലെ എല്ലാ കാര്യങ്ങളിലും അവർ ആഗ്രഹിക്കുന്നതിനേക്കാൾ അത്യന്തം അർത്ഥപൂർണമാകുവാൻ ദൈവം എന്തുചെയ്യുന്നു ?**

*"ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല; ഒന്നാമത്തേതു കഴിഞ്ഞുപോയി; സിംഹാസനത്തിൽ ഇരിക്കുന്നവൻ: ഇതാ, ഞാൻ സകലവും പുതുതാക്കുന്നു എന്നു അരുളിച്ചെയ്തു. എഴുതുക, ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു എന്നും അവൻ കല്പിച്ചു" (വെളി:21:5)*

ഈ ഭൂമി നിന്റെ പഞ്ചേന്ദ്രിയങ്ങൾക്ക് ഇത്ര കമനീയമായിരിക്കുന്നെങ്കിൽ പാപവും മരണവും ഏശാത്തതും യാതൊരു ശാപവും ഇല്ലാതിരിക്കുന്നതുമായ വരുവാനുള്ള ലോകം എത്ര അധികം കമനീയമായിരിക്കും! രക്ഷിക്കപ്പെട്ടവരുടെ വാസസ്ഥലം നമ്മുക്ക് ഊഹിപ്പാൻ കഴിയുന്നതിലും അധികം മഹത്വമേറിയതാകുന്നു. ഈ പ്രകൃതിയിൽ ദൈവം

നിക്ഷിപ്തമാക്കിയിരിക്കുന്ന വിവധദാനങ്ങൾ അവന്റെ മഹത്വത്തിന്റെ ഒരു മങ്ങിയ പ്രഭാകിരണം മാത്രമെ ദൃശ്യമാകുന്നുള്ളു. അവിടത്തെ അവസ്ഥയെക്കുറിച്ചു: "ദൈവത്തെ സ്നേഹിക്കുന്നവർക്ക് ഒരുക്കീട്ടുള്ളത് കണ്ണുകണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെ ഹൃദയത്തിൽ തോന്നീട്ടുമില്ല." (1കൊരി. 2:9) എന്നാണ് എഴുതപ്പെട്ടിരിക്കുന്നത്.

കവികളും പ്രകൃതി ശാസ്ത്രജ്ഞന്മാരും ഈ പ്രകൃതിയെക്കുറിച്ചു ധാരാളം വർണ്ണിച്ചിട്ടുണ്ട്; എങ്കിലും ഒരു സത്യക്രിസ്ത്യാനി മാത്രമേ അതിനെ വേണ്ടുംപോലെ വിലമതിച്ചു അതിന്റെ മനോഹരത്വം പൂർണ്ണമായി ആസ്വദിക്കുന്നുള്ളു. എന്തുകൊണ്ടെന്നാൽ അവൻ അതിൽ തന്റെ സ്വർഗ്ഗീയപിതാവിന്റെ കൈവേലയെ തിരിച്ചറികയും പൂവിലും ചെടിയിലും വൃക്ഷത്തിലും അവന്റെ സ്നേഹത്തെ കാണുകയും ചെയ്യുന്നു. കുന്നും, താഴ്വരയും, കടലും കാണുന്ന ഏവനും അവയിൽ മനുഷ്യരോടുള്ള ദൈവത്തിന്റെ പ്രതിഫലനം കാണുന്നില്ലെങ്കിൽ അവയെ അവന്നു ഉള്ളവണ്ണം വിലമതിപ്പാൻ കഴികയില്ല.

**(6). അവന്റെ ആത്മാവുമായി നാം ബന്ധിക്കപ്പെട്ടിരിക്കുമ്പോൾ ദൈവത്തെക്കുറിച്ചുള്ള എന്ത് അറിവുകളാണ് നമുക്ക് വെളിപ്പെട്ടു കിട്ടുന്നത് ?**

***"അവൻ നീതിയും ന്യായവും ഇഷ്ടപ്പെടുന്നു; യഹോവയുടെ ദയകൊണ്ടു ഭൂമി നിറഞ്ഞിരിക്കുന്നു" (സങ്കീ:33:5)***

നമ്മുക്ക് വേണ്ടിയുള്ള അവന്റെ കാരുണ്യപ്രവർത്തികളും നമ്മുടെ ഹൃദയങ്ങളുടെ മേലുള്ള അവന്റെ ആത്മാവിന്റെ സ്വാധീനശക്തിയും മുഖേനയാണ് ദൈവം നമ്മോട് സംസാരിക്കുന്നത്. നമ്മുടെ സ്ഥിതിഗതികൾ, പരിതസ്ഥിതി, നമ്മുടെ ചുറ്റും ദിനമ്പ്രതി നടക്കുന്ന പരിവർത്തനങ്ങൾ ആദിയായവയെ നാം വേണ്ടുംപോലെ വിവേചിക്കുന്നതായാൽ അവയിൽനിന്ന് അനേകം മഹത്തായ പാഠങ്ങൾ നമ്മുക്ക്

പഠിപ്പാൻ കഴിയും. സങ്കീർത്തനക്കാരൻ ദൈവത്തിന്റെ കാരുണ്യപ്രവൃത്തികളെ ആസ്പദമാക്കി "യഹോവയുടെ ദയകൊണ്ടുഭൂമിനിറഞ്ഞിരിക്കുന്നു" എന്നും "ജ്ഞാനമുള്ളവർ ഇവയെശ്രദ്ധിക്കും; അവർ യഹോവയുടെ കൃപകളെ ചിന്തിക്കും" എന്നും പ്രസ്താവിക്കുന്നു.
(സങ്കീ. 33:5; 107:43)

**(7). ഗോത്രപിതാക്കന്മാരുടെയും പ്രവാചകന്മാരുടെയും ജീവിതാനുഭവങ്ങൾ ദൈവ വചനത്തിൽ രേഖപെടുത്തിയിരിക്കുന്നതിന്റെ ആവശ്യമെന്ത് ?**

***"എന്നാൽ മുന്നെഴുതിയിരിക്കുന്നതു ഒക്കെയും നമ്മുടെ ഉപദേശത്തിന്നായിട്ടു, നമുക്കു തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന്നു തന്നേ എഴുതിയിരിക്കുന്നു" (റോമ:15:4)***

തിരുവചനം മൂലം ദൈവം നമ്മോടു സംസാരിക്കുന്നു. അതിൽ നമ്മുക്ക് അവന്റെ സ്വഭാവഗുണത്തിന്റെയും മനുഷ്യരോടുള്ള അവന്റെ ഇടപാടുകളുടെയും അതിമഹത്തായ വീണ്ടെടുപ്പുവേലയുടെയും പ്രസ്പഷ്ടമായ ഒരു വെളിപ്പാട് അടങ്ങിയിരിക്കുന്നു. ഇതുമൂലം പൂർവ്വപിതാക്കന്മാരുടെയും പ്രവാചകന്മാരുടെ ദൈവത്തിന്റെ ഇതര വിശുദ്ധന്മാരുടെയും ചരിത്രം നമ്മുക്ക് അറിവായ്‌വരുന്നുണ്ട്. "അവർ നമ്മുക്ക് സമസ്വഭാവമുള്ള മനുഷ്യർ ആയിരുന്നു." (യാക്കൊ. 5:17)

നമ്മുക്ക് നേരിട്ടതുപോലുള്ള അധൈര്യങ്ങൾ അവർക്കും ഉണ്ടായിരുന്നുവെന്നും, നാം പരീക്ഷയിൽ അകപ്പെടുന്നതുപോലെ അവരും അകപ്പെട്ടിരുന്നുവെന്നും, എങ്കിലും അവർ വീണ്ടും കർത്താവിന്റെ കൃപയാൽ ധൈര്യം ഉൾക്കൊണ്ടു ജയം പ്രാപിച്ചു എന്നും നാം തിരുവെഴുത്തുകളിൽ കാണുന്നു. അതിനാൽ ആ വസ്തുത നാം വായിച്ചറിയുംതോറും നീതിക്കായുള്ള പോരാട്ടത്തിൽ നമ്മുടെ ധൈര്യം വർദ്ധിച്ചു വരുന്നതാണ്. കൃപയാൽ അവർക്ക് സിദ്ധിച്ച വിലയേറിയ അനുഭവങ്ങളേയും

അവർ ആസ്വദിച്ച വെളിച്ചം, സ്നേഹം, അനുഗ്രഹം, ആദിയായവയും അവർ ചെയ്ത പ്രവൃത്തികളേയും കുറിച്ചു നാം വായിക്കുമ്പോൾ അവരെ ഇതിന്നായി പ്രോത്സാഹിപ്പിച്ച അതേ ആത്മാവ് നമ്മുടെ ഹൃദയങ്ങളിലും അവർക്കുണ്ടായിരുന്നതു പോലെയുള്ള ഒരു തീഷ്ണാഗ്നിയും സ്വഭാവത്തിലും ദൈവത്തോടുള്ള കൂട്ടായ്മയിലും അവർ ആയിത്തീരുവാനുള്ള ഒരു അഭിവാഞ്ചയും നമ്മുടെ ഹൃദയത്തിൽ ഉളവാകും.

**(8). ദൈവവചനം വായിച്ചു പഠിക്കുന്നതിലൂടെ നമുക്ക് ലഭ്യമാകുന്ന രണ്ട് പ്രത്യേക അനുഗ്രഹങ്ങൾ എന്തെല്ലാം ?**

***"നിങ്ങൾ തിരുവെഴുത്തുകളെ ശോധനചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ടു എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ എനിക്കു സാക്ഷ്യം പറയുന്നു" (യോഹ:5:39)***

യേശുകർത്താവ് പഴയനിയമ തിരുവെഴുത്തുകളെക്കുറിച്ചു "അവ എനിക്ക് സാക്ഷ്യം പറയുന്നു" (യോഹ. 5:39) എന്ന് പറഞ്ഞിട്ടു ള്ള സ്ഥിതിക്കു അവ പുതിയനിയമ തിരുവെഴുത്തുകളെ സംബന്ധിച്ചിടത്തോളം എത്ര അധികം വാസ്തവമായിരിക്കും. അതെ, വേദപുസ്തകം നമ്മുടെ വീണ്ടെടുപ്പുകാരനും നമ്മുടെ നിത്യജീവന്റെയും പ്രത്യാശയുടെയും കേന്ദ്രമായിരിക്കുന്ന യേശുകർത്താവിനെക്കുറിച്ചു സാക്ഷ്യം പറയുന്നു. "ഉളവായതൊന്നും അവനെക്കൂടാതെ ഉളവായതല്ല" (യോഹ. 1:3) എന്ന തിരുവെഴുത്തിൻപ്രകാരം സൃഷ്ടിപ്പിനെക്കുറിച്ചുള്ള ഉല്പത്തിപുസ്തകത്തിലെ ആദ്യരേഖ തുടങ്ങി വെളിപ്പാടുപുസ്തകത്തിലെ, അതെ, ഞാൻ വേഗം വരുന്നു" (വെളി. 22:20) എന്നുള്ള അന്ത്യവാഗ്ദത്തം നാം അവന്റെ പ്രവൃത്തികളെക്കുറിച്ചു വായിക്കുകയും അവന്റെ ശബ്ദം ശ്രവിക്കുകയും ചെയ്യുന്നു. നിനക്ക് രക്ഷിതാവിനോടു പരിചയമുണ്ടാകണമെന്ന ആശയുണ്ടെങ്കിൽ തിരുവെഴുത്തുകളെ നന്നായി ആരാഞ്ഞുപഠിക്കുക.

**(9). ദൈവ വചന പഠനത്തിലൂടെയും, വചന ധ്യാനത്തിലൂടെയും ദൈവത്തെപ്പറ്റി മനസിലാക്കുന്നതിന്റെ പ്രാധാന്യമെന്തു ?**

***"ജീവിപ്പിക്കുന്നതു ആത്മാവു ആകുന്നു; മാംസം ഒന്നിന്നും ഉപകരിക്കുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു" (യോഹ:6:63)***

നിന്റെ ഹൃദയം മുഴുവനും ദൈവവചനം കൊണ്ട് നിറയ്ക്കുക. അതു നിന്റെ കത്തിജ്വലിക്കുന്ന ആത്മീക ദാഹം ശമിപ്പിക്കുന്ന ജീവജലമാകുന്നു. സ്വർഗ്ഗത്തിൽ നിന്നുള്ള ജീവന്റെ അപ്പവും അത് തന്നെ. "നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ ജീവനില്ല" എന്ന് കർത്താവ് പറകയും "ഞാൻ നിങ്ങളോട് സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു" എന്ന് താൻ തന്നെ അതിനെ വിശദീകരിക്കയും ചെയ്തിരിക്കുന്നു. (യോഹ. 6:53-63) നാം ഭക്ഷിക്കയും കുടിക്കയും ചെയ്യുന്നതിൽ നിന്ന് നമ്മുടെ ശരീരം പോഷിപ്പിക്കപ്പെടുന്നു. പ്രകൃതിയിലെ വ്യവസ്ഥപോലെ തന്നെയാണ് ആത്മീയ ലോകത്തിലെ വ്യവസ്ഥയും. നമ്മുടെ ധ്യാനവിഷയമാണ് നമ്മുടെ ആത്മപ്രകൃതിക്ക് ആരോഗ്യവും ശക്തിയും കൊടുക്കുന്നത്.

**(10). പൗലോസിനെപോലെ, തിരുവെഴുത്തിലെ ഏതു മഹത് വിഷയത്തെയാണ് നാം അറിയുകയും, അറിയിക്കുകയും ചെയ്യേണ്ടത് ?**

***"ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു" (1 കൊരി:2:2)***

വീണ്ടെടുപ്പു എന്ന വിഷയം ദൈവ ദൂതന്മാരും കുനിഞ്ഞു നോക്കുവാൻ ആഗ്രഹിക്കുന്ന ഒന്നാകുന്നു: അത് തന്നെയായിരിക്കും നിത്യതയുടെ അവസാനമില്ലാത്ത യുഗായുഗങ്ങളിൽ പ്രശംസയും പാട്ടും. ആ സ്ഥിതിക്ക്

ഇപ്പോൾ അത് നമ്മുടെ അതിസൂക്ഷ്മമായ പഠനവും പരിചിന്തനവും അർഹിക്കുന്നില്ല എന്ന് ആർ പറയും? കർത്താവിന്റെ അളവറ്റ കരുണ, അവന്റെ ആർദ്രസ്നേഹം, അവന്റെ യാഗാർപ്പണം ഇവയെല്ലാം എത്രയും ഗൗരവപൂർവ്വവും, ഭയഭക്തിയോടും വിചിന്തനം ചെയ്യേണ്ട വിഷയങ്ങളാകുന്നു. നമ്മുടെ പ്രിയരക്ഷിതാവും മദ്ധ്യസ്ഥനുമായിരിക്കുന്നവന്റെ സ്വഭാവ വൈശിഷ്ട്യത്തെക്കുറിച്ചു നാം എപ്പോഴും ധ്യാനിക്കണം. തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്ന് രക്ഷിപ്പാനായി ഈ ലോകത്തിൽ വന്ന അവന്റെ ഉദ്ദേശത്തെപ്പറ്റിയും നാം ഗാഢമായി ചിന്തിക്കണം. ഇങ്ങനെ നാം ഈ സ്വർഗ്ഗീയ വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്തോറും നമ്മുടെ വിശ്വാസവും സ്നേഹവും അധികമധികമായി സുശ്ശക്തമാകയും നമ്മുടെ പ്രാർത്ഥനയിൽ വിശ്വാസവും സ്നേഹവും കലർന്നിരിക്കുന്നത് കൊണ്ട് അത് ദൈവത്തിന്നു കൂടുതൽ സ്വീകാര്യമായിത്തീരുകയും ചെയ്യും. മാത്രമല്ല അത് ബുദ്ധിപൂർവ്വകവും എരിവുള്ളതും ആയിരിക്കും. അപ്പോൾ യേശു കർത്താവിൽ അധികം സ്ഥിരമായ വിശ്വാസം ഉണ്ടാകയും തൽഫലമായി അവന്മുഖാന്തരം ദൈവത്തോട് അടുക്കുന്നവരെ പൂർണ്ണമായി രക്ഷിപ്പാൻ കഴിയുന്ന അവന്റെ ശക്തിയിൽ ദൈനംദിനവും സജീവവുമായ ഒരനുഭവം കരഗതമാകയും ചെയ്യുന്നതാണ്.

**(11). നമ്മുടെ ആത്മീക വളർച്ചയിൽ ശക്തിപ്പെടേണ്ടതിനായി തിരുവെഴുത്തുകളിലെ എന്ത് സ്വാധീനതകൾ ഉൾക്കൊള്ളുവാനാണ് നിർദേശിച്ചിരിക്കുന്നത് ?**

***"ഒടുവിൽ സഹോദരന്മാരേ, സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും നീതിയായതു ഒക്കെയും നിർമ്മലമായതു ഒക്കെയും രമ്യമായതു ഒക്കെയും സല്കീർത്തിയായതു ഒക്കെയും സൽഗുണമോ പുകഴ്ചയോ അതു ഒക്കെയും ചിന്തിച്ചുകൊൾവിൻ" (ഫിലി:4:8)***

**(12). അവന്റെ വചനവും വിശുദ്ധിയും ധ്യാനിക്കുന്നതിലൂടെ ദൈവത്തെപ്പറ്റി നാം**

**കൂടുതലായി അറിവ് നേടുന്നു. ഇത് നമ്മിലും നമ്മുടെ പ്രേഷിത പ്രവർത്തിയിലും, ഏതുവിധത്തിൽ സ്വാധീനം ചെലുത്തും?**

***"എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു" (2കൊരി: 3:18)***

നമ്മുടെ രക്ഷിതാവിന്റെ പൂർണ്ണതയെപ്പറ്റി ധ്യാനിക്കുമ്പോൾ നാം മുഴുവനും രൂപാന്തരപ്പെട്ടു അവന്റെ വിശുദ്ധിയുടെ സാദൃശ്യത്തോട് അനുരൂപരാകുവാൻ വാഞ്ഛിക്കും. അപ്പോൾ നമ്മുക്ക് നാം ആരാധിക്കുന്ന അവനെപ്പോലെ ആയിത്തീരണമെന്നുള്ള ആത്മീയവിശപ്പും ദാഹവും ഉണ്ടാകും. നാം കർത്താവിനെപ്പറ്റി എത്ര അധികം ധ്യാനിക്കുമോ അത്ര അധികം അവനെപ്പറ്റി മറ്റുള്ളവരോടു സംസാരിക്കയും ലോകസമക്ഷം അവനെ പ്രതിബിംബിക്കയും ചെയ്യും.

**(13). ദൈവ വചനം ജ്ഞാനിയും വിവേകിയുമാകുന്നത് ആരെ ?**

***"യഹോവയുടെ ന്യായപ്രമാണം തികവുള്ളതു; അതു പ്രാണനെ തണുപ്പിക്കുന്നു. യഹോവയുടെ സാക്ഷ്യം വിശ്വാസ്യമാകുന്നു; അതു അല്പബുദ്ധിയെ ജ്ഞാനിയാക്കുന്നു" (സങ്കീ:19:7)***

വേദപുസ്തകം പണ്ഡിതന്മാർക്കുവേണ്ടി മാത്രം എഴുതപ്പെട്ടതല്ല; നേരെ മറിച്ചു അത് സാമാന്യ ജനങ്ങൾക്കും കൂടെയുള്ളതാണ്. രക്ഷയ്ക്കു അത്യന്താപേക്ഷിതമായ വൻ സത്യങ്ങൾ പട്ടാപ്പകൽപോലെ അതിൽ പ്രസ്പഷ്ടമാക്കപ്പെട്ടിരിക്കുന്നു. അത് വെളിവാക്കുന്ന ദൈവേഷ്ടത്തിന്നു വിപരീതമായി തങ്ങളുടെ സ്വന്ത ഇഷ്ടപ്രകാരം നടക്കുന്നവരൊഴികെ മറ്റാരും അതിനെ തെറ്റിദ്ധരിക്കയൊ അങ്ങനെ വഴി തെറ്റിപ്പോകയൊ ചെയ്കയില്ല.

**(14). വ്യക്തിപരമായി ദൈവവചനം പഠിക്കേണ്ടതിന്റെ ആവശ്യകതയെന്തു ?**

***“സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ടു ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിന്നു കൊള്ളാകുന്നവനായി നില്പാൻ ശ്രമിക്ക” (2 തിമോ:2:15)***

ദൈവവചനം എന്ത് ഉപദേശിക്കുന്നു എന്നറിവാൻ നാം മനുഷ്യരുടെ അഭിപ്രായം എടുക്കാതെ തിരുവെഴുത്തുകൾ എന്ത് പറയുന്നു എന്ന് നാം തന്നെ വായിച്ചു പഠിക്കണം. നാം തന്നെ ചിന്തിച്ചറിയുന്ന കാര്യങ്ങൾ മറ്റുള്ളവർക്ക് വിട്ടുകൊടുത്താൽ നമ്മുടെ ശക്തികൾ മുടന്തിയും പ്രാപ്തികൾ കുറുകിയും പോകുന്നതാണ്. മനസ്സിന്റെ ശ്രേഷ്ഠശക്തികൾ അഭ്യാസനക്കുറവു നിമിത്തം ദൈവവചനത്തിന്റെ ഗാഢമായ അർത്ഥം ഗ്രഹിക്കത്തക്ക നിലയിൽ അവയെ കേന്ദ്രീകൃതമാക്കുവാൻ അപര്യാപ്തങ്ങളായി ഭവിച്ചുപോകും. നേരെമറിച്ചു തിരുവെഴുത്തിനെ തിരുവെഴുത്തോടും ആത്മീകമായതിനെ ആത്മീകമായതിനോടും താരതമ്യപ്പെടുത്തി വേദപുസ്തകത്തിലെ വിവിധ വിഷയങ്ങൾ തമ്മിലുള്ള ബന്ധം കണ്ടുപിടിപ്പാനായി മനസ്സു വ്യാപരിപ്പിച്ചാൽ അത് നല്ലവണ്ണം വികസിക്കും.

തിരുവെഴുത്തു പഠനംപോലെ നമ്മുടെ ബുദ്ധിയെ ബലപ്പെടുത്തുവാൻ ഉപയുക്തമായ മറ്റൊന്നുമില്ല. നമ്മുടെ ആലോചനകളെ ശ്രേഷ്ഠമാക്കുവാനും പ്രാപ്തികളെ ശക്തീകരിക്കുവാനും പര്യാപ്തമായിരിക്കുന്ന വിശാലവും അത്യുത്തമവുമായ സത്യങ്ങൾ വേദപുസ്തകത്തിലുള്ളതുപോലെ വേറൊരു ഗ്രന്ഥത്തിലും ഇല്ല. മനുഷ്യർ ദൈവവചനത്തെ പഠിക്കേണ്ട പ്രകാരം പഠിച്ചാൽ ഇക്കാലത്ത് ദുർല്ലഭമായി മാത്രം കാണപ്പെടുന്ന വിശാല മനസ്സും ശ്രേഷ്ഠമായ സ്വഭാവഗുണവും സ്ഥിരനിശ്ചയവും അവരിൽ ധാരാളമായി ഉണ്ടാകും.

**(15). നമുക്ക് കൂടുതൽ പ്രയോജനപ്രദമായ പഠനരീതി ഏതു ?**

*“ഞാൻ ഭൂമിയിൽ പരദേശിയാകുന്നു; നിന്റെ കല്പനകളെ എനിക്കു മറെച്ചുവെക്കരുതേ” (സങ്കീ:119:11)*

എന്നാൽ ബദ്ധപ്പെട്ടു ദൈവവചനം വായിച്ചാൽ യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ല. ഒരുവൻ വേദപുസ്തകം ആദിയോടന്തം വായിച്ചിരിക്കാം; എങ്കിലും അതിന്റെ ഭംഗിയാകട്ടെ അതിന്റെ അഗാധവും മറവുമായിരിക്കുന്ന പൊരുളാകട്ടെ ഗ്രഹിച്ചിരിക്കയില്ല. ഒരു വാക്യം എടുത്തു അതിന്റെ അർത്ഥം എന്തെന്നും രക്ഷാമാർഗ്ഗത്തോട് അതു എങ്ങനെ സംബന്ധപ്പെട്ടിരിക്കുന്നു എന്നും നമ്മുടെ മനസ്സിൽ സ്പഷ്ടമായി ബോധ്യപ്പെടുന്നതുവരെ അതിനെക്കുറിച്ചു ധ്യാനിക്കാതെ തത്രപ്പാടോടുകൂടി അനേകം അദ്ധ്യായങ്ങൾ ഒരെനീട്ടായി വായിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. നിങ്ങളുടെ കൈയ്യിൽ എപ്പോഴും വേദപുസ്തകം ഉണ്ടായിരിക്കണം. അവസരം കിട്ടുമ്പോഴൊക്കെ അത് വായിക്കുക. കഴിവുള്ളിടത്തോളം വേദവാക്യങ്ങളെ മനഃപാഠം ചെയ്ക. വഴി നടക്കുമ്പോൾ അതിൽ നിന്ന് ഒരു ഭാഗം വായിച്ചു ധ്യാനിച്ചു അതിനെ നിന്റെ മനസ്സിൽ പതിച്ചു കൊൾക.

**(16). തിരുവചനത്തിന്റെ ആഴത്തിലുള്ള സത്യങ്ങളെ മനസ്സ്സിലാകുവാൻ , ഏതുവിധത്തിലുള്ള വചന പഠനമാണ് നാം അനുവർത്തിക്കേണ്ടത് ?**

*“ചട്ടത്തിന്മേൽ ചട്ടം, ചട്ടത്തിന്മേൽ ചട്ടം; സൂത്രത്തിന്മേൽ സൂത്രം, സൂത്രത്തിന്മേൽ സൂത്രം; ഇവിടെ അല്പം, അവിടെ അല്പം” എന്നു അവർ പറയുന്നു അതേ” (യെശയ്യാ:28:10)*

നല്ലശ്രദ്ധയും പ്രാർത്ഥനാപൂർവ്വകവുമായ പാരായണവും കൂടാതെ നമ്മുക്ക് ജ്ഞാനം സമ്പാദിപ്പാൻ കഴികയില്ല. വേദപുസ്തകത്തിന്റെ ചില ഭാഗങ്ങൾ നിഷ്പ്രയാസം മനസ്സിലാക്കത്തക്കവയാണ്. എന്നാൽ മറ്റ് ചില ഭാഗങ്ങളുടെ അർത്ഥം പെട്ടെന്ന് ഗ്രഹിപ്പാൻ കഴികയില്ല. അതിനാൽ നാം തിരുവെഴുത്തുകൾ ഒത്തു

നോക്കണം. ആ കാര്യത്തില് വളരെ സൂക്ഷ്മമായ നിരീക്ഷണവും പ്രാർത്ഥനയോടുകൂടിയ വിചിന്തനവും ആവശ്യമുണ്ട്. ഏതാദൃശ പരിശ്രമത്തിന്നു ധാരാളം പ്രതിഫലം ലഭിക്കും. ലോഹഖനിയിൽ വേലചെയ്യുന്ന ഒരുവൻ ഭൂമിയുടെ അന്തർഭാഗത്തു മറഞ്ഞിരിക്കുന്ന വിലയേറിയ ലോഹഞരമ്പു (ലോഹരേഖ) കണ്ടെത്തുന്ന പ്രകാരം ദൈവവചനമാകുന്ന ഖനിയിൽ ഇടവിടാതെ നിരീക്ഷണം നടത്തുന്നവൻ ആശ്രദ്ധരായ അന്വേഷകരുടെ ദൃഷ്ടികൾക്ക് മറഞ്ഞിരിക്കുന്ന അനവധി മഹൽ സത്യങ്ങളെ ഒളിച്ചു വച്ച നിധിപോലെ കണ്ടെത്തുന്നതാണ്. നമ്മുടെ ഹൃദയങ്ങളിൽ നാം സംഗ്രഹിച്ചു ധ്യാനിക്കുന്ന ആത്മശ്വാസീയമായ വചനങ്ങൾ ജീവന്റെ ഉറവയില് നിന്ന് പുറപ്പെട്ടൊഴുകുന്ന ജീവപ്രവാഹം പോലെയായിരിക്കും.

**(17). എന്ത്കൊണ്ട്, തിരുവചന പഠനത്തിന് മുൻപായി പരിശുദ്ധാത്മാവിന്റെ പ്രകാശനത്തിനായി പ്രാർത്ഥിക്കണം ?**

***"എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിനക്കുത്തരം അരുളും; നീ അറിയാത്ത മഹത്തായും അഗോചരമായും ഉള്ള കാര്യങ്ങളെ ഞാൻ നിന്നെ അറിയിക്കും" (യിര:33:3)***

പ്രാർത്ഥനകൂടാതെ ഒരിക്കലും ദൈവവചനം പാരായണം ചെയ്യരുത്. വേദപുസ്തകം തുറക്കുന്നതിനു മുമ്പെ ദൈവാത്മാവിന്റെ പ്രകാശത്തിന്നായി നീ അപേക്ഷിച്ചാൽ അത് തീർച്ചയായും നിനക്ക് ലഭിക്കും. നഥനയേൽ യേശുവിന്റെ അടുക്കൽ വന്നപ്പോൾ: ഇതാ സാക്ഷാൽ യിസ്രായേല്യൻ; ഇവനിൽ കപടം ഇല്ല" എന്ന് രക്ഷിതാവ് അവനെക്കുറിച്ചു പറഞ്ഞു. "നഥനയേൽ അവനോടു എന്നെ എവിടെ വച്ചു അറിയും എന്ന് ചോദിച്ചതിന്നു: ഫിലിപ്പോസ് നിന്നെ വിളിക്കും മുമ്പെ നീ അത്തിയുടെ കീഴിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു എന്ന് യേശു ഉത്തരം പറഞ്ഞു." (യോഹന്നാൻ 1:47,48) സത്യം ഇന്നതെന്നറിയേണ്ടതിന്നു നമ്മുക്കാവശ്യമായ വെളിച്ചം വേണമെന്നു ആഗ്രഹിച്ചുകൊണ്ട് നാം അവനെ

സമീപിച്ചാൽ നാം പ്രാർത്ഥിക്കുന്ന സ്ഥലത്ത് വച്ചു അവൻ നമ്മെയും കാണും. മനോവിനയത്തോടുകൂടി ദിവ്യനടത്തിപ്പിന്നായി അപേക്ഷിക്കുന്ന ഏവരോടും വെളിച്ച ലോകത്തിൽ നിന്നുള്ള ദൂതന്മാരുടെ സാന്നിദ്ധ്യം ഉണ്ടായിരിക്കും.

**(18). ദൈവീക സത്യം വെളിപ്പെടുത്തിയതാര് ?**

***"സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കയും വരുവാനുള്ളതു നിങ്ങൾക്കു അറിയിച്ചുതരികയും ചെയ്യും" (യോഹ:16:13)***

പരിശുദ്ധാത്മാവ് രക്ഷിതാവിനെ ഉയർത്തിക്കാണിക്കുകയും മഹത്വീകരിക്കയും ചെയ്യുന്നു. കർത്താവിനെയും അവന്റെ നീതിയുടെ നിഷ്കളങ്കതയെയും അവന്മൂലം നമ്മുക്കുള്ള മഹാരക്ഷയെയും നമ്മുക്ക് കാണിച്ചു തരുന്നതാകുന്നു പരിശുദ്ധാത്മാവിന്റെ ഉദ്യോഗം. "അവൻ എനിക്കുള്ളതിൽ നിന്ന് എടുത്തു നിങ്ങൾക്ക് അയച്ചുതരും" എന്ന് യേശു കർത്താവ് പറയുന്നു. (യോഹ. 16:14) സത്യത്തിന്റെ ആത്മാവുമാത്രമാണ് ദിവ്യസത്യം യഥാവിധി പഠിപ്പിപ്പാന് കഴിവുള്ള ഗുരുനാഥൻ. തന്റെ പുത്രനെ മനുഷ്യർക്ക് വേണ്ടി മരണത്തിന്നു ഏല്പിക്കുകയും തന്റെ ആത്മാവിനെ അവരുടെ ഗുരുവും സദാകാലത്തേയ്ക്കുള്ള വഴികാട്ടിയും ആയി നിയമിക്കുകയും ചെയ്തിരിക്കുന്നതിൽ നിന്ന് ദൈവം മാനുഷവർഗ്ഗത്തെ എത്ര കണ്ടു വിലമതിച്ചിരിക്കുന്നു എന്ന് നോക്കുവിൻ.

**ദൈവ വചനത്തിൽ ഞാൻ ജ്ഞാനം, ക്ഷമ, ആശ്വാസം, പ്രത്യാശ എന്നിവ കാണുന്നു. ഈ വചനങ്ങൾ എന്റെ ഹൃദയത്തിൽ സൂക്ഷിച്ചു പാപത്തിൽനിന്നു അകന്നു ജീവിക്കുന്നതിനായി തിരുവചനം പഠിക്കുവാനുള്ള തീഷ്ണമായ ആഗ്രഹത്തിനായി ഞാൻ പ്രാർത്ഥിക്കുന്നു.**

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല

എന്റെ നല്ല ഗുരുവായിരുന്നു, താഴ്മയുള്ളൊരു ഹൃദയം എനിക്ക് നൽകുവാൻ ഞാൻ പരിശുധാത്മാവിനോട് അപേക്ഷിക്കുന്നു. ചട്ടത്തിന്മേൽ ചട്ടവും, സൂത്രത്തിന്മേൽ സൂത്രവും തിരിച്ചറിയാനുള്ള ജ്ഞാനത്തിനായും പ്രാർത്ഥിക്കുന്നു.

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല

പൂർണ്ണ ഹൃദയത്തോടും, പൂർണ്ണ മനസോടും, പൂർണ്ണ ആത്മാവോടും കൂടി ദൈവത്തെ അന്വേഷിക്കുക എന്നതാണെന്റെ ലക്ഷ്യം. നിത്യജീവന്റെ പാതയിൽ തിരുവെഴുത്തുകൾ ചൊരിയുന്ന വെളിച്ചത്തെ പിന്തുടരുവാനും പരിശുദ്ധാത്മാവിന്റെ വഴികൾ മനസിലാക്കേണ്ടതിനും ഞാൻ ആഗ്രഹിക്കുന്നു.

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല



## അദ്ധ്യായം പന്ത്രണ്ട്
## പ്രാർത്ഥന എന്ന അവകാശം

**(1). പ്രാർത്ഥനയിലൂടെ ദൈവവുമായി സമ്പർക്കം പുലർത്തേണ്ടതിന്റെ പ്രാധാന്യം എന്ത് ?**

***“നിങ്ങൾ എന്നോടു അപേക്ഷിച്ചു എന്റെ സന്നിധിയിൽവന്നു പ്രാർത്ഥിക്കയും ഞാൻ നിങ്ങളുടെ പ്രാർത്ഥന കേൾക്കയും ചെയ്യും” (യിര:29:12)***

പ്രകൃതി, തിരുവെഴുത്തുകൾ, തന്റെ നിത്യപരിപാലനം, പരിശുദ്ധാത്മപ്രബോധനം ആദിയായവയിൽകൂടി ദൈവം നമ്മോടു സംസാരിക്കുന്നു. എന്നാൽ അതുപോരാ നമ്മുടെ ഹൃദയത്തെ അവന്നു പകർന്നുകൊടുക്കണം. നമ്മിൽ ആത്മജീവനും ചൈതന്യവുമുണ്ടാകണമെങ്കിൽ നാം നമ്മുടെ സ്വർഗ്ഗസ്ഥപിതാവിനോടു സമ്പർക്കം പുലർത്തണം. നമ്മുടെ മനസ്സു അവങ്കലേക്ക് ആകർഷിക്കപ്പെടുന്നുണ്ടായിരിക്കാം; നാം അവന്റെ ക്രിയകളെയും കരുണകളെയും അനുഗ്രഹങ്ങളേയുംകുറിച്ചു സദാ ധ്യാനിച്ചേക്കാം; എന്നാൽ ഇവയൊന്നുകൊണ്ടും അവനോടുള്ള കൂട്ടായ്മ പൂർത്തിയാകുകയില്ല. അത് പൂർത്തിയാകണമെങ്കിൽ നമ്മുടെ യഥാർത്ഥ

ജീവിതത്തെക്കുറിച്ചു നാം അവനോടു എന്തെങ്കിലും സംസാരിക്കണം.

പ്രാർത്ഥന എന്നത് നമ്മുടെ ഹൃദയത്തെ ഒരു ചങ്ങാതിക്കെന്നപോലെ, ദൈവത്തിന്നു തുറന്നു കാട്ടുന്നതാകുന്നു. ഇത് നാം എങ്ങനെയുള്ളവരാകുന്നു എന്ന് ദൈവത്തെ അറിയിപ്പാനല്ല പിന്നെയോ അ വനെ കൈക്കൊള്ളുവാൻ നമ്മെ പ്രാപ്തിയുള്ളവരാക്കുവാനാണ് അത് ആവശ്യമായിരിക്കുന്നത്. പ്രാർത്ഥന ദൈവത്തെ നമ്മുടെ അടുക്കലേക്ക് വലിച്ചിറക്കാതെ നമ്മെ അവന്റെ അടുക്കലേക്ക് ഉയർത്തുകയാണ് ചെയ്യുന്നതു.

**(2). പ്രാർത്ഥനക്കായി വരുമ്പോൾ നാം എന്ത് ചെയ്യണം എന്നാണു യേശു ആഹ്വാനം ചെയ്തിട്ടുള്ളത് ?**

***“ അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ” (1 പത്രോ:5:7)***

യേശു ഈ ഭൂമിയിലുണ്ടായിരുന്നപ്പോൾ എങ്ങിനെ പ്രാർത്ഥിക്കണം എന്ന് തന്റെ ഐഹികജീവിതകാലത്ത് ശിഷ്യരെ പഠിപ്പിച്ചു. തങ്ങളുടെ ദിനം പ്രതിയുള്ള ആവശ്യങ്ങളെ ദൈവത്തോട് അറിയിപ്പാനും ചിന്താഭാരങ്ങളെ അവന്റെമേൽ ഇട്ടുകൊള്ളുവാനും അവൻ അവരെ ഉപദേശിച്ചു. തങ്ങളുടെ പ്രാർത്ഥനകൾ കേൾക്കപ്പെടും എന്നതിനു കർത്താവ് അവർക്ക് നല്കിയ ഉറപ്പു നമ്മുക്ക് കൂടി ഉള്ളതാകുന്നു.

**(3). ക്രിസ്തു ഭൂമിയിൽ ആയിരുന്നപ്പോൾ പ്രാർത്ഥനയിൽ പിതാവുമായുള്ള സമ്പർക്കത്തെപ്പറ്റി എന്ത് ദൃഷ്ടാന്തമാണ് നൽകിയത് ?**

***“അതികാലത്തു ഇരുട്ടോടെ അവൻ എഴുന്നേറ്റു പുറപ്പെട്ടു ഒരു നിർജ്ജനസ്ഥലത്തു ചെന്നു പ്രാർത്ഥിച്ചു” (മാർക്കോ:1:35)***

യേശു മനുഷ്യരുടെ ഇടയിൽ അധിവസിച്ചിരുന്ന കാലത്തുമിക്ക ദിവസങ്ങളും പ്രാർത്ഥനയിൽ ചെലവഴിച്ചിരുന്നു. നമ്മുടെ രക്ഷിതാവ്

നമ്മുടെ ആവശ്യകതകളോടും ബലഹീനതയോടും ഏകീഭവിച്ചുകൊണ്ട് തന്റെ കൃത്യനിർവ്വഹണത്തിലും പരീക്ഷാവിജയത്തിനും വേണ്ടി തനിക്കാവശ്യമുള്ള പുതുശക്തി പിതാവിൽനിന്ന് അപേക്ഷിച്ചു വാങ്ങുന്നതിൽ അവൻ ഒരു യാചകനും ഹർജ്ജിക്കാരനുമായിത്തീർന്നു. അവൻ സർവ്വകാര്യങ്ങളിലും നമ്മുടെ ഉത്തമ ദൃഷ്ടാന്തമാകുന്നു. "സർവ്വത്തിലും നമ്മുക്കുതുല്യമായി പരിക്ഷിക്കപ്പെട്ടവൻ" ആകയാൽ അവൻ നമ്മുടെ ബലഹീനതകളിൽ നമ്മുക്ക് തുണനില്പാൻ കഴിവുള്ള സഹോദരൻ ആയി എങ്കിലും പാപരഹിതൻ എന്ന നിലയിൽ അവന്റെ പ്രകൃതിപാപത്തോടു വെറുപ്പുള്ളതായിരുന്നു. അത് കൊണ്ട് പാപസംമ്പൂർണ്ണമായ ഈ ലോകത്തിൽ അവൻ ആത്മാവിൽ വലിയപോരാട്ടവും പീഡയും അനുഭവിക്കേണ്ടിവന്നു. അവന്റെ മനുഷ്യത്വം പ്രാർത്ഥനയെ ഒരു ആവശ്യകതയും അവകാശവും ആക്കിത്തീർത്തു. തന്റെ പിതാവിനോടുള്ള സംസർഗ്ഗത്തിൽ അവൻ ആനന്ദവും ആശ്വാസവും കണ്ടെത്തിയിരുന്നു. ഇങ്ങനെ ദൈവപുത്രനും നരകുല രക്ഷിതാവുമായവന്നു പ്രാർത്ഥന ആവശ്യമായിരുന്നെങ്കിൽ ബലഹീനരും പാപസമ്പൂർണ്ണരുമായ നമ്മുക്ക് അതെത്ര അധികം ആവശ്യമാണെന്നു ചിന്തിക്കുക.

**(4). പ്രാർത്ഥനയിൽ നാം എങ്ങനെ ദൈവത്തിങ്കലേക്കു വരണം ?**

***"അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിന്നുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന്നു അടുത്തു ചെല്ലുക" (എബ്രായ:4:16)***

തന്റെ അനുഗ്രഹങ്ങളുടെ നിറവു നമ്മുടെ മേൽ വർഷിക്കേണ്ടതിന്നു നമ്മുടെ സ്വർഗ്ഗസ്ഥപിതാവു കാത്തുകൊണ്ടിരിക്കുന്നു. ആ സീമയറ്റ സ്നേഹകൂപത്തിൽ നിന്ന് പ്രാർത്ഥനമൂലം ധാരാളം കോരിക്കുടി ക്കുന്നതിനുള്ള അവകാശം നമ്മുക്കുണ്ട്. എന്നാൽ നാം വളരെ അപൂർവ്വമായിട്ടു മാത്രമല്ലേ അത് ചെയ്യുന്നുള്ളു. തന്റെ മക്കളിൽ ഏറ്റവും

പാവപ്പെട്ടവരുടെ ഹൃദയപൂർവ്വകമായ പ്രാർത്ഥനകേൾക്കുവാൻ ദൈവം സദാ ഒരുക്കമുള്ളവനായിരിക്കുന്നു. നാം എങ്കിലും നമ്മുടെ ആവശ്യങ്ങളെ അവനോടു അറിയിക്കുന്നതിൽ വളരെ വിമുഖത കാണിക്കുന്നു. അപാരമായ സ്നേഹത്താൽ സമ്പൂർണ്ണമായിരിക്കുന്ന ദൈവഹൃദയം നിസ്സഹായരും നാനാപരീക്ഷകൾക്കധീനരായി നട്ടം തിരിയുന്നവരുമായ മാനുഷ ജീവികളെക്കുറിച്ചുള്ള അഭിവാഞ്ചനിമിത്തം അവർ അവർക്കുചോദിക്കുന്നതിലും നിനക്കുന്നതിലുംപരമായ അനുഗ്രഹങ്ങൾ വർഷിച്ചുകൊടുപ്പാൻ സദാ ഒരുങ്ങിയിരിക്കുകയും ചെയ്യുന്ന സ്ഥിതിക്ക് അവർ ഇത്രകുറച്ചുമാത്രം പ്രാർത്ഥിക്കയും വിശ്വസിക്കയും ചെയ്യുന്നെങ്കിൽ സ്വർഗ്ഗത്തിലെ ദൂതന്മാർ അവരെക്കുറിച്ചു എന്ത് വിചാരിക്കും? ദൈവദൂതന്മാർ അവനെ നമസ്ക്കരിപ്പാനും അവനോടു അടുത്തു ജീവിപ്പാനും ആഗ്രഹിക്കുന്നു. അവർ ദൈവത്തോടുള്ള സംസർഗ്ഗം വലിയൊരു ഭാഗ്യമായി പരിഗണിക്കുന്നു. എന്നാൽ ദൈവത്തിങ്കൽ നിന്നുമാത്രം പ്രാപിപ്പാൻ കഴിവുള്ള സഹായം അത്യാവശ്യമായിരിക്കുന്നു. മനുഷ്യപുത്രന്മാരാകട്ടെ അവന്റെ ആത്മാവിന്റെ പ്രകാശവും അവനോടുള്ള സംസർഗ്ഗവും കൂടാതെ കഴിഞ്ഞുകൂടുവാൻ ശ്രമിക്കുന്നതു കഷ്ടമല്ലേ?

**(5). പ്രലോഭനങ്ങളെ അതിജീവിക്കുവാനുള്ള രണ്ട് മാര്ഗങ്ങള് എന്തെല്ലാം ?**

***“പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ; ആത്മാവു ഒരുക്കമുള്ളതു, ജഡമോ ബലഹീനമത്രേ” എന്നു പറഞ്ഞു” (മത്താ:26:41)***

പ്രാർത്ഥനയിൽ വിമുഖതകാണിക്കുന്നവനെ ദുഷ്ടനായവൻ തന്റെ അന്ധകാരംകൊണ്ട് മൂടുന്നു. വശീകരണവാക്കുകളാൽ അവൻ അവരെ പാപത്തിലേക്ക് ആകർഷിക്കുന്നു. ഇതിനുള്ളകാരണം അവർക്ക് കൊടുത്തിരിക്കുന്ന പ്രാർത്ഥനയെന്ന ദിവ്യഅവകാശം അവർ വേണ്ടുംപോലെ ഉപയോഗപ്പെടുത്താത്തതുതന്നെ. പ്രാർത്ഥനയെന്നത് സർവ്വവല്ലഭത്വത്തിൽ

സമസ്തവിഭവങ്ങളും സംഭരിച്ചിരിക്കുന്ന ഭണ്ഡാരം തുറന്നു അവയെ വേണ്ടുംപോലെ എടുത്തനുഭവിപ്പാനായി വിശ്വാസിക്ക് കരഗതമാക്കപ്പെട്ടിട്ടുള്ള താക്കോൽ ആയിരിക്കെ ദൈവത്തിന്റെ പുത്രീപുത്രന്മാർ എന്തുകൊണ്ട് പ്രാർത്ഥിപ്പാൻ മടിക്കണം? ഇടവിടാതെ പ്രാർത്ഥിക്കുകയും ഉത്സാഹത്തോടെ ജാഗരിക്കയും ചെയ്യുന്നില്ലെങ്കിൽ നാം സൂക്ഷ്മതയില്ലാത്തവരായി നേർമാർഗ്ഗം വിട്ടുവഴിതെറ്റിപ്പോവാൻ ഇടവരും. നമ്മുടെ ആത്മാർത്ഥമായ പ്രാർത്ഥനയാലും വിശ്വാസത്താലും പരീക്ഷയെ തടുക്കേണ്ടതിന്നുള്ള കൃപയും ശക്തിയും നാം ചോദിച്ചു പ്രാപിക്കാതിരിപ്പാൻ ശത്രുവായവൻ കൃപാസനത്തിലേക്കുള്ള നമ്മുടെ വഴിനിരോധിപ്പാൻ സദാശ്രമിച്ചു പോരുന്നു.

**(6). ദാവീദിനെപ്പോലെ നമ്മുടെ പ്രാർത്ഥനകൾക്ക് ദൈവത്തിൽ നിന്നും ഉത്തരം ലഭിക്കേണ്ടതിനുള്ള നമ്മുടെ ആത്മീയ അവസ്ഥ എന്തായിരിക്കേണം?**

***"ദൈവമേ, നീ എന്റെ ദൈവം; അതികാലത്തേ ഞാൻ നിന്നെ അന്വേഷിക്കും; വെള്ളമില്ലാതെ ഉണങ്ങി വരണ്ട ദേശത്തു എന്റെ ഉള്ളം നിനക്കായി ദാഹിക്കുന്നു; എന്റെ ദേഹം നിനക്കായി കാംക്ഷിക്കുന്നു" (സങ്കീ:63:1)***

നമ്മുടെ പ്രാർത്ഥനകേട്ടു ഉത്തരം അരുളുന്നതിനു ചില പ്രത്യേക വ്യവസ്ഥകൾ നിർദ്ദേശിച്ചിട്ടുണ്ട്. അവയിൽ ഒന്നാമത്തേതു നമ്മുക്ക് അവന്റെ സഹായം ആവശ്യമുണ്ടെന്നുള്ള ബോധം നമ്മിൽ ഉണ്ടാകണം എന്നുള്ളതു തന്നെ. "ദാഹിച്ചിരിക്കുന്നേടത്തു ഞാൻ വെള്ളവും വരണ്ടനിലത്തു നീരൊഴുക്കുകളും പകരും" (യെശ. 44:3) എന്ന് അവൻ വാഗ്ദത്തം ചെയ്തിരിക്കുന്നു. നീതിക്കായി വിശക്കയും ദാഹിക്കയും ദൈവത്തിന്നായി വാഞ്ഛിക്കയും ചെയ്യുന്നവർ തീർച്ചയായും തൃപ്തരാക്കപ്പെടും ആത്മാവിന്റെ വ്യാപാരത്തിനായി ഹൃദയം തുറന്നു കൊടുക്കണം. അത് ചെയ്യാഞ്ഞാൽ ദൈവത്തിന്റെ അനുഗ്രഹം ലഭിക്കയില്ല.

**(7). നമ്മുടെ പ്രാർത്ഥനകൾക്കുള്ള മറുപടികൾ കൈക്കൊള്ളുവാൻ നാം സ്വീകരിക്കേണ്ട മൂന്നു കാര്യങ്ങൾ എന്തെല്ലാം ?**

***"യാചിപ്പിൻ, എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും" (ലൂക്കോ:11:9)***

നമ്മുടെ വലുതായ ആവശ്യം നമ്മുടെ ഭാഗത്തുനിന്ന് നാമറിയാതെ തന്നെ നമ്മിൽനിന്ന് ദൈവത്തിങ്കലേക്ക് കരേറിക്കൊണ്ടിരിക്കുന്ന ഒരവകാശവാദമാണ്. എങ്കിലും നമ്മുക്കാവശ്യമുള്ളതൊക്കെ ചെയ്തു തരേണ്ടതിന്നു പ്രാർത്ഥനാമൂലം നാം അവനോടു അപേക്ഷിക്കേണ്ടതാകുന്നു. "യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും" (മത്താ. 7:7) എന്ന് അവൻ പറയുന്നു. "സ്വന്തപുത്രനെ ആദരിക്കാതെ നമ്മുക്ക് എല്ലാവർക്കുംവേണ്ടി ഏല്പിച്ചു തന്നവൻ അവനോടുകൂടെ സകലവും നമ്മുക്ക് നല്കാതിരിക്കുമോ?" (റോമ. 8:32).

**(8). നമ്മുടെ അതിക്രമങ്ങൾ പ്രാർത്ഥനയെ എങ്ങനെ ബാധിക്കുന്നു ?**

***"ന്യായപ്രമാണം കേൾക്കാതെ ചെവി തിരിച്ചുകളഞ്ഞാൽ അവന്റെ പ്രാർത്ഥനതന്നെയും വെറുപ്പാകുന്നു" (സദൃശ്യ:28:9)***

നാം നമ്മുടെ ഹൃദയത്തിൽ അകൃത്യം കരുതിയിരിക്കുകയോ ഏതെങ്കിലും പാപം മുറുകെ പിടിച്ചുകൊള്ളുകയോ ചെയ്യുന്നെങ്കിൽ കർത്താവ് നമ്മുടെ പ്രാർത്ഥന കേൾക്കയില്ല. എന്നാൽ നുറുങ്ങിയ ആത്മാവും ഉടഞ്ഞ ഹൃദയവുമുള്ളവന്റെ പ്രാർത്ഥന എപ്പോഴും അവന്നു സ്വീകാര്യമാകുന്നു. നമ്മുടെ അറിവിൽപ്പെട്ട സകലതെറ്റുകളും ശരിപ്പെടുത്തിക്കഴിഞ്ഞാൽ ദൈവം തീർച്ചയായും നമ്മുടെ യാചനകൾക്ക് ഉത്തരം അരുളും. നമ്മുടെ സ്വന്തപുണ്യപ്രവൃത്തികൾ നമ്മെ ഒരിക്കലും അവന്റെ പ്രസാദത്തിന്നു യോഗ്യരാക്കിത്തീർക്കുകയില്ല. യേശുവിന്റെ പുണ്യമാകുന്നു നമ്മെ രക്ഷിക്കുന്നത്; അവന്റെ രക്താമാകുന്നു നമ്മെ

ശുദ്ധീകരിക്കുന്നത്; എങ്കിലും അവന്റെ അംഗീകാരം പ്രാപിപ്പാനുള്ള വ്യവസ്ഥ അനുസരിച്ചു നമ്മുക്കും ഒരു പ്രവൃത്തി ചെയ്യുവാനുണ്ട്.

**(9). നമ്മുടെ പ്രാർത്ഥനകൾക്ക് മറുപടി ലഭിക്കുന്നതിനുള്ള അടുത്ത നിർണായക ഘടകം എന്താണ് ?**

***"അതുകൊണ്ടു നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്നു വിശ്വസിപ്പിൻ; എന്നാൽ അതു നിങ്ങൾക്കു ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു" (മാർക്കോ:11:24)***

വിജയകരമായ പ്രാർത്ഥനയുടെ മറ്റൊരു വ്യവസ്ഥ വിശ്വാസമാകുന്നു. "ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വ സിക്കേണ്ടതല്ലൊ." (എബ്രാ. 11:6) യേശുകർത്താവ് തന്റെ ശിഷ്യന്മാരോട്: "നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്ന് വിശ്വസിപ്പിൻ; എന്നാൽ അത് നിങ്ങൾക്ക് ഉണ്ടാകും" എന്ന് പറയുന്നു. (മാർക്കൊ. 11:24) അവന്റെ വാക്കു നാം കാര്യമായി പ്രമാണിക്കുന്നുവോ?

ഇത് സംബന്ധിച്ചു എത്രയും വിശാലവും അതിരില്ലാത്തതുമായ ഉറപ്പു നമ്മുക്കുണ്ടെന്നു മാത്രമല്ല വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനുമാകുന്നു. നാം പ്രാർത്ഥനയിൽ അന്വേഷിക്കുന്ന കാര്യങ്ങൾ അതെ സമയത്ത് നമ്മുക്ക് ലഭിക്കുന്നില്ലെങ്കിൽ കൂടി ദൈവം നമ്മുടെ അപേക്ഷകൾ കേട്ടിരിക്കുന്നു എന്നും അവൻ അതിനുത്തരം അരുളും എന്നും വിശ്വസിക്കേണ്ടതാകുന്നു. നാം തെറ്റിപ്പോകുന്നവരും ദൂരദൃഷ്ടിയില്ലാത്തവരുമായിരിക്കയാൽ പലപ്പോഴും നാം അപേക്ഷിക്കുന്ന കാര്യങ്ങൾ നമ്മുക്ക് അനുഗ്രഹപ്രദങ്ങളായിരിക്കുകയില്ല. അത് കൊണ്ട് നമ്മുടെ സ്വർഗ്ഗീയ പിതാവ് അതിന്നുപകരം നമ്മുടെ ഉത്തമനന്മയ്ക്കു ഉതകുന്ന കാര്യങ്ങൾ മാത്രമേ നമ്മുടെ പ്രാർത്ഥനയ്ക്കുത്തരമായി നമ്മുക്ക് തരികയുള്ളു. എല്ലാ വസ്തുക്കളും

അവയുടെ തനിരൂപത്തിലും സ്ഥിതിയിലും കാണ്മാൻ കഴിവുള്ള ദിവ്യപ്രകാശത്താൽ നമ്മുടെ ദൃഷ്ടികൾ തെളിഞ്ഞിരുന്നെങ്കിൽ നാം ഏതാദൃശ നന്മയ്ക്കുവേണ്ടി ആദ്യം തന്നെ അപേക്ഷിക്കുമായിരുന്നു. നമ്മുടെ പ്രാർത്ഥനയ്ക്കുത്തരം ഉടനടി ലഭിച്ചില്ലെങ്കിലും നാം അവന്റെ വാഗ്ദത്തം മുറുകെ പിടിച്ചുകൊള്ളണം. എന്നാൽ നമ്മുടെ അപേക്ഷകൾക്കുത്തരം അരുളേണ്ടകാലത്ത് നമ്മുക്കത്യാവശ്യമായിരിക്കുന്ന അനുഗ്രഹം അവൻ നല്കിത്തരും. എന്നാൽ നമ്മുടെ പ്രാർത്ഥനയിൽ നാം യാചിക്കുന്ന കാര്യം യാചിക്കുന്ന രീതിയിൽ തന്നെ നമ്മുക്ക് സിദ്ധിക്കും എന്ന് പ്രതീക്ഷിക്കരുത്. അത് ധിക്കാരമത്രെ. ദൈവം തെറ്റിപ്പോവാൻ പാടില്ലാത്തവനും നീതിയോടെ നടക്കുന്നവരിൽ നിന്ന് യാതൊരുനന്മയും പിൻവലിച്ചു കളയാത്തവനുമാകുന്നു. ആകയാൽ നിന്റെ പ്രാർത്ഥനയ്ക്കു പെട്ടെന്നു ഉത്തരം കിട്ടിയില്ലെങ്കിലും അവനിൽ ശങ്കകൂടാതെ ആശ്രയിച്ചുറച്ചിരിക്കുക. "യാചിപ്പിൻ എന്നാൽ നിങ്ങൾക്ക് കിട്ടും" എന്ന ഉറപ്പായ വാഗ്ദത്തം മുറുകെപിടിച്ചുകൊൾക.

**(10). വിശ്വാസത്തോടെ നമ്മുടെ ആവശ്യങ്ങൾ ദൈവത്തോട് അറിയിക്കുമ്പോൾ ഏതു വാഗ്ദത്തമാണ് നാം അവകാശമാക്കുന്നതു ?**

***"അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളതു നമുക്കു അവനോടുള്ള ധൈര്യം ആകുന്നു. നാം എന്തു അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നുവെങ്കിൽ അവനോടു കഴിച്ച അപേക്ഷ നമുക്കു ലഭിച്ചു എന്നും അറിയുന്നു" (1 യോഹ:5:14-15)***

വിശ്വസിക്കുന്നതിനു മുമ്പുനാം നമ്മുടെ ഭയസന്ദേഹങ്ങൾ വച്ചുകൊണ്ട് തൽകാലം നമ്മുക്ക് സ്പഷ്ടമായി കാണ്മാൻ കഴിയാത്ത കാര്യങ്ങളെ സ്വയമായി പരിഹരിപ്പാന് ശ്രമിക്കുമ്പോൾ നമ്മുടെ വിഷമതകൾ വർദ്ധിക്കുകയല്ലാതെ കുറയുകയില്ല. എന്നാൽ നാം സാക്ഷാൽ ആയിരിക്കുന്ന പ്രകാരം നിസ്സഹായരും ആശ്രയമറ്റവരുമാണെന്നുള്ള ബോധത്തോടെ

അതിരറ്റജ്ഞാനിയും സൃഷ്ടിയിൽ കാണുന്നവനും തന്റെ തിരുഹിതവും വചനവുംകൊണ്ട് സകലത്തേയും ഭരിക്കുന്നവനുമായ ദൈവത്തെ സമീപിച്ചു താഴ്മയും ആശ്രയമുള്ളവരായി അവനോടു നമ്മുടെ ആവശ്യങ്ങളെ അറിയിച്ചാൽ അവൻ നമ്മുടെ നിലവിളികേട്ടു നമ്മുടെ ഹൃദയത്തിനു ആവശ്യമായിരിക്കുന്ന വെളിച്ചം നല്കി ആശ്വസിപ്പിക്കും. നിഷ്കളങ്ക പ്രാർത്ഥനയാണ് നമ്മെ ദൈവത്തോട് യോജിപ്പിക്കുന്നതു. നാം പ്രാർത്ഥിക്കുമ്പോൾ തന്നെ നമ്മുടെ വീണ്ടെടുപ്പുകാരൻ തന്റെ മുഖം നമ്മിലേക്ക് ചായിച്ചു നമ്മോടു ദയയും സ്നേഹവുമുള്ളവനായിരിക്കുന്നു എന്നുള്ളതിന്നു തക്കതായ തെളിവൊന്നും കിട്ടിയില്ലെന്നുവരാം; എങ്കിലും തീർച്ചയായും അവൻ നമ്മേ സ്നേഹത്തോടും ദയയോടും തലോടിക്കൊണ്ടിരിക്കുന്നുണ്ട്.

**(11). ദൈവത്തിൽ നിന്നുള്ള നമ്മുടെ പാപക്ഷമ എങ്ങനെ കണക്കാക്കപ്പെടുന്നു ?**

***"നിങ്ങൾ മനുഷ്യരോടു അവരുടെ പിഴകളെ ക്ഷമിച്ചാൽ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളോടും ക്ഷമിക്കും. നിങ്ങൾ മനുഷ്യരോടു പിഴകളെ ക്ഷമിക്കാഞ്ഞാലോ നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല" (മത്താ:6:14-15)***

നാം കരുണയും അനുഗ്രഹവും പ്രാപിപ്പാൻ ദൈവത്തിന്റെ അടുക്കലേക്കു ചെല്ലുമ്പോൾ നമ്മുടെ ഹൃദയങ്ങളിൽ സ്നേഹത്തിന്റേയും ക്ഷമയുടെയും ആത്മാവുണ്ടായിരിക്കണം. മറ്റുള്ളവർക്ക് ക്ഷമിച്ചുകൊ ടുക്കാത്ത ഒരു സ്വഭാവം നമ്മിൽവച്ചു കൊണ്ട് "ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നത് പോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമെ" എന്ന് പ്രാർത്ഥിപ്പാൻ നമ്മുക്ക് എങ്ങനെ സാധിക്കും? നമ്മുടെ പ്രാർത്ഥന ദൈവം കേൾക്കണമെന്നു നാം ആഗ്രഹിക്കുന്നുവെങ്കിൽ അവൻ നമ്മുക്കു എത്രമാത്രം ക്ഷമിച്ചുതരണമെന്നും നാം ആഗ്രഹിക്കുന്നുവോ അത്രമാത്രം നാം മറ്റുള്ളവർക്കും ക്ഷമിച്ചുകൊടുക്കേണ്ടതാകുന്നു.

**(12). പ്രാർത്ഥനയുടെ ആത്മാവിനാൽ നമ്മുടെ ഹൃദയം ദൈവവുമായി എങ്ങനെ ഐക്യമത്യപ്പെട്ടിരിക്കണം ?**

***"പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ; സ്തോത്രത്തോടെ അതിൽ ജാഗരിപ്പിൻ" (കൊലോസ്യ:4:2)***

പ്രാർത്ഥനയിൽ സ്ഥിരോത്സാഹം പ്രദർശിപ്പിക്കുക എന്നത് പ്രാർത്ഥന കേൾക്കുന്നതിനുള്ള വ്യവസ്ഥകളിൽ ഒന്നാകുന്നു. വിശ്വാസത്തിലും അനുഭവത്തിലും വളർന്നുവരണമെങ്കിൽ നാം എപ്പോഴും പ്രാർത്ഥിക്കുന്നവരായിരിക്കണം. നാം പ്രാർത്ഥനയിൽ ഉറ്റിരിക്കുന്നവരും "സ്തോത്രത്തോടെ അതിൽ ജാഗരിക്കുന്നവരും" (റോമ. 12:12; കൊലൊ. 4:2) ആയിരിക്കണം. "പ്രാർത്ഥനയ്ക്കു സുബോധമുള്ളവരും; നിർമ്മദരും ആയിരിപ്പിൻ" (1 പത്രോ. 4:7) എന്ന് പത്രോസ് അപ്പോസ്തലനും "എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ അറിയിക്കയത്രെ വേണ്ടത്. (ഫിലി. 4:6) എന്ന് പൌലോസും "നിങ്ങളോ പ്രിയമുള്ളവരെ,........ പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചും......... കൊണ്ടു ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊൾവിൻ" (യൂദാ. 20:21) എന്ന് യൂദാവും ഗുണദോഷിച്ചിരിക്കുന്നു. ഇടവിടാതെ പ്രാർത്ഥിക്കുന്നത് ദൈവത്തിൽനിന്നുള്ള ജീവൻ നമ്മിലേക്ക് ഒഴുകിക്കൊണ്ടിരിക്കത്തക്കവണ്ണം നമ്മുടെ ദേഹികളെ അഭേദ്യമാംവിധം ദൈവത്തോട് സംയോജിപ്പിക്കുന്ന ഒരു പ്രവൃത്തിയാകുന്നു; അതിനു പകരം നമ്മിൽനിന്ന് നിർമ്മലതയും വിശുദ്ധിയും ദൈവത്തിങ്കലേക്കു മടങ്ങിച്ചെല്ലും.

പ്രാർത്ഥനയിൽ ജാഗരിക്കേണ്ട ആവശ്യമുണ്ട്; ഒരു കാരണവശാലും അതിനു മുടക്കം വരുത്തരുത്. യേശു കർത്താവിന്നും നിന്റെ ദേഹിക്കും തമ്മിലുള്ള കൂട്ടായ്മ തടസ്സപ്പെട്ടു പോകാതിരിപ്പാൻ വേണ്ട കരുതലുകൾ ചെയ്തുകൊള്ളണം. പ്രാർത്ഥനയോഗങ്ങളിൽ സംബന്ധിപ്പാൻ

കിട്ടുന്ന അവസരങ്ങളെ നഷ്ടപ്പെടുത്തരുത്. ദൈവത്തോട് ഉണ്മയായ സമ്പർക്കം പുലർത്തുവാൻ ആഗ്രഹിക്കുന്നവർ പ്രാർത്ഥനയോഗങ്ങളിൽ ഹാജരാകുകയും തങ്ങളുടെ കൃത്യങ്ങളെ വിശ്വസ്തതയോടെ അനുഷ്ഠിക്കയും തങ്ങൾക്ക് സംപ്രാപ്യമായ എല്ലാ നന്മകളും കരസ്ഥമാക്കുവാൻ കഴിയുന്നിടത്തോളം ശ്രമിക്കയും ചെയ്യും. സ്വർഗ്ഗത്തിൽ നിന്നുള്ള പ്രകാരശ്മികൾ ലഭിക്കത്തക്ക പരിതസ്ഥിതിയിൽ കണ്ടുപിടിച്ചു തങ്ങളെ അവയ്ക്കകത്താക്കി കൊള്ളുവാൻ അവർ സദാ ജാഗരൂകരായിരിക്കും.

**സമയഭേദമെന്യേ പ്രാർത്ഥനയിലൂടെ ദൈവസന്നിദിയിലേക്കു വരുവാൻ ക്രിസ്തുവിലൂടെ നൽകിയ ശ്രേഷ്ഠ പദവിക്കായി ഞാൻ നന്ദി പറയുന്നു.**

**(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)**

**അതെ തീരുമാനിച്ചില്ല**

**പ്രാർത്ഥനയിൽ കർത്താവുമായുള്ള സമ്പർക്കം സ്വർഗത്തിലേക്കുള്ള നമ്മുടെ ജീവിത രേഖയാണെന്നു ഞാൻ മനസിലാക്കുന്നു. അവനുമായി നിരന്തര കൂട്ടായ്മ ആചരിക്കുകയും, പ്രാർത്ഥനയിലൂടെ അവിടുത്തെ സമാധാനം അനുഭവിക്കുകയും ചെയ്യണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.**

**(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)**

**അതെ തീരുമാനിച്ചില്ല**

**ദൈവം തന്റെ പൂർണ്ണ ഹിതത്തിൽ, തക്ക സമയത്തു നമ്മുടെ പ്രാർത്ഥനകൾ കേട്ട് മറുപടി നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.**

**(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)**


**അതെ തീരുമാനിച്ചില്ല**

**പ്രാർത്ഥനയിൽ അവന്റെ കൃപാസനത്തോട് അടുത്തുവരുവാനുള്ള ദൈവത്തിന്റെ ക്ഷണം**

ഞാൻ സ്വീകരിക്കുന്നു. അങ്ങനെ അനുദിന ജീവിതത്തിൽ എനിക്കാവശ്യമായ കൃപയും കരുണയും ലഭിക്കും.

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല



## അദ്ധ്യായം പതിമൂന്ന്
## പ്രാർത്ഥനയുടെ ശക്തി

**(1). വ്യക്തിപരമായ രഹസ്യ പ്രാർത്ഥനയുടെ ഫലം എന്താണ് ?**

***"നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്നു വാതിൽ അടെച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർത്ഥിക്ക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം തരും" (മത്താ:6:6)***

കുടുംബപ്രാർത്ഥന നടത്തണം. സർവ്വോപരി നാം നമ്മുടെ രഹസ്യപ്രാർത്ഥന ഉപേക്ഷിക്കയുമരുത്. കാരണം അതിലാണ് നമ്മുടെ ആത്മീയ ജീവൻ സ്ഥിതിചെയ്യുന്നത്. നമ്മുടെ ക്ഷീണിച്ച ആത്മാവ് അഭിവൃദ്ധിപ്പെടും എന്ന് ഒരിക്കലും വിചാരിക്കരുത്. കുടുംബപ്രാർത്ഥനയും പരസ്യപ്രാർത്ഥനയും മാത്രം മതിയാകില്ല. നാം ഏകാഗ്രതയിൽ നിന്റെ ആത്മാവിനെ ദൈവമുമ്പാകെ പരിശോധനാർത്ഥം തുറന്നുവയ്ക്കുക. രഹസ്യമായ പ്രാർത്ഥന, പ്രാർത്ഥന കേൾക്കുന്ന ദൈവം മാത്രം കേട്ടാൽ അങ്ങനെയുള്ള പ്രാർത്ഥനയുടെ സാരം പരകാര്യാന്വേഷകർ ഗ്രഹിക്കേണ്ട ആവശ്യം ഇല്ല. രഹസ്യ പ്രാർത്ഥനയിൽ

പരിതസ്ഥിതികളുടെ സ്വാധീനശക്തിയോ പരിഭ്രമമോ ആത്മാവിനെ ബാധിക്കയില്ല. നിശ്ശബ്ദമായതെങ്കിലും എരിവുള്ളതായിരുന്നാൽ ആ പ്രാർത്ഥന തീർച്ചയായും ദൈവസന്നിധിയിൽ എത്തിച്ചേരും. രഹസ്യത്തിൽ കാണുന്നവനും ഹൃദയത്തിൽ നിന്ന് നിർഗ്ഗമിക്കുന്ന പ്രാർത്ഥന കേൾക്കുന്നവനുമായവങ്കൽ നിന്ന് അങ്ങനെയുള്ള പ്രാർത്ഥനയ്ക്കു ഇമ്പകരവും നിലനിൽക്കുന്നതുമായ മറുപടിയും ലഭിക്കും. ഏതാദൃശപ്രാർത്ഥനയിൽ ആർഭാടരഹിതവും സുലളിതവുമായ വിശ്വാസത്താൽ നമ്മുടെ ആത്മാവ് ദൈവത്തോട് സംസർഗ്ഗം ചെയ്കയും പിശാചിനോടുള്ള പോരാട്ടത്തിൽ ജയം പ്രാപിപ്പാൻ നമ്മെ സഹായിക്കയും ശക്തീകരിക്കയും ചെയ്യുന്ന ദിവ്യവെളിച്ചത്തിന്റെ കാരണങ്ങൾ നാം ഉൾകൊള്ളുകയും ചെയ്യുന്നു.

നിന്റെ അറയിൽ കടന്നു പ്രാർത്ഥിക്കുക. ദിനകൃത്യങ്ങളിൽ ഏർപ്പെട്ടിരിക്കുമ്പോഴും കൂടെക്കൂടെ നിന്റെ ഹൃദയം ദൈവത്തിങ്കലേക്ക് ഉയർത്തുക. ഇപ്രകാരമാണ് ഹനോക്ക് ദൈവത്തോടുകൂടെ നടന്നത്. രഹസ്യപ്രാർത്ഥന വിലയേറിയ ധൂപംപോലെ കൃപാസനത്തിങ്കലേക്ക് കരേറുന്നു. ഇപ്രകാരം തന്റെ ഹൃദയം ദൈവത്തിൽ ഉറപ്പിച്ചിരിക്കുന്ന മനുഷ്യനെ ജയിച്ചടക്കുവാൻ പിശാചിനെ ഒരു വിധത്തിലും കഴികയില്ല.

**(2). ഈ വാക്യത്തിൽ, പ്രാർത്ഥനയുടെ പ്രാധാന്യം വ്യക്തമാക്കുന്ന നിർദേശം എന്താണ് ?**

***"ഇടവിടാതെ പ്രാർത്ഥിപ്പിൻ" (1 തെസ്സ:5:17)***

ദൈവത്തോടു പ്രാർത്ഥിപ്പാൻ ഉപയുക്തമല്ലാത്ത സ്ഥലമോ കാലമോ ഇല്ല. നമ്മുടെ ഹൃദയത്തെ ആത്മാർത്ഥമായ പ്രാർത്ഥനമൂലം ദൈവത്തിങ്കലേക്കു ഉയർത്തുന്ന കാര്യത്തിൽ നമ്മെ തടസ്സപ്പെടുത്തുവാൻ യാതൊന്നിനും കഴികയില്ല. നെഹെമ്യാവ് അർത്ഥഹശഷ്ടാരാജാവിന്റെ മുമ്പിൽ

എന്നപോലെ നമ്മുടെ തൊഴിൽ ചെയ്തുകൊണ്ടിരിക്കുമ്പോഴും ജനനനിബിഡമായ തെരുവീഥിയിൽ വച്ചും നമ്മുക്ക് നമ്മുടെ അപേക്ഷകളെ ദൈവസന്നിധിയിൽ സമർപ്പിക്കുകയും അവന്റെ സഹായത്തിന്നും ദിവ്യനടത്തിപ്പിന്നുമായി അവനോടു കെഞ്ചുകയും ചെയ്യാമല്ലൊ. നാം എവിടെ ആയിരുന്നാലും രഹസ്യപ്രാർത്ഥനയ്ക്കു വേണ്ട സൌകര്യം കിട്ടാതിരിക്കയില്ല. നമ്മുടെ ഹൃദയ വാതിൽ തുറന്നു വെച്ചുകൊണ്ട് യേശുകർത്താവ് നമ്മുടെ ഉള്ളിൽ വന്നു കുടിപാർപ്പാൻ നാം അവനെ ദിനംപ്രതി ക്ഷണിക്കണം.

നമ്മുടെ ചുറ്റും സദാ ദുഷിച്ച കാറ്റ് വ്യാപിച്ചിരിക്കുന്നതുകൊണ്ട് നാം സർവ്വദാ ആ ദുർവ്വായു തന്നെ ശ്വസിക്കാതെ നിർമ്മലമായ സ്വർഗ്ഗീയവായു ശ്വസിപ്പാൻ സൌകര്യമുണ്ട്. ഹൃദയപൂർവ്വകമായ പ്രാർത്ഥനമൂലം നമ്മുടെ ഹൃദയങ്ങളെ ദൈവത്തിങ്കലേക്ക് ഉയർത്തുന്നതിനാൽ അശുദ്ധവും നീചവുമായ ആലോചനകളും ചിന്തകളും നമ്മുടെ തലയിൽ കടക്കാതവണ്ണം മനസ്സിന്റെ വാതിലുകൾ അടച്ചു പൂട്ടിയിരിപ്പാൻ നമ്മുക്ക് കഴിയും. ദൈവത്തിന്റെ സഹയായവും അനുഗ്രഹവും പ്രാപിക്കുന്നവർ ഇഹത്തിലെ വായുവിനെക്കാളും പരിശുദ്ധാത്മവായു ശ്വസിക്കുന്നവരും സ്വർഗ്ഗത്തോട് ഇടമുറിയാത്ത സംസർഗ്ഗത്തിലിരിക്കുന്നവരും ആകുന്നു.

**(3). ക്രിസ്തുവുമായുള്ള നമ്മുടെ ഉറച്ച ബന്ധത്തിന്റെ പരിണിത ഫലം എന്താണ് ?**

***"സ്ഥിരമാനസൻ നിന്നിൽ ആശ്രയം വെച്ചിരിക്കകൊണ്ടു നീ അവനെ പൂർണ്ണസമാധാനത്തിൽ കാക്കുന്നു" (യെശയ്യാ:26:3)***

നമ്മുക്ക് യേശുകർത്താവിനെപ്പറ്റി അധികം സ്പഷ്ടമായ ധാരണകളും നിത്യതയെ സംബന്ധിച്ച കാര്യങ്ങളെകുറിച്ചു കൃത്യമായ ബോധവും ഉണ്ടായിരിക്കേണ്ടതാണ്. വിശുദ്ധിയുടെ അലങ്കാരത്താൽ ദൈവമക്കളുടെ ഹൃദയം പൂർണ്ണമാകണം. ഇത് സാദ്ധ്യമാകേണ്ടതിനു

നാം സർഗ്ഗീയ കാര്യങ്ങളെ സംബന്ധിച്ച ദിവ്യവെളിപ്പാടുകൾ പരിശോധിക്കണം.

ആ സ്വർഗ്ഗീയ വായു ശ്വസിപ്പാനിട നല്കുമാറ് നമ്മുക്ക് നമ്മുടെ ദേഹികളെ ദൈവത്തിങ്കലേക്കുയർത്താം. പൂക്കൾ സൂര്യന്റെ നേരെ തിരിയുന്ന പ്രകാരം നമ്മുക്ക് അവിചാരിതമായി നേരിടുന്ന ഓരോ കഷ്ടങ്ങളിലും നമ്മുടെ നിരൂപണങ്ങളെ അവന്റെ നേരെ തിരിക്കത്തക്കവണ്ണം നാം ദൈവത്തോട് അത്ര അടുത്തു ജീവിക്കണം.

**(4). ഹൃദയം നുറുങ്ങിയവർക്കു ദൈവം നൽകുന്ന കരുണാർദ്രമായ വാഗ്ദത്തം എന്താണ് ?**

***"മനംതകർന്നവരെ അവൻ സൌഖ്യമാക്കുകയും അവരുടെ മുറിവുകളെ കെട്ടുകയും ചെയ്യുന്നു" (സങ്കീ:147:3)***

നമ്മുടെ ആവശ്യങ്ങൾ, സന്തോഷം, ദുഃഖം, നമ്മുടെ ചിന്താഭാരങ്ങൾ, ഭയം ഇവ എല്ലാം ദൈവം സദാ അറിഞ്ഞിരിക്കട്ടെ. അത് അവന്നു ഒരിക്കലും ഭാരമായിരിക്കയില്ല; അത് നിമിത്തം അവൻ ക്ഷീണിച്ചു പോകയും ഇല്ല. നമ്മുടെ തലയിലെ രോമങ്ങൾ കൂടെ എണ്ണി കണക്കുവെക്കുന്നവൻ തന്റെ മക്കളുടെ ആവശ്യതകളെക്കുറിച്ചു ചിന്തയില്ലാത്തവനായിരിക്കുമോ? "കർത്താവ് മഹാകരുണയും മനസ്സലിവുമുള്ളവനല്ലോ." (യാക്കോ. 5:11) അവന്റെ സ്നേഹം നിറഞ്ഞ ഹൃദയം നമ്മുടെ സങ്കടങ്ങൾ നിമിത്തം അനുതപിക്കയും വിശേഷാൽ നാം അവയെ അവനോടു പറയുമ്പോൾ ഉരുകിപ്പോകയും ചെയ്യുന്നു.

നമ്മുടെ മനസ്സിനെ ഭ്രമിപ്പിക്കുന്ന എല്ലാ കാര്യങ്ങളും അവന്റെ മുമ്പിൽ സമർപ്പിക്കാം. അവന്നു വഹിപ്പാൻ പ്രയാസമായിട്ടുള്ളതു ഒന്നുമില്ല; അവൻ ലോകങ്ങളെ വഹിക്കുന്നവനും അഖിലാണ്ഡം മുഴുവനും ഭരിക്കുന്നവനുമല്ലൊ. നമ്മുടെ സമാധാനത്തിനുള്ള യാതൊന്നും അവൻ നിസ്സാരമായി കരുതുകയില്ല. നമ്മുടെ ജീവചരിത്രത്തിൽ അവന്നു വായിപ്പാൻ

കഴിയാത്ത യാതൊരു ഇരുണ്ട അദ്ധ്യായവുമില്ല; ജീവിതത്തിലെ എല്ലാ വിഷമ പ്രശ്നങ്ങളും നിഷ്പ്രയാസം പരിഹരിപ്പാൻ അവന്നു കഴിയും. നമ്മുടെ സ്വർഗ്ഗീയ പിതാവിന്റെ അറിവിൽ പെടാത്ത അഥവാ അവൻ ഇടപെടാത്ത യാതൊരു വിപത്തോ മനോവ്യഥയോ സന്തോഷമോ നമ്മുക്ക് നേരിടുകയില്ല. പ്രത്യേകിച്ചു അവന്റെ അറിവു കൂടാതെ നമ്മുക്ക് ഒന്ന് പ്രാർത്ഥിപ്പാൻപോലും കഴിയുന്നതല്ല. “മനം തകർന്നവരെ അവൻ സൌഖ്യമാക്കുകയും അവരുടെ മുറിവുകളെ കെട്ടുകയും ചെയ്യുന്നു.” (സങ്കീ. 147:3) ലോകത്തിൽ ഒരേ ഒരു പാപിമാത്രം ഉണ്ടായിരുന്നെങ്കിലും അവന്റെ ഉദ്ധാരണാർത്ഥം ദൈവം തന്റെ പ്രിയ പുത്രനെ ഏല്പിച്ചുകൊടുക്കുമായിരുന്നു. കാരണം അവന്നു ഓരോ ആത്മാവിനോടുമുള്ള സംബന്ധവും ചേർച്ചയും അത്ര അടുത്തതും തികഞ്ഞതുമാകുന്നു “അന്നു നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കും. ഞാൻ നിങ്ങൾക്ക് വേണ്ടി പിതാവിനോട് അപേക്ഷിക്കും എന്ന് പറയുന്നില്ല..... പിതാവ് താനും നിങ്ങളെ സ്നേഹിക്കുന്നു;

**(5). ആരുടെ നാമത്തിലാണ് നാം പ്രാർത്ഥിക്കേണ്ടത് ?**

***“നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു, നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിന്നു നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിന്നും നിങ്ങളേ ആക്കിവെച്ചുമിരിക്കുന്നു; നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു അപേക്ഷിക്കുന്നതൊക്കെയും അവൻ നിങ്ങൾക്കു തരുവാനായിട്ടു തന്നേ” (യോഹ:15:16)***

“ഞാൻ നിങ്ങളെ തിരഞ്ഞെടുത്തതു നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് അപേക്ഷിക്കുന്നത് ഒക്കെയും അവൻ നിങ്ങൾക്ക് തരുവാനായിട്ട് തന്നെ” (യോഹ. 16:26,27; 15:16) എന്ന് യേശുകർത്താവും പറയുന്നു. എന്നാല് യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുക എന്നതിന്റെ അർത്ഥം പ്രാർത്ഥനയുടെ ആരംഭത്തിലും അന്ത്യത്തിലും അവന്റെ പേർ

ചൊല്ലുന്നതുമല്ല. പിന്നെയോ അവന്റെ വാഗ്ദത്തങ്ങളെ വിശ്വസിച്ചും അവന്റെ കൃപയിൽ ആശ്രയിച്ചും അവന്റെ പ്രവൃത്തികളെ ചെയ്തുംകൊണ്ടും അവന്റെ ഭാവവും ആത്മാവും ഉള്ളവരായി പ്രാർത്ഥിക്കുക എന്നാകുന്നു.

**(6). പ്രായോഗിക ക്രിസ്തീയ ജീവിതത്തിലെ എങ്ങനെയുള്ള പ്രവർത്തികൾ നമ്മുടെ പ്രാർത്ഥയയോടും ആരാധനയോടും കൂടെ അനുവർത്തിക്കേണം ?**

***"പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ: അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു" (യാക്കോ:1:27)***

***"സമാധാനത്തോടെ പോയി തീ കായുകയും വിശപ്പടക്കുകയും ചെയ്‌വിൻ എന്നു പറയുന്നതല്ലാതെ ദേഹരക്ഷെക്കു ആവശ്യമുള്ളതു അവർക്കു കൊടുക്കാതിരുന്നാൽ ഉപകാരം എന്തു?" (യാക്കോ:2:16)***

ദൈവാരാധന മുതലായ ഭക്തി കർമ്മങ്ങളിൽ ഉറ്റിരിക്കേണ്ടതിന്നു നാം ലോകത്തിൽ നിന്ന് വിരമിച്ചിട്ടു താപസന്മാരോ സന്യാസികളോ ആയിതീരണം എന്ന് നമ്മോടു ദൈവം ആവശ്യപ്പെടുന്നില്ല. നമ്മുടെ ജീവിതം ക്രിസ്തുവിന്റെ ജീവിതംപോലെ പർവ്വതത്തിന്നും പുരുഷാരത്തിന്നും ഇടയ്ക്കുള്ളതു ആയിരിക്കണം. പ്രാർത്ഥിക്ക മാത്രം ചെയ്തുകൊണ്ട് മറ്റൊന്നും ചെയ്യാത്തവന്റെ പ്രാർത്ഥന വേഗം അവസാനിക്കയൊ അല്ലെങ്കിൽ അത് വെറും ഒരു കർമ്മാചാരമായി അധഃപതിച്ചു പോകയോ ചെയ്യും. മനുഷ്യർ സാമൂഹ്യജീവിതം ഉപേക്ഷിച്ചു ഏകാകികളായിതീരുമ്പോൾ അവർ ക്രിസ്തീയ ശുശ്രൂഷകളാലും ക്രൂശ് വഹിക്കുന്നതിലും നിന്ന് അന്യപ്പെട്ടുപോകുന്നു. തങ്ങൾക്കായി അത്യന്തം വൈരാഗ്യത്തോടെ പ്രയത്നിച്ച കർത്താവിന്നായി അവർ

പ്രവൃത്തിക്കാതിരിക്കുമ്പോൾ അവർക്ക് പ്രാർത്ഥനയിലുള്ള താല്പര്യം നഷ്ടപ്പെട്ടും ഭക്തി കർമ്മങ്ങൾക്കുള്ള ഉത്സാഹം കുറഞ്ഞും പോകുന്നതാണ്. അവരുടെ പ്രാർത്ഥന തങ്ങൾക്ക് വേണ്ടിമാത്രമുള്ളതും സ്വാർത്ഥപരവും ആയിതീരുന്നു. പൊതുവെ നരകുലത്തിന്റെ പൊതു നന്മക്കോ ദൈവരാജ്യത്തിന്റെ കെട്ടു പണിക്കോ അതിനു വേണ്ടി പ്രവർത്തിപ്പാനുള്ള ശക്തിക്കും വേണ്ടിയോ പ്രാർത്ഥിപ്പാൻ അവർക്ക് കഴിയുന്നില്ല.

**(7). ക്രിസ്തീയ കൂട്ടായ്മയുടെ ഉദ്ദേശ്യമെന്തു ?**

***"ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ടു സ്നേഹത്തിന്നും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക. നാൾ സമീപിക്കുന്നു എന്നു കാണുംതോറും അതു അധികമധികമായി ചെയ്യേണ്ടതാകുന്നു" (എബ്രായ:10:24)***

നാം ഒന്നിച്ചുകൂടി ദൈവവേലയ്ക്കായി അന്യോന്യം ശക്തീകരിക്കയും ധൈര്യപ്പെടുത്തുകയും ചെയ്യേണ്ടതിന്നു നമ്മുക്ക് ലഭ്യമാകുന്ന അവസരങ്ങളെ നാം അഗണ്യമായി തള്ളിക്കളയുമെങ്കിൽ അത് നമ്മുക്ക് ഒരു വലിയ നഷ്ടമായിരിക്കും. അതിനാൽ നമ്മുടെ മനസ്സിൽ പതിഞ്ഞിരുന്ന അവന്റെ വചനത്തിലെ സത്യങ്ങളുടെ വീര്യവും പ്രാധാന്യതയും കുറഞ്ഞുപോകും. അവയുടെ വിശുദ്ധീകരിക്കുന്ന ശക്തി നമ്മുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കയൊ ഉയർത്തുകയൊ ചെയ്യാതിരിക്കും. അപ്രകാരം നമ്മുടെ ആത്മീക നില അധഃപതിച്ചുപോകും. ക്രിസ്ത്യാനികൾ അന്യോന്യം എന്ന നിലയിലുള്ള നമ്മുടെ സഹവാസത്തിൽ നമ്മുക്ക് പരസ്പരാനുഭാവം ഇല്ലാത്തതുകൊണ്ട് നമ്മുക്ക് വളരെ നഷ്ടമുണ്ട്. തനിക്കായിത്തന്നെ ജീവിക്കുന്നവൻ അവനു ദൈവം നിർദ്ദേശിച്ചിട്ടുള്ള ചുമതല നിറവേറ്റുന്നില്ല. നമ്മുടെ പ്രകൃതിയിലുള്ള സാമൂഹ്യഘടകങ്ങളെ നാം യഥാവിധി ഉപയോഗപ്പെടുത്തുമ്പോൾ അത് നമ്മിൽ അന്യരോടുള്ള അനുഭാവം ഉളവാക്കുകയും

ദൈവസേവയിൽ നമ്മുടെ വളർച്ചയ്ക്കും ശക്തീകരണത്തിനും
പര്യാപ്തമായിത്തീരുകയും ചെയ്യും.

ക്രിസ്ത്യാനികൾ ഒത്തൊരുമിച്ചു ദൈവസ്നേഹത്തെയും വീണ്ടെടുപ്പു സംബന്ധിച്ച വിലയേറിയ സത്യങ്ങളെയും കുറിച്ചു അന്യോന്യം സംസാരിച്ചാൽ അത് തങ്ങളുടെ സ്വന്ത ഹൃദയങ്ങൾക്ക് ആശ്വാസകരമായിരിക്കുമെന്ന് മാത്രമല്ല അവർക്ക് അന്യോന്യം ആശ്വസിപ്പാനും കഴിവുണ്ടാകും. നമ്മുടെ സ്വർഗ്ഗീയ പിതാവിനെ സംബന്ധിച്ചു നാൾക്കുനാൾ നാം അധികമധികം കാര്യങ്ങൾ ഗ്രഹിക്കയും അവന്റെ കരുണയുടെ പുതിയ അനുഭവങ്ങൾ പ്രാപിക്കയും ചെയ്യും; അപ്പോൾ നാം അവന്റെ സ്നേഹത്തെക്കുറിച്ചു സംസാരിപ്പാൻ ഇഷ്ടപ്പെടും. ഇത് ചെയ്കയിൽ നമ്മുടെ സ്വന്ത ഹൃദയത്തെ അത് സുശ്ശക്തമാക്കുകയും ചെയ്യുന്നതാണ്. നമ്മെക്കുറിച്ചു നാം അല്പമായും യേശുകർത്താവിനെക്കുറിച്ചു അധികമായും ചിന്തിക്കയും സംസാരിക്കയും ചെയ്താൽ നമ്മുടെയിടയിൽ അവന്റെ സാന്നിദ്ധ്യം എല്ലായ്പോഴും ഉണ്ടായിരിക്കും.

**(8). സമാധാനത്തിൽ വസിക്കുവാൻ നമ്മുടെ ചിന്തകളും ആഗ്രഹങ്ങളും എന്തിൽ അധിഷ്ഠിതമായിരിക്കണം ?**

**“സ്ഥിരമാനസൻ നിന്നിൽ ആശ്രയം വെച്ചിരിക്കകൊണ്ടു നീ അവനെ പൂർണ്ണസമാധാനത്തിൽ കാക്കുന്നു. യഹോവയാം യാഹിൽ ശാശ്വതമായോരു പാറ ഉള്ളതിനാൽ യഹോവയിൽ എന്നേക്കും ആശ്രയിപ്പിൻ” (യെശയ്യാ:26:3-4)**

**“ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ” (കൊലോസ്യ:3:2)**

നമ്മുക്കുവേണ്ടിയുള്ള അവന്റെ കരുതലിനെ വെളിവാക്കുന്ന സാക്ഷ്യങ്ങൾ ലഭിക്കുമ്പോഴൊക്കെ നാം ദൈവത്തെക്കുറിച്ചു ചിന്തിക്കുന്നതായാൽ അവൻ എല്ലായ്പോഴും നമ്മുടെ സ്മൃതിപഥത്തിൽ ഇരിക്കയും അവനെക്കുറിച്ചു സംസാരിപ്പാനും അവനെ

സ്തുതിപ്പാനും നാം സദാ ഇഷ്ടപ്പെടുകയും ചെയ്യുന്നതാണ്. ഭൗമീക കാര്യാദികളിൽ നമ്മുക്ക് താല്പര്യം ഉള്ളതുകൊണ്ടാണ് നാം അവയെക്കുറിച്ചു സംസാരിക്കുന്നത്. നമ്മുടെ സന്തോഷസന്താപങ്ങൾക്ക് നമ്മുടെ മിത്രങ്ങൾ കാരണ ഭൂതരായിരിക്കുന്നത് കൊണ്ട് നാം അവരെ സ്നേഹിക്കുകയും അവരെക്കുറിച്ചു സംസാരിക്കുകയും ചെയ്യുന്നു. ആ സ്ഥിതിക്കു നാം നമ്മുടെ ദൈവത്തെ എത്ര അധികം സ്നേഹിക്കയും അവനെക്കുറിച്ചു സംസാരിക്കുകയും അവന്റെ നന്മപ്രവൃത്തികളേയും ശക്തിയേയും പ്രകീർത്തിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു എന്ന് ചിന്തിക്കുക. അവൻ നമ്മുടെ മേൽ വർഷിച്ചിരിക്കുന്ന വൻ അനുഗ്രഹങ്ങൾ അനുഭവിച്ചുകൊണ്ട് നാം ദൈവത്തിന്നു ഒന്നും കൊടുക്കാതിരി ക്കണമെന്നു അവൻ ഉദ്ദേശിച്ചിട്ടില്ല. പ്രത്യുത അവ എപ്പോഴും നമ്മുടെ സ്വർഗ്ഗീയ ദാതാവിനെ അനുസ്മരിപ്പിക്കുകയും സ്നേഹത്തിന്റെയും കൃതജ്ഞതയുടെയും പാശങ്ങളാൽ നമ്മെ അവനോടു ബന്ധിക്കയും ചെയ്യേണ്ടതിന്നു തന്നെ. നാം ഭൂമിയുടെ താഴ്വരകളോട് ക്രമത്തിലധികം അടുത്തു ജീവിക്കുന്നു. അതുകൊണ്ടു നാം താൻ മുഖാന്തരമായി ദൈവത്തോട് അടുക്കുന്നവരെ പൂർണ്ണമായി രക്ഷിപ്പാൻ പ്രാപ്തനായ (എബ്രാ. 7:25) ക്രിസ്തുവിന്റെ മുഖത്തു കളിയാടുന്ന ദൈവമഹത്വത്തിന്റെ വെളിച്ചത്തിന്റെ ഉറവിടമായ ഉയരത്തിലെ വിശുദ്ധമന്ദിരത്തിന്റെ തുറന്നിരിക്കുന്ന വാതിലിലേക്ക് നമ്മുടെ കണ്ണുയർത്താം.

**(9). നമ്മുടെ പ്രാർത്ഥനയിലുണ്ടായിരിക്കേണ്ട പ്രധാന ഘടകങ്ങൾ എന്തെല്ലാം ?**

***"പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ; സ്തോത്രത്തോടെ അതിൽ ജാഗരിപ്പിൻ" (കൊലോസ്യ:4:2)***

നാം "യഹോവയെ അവന്റെ നന്മയെ ചൊല്ലിയും മനുഷ്യപുത്രന്മാരിൽ ചെയ്ത അത്ഭുതങ്ങളെ ചൊല്ലിയും" അത്യന്തമായി സ്തുതിപ്പാൻ കടമ്പെട്ടിരിക്കുന്നു. (സങ്കീ. 107:8) നമ്മുടെ ഭക്തിപരമായ കർമ്മങ്ങൾ ചോദിക്കുകയും വാങ്ങുകയും ചെയ്യുന്നതിൽ മാത്രം

അധിഷ്ഠിതമായിരിക്കരുത്; നമ്മുടെ ആവശ്യങ്ങളെക്കുറിച്ചു എപ്പോഴും ചിന്തിക്കയും ലഭിച്ച നന്മകളെ ഓർക്കാതിരിക്കയും ചെയ്യരുത്. നമ്മുടെ പ്രാർത്ഥനകളിൽ യാചനകൾക്ക് യാതൊരു കുറവുമില്ല. എന്നാൽ നന്മകൾക്കായുള്ള സ്തോത്രം വളരെ കുറവാണ്. നാൾതോറും നാം ദൈവത്തിന്റെ കൃപകളെ പ്രാപിച്ചുകൊണ്ടിരിക്കുന്നു എങ്കിലും അവയ്ക്കായി നാം അവന്നു നന്ദി പറകയോ അവൻ ചെയ്തുതരുന്ന നന്മകൾ നിമിത്തം അവനെ വേണ്ടുംപോലെ സ്തുതിക്കയോ ചെയ്യുന്നില്ല.

**(10). ക്രിസ്തുവിനായി ജീവിതവും , പ്രവർത്തിയും പൂർണ്ണമായി സമർപ്പിച്ചവരുടെ ഹൃദയത്തിൽ നിന്ന് ഒഴുകുന്നതെന്താണ് ?**

***"അവിടെ നിങ്ങളുടെ ദൈവമായ യഹോവയുടെ സന്നിധിയിൽവെച്ചു നിങ്ങൾ ഭക്ഷിക്കയും നിങ്ങളുടെ സകലപ്രവൃത്തിയിലും നിന്റെ ദൈവമായ യഹോവ നിന്നെ അനുഗ്രഹിച്ചതിനെക്കുറിച്ചു നിങ്ങളും നിങ്ങളുടെ കടുംബങ്ങളും സന്തോഷിക്കയുംവേണം" (ആവർത്ത:12:7)***

പണ്ടു ദൈവം യിസ്രായേൽ ജനത്തോട് അവർ ദൈവാരാധനയ്ക്കായി കൂടി വന്നപ്പോൾ:- "അവിടെ നിങ്ങളുടെ ദൈവമായ യഹോവയുടെ സന്നിധിയിൽ വെച്ചു നിങ്ങൾ ഭക്ഷിക്കയും നിങ്ങളുടെ സകല പ്രവൃത്തിയിലും നിന്റെ ദൈവമായ യഹോവ നിന്നെ അനുഗ്രഹിച്ചതിനെക്കുറിച്ചു നിങ്ങളും നിങ്ങളുടെ കുടുംബങ്ങളും സന്തോഷിക്കയും വേണം (ആവ. 12:7) എന്ന് കല്പിച്ചിരുന്നു. ദൈവമഹത്വത്തിനായി ചെയ്യുന്നത് ദുഃഖത്തോടും കുണ്ഠിതഭാവത്തോടും കൂടെയല്ല പിന്നെയോ സന്തോഷത്തോടും സ്തോത്രവും സ്തുതിയും നിറഞ്ഞ പാട്ടുകളോടും കൂടെത്തന്നെ ചെയ്യണം.

നമ്മുടെ ദൈവം മഹാദയയും കരുണയുമുള്ള ഒരു പിതാവാകുന്നു. അവനെ ആരാധിക്കുന്നത് വളരെ പ്രയാസവും ഞെരുക്കവുമുള്ള ഒരു

വേലയായി എണ്ണരുത്. ദൈവത്തെ ആരാധിക്കുന്നതും അവന്റെ വേലയിൽ പങ്കുകൊള്ളുന്നതും നമ്മുക്ക് ഒരു സന്തോഷമായിരിക്കണം. തന്റെ മക്കൾക്കു ഇത്ര വലിയ രക്ഷ ഒരുക്കിയിരിക്കുന്ന ദൈവത്തെ അവർ കഠിന ഹൃദയനും നിഷ്ഠൂരനുമായ ഒരു ഊഴിയവിചാരകനായി കരുതി പ്രവൃത്തിക്കണം എന്ന് അവൻ ഇഷ്ടപ്പെടുന്നില്ല. അവൻ അവരുടെ ഉത്തമ സഖിയാകുന്നു, അവർ അവനെ ആരാധിക്കുമ്പോൾ അവരുടെ ഹൃദയങ്ങളെ സന്തോഷവും സ്നേഹവുംകൊണ്ട് നിറച്ചിട്ടു അവരെ അനുഗ്രഹിപ്പാനും ആശ്വസിപ്പിപ്പാനുമായി അവരുടെ മദ്ധ്യേ സന്നിഹിതനാകുവാൻ അവൻ ആഗ്രഹിക്കുന്നു. തന്നെ ഭജിക്കുന്നതിൽ തന്റെ മക്കൾ ആശ്വാസം പ്രാപിക്കണമെന്നും തന്റെ ശുശ്രൂഷയിൽ അവർ കഷ്ടത്തെക്കാൾ സന്തോഷം കണ്ടെത്തണമെന്നും കർത്താവ് ഇച്ഛിക്കുന്നു തന്നെ ആരാധിപ്പാൻ വരുന്നവർ തങ്ങളുടെ എല്ലാ ദിനകൃത്യങ്ങളിലും സന്തോഷവും സകല സംഗതികളിലും വിശ്വസ്തതയും ഹൃദയപരമാർത്ഥതയും പാലിക്കത്തക്ക കൃപയും പ്രാപിക്കുമാറ് അവന്റെ കരുതലും സ്നേഹവും സംബന്ധിച്ചുള്ള ശരിയായ മനോബോധത്തോടുകൂടി മടങ്ങിപ്പോകണമെന്നാണ് അവന്റെ ആശ.

**(11). നമ്മുടെ ചിന്തയും, സംസാരവും, പ്രാർത്ഥനയും ദൈവത്തിനു മഹത്വകരമാകുമ്പോൾ വെളിപ്പെടുന്നതെന്താണ് ?**

***"സ്തോത്രമെന്ന യാഗം അർപ്പിക്കുന്നവൻ എന്നെ മഹത്വപ്പെടുത്തുന്നു; തന്റെ നടപ്പിനെ ക്രമപ്പെടുത്തുന്നവന്നു ഞാൻ ദൈവത്തിന്റെ രക്ഷയെ കാണിക്കും" (സങ്കീ:50:23)***

നാം ക്രൂശിനു ചുറ്റും കൂടി വരണം. ക്രൂശിക്കപ്പെട്ട ക്രിസ്തു നമ്മുടെ ആലോചനയുടെയും സംഭാഷണങ്ങളുടെയും നമ്മുടെ അതിസന്തോഷ പൂർവ്വകമായ മനോവികാരങ്ങളുടെയും വിഷയമായിരിക്കട്ടെ. ദൈവത്തിൽ നിന്ന് നാം പ്രാപിക്കുന്ന എല്ലാ അനുഗ്രഹങ്ങളെയും നാം സദാ

സ്മരിക്കുകയും അവന്റെ വൻസ്നേഹം നമ്മുക്ക് ബോധ്യമാകുമ്പോൾ നമ്മുക്ക് വേണ്ടി ക്രൂശിൽ തറക്കപ്പെട്ട ആ തൃക്കരങ്ങളിൽ നമ്മുടെ സർവ്വവും ഭരമേല്പിപ്പാൻ നാം മനസ്സൊരുക്കമുള്ളവരായിരിക്കുകയും വേണം.

**(12). ദൈവം നല്ലവനെന്നു രുചിച്ചറിഞ്ഞുകഴിയുമ്പോൾ നമ്മുടെ അധരത്തിൽ എപ്പോഴുമുണ്ടാകുന്നതെന്താണ് ?**

***"അവർ യഹോവയെ അവന്റെ നന്മയെചൊല്ലിയും മനുഷ്യപുത്രന്മാരിൽ ചെയ്ത അത്ഭുതങ്ങളെ ചൊല്ലിയും സ്തുതിക്കട്ടെ. അവർ സ്തോത്രയാഗങ്ങളെ കഴിക്കയും സംഗീതത്തോടുകൂടെ അവന്റെ പ്രവൃത്തികളെ വർണ്ണിക്കയും ചെയ്യട്ടെ" (സങ്കീ:107:21-22)***

സ്തുതി എന്ന ചിറകുകളാൽ നമ്മുടെ ദേഹികൾക്കു സ്വർഗ്ഗത്തോട് അധികം അടുത്തുചെല്ലാം. മീതെ (സ്വർഗ്ഗത്തിൽ) ഉള്ള ആലയത്തിൽ സംഗീതങ്ങളും പാട്ടുകളും കൊണ്ടാണ് ദൈവത്തെ ആരാധിക്കുന്നത്. അത്പോലെ നാമും നമ്മുടെ സ്തുതിസ്തോത്രങ്ങളെ അർപ്പിക്കുമ്പോൾ നമ്മുടെ ആരാധന സ്വർഗ്ഗീയ സൈന്യത്തിന്റേതിനോടു തുലോം തുല്യ മായി പരിഗണിക്കപ്പെടാനിടയുണ്ട്. "സ്തോത്രമെന്ന യാഗം അർപ്പിക്കുന്നവൻ എന്നെ മഹത്വപ്പെടുത്തുന്നു." (സങ്കീ. 50:23) "സ്തോത്രത്തോടും സംഗീതഘോഷത്തോടും" കൂടെ നമ്മുക്ക് നമ്മുടെ സ്രഷ്ടാവിന്റെ സന്നിധിയിൽ സസന്തോഷം അടുത്തു ചെല്ലാം. (യെശ. 51:3)

**ദൈവവുമായുള്ള എന്റെ ദൈനംദിന അനുഭവത്തിൽ സ്വകാര്യവും പരസ്യവുമായ പ്രാർത്ഥനയിലൂടെ ദൈവവുമായി നിരന്തരം ബന്ധം പുലർത്തേണ്ടതിന്റെ ആവശ്യകത ഞാൻ മനസിലാക്കുന്നു.**

**(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)**

**അതെ തീരുമാനിച്ചില്ല**

എന്റെ ജീവിതത്തിൽ ദൈവത്തിന്റെ കരുണക്കും, നന്മക്കുമായി പ്രാർത്ഥനകളിൽ ദൈവത്തെ സ്തുതിക്കേണ്ടതിന്റെയും നന്ദി അർപ്പിക്കേണ്ടതിന്റെയും ആവശ്യകത ഞാൻ മനസിലാക്കുന്നു.

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ          തീരുമാനിച്ചില്ല

പ്രാർത്ഥനയാൽ ദൈവ സിംഹാസനത്തിന്റെ മുന്നിൽ വരുവാനുള്ള പദവി എനിക്ക് നൽകിയതിൽ ഞാൻ നന്ദിയുള്ളവനാണ്. അവിടുത്തെ അത്ഭുതത്തിന്റെ ശക്തി എന്റെ ജീവിതത്തിലും, ഞാൻ പ്രാർഥിക്കുന്നവരുടെ ജീവിതത്തിലും, വെളിപ്പെടുവാൻ ഞാൻ ഇച്ഛിക്കുന്നു.

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ          തീരുമാനിച്ചില്ല



# അദ്ധ്യായം പതിനാല്
# സംശയം എങ്ങനെ കൈകാര്യം ചെയ്യണം

**(1). തന്റെ ദൈവീകതയെ സംശയിക്കുന്നവരോടുള്ള യേശുവിന്റെ പ്രതികരണം എങ്ങനെയുള്ളതായിരുന്നു ?**

***“അപ്പോൾ ശാസ്ത്രിമാരിലും പരീശന്മാരിലും ചിലർ അവനോടു: ഗുരോ, നീ ഒരു അടയാളം ചെയ്തുകാണ്മാൻ ഞങ്ങൾ ഇച്ഛിക്കുന്നു എന്നു പറഞ്ഞു. അവൻ അവരോടു ഉത്തരം പറഞ്ഞതു: ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു; യോനാപ്രവാചകന്റെ അടയാളമല്ലാതെ അതിന്നു അടയാളം ലഭിക്കയില്ല” (മത്താ:12:38-39)***

മിക്ക ആളുകളുടെയും വിശേഷാൽ ക്രിസ്തീയ ജീവിതത്തിൽ അധികം അനുഭവം സിദ്ധിച്ചിട്ടില്ലാത്തവരുടെ

ഹൃദയം അവിശ്വാസികളുടെ അഭിപ്രായം നിമിത്തം പലപ്പോഴും കലങ്ങിപ്പോകുന്നു. അവർക്ക് തെളിയിപ്പാനൊ ഗ്രഹിപ്പാനോ കഴിയാത്ത അനേകം കാര്യങ്ങൾ വേദപുസ്തകത്തിലുണ്ട്. സാത്താൻ അവയെ പെറുക്കി എടുത്ത് അവയെക്കൊണ്ടു തിരുവെഴുത്തുകൾ ദൈവത്തിൽ നിന്നുള്ള വെളിപ്പാടാകുന്നു എന്ന അവരുടെ വിശ്വാസത്തെ ഇളക്കി മറിച്ചു കളവാൻ ശ്രമിക്കുന്നു. “ശരിയായ മാർഗ്ഗം ഞാൻ എങ്ങനെ അറിയും?” വേദപുസ്തകം യഥാർത്ഥമായും ദൈവത്തിന്റെ വചനമാണെങ്കിൽ എന്റെ ഈ സംശയങ്ങളും വിഷമങ്ങളും എങ്ങനെ പരിഹരിക്കാം? എന്നൊക്കെയാണ് സാത്താൻ അവിശ്വാസികളെക്കൊണ്ട് ചോദിപ്പിക്കുന്നത്.

നമ്മുടെ വിശ്വാസത്തിന് ആധാരമായി തക്കതെളിവുകാണാതെ എന്തെങ്കിലും കണ്ണുമടച്ചു വിശ്വസിക്കണം എന്ന് ദൈവം നമ്മോടു ഒരിക്കലും ആവശ്യപ്പെടുന്നില്ല. അവന്റെ ആസ്തിക്യം, സ്വഭാവം തിരുവചനത്തിന്റെ സത്യത ഇവയെല്ലാം നമ്മുടെ ബുദ്ധിക്ക് ചേരുന്ന സാക്ഷ്യങ്ങളിന്മേൽ അധിഷ്ഠിതമായിരിക്കുന്നു. ഇപ്രകാരമുള്ള തെളിവുകൾ ധാരാളമുണ്ട്. എങ്കിലും സംശയത്തിനുള്ള സാദ്ധ്യത ദൈവം പൂർണ്ണമായി നീക്കിക്കളഞ്ഞിട്ടില്ല. നമ്മുടെ വിശ്വാസം പ്രകടനങ്ങളിലല്ല പിന്നെയോ ഉറപ്പായ സാക്ഷ്യങ്ങളിൽ തന്നെ അധിഷ്ഠിതമായിരിക്കണം. സംശയിപ്പാൻ ഇഷ്ടപ്പെടുന്നവർക്ക് അതിനു അവസരം ഉണ്ടായിരിക്കും; എന്നാൽ സത്യം അറിവാൻ ആഗ്രഹിക്കുന്നവർക്കൊ തങ്ങളുടെ വിശ്വാസത്തിന്നു ആധാരമായി ധാരാളം തെളിവുകൾ കണ്ടെത്തുവാൻ കഴിയും.

**(2). ദൈവത്തിന്റെ വഴികളെ അറിയുവാൻ മനുഷ്യന് കഴിയാത്തതു എന്തുകൊണ്ട് ?**

***“എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല; നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല എന്നു യഹോവ അരുളിച്ചെയ്യുന്നു. ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ***

*വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു" (യെശയ്യാ:55:8-9)*

പരിമിതമായ മാനുഷ ബുദ്ധിക്ക് അപ്രമേയനായ ദൈവത്തിന്റെ ഗുണലക്ഷണങ്ങളേയോ പ്രവൃത്തികളേയോ പൂർണ്ണമായി ഗ്രഹിപ്പാൻ കഴിയുന്നതല്ല. ലോകത്തിലെ അതിശ്രേഷ്ഠ ബുദ്ധിമാന്മാർക്കും, എന്ന് വേണ്ട അത്യുൽകൃഷ്ട വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർക്ക് തന്നേയും ആ പരിപാവന ജീവിയുടെ നില ഒരു മർമ്മമായി അവശേഷിച്ചിരിക്കയാണ് ചെയ്യുന്നത്. "സർവ്വശക്തന്റെ സമ്പൂർത്തി നിനക്ക് മനസ്സിലാകുമോ? അത് ആകാശത്തോളം ഉയരമുള്ളതു; നീ എന്ത് ചെയ്യും? അത് പാതാളത്തെക്കാൾ അഗാധമായത്; നിനക്കെന്തറിയാം?" (ഇയ്യോബ് 11:7,8)

"ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവു എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു" എന്ന് അപ്പോസ്തലനായ പൌലോസ് സാക്ഷിച്ചിരിക്കുന്നു. (റോമ. 11:33) "മേഘവും അന്ധകാരവും അവന്റെ ചുറ്റും ഇരിക്കുന്നു." എങ്കിലും "നീതിയും ന്യായവും അവന്റെ സിംഹാസനത്തിന്റെ അടിസ്ഥാനമാകുന്നു" (സങ്കീ. 97:2) എന്ന് സങ്കീർത്തനക്കാരനും എഴുതിയിരിക്കുന്നു. സീമയില്ലാത്ത സ്നേഹവും കരുണയും അതിരറ്റ ശക്തിയോടുചേർന്ന് വ്യാപരിക്കുന്നു എന്ന് നാം വിവേചിച്ചറിയത്തക്കവണ്ണം അവന്റെ പെരുമാറ്റവും അതിനു പ്രേരകമായിരിക്കുന്നു. അവന്റെ ഉദ്ദേശവും നമ്മുക്ക് ഗ്രഹിപ്പാൻ സാധിക്കും. നമ്മുക്ക് ഉപകാരപ്രദമായ അളവിൽ മാത്രമേ ദൈവം തന്റെ ഉദ്ദേശം എന്തെന്ന് നമ്മുക്ക് വെളിപ്പെടുത്തിത്തരികയുള്ളു. അതിന്നപ്പുറമുള്ളവയെ സംബന്ധിച്ചു സർവ്വശക്തിയുള്ള കരങ്ങളേയും സ്നേഹസമ്പൂർണ്ണമായ ഹൃദയത്തേയും തന്നെ ആശ്രയിക്കണം.

**(3). ദൈവവചനം മനസ്സിലാക്കുന്നതിൽ പരാജയപ്പെടുമ്പോൾ എന്ത് മുന്നറിയിപ്പാണ് നാം ഓർക്കേണ്ടത് ?**

***“അവയിൽ ഗ്രഹിപ്പാൻ പ്രയാസമുള്ളതു ചിലതുണ്ടു. അറിവില്ലാത്തവരും അസ്ഥിരന്മാരുമായവർ ശേഷം തിരുവെഴുത്തുകളെപ്പോലെ അതും തങ്ങളുടെ നാശത്തിന്നായി കോട്ടിക്കളയുന്നു. എന്നാൽ പ്രിയമുള്ളവരേ, നിങ്ങൾ മുമ്പുകൂട്ടി അറിഞ്ഞിരിക്കകൊണ്ടു അധർമ്മികളുടെ വഞ്ചനയിൽ കുടുങ്ങി സ്വന്ത സ്ഥിരതവിട്ടു വീണു പോകാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ” (2 പത്രോ:3:16-17)***

ദൈവവചനത്തിലും അതിന്റെ ഉടമസ്ഥ സ്വഭാവത്തിലെന്നപോലെ മാനുഷബുദ്ധിക്കു ഒരിക്കലും പരിപൂർണ്ണമായി ഗ്രഹിപ്പാൻ ക ഴിയാത്ത മർമ്മങ്ങൾ ഉണ്ട്. ലോകത്തിലെ പാപ പ്രവേശനം, ക്രിസ്തുവിന്റെ ജഡാവതാരം, പുനരുത്ഥാനം ആദിയായി വേദപുസ്തകത്തിൽ പറയപ്പെട്ടിരിക്കുന്ന അനേകം കാര്യങ്ങൾ മാനുഷബുദ്ധിക്ക് പൂർണ്ണമായി വിവരിപ്പാനോ ഗ്രഹിപ്പാനോ കഴിയാത്ത അഗാധമർമ്മങ്ങളാകുന്നു. ഇങ്ങനെ അവന്റെ ദിവ്യവിചാരണയുടെ രഹസ്യങ്ങൾ നമ്മുക്ക് പൂർണ്ണമായി ഗ്രഹിപ്പാൻ പാടില്ലാതിരിക്കുന്നത് കൊണ്ട് നാം അവന്റെ വചനത്തെ സംശയിച്ചുകൂടാ. പ്രാകൃതലോകത്തിലും നമ്മുക്ക് അളന്നറിവാൻ കഴിയാത്ത അനേകം അഗാധമർമ്മങ്ങൾ ഉണ്ട്. ഏറ്റവും ചെറിയ ജീവികളിൽപോലും അടങ്ങിയിരിക്കുന്ന ജീവൻ എന്താകുന്നു എന്നും അത് എങ്ങനെ ഉണ്ടായി എന്നും വിവരിപ്പാൻ ലോകത്തിലെ അതിശ്രേഷ്ഠ തത്വജ്ഞാനിക്ക് പോലും കഴികയില്ല. എല്ലായിടത്തും നമ്മുടെ ബുദ്ധിക്കതീതമായ അത്ഭുതങ്ങൾ ഉണ്ട്. ആ സ്ഥിതിക്ക് ആത്മീക ലോകത്തിൽ കാണപ്പെടുന്ന രഹസ്യങ്ങളെപ്പറ്റി നാം ആശ്ചര്യപ്പെട്ടിട്ടെന്താണാവശ്യം. മാനുഷബുദ്ധിയുടെ ദുർബലതയും വിശാലതക്കുറവുമാണ് തൽസംബന്ധമായ വിഷമത ഉളവാക്കുന്നത്. തന്റെ തിരുവെഴുത്തുകളുടെ ദിവ്യസ്വഭാവത്തെക്കുറിച്ചു ദൈവംമതിയായ സാക്ഷ്യം നൽകിയിട്ടുണ്ട്. അതിനാൽ അവന്റെ ദിവ്യവിചാരണയുടെ രഹസ്യം മുഴുവനും നമ്മുക്ക്

സുഗ്രാഹ്യമല്ലാത്തതുകൊണ്ട് നാം അവന്റെ വചനത്തെ സംശയിച്ചുകൂടാ.

വേദപുസ്തകത്തിൽ “ഗ്രഹിപ്പാൻ പ്രയാസമുള്ളത് ചിലതുണ്ട്. അറിവില്ലാത്തവരും അസ്ഥിരരുമായവർ..........തങ്ങളുടെ നാശത്തിന്നായി കോട്ടിക്കളയുന്നു” എന്ന് അപ്പോസ്തലനായ പത്രോസ് പറയുന്നു. (2 പത്രോ. 3:16) വേദപുസ്തകത്തിലെ ഏതാദൃശ ഭാഗങ്ങളെ അവിശ്വാസികൾ ആ പുസ്തകത്തെ ദുർബലമാക്കുവാനുള്ള ആയുധങ്ങളായി ഉപയോഗിച്ചുവരുന്നു. എന്നാൽ അവരുടെ ന്യായവാദങ്ങളും അതിന്റെ ദൈവശ്വാസീയതയെ സുദൃഢമാക്കുന്നതേയുള്ളു. വേദപുസ്തകത്തിൽ ദൈവത്തിന്റെ മഹത്വത്തേയും ശക്തിയേയും ഗുണലക്ഷണങ്ങളേയും സംബന്ധിച്ചു മനുഷ്യരുടെ സങ്കുചിതബുദ്ധിക്ക് ഗ്രാഹ്യമായ നിലയിൽ എല്ലാം രേഖപ്പെടുത്തപ്പെട്ടിരുന്നെങ്കിൽ അത് ദൈവാത്മനിയോഗത്താൽ എഴുതപ്പെട്ട ഒരു ഗ്രന്ഥമാണെന്ന് തെളിയിപ്പാൻ യാതൊരു മാർഗ്ഗവുമില്ല. കാരണം അത് മനുഷ്യനെ ദൈവത്തെക്കാൾ വലിയവനാക്കുന്നതാണ്. അതിനാൽ വേദപുസ്തകത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന വിഷയങ്ങളുടെ വൈശിഷ്ട്യവും മർമ്മവും കൊണ്ടുതന്നെ അത് ദൈവവചനമാണെന്നുള്ള ദൃഢമായ വിശ്വാസം നമ്മുക്കുണ്ടാകണം.

**(4). ദൈവ വചനത്തെപ്പറ്റിയുള്ള ജ്ഞാനം നൽകുവാൻ ഈ ലോകത്തിന്റെ ബുദ്ധിക്കു കഴിയാത്തതെന്തുകൊണ്ട്**

***“ എന്നാൽ പ്രാകൃത മനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല; അതു അവന്നു ഭോഷത്വം ആകുന്നു. ആത്മികമായി വിവേചിക്കേണ്ടതാകയാൽ അതു അവന്നു ഗ്രഹിപ്പാൻ കഴിയുന്നതുമല്ല” (1 കൊരി:2:14)***

വേദപുസ്തകം എത്രയോ ലളിതമായ രീതിയിലും മാനുഷഹൃദയത്തിന്റെ ആവശ്യങ്ങൾക്കും വാഞ്ചിതങ്ങൾക്കും അനുയോജ്യമായ വിധത്തിലും സത്യം വെളിപ്പെടുത്തുന്നുണ്ട്. തന്നിമിത്തം അത് പണ്ഡിതന്മാരും സംസ്കാരസമ്പന്നന്മാരുമായ

ആളുകൾക്കു എത്രയും എത്രയും ആകർഷണീയവും ആശ്ചര്യജനകവും സാധുക്കളും നിരക്ഷരകുക്ഷികളുമായവർക്ക് രക്ഷയ്ക്കുള്ള വഴികാട്ടിയുമായിരിക്കുന്നു. ഇത്ര ലളിതമായി വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന സത്യങ്ങൾ അത്യുൽകൃഷ്ടവും അതിദൂരവ്യാപകവും മാനുഷബുദ്ധിക്ക് തീരെ അതീതവുമായ വിഷയങ്ങളെ പുരസ്കരിച്ചുള്ളവയാകുന്നു. ദൈവം തന്നെ അരുളിച്ചെയ്തതുകൊണ്ട് നമ്മുക്ക് അവയെ വിശ്വസിക്കാം. ഇപ്രകാരം ദൈവനിർദ്ദിഷ്ടമായ മാർഗ്ഗത്തിൽ കൂടി നാം രക്ഷിക്കപ്പെടുവാനും അനുതാപത്താൽ ദൈവത്തിങ്കലേക്കും വിശ്വാസത്താൽ ക്രിസ്തുവിങ്കലേക്കും ചെല്ലത്തക്കവണ്ണം രക്ഷാമാർഗ്ഗം പ്രസ്പഷ്ടമാക്കപ്പെട്ടിരിക്കുന്നു. എങ്കിലും അത്ര തെളിവായ സത്യങ്ങളുടെ അടിയിൽ മഹത്വത്തെ മറയ്ക്കുന്ന മർമ്മങ്ങൾ അതേ അതിൻ പര്യേഷണയിൽ മനസ്സിനെ കവിയുന്നതും പരമാർത്ഥിയായ സത്യന്വേഷകന്റെ ഹൃത്തടത്തിൽ ഭയഭക്തിയും വിശ്വാസവും സംജാതമാക്കുവാൻ പര്യാപ്തവുമായ അസംഖ്യം മർമ്മങ്ങൾ മറഞ്ഞുകിടപ്പുണ്ട്. വേദപുസ്തകത്തെ എത്ര അധികമായി ശോധന ചെയ്യുന്നുവോ അത്ര അധികം അത് ജീവനുള്ള ദൈവത്തിന്റെ വചനമാണെന്നു ബോദ്ധ്യമാകയും തൽഫലമായി മാനുഷീക ബുദ്ധി ദൈവീക വെളിപ്പാടിന്റെ മുമ്പിൽ തല കുനിക്കയും ചെയ്യുന്നതാണ്.

വേദപുസ്തകത്തിലുള്ള വൻ സത്യങ്ങളെ മുഴുവനായി ഗ്രഹിപ്പാൻ കഴിയുന്നതല്ലാ എന്ന പരമാർത്ഥം അംഗീകരിക്കുന്നതിന്റെ താല്പര്യം നമ്മുടെ പരിമിത ബുദ്ധികൊണ്ട് ദൈവത്തിന്റെ അപരിമിത ജ്ഞാനവും സർവ്വശക്തന്റെ ഉദ്ദേശങ്ങളും ഗ്രഹിച്ചറിയുവാൻ സാദ്ധ്യമല്ല എന്നാണ്.

**(5). ഹൃദയത്തിൽ കടക്കാതിരിപ്പാൻ സൂക്ഷിക്കേണമെന്നു നമുക്ക് മുന്നറിയിപ്പ് തന്നിരിക്കുന്നത് എന്തിനെപ്പറ്റിയാണ്**

***"സഹോദരന്മാരേ, ജീവനുള്ള ദൈവത്തെ ത്യജിച്ചുകളയാതിരിക്കേണ്ടതിന്നു അവിശ്വാസമുള്ള ദുഷ്ടഹൃദയം നിങ്ങളിൽ***

*ആർക്കും ഉണ്ടാകാതിരിപ്പാൻ നോക്കുവിൻ” (എബ്രാ:3:12)*

ദൈവവചനത്തിന്റെ അഗാധത്വം അളന്നറിയുവാൻ കഴിയാത്തതുകൊണ്ട് സന്ദേഹിയും അവിശ്വാസിയും അതിനെ നിരാകരിച്ചു കളയുന്നു. വേദപുസ്തകത്തെ വിശ്വസിക്കുന്നു എന്ന് അഭിമാനിക്കുന്നവരിലും ചിലർ ഈ ആപത്തിൽ കുടുങ്ങിയിരിക്കുന്നുണ്ട്. അപ്പോസ്തലൻ ഇങ്ങനെ ഉൽബോധിപ്പിക്കുന്നു:- “സഹോദരന്മാരെ, ജീവനുള്ള ദൈവത്തെ ത്യജിച്ചു കളയാതിരിക്കേണ്ടതിനു അവിശ്വാസമുള്ള ദുഷ്ട ഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാതിരിപ്പാൻ നോക്കുവില്ൻ.” (എബ്രാ. 3:12) വേദപുസ്തകോപദേശങ്ങളെ കൃത്യമായി പഠിക്കുകയും തിരുവെഴുത്തുകളിൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നേടത്തോളം “ദൈവത്തിന്റെ ആഴങ്ങളെ” ആരാഞ്ഞു നോക്കുകയും ചെയ്യേണ്ടതും ആവശ്യമാണ്. (1 കൊരി. 2:10) “മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവയ്ക്കുള്ളതത്രേ. വെളിപ്പെട്ടിരിക്കുന്നവയോ............എന്നേക്കും നമ്മുക്കും നമ്മുടെ മക്കൾക്കും ഉള്ളവയാകുന്നു.” (ആവ. 29:29) എന്നാൽ പിശാചിന്റെ വേല മനസ്സിന്റെ അന്വേഷണ ശക്തിയെ തകരാറാക്കുക എന്നുള്ളതാണ്. വേദസത്യങ്ങളെക്കുറിച്ചുള്ള പരിചിന്തനത്തിൽ അസ്സാരം ഉന്നതഭാവം കൂടെ കലരുന്നത് കൊണ്ട് തങ്ങളുടെ തൃപ്തിക്കൊത്തവണ്ണം വിവരിപ്പാൻ കഴിയാതാകുമ്പോൾ മനുഷ്യർ അക്ഷമരും പരാജിതരും ആയി കാണപ്പെടുന്നു. ദൈവശ്വാസീയമായ വചനങ്ങൾ തങ്ങൾക്ക് മനസ്സിലാകുന്നില്ലെന്നു പരസ്യമായി സമ്മതിക്കുന്നത് അവർക്ക് വലിയ മാനക്കേടാണെന്നു തോന്നിപോകുന്നു ആ സത്യങ്ങളെ ദൈവം അവർക്ക് വെളിപ്പെടുത്തുന്നത് വരെ ക്ഷമയോടിരിപ്പാൻ അവർക്ക് മനസ്സില്ല. തിരുവെഴുത്ത് ഗ്രഹിപ്പാൻ തങ്ങൾക്കുള്ള സ്വന്ത ബുദ്ധി ധാരാളം മതിയാകുമെന്ന് അവർക്ക് തോന്നുകയും അത് സാദ്ധ്യമല്ലെന്നു കാണുമ്പോൾ അവർ അതിന്റെ അധികാരം നിഷേധിക്കയും

ചെയ്യുന്നു. വേദപുസ്തകത്തിൽ അധിഷ്ഠിതങ്ങളാണെന്നു പൊതുവേ ധരിച്ചിരിക്കുന്ന മിക്ക തത്വങ്ങൾക്കും ഉപദേശത്തിന്നും വേദപുസ്തകത്തിൽ യാതൊരു അടിസ്ഥാനവുമില്ല എന്ന് മാത്രമല്ല അവ ആ മഹൽ ഗ്രന്ഥത്തിന്റെ പൂർണ്ണമായ ദൈവശ്വാസീയമായ നിലയ്ക്ക് കടകവിരുദ്ധവുമാകുന്നു. ഈ കാരണത്താൽ അവ മിക്ക ആളുകളുടെ ഹൃദയത്തിലും സംശയവും പരിഭ്രാന്തിയും ഉളവാക്കീട്ടുണ്ട്. ആ കുറ്റം തിരുവെഴുത്തുകളുടെ മേൽ ആരോപിക്കാവുന്നതല്ല.

**(6). എന്തുകൊണ്ട് ദൈവത്തെ നമുക്ക് പൂർണ്ണമായി മനസിലാക്കുവാൻ കഴിയുന്നില്ല ?**

***"മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവെക്കുള്ളവയത്രേ; വെളിപ്പെട്ടിരിക്കുന്നവയോ നാം ഈ ന്യായപ്രമാണത്തിന്റെ സകലവചനങ്ങളും അനുസരിച്ചുനടക്കേണ്ടതിന്നു എന്നേക്കും നമുക്കും നമ്മുടെ മക്കൾക്കും ഉള്ളവയാകുന്നു" (ആവർത്ത:29:29)***

ദൈവത്തെയും അവന്റെ ക്രിയകളെയും പൂർണ്ണമായി ജീവിതത്തിൽ ആരാഞ്ഞറിവാൻ സാധിച്ചിരുന്നെങ്കിൽ അതിന്റെശേഷം അതിലുപരിയായ സത്യം കണ്ടുപിടിക്കലോ ജ്ഞാനവർദ്ധവോടു മനസ്സിന്റെയും ഹൃദയത്തിന്റെയും വികാസമോ ഉണ്ടാകുവാൻ തരമില്ല. അതിൽ പിന്നെ ദൈവം അവരെക്കാൾ ഉന്നതനും ആയിരിക്കയില്ല. മാത്രമല്ല മനുഷ്യൻ ജ്ഞാനത്തിന്റെയും കാര്യസിദ്ധിയുടെയും പരമകാഷ്ഠപ്രാപിച്ചിരിക്കുന്നത് കൊണ്ട് അവന്റെ പുരോഗതി നിലച്ചു പോകയും ചെയ്യും. എന്നാൽ കാര്യം അങ്ങനെയല്ലാത്തതുകൊണ്ട് നമ്മുക്ക് ദൈവത്തെ സ്തുതിക്കാം. ദൈവം അപ്രമേയനായിരിക്കുന്നു; അവനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ഒക്കെയും ഗുപ്തമായിരിക്കുന്നു." (കൊലോ. 2:3) മനുഷ്യർ സദാ കാലത്തേക്കും ആരാഞ്ഞും പഠിച്ചും കൊണ്ടേ ഇരിക്കും; എങ്കിലും അവന്റെ ജ്ഞാനം, നന്മ, ശക്തി എന്നിവയുടെ

ആഴം കണ്ടെത്തുവാൻ ഒരിക്കലും കഴികയില്ല.

**(7). എവിടെനിന്നു മാത്രമേ ദൈവീക ജ്ഞാനം നേടുവാൻ കഴിയുകയുള്ളു ?**

***“നാമോ ലോകത്തിന്റെ ആത്മാവിനെ അല്ല, ദൈവം നമുക്കു നല്കിയതു അറിവാനായി ദൈവത്തിൽനിന്നുള്ള ആത്മാവിനെ അത്രേ പ്രാപിച്ചതു” (1 കൊരി:2:12)***

ഈ ജീവിതത്തിൽ തന്നെയും തന്റെ മക്കൾക്കു തന്റെ വചനത്തിലെ സത്യങ്ങൾ സദാ വെളിവായികൊണ്ടിരിക്കണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ഈ അറിവു സമ്പാദിപ്പാൻ ഒരേ ഒരു മാർഗ്ഗമേയുള്ളു. അതായത് ദൈവത്തിന്റെ വചനത്തെ ഏതു ആത്മാവിനാൽ നല്കപ്പെട്ടുവോ അതെ പരിശുദ്ധാത്മാവിന്റെ പ്രകാശനം മുഖാന്തരമേ അത് പ്രാപിപ്പാൻ കഴികയുള്ളു. “ആത്മാവ് സകലത്തെയും ദൈവത്തിന്റെ ആഴങ്ങളെയും ആരായുന്നു.” (1 കൊരി. 2:10)

**(8). ദൈവ വചനം പഠിക്കുന്നതിൽ നമ്മെ നയിക്കുവാൻ പരിശുദ്ധാത്മാവിനെ അനുവദിക്കുന്നതിലൂടെ നമുക്ക് കണ്ടെത്താവുന്നത് എന്ത് ?**

***“സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കയും വരുവാനുള്ളതു നിങ്ങൾക്കു അറിയിച്ചുതരികയും ചെയ്യും” (യോഹ:16:13)***

നാം നമ്മുക്കുള്ള ആലോചനാശക്തിയെ ഉപയോഗിക്കണം എന്നാണു ദൈവേഷ്ടം; എന്നാൽ നമ്മുടെ മനസ്സിന്നു ദൃഢതയും വികാസവും പ്രാപിക്കേണ്ടതിന്നു വേദാദ്ധ്യയനത്തേക്കാൾ ഉപയുക്തമായി മറ്റൊന്നുമില്ല. പക്ഷെ മാനുഷീക ബലഹീനതക്കും അസ്ഥിരതക്കും അധീനമായിരിക്കുന്ന നമ്മുടെ ബുദ്ധിശക്തിയെ ദൈവമാക്കരുത് എന്നേയുള്ളു. എത്രയും സ്പഷ്ടമായിരിക്കുന്ന സത്യങ്ങൾ കൂടെ

ഗ്രഹിക്കാതാകത്തക്കവണ്ണം തിരുവെഴുത്തുകൾ നമ്മുടെ ബുദ്ധിക്ക് മറവായിരിക്കുന്നത് നമ്മുക്ക് ശിശുവിന്നൊത്ത പരമാർത്ഥതയും ആശ്രയശീലവും ഉണ്ടായിരുന്നിട്ട് എന്നും പഠിപ്പാൻ തയ്യാറായിരിക്കയും പരിശുദ്ധാത്മാവിന്റെ സഹായത്തിന്നായി അപേക്ഷിക്കയും ചെയ്യേണ്ടതിന്നു തന്നെ. ദൈവത്തിന്റെ ശക്തിയും ജ്ഞാനവും സംബന്ധിച്ചും അവന്റെ മേന്മ തിരിച്ചറിവാൻ നമ്മുക്കുള്ള കഴിവില്ലായ്മയെ സംബന്ധിച്ചുള്ള ബോധം നിമിത്തം നാം താഴ്മയുള്ളവരായിരിക്കയും അവന്റെ തിരുസന്നിധിയിൽ അടുത്തു ചെല്ലുമ്പോഴെന്നപോലെ ഭയഭക്തി പുരസ്സരം ഓരോ ദിവസവും നാം അവന്റെ വചനം പാരായണം ചെയ്കയും വേണം. വേദപുസ്തകം തുറന്നുവായിപ്പാൻ ആരംഭിക്കുമ്പോൾ നമ്മുടെ പ്രാകൃത ഭാവത്തെ കവിയുന്ന ഒരു അധികാരത്തിൻ മുമ്പിലാണ് നാം ഇരിക്കുന്നതെന്നു കരുതുകയും "ഞാൻ ആകുന്നു" എന്ന ആ സത്യ ദൈവസന്നിധിയിൽ നമ്മുടെ ഹൃദയവും ബുദ്ധിയും വണക്കുകയും ചെയ്യേണ്ടതാകുന്നു.

**(9). നമ്മുടെ ജ്ഞാനത്തിന്റെ ഉറവിടം ആരാണ് ?**

***"നിങ്ങളിൽ ഒരുത്തന്നു ജ്ഞാനം കുറവാകുന്നു എങ്കിൽ ഭർത്സിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോടു യാചിക്കട്ടെ; അപ്പോൾ അവന്നു ലഭിക്കും" (യാക്കോ:1:5)***

പ്രഥമദൃഷ്ടിയിൽ പ്രയാസമെന്നൊ തെളിവില്ലാത്തതെന്നൊ അനേകം സംഗതികൾ ഉണ്ട്. മേൽപ്രസ്താവിച്ചപ്രകാരം അർത്ഥം ഗ്രഹിപ്പാൻ ശ്രമിക്കുന്നവർക്ക് ദൈവം തന്നെ അത് പ്രസ്പഷ്ടമാക്കിക്കൊടുക്കും. എന്നാൽ പരിശുദ്ധാത്മാവിന്റെ സഹായവും നടത്തിപ്പും നമ്മുക്കില്ലാതിരുന്നാൽ നാം തിരുവെഴുത്തുകളെ കോട്ടിക്കളകയോ തെറ്റായി വ്യാഖ്യാനിക്കയോ ചെയ്യാനിടവരും. ചിലർ ധാരാളം വായിക്കുന്നുണ്ടു. എന്നാൽ യാതൊരു

പ്രയോജനവും ഉണ്ടാകുന്നില്ല. അതിനുപകരം പലപ്പോഴും വലിയ ആപത്താണുണ്ടാകുന്നത്. യാതൊരു ഭയഭക്തിയും പ്രാർത്ഥനയും കൂടാതെ വേദവായന തുടങ്ങുകയും നമ്മുടെ വിചാരങ്ങളും ആഗ്രഹവും ദൈവേഷ്ടത്തിനു സമർപ്പിക്കാതിരിക്കയും ചെയ്യുമ്പോൾ നമ്മുടെ മനസ്സിൽ അനേകം സംഗതികൾ ഉദിച്ചുവരും. ആ നിലയിൽ നാം വേദപാരായണം ചെയ്യുന്നതു കൊണ്ടാണ് അവിശ്വാസം ബലപ്പെടുന്നത്. കാരണം അങ്ങിനെ ചെയ്യുമ്പോൾ ശത്രുവായവൻ നമ്മുടെ വിചാരങ്ങളെ തനിക്കധീനമാക്കുകയും തദ്വാര തെറ്റായ അർത്ഥം നമ്മെ ഗ്രഹിപ്പിക്കുകയും ചെയ്യും. വാക്കിലും ക്രിയയിലും ദൈവത്തോട് ഇണങ്ങിയിരിപ്പാൻ ശ്രമിക്കുന്നില്ലെങ്കിൽ അവർ എത്രതന്നെ പഠിപ്പുള്ളവരായിരുന്നാലും തിരുവെഴുത്തുകളുടെ അർത്ഥം മനസ്സിലാക്കുന്നതിൽ അവർ തെറ്റിപ്പോകാനിടയുണ്ട്. എന്ന് മാത്രമല്ല അപ്രകാരമുള്ളവരുടെ വ്യാഖ്യാനങ്ങളിൽ ആശ്രയിക്കുന്നത് ആപല്ക്കരമാകുന്നു. വേദപുസ്തകത്തിലെ ന്യൂനതകൾ കണ്ടുപിടിപ്പാനായി തിരുവെഴുത്തുകൾ പാരായണം ചെയ്യുന്നവർക്ക് ഒരു ആത്മീയമായ ബോധം ഉണ്ടായിരിക്കുന്നതല്ല. എത്രയും പ്രസ്പഷ്ടവും സുലളിതവുമായിരിക്കുന്ന സംഗതികളിൽ അവർ വിക്രത ഭവിച്ച ദൃഷ്ടിയാൽ സംശയവും അവിശ്വാസവും ജനിപ്പിക്കത്തക്ക കാരണങ്ങൾ കണ്ടെത്തിയെന്നും വരാം.

**(10). നാം തിരിച്ചറിഞ്ഞ പാപങ്ങളിൽ നിർലജ്ജം തുടരുകയാണെങ്കിൽ അത് ദൈവവുമായുള്ള നമ്മുടെ ബന്ധത്തെ എങ്ങനെ ബാധിക്കും?**

***"നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നതു; നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറെക്കുമാറാക്കിയതു" (യെശയ്യാ:59:2)***

അവർ ഏതെല്ലാം രൂപത്തിൽ അതിനെ വിവരിച്ചാലും ഈദൃശ സംശയത്തിന്നും

അവിശ്വാസത്തിനുമുള്ള ഏകകാരണം പാപത്തോടുള്ള സ്നേഹമത്രെ. ദൈവവചനത്തിലെ ഉപദേശങ്ങളും നിബന്ധനകളും പാപത്തെ സ്നേഹിക്കുന്ന നിഗളഹൃദയത്തിന്നു സ്വീകാര്യമല്ല. അങ്ങിനെ അത് നിർദ്ദേശിക്കുന്ന കാര്യങ്ങൾ അനുസരിപ്പാൻ ഇഷ്ടപ്പെടാത്തവർ അതിന്റെ അധികാരത്തെ സംശയിക്കുന്നു. സത്യത്തിൽ എത്തിച്ചേരണമെങ്കിൽ സത്യം അറിവാനുള്ള ആത്മാർത്ഥമായ അഭി വാഞ്ചയും അത് അനുസരിപ്പാനുള്ള സന്മനസ്സും ഉണ്ടായിരിക്കണം. ഈ മനോഭാവത്തോടുകൂടി ദൈവവചനം പഠിക്കുന്നവർക്ക് അത് ദൈവത്തിന്റെ വചനം തന്നെ എന്ന് പ്രസ്പഷ്ടമായി തെളിയിക്കുന്ന നിരവധി സാക്ഷ്യങ്ങൾ കണ്ടുപിടിപ്പാൻ സാധിക്കും. മാത്രമല്ല ഏതാദൃശ വേദപഠനം മുഖേന തങ്ങളെ രക്ഷയ്ക്കു ജ്ഞാനികളാക്കുന്ന വേദസത്യങ്ങൾ ഗ്രഹിപ്പാനും ഇടവരും.

**(11). നൂതന വെളിച്ചം നമ്മിലേക്ക് വെളിപ്പെടുത്തുന്നതിനു മുൻപായി ദൈവം എന്ത് ആവശ്യപെടുന്നു ?**

***"അവന്റെ ഇഷ്ടം ചെയ്‌വാൻ ഇച്ഛിക്കുന്നവൻ ഈ ഉപദേശം ദൈവത്തിൽ നിന്നുള്ളതോ ഞാൻ സ്വയമായി പ്രസ്താവിക്കുന്നതോ എന്നു അറിയും" (യോഹ:7:17)***

നിനക്ക് മനസ്സിലാകാത്ത സംഗതിയെക്കുറിച്ചു സംശയിക്കുകയും ദുസ്തർക്കം ചെയ്യുകയും ചെയ്യുന്നതിനുപകരം നിനക്ക് ലഭിച്ചിരിക്കുന്ന വെളിച്ച (അറിവിൻ) പ്രകാരം ജീവിക്കുക. എന്നാൽ അതിനുപരിയായ വെളിച്ചം (അറിവു) നിനക്ക് ലഭിക്കും. ക്രിസ്തുവിന്റെ കരുണയാൽ നിനക്ക് തെളിഞ്ഞുകിട്ടിയിരിക്കുന്ന എല്ലാകൃത്യങ്ങളും നീ അനുഷ്ഠിക്കുക. അപ്പോൾ നിനക്ക് സംശയാസ്പദമായിരിക്കുന്ന സംഗതികൾ അവൻ നിന്നെ ഗ്രഹിപ്പിക്കുകയും അവയെ അനുഷ്ഠിപ്പാൻ നിന്നെ സഹായിക്കുകയും ചെയ്യും.

ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർക്കും നിരക്ഷരകുക്ഷികൾക്കും ഒന്നുപോലെ

പ്രസ്പഷ്ടമായിരിക്കുന്ന ഒരു തെളിവുണ്ട്. അത് അവരവരുടെ അനുഭവം തന്നെ. തന്റെ വചനത്തിന്റെ യാഥാർത്ഥ്യത്തെ, അതെ അവന്റെ വാഗ്ദത്തത്തിന്റെ സത്യതയെ തന്നെ പരിശോധിച്ചു നോക്കുവാൻ ദൈവം നമ്മെ ആഹ്വാനം ചെയ്യുന്നു. "യഹോവ നല്ലവൻ എന്ന് രുചിച്ചറിവിൻ" എന്നാണ് അവൻ കല്പിക്കുന്നത്. (സങ്കീ. 34:8) മറ്റൊരുവന്റെ വാക്കിൽ ആശ്രയിക്കുന്നതിനുപകരം നാം തന്നെ രുചിച്ചറിയേണ്ടതാകുന്നു. "അപേക്ഷിപ്പിൻ; എന്നാൽ നിങ്ങൾക്ക് ലഭിക്കും" (യോഹ. 16:24) എന്നവൻ പറയുന്നു. അവന്റെ വാഗ്ദത്തങ്ങളെ അവൻ നിവർത്തിക്കും. അവ ഒരു കാലത്തും വ്യർത്ഥമായിട്ടില്ല. ഒരിക്കലും വ്യർത്ഥമാകയുമില്ല. നാം യേശുവിന്റെ അടുക്കൽചെന്ന് അവന്റെ സ്നേഹത്തിന്റെ നിറവിൽ സന്തോഷിക്കുമ്പോൾ അവന്റെ സാന്നിധ്യത്തിന്റെ പ്രകാശത്തിൽ നമ്മുടെ സന്ദേഹവും അന്ധകാരവും ഓടിമറഞ്ഞുപോകും

**(12). ക്രിസ്തുവുമായുള്ള ബന്ധം വളരുമ്പോൾ നമ്മുടെ സാക്ഷ്യം എന്തായിരിക്കും ?**

***"നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ചു തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കിവെക്കുകയും ചെയ്ത പിതാവിന്നു സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാകേണം എന്നും അപേക്ഷിക്കുന്നു" (കൊലോസ്യ:1:13)***

എന്ന് അപ്പോസ്തലനായ പൌലോസ് പറയുന്നു. മരണത്തിൽനിന്നു ജീവനിൽ കടന്നിരിക്കുന്ന ഏവനും "ദൈവം സത്യവാൻ എന്നുള്ളതിനു മുദ്രയിടുവാൻ" (യോഹ. 3:33) കഴിവുള്ളവനാകുന്നു. "എനിക്ക് സഹായം ആവശ്യമായിരുന്നു; യേശുകർത്താവിൽ ഞാൻ അതുകണ്ടെത്തി. അവൻ എന്റെ എല്ലാ ആവശ്യങ്ങളും നിറവേറ്റിത്തന്നു. എന്റെ ദേഹിയുടെ വിശപ്പും അവൻ ശമിപ്പിച്ചു. ഇപ്പോൾ വേദപുസ്തകം എനിക്ക് യേശുക്രിസ്തുവിന്റെ വെളിപ്പാടായിരിക്കുന്നു. ഞാൻ എന്തിന്നു യേശുവിൽ വിശ്വസിക്കുന്നു? എന്ന് നീ ചോദിക്കുന്നുവോ? അവൻ എന്റെ

ദിവ്യരക്ഷിതാവായിരിക്കുന്നത് കൊണ്ടുതന്നെ. ഞാൻ എന്തിന്നു വേദപുസ്തകം വിശ്വസിക്കുന്നു എന്നൊ? അത് എന്റെ ദേഹിയോടുള്ള ദൈവശബ്ദമാണെന്നു എനിക്ക് അനുഭവബോധ്യമായിരിക്കുന്നത് കൊണ്ടാകുന്നു" എന്നിങ്ങനെ അവന്നു സാക്ഷീകരിപ്പാൻ സാധിക്കും. വേദപുസ്തകം സത്യമെന്നും ക്രിസ്തു ദൈവത്തിന്റെ പുത്രനാകുന്നുവെന്നും ഉള്ളസാക്ഷ്യം നമ്മിൽതന്നെ ഉണ്ടായ്വരും. നാം നിർമ്മിതകഥകളെ പ്രമാണിക്കുന്നില്ല എന്ന് നാം അറിയുന്നു.

**(13). നമുക്ക് നൽകപ്പെട്ട പ്രകാശനത്തിൽ മുന്നേറുമ്പോൾ നമ്മുടെ ആത്മീയ യാത്രയിൽ അതെങ്ങനെ പ്രതിഫലിക്കും ?**

***"എന്നാൽ പ്രിയമുള്ളവരേ, നിങ്ങൾ മുമ്പുകൂട്ടി അറിഞ്ഞിരിക്കകൊണ്ടു അധർമ്മികളുടെ വഞ്ചനയിൽ കുടുങ്ങി സ്വന്ത സ്ഥിരതവിട്ടു വീണു പോകാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ, കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുവിൻ. അവന്നു ഇപ്പോഴും എന്നെന്നേക്കും മഹത്വം. ആമേൻ" (2 പത്രോ:3:17-18)***

"കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുവിൻ" (2 പത്രോ. 3:18) എന്ന് പത്രോസ് അപ്പോസ്തലൻ ഉൽബോധിപ്പിക്കുന്നു. ദൈവത്തിന്റെ ജനം കൃപയിൽ വളരുംതോറും അവന്റെ വചനം അവർക്ക് അധികമധികം സ്പഷ്ടമായി തെളിഞ്ഞുകിട്ടും. അതിന്റെ പരിപാവാന സത്യങ്ങളിൽ അവർ പുതിയ പ്രകാശവും ഭംഗിയും കണ്ടറിയും. സഭാ ചരിത്രത്തിന്റെ എല്ലാ യുഗങ്ങളിലും അത് വാസ്തവമായിരുന്നു. അവസാനം വരെ അങ്ങനെ തന്നെ ആയിരിക്കയും ചെയ്യും. "നീതിമാന്മാരുടെ പാതയോ പ്രഭാതത്തിന്റെ വെളിച്ചംപോലെ; അത് നട്ടുച്ചവരെ അധികമധികം ശോഭിച്ചുവരുന്നു." (സദൃ.വാ. 4:18)

**(14). ദൈവീക കരുതലിനെപ്പറ്റി മനസ്സിലാക്കുവാനുള്ള നമ്മുടെ ഭാവി**

**കഴിവിനെ ഈ വാക്യത്തിൽ എപ്രകാരം പരാമർശിച്ചിരിക്കുന്നു ?**

***"ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു; അപ്പോൾ മുഖാമുഖമായി കാണും; ഇപ്പോൾ ഞാൻ അംശമായി അറിയുന്നു; അപ്പോഴോ ഞാൻ അറിയപ്പെട്ടതുപോലെ തന്നേ അറിയും" (1 കൊരി:13:12)***

വിശ്വാസത്താൽ നാം ഭാവിയിങ്കലേക്ക് നോക്കി, മാനുഷപ്രേരണകൾ ദൈവീകമായതിനോടു സംയോജിച്ചും ദേഹിയുടെ സർവ്വശക്തികളും വെളിച്ചത്തിന്റെ ഉറവിടത്തെ അഭിമുഖീകരിച്ചും കൊണ്ടുള്ള നിലയിൽ നമ്മുടെ ബുദ്ധിക്കുണ്ടാകുന്ന വികാസം സംബന്ധിച്ചു ദൈവം കൊടുത്തിരിക്കുന്ന വാഗ്ദത്തം മുറുകെ പിടിച്ചുകൊള്ളുക. ഇന്ന് ദൈവത്തിന്റെ ദിവ്യവിചാരണയിൽ നമ്മുക്ക് വിഷമമായിരുന്നതെല്ലാം അന്നു തെളിവായിത്തീരുമെന്നും ഇന്ന് ഗ്രഹിപ്പാൻ പ്രയാസമായിരുന്നവയെ അന്നു നമ്മുക്ക് സ്പഷ്ടമാക്കിതരുമെന്നും, നമ്മുടെ ഹ്രസ്വബുദ്ധിക്ക് കലക്കമായും ഉദ്ദേശങ്ങൾക്കു തമ്മിൽ സംബന്ധമില്ലാത്തതായും കണ്ടിരുന്ന എല്ലാ കാര്യങ്ങളിലും നാം അന്നു നല്ല പൂർണ്ണതയും വിശേഷിച്ച ഐക്യതയും കാണുമെന്നും വിശ്വസിച്ചു നാം സന്തോഷിക്കുക. ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു; അപ്പോൾ മുഖാമുഖമായി കാണും; ഇപ്പോൾ നാം അംശമായറിയുന്നു; അപ്പോഴൊ ഞാൻ അറിയപ്പെട്ടതു പോലെ തന്നേ അറിയും." (1 കൊരി. 13:12)

**ഭൂമിയുടെ ചരിത്രത്തിന്റെ അവസാന നാളുകളിൽ പലരും ദൈവത്തെ സംശയിക്കും എന്ന് ഞാൻ മനസിലാക്കുന്നു അവിടുന്ന് നൽകിയ തെളിവുകളിൽ എന്റെ വിശ്വാസം അടിസ്ഥാനമാക്കുവാനും, അവനിൽ വിശ്വസിക്കുവാനും ഞാൻ തീരുമാനിക്കുന്നു.**

**(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)**

**അതെ　　　തീരുമാനിച്ചില്ല**

ദൈവത്തിന്റെ ജ്ഞാനം ഒരു മനുഷ്യനും മനസിലാക്കുവാൻ കഴയില്ലെന്നത് എന്നെ ആശ്വസിപ്പിക്കുന്നു. എല്ലാറ്റിന്റെയും നിയന്ത്രണം അവന്റെ പക്കലാണെന്നു അറിഞ്ഞുകൊണ്ട് എന്റെ ജീവിതം അവന്റെ കൈകളിൽ ഭരമേല്പിക്കുന്നു.

(നിങ്ങളുടെ തീരുമാനം വ്യത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല

ദൈവത്തെകുറിച്ചു ബൈബിൾ പറയുന്നതെല്ലാം എനിക്ക് മനസിലാക്കുവാൻ കഴിയുന്നില്ലെങ്കിലും, ഇത് അവന്റെ മഹത്വത്തിന്റെ കൂടുതൽ തെളിവാണെന്ന് ഞാൻ മനസിലാക്കുന്നു. ബൈബിൾ ദൈവ നിശ്വാസീയം ആണെന്ന് ഇത് തെളിയിക്കുന്നു.

(നിങ്ങളുടെ തീരുമാനം വ്യത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല

ദൈവത്തെയും അവിടുത്തെ വചനത്തെ പറ്റിയും പരീക്ഷകൻ എന്റെ ഹൃദയത്തിൽ വിതച്ച എല്ലാ സംശയങ്ങളും വിട്ടുകളയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവം എനിക്ക് നൽകിയ സത്യവെളിച്ചത്തിൽ നടക്കുവാൻ ഞാൻ തീരുമാനിക്കുന്നു

(നിങ്ങളുടെ തീരുമാനം വ്യത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല



# അദ്ധ്യായം പതിനഞ്ച്
# കർത്താവിലുള്ള സന്തോഷം

**(1). ക്രിസ്തുവിനെ അനുഗമിക്കുന്നവരായ നമ്മൾ, ക്രിസ്തുവിന്റെ നന്മ, കരുണ, സ്നേഹം എന്നിവ അനുകരിക്കേണ്ടത് ആർക്കുവേണ്ടി ?**

***"അന്നാളിൽ നിങ്ങൾ പറയുന്നതു: യഹോവെക്കു സ്തോത്രം ചെയ്വിൻ; അവന്റെ നാമത്തെ വിളിച്ചപേക്ഷിപ്പിൻ; ജാതികളുടെ ഇടയിൽ അവന്റെ പ്രവൃത്തികളെ അറിയിപ്പിൻ; അവന്റെ നാമം ഉന്നതമായിരിക്കുന്നു എന്നു പ്രസ്താവിപ്പിൻ. യഹോവെക്കു കീർത്തനം ചെയ്വിൻ; അവൻ ശ്രേഷ്ഠമായതു ചെയ്തിരിക്കുന്നു; ഇതു ഭൂമിയിൽ എല്ലാടവും പ്രസിദ്ധമായ്വരട്ടെ" (യെശയ്യാ:12:4-5)***

ദൈവമക്കൾ കർത്താവിന്റെ നന്മയും കരുണയും വെളിവാക്കുന്ന അവന്റെ സ്ഥാനാപതികളായിരിപ്പാൻ വിളിക്കപ്പെട്ടിരിക്കുന്നു. യേശു കർത്താവ് തന്റെ പിതാവിന്റെ സ്വഭാവം നമ്മുക്ക് വെളിപ്പെടുത്തിത്തന്നതുപോലെ നാമും അവന്റെ ദയ, കരുണ, സ്നേഹം എന്നിവയെ അറിയാത്ത ലോകത്തിന്നു വെളിപ്പെടുത്തിക്കാണിക്കേണ്ടതാകുന്നു. "നീ എന്നെ ലോകത്തിലേക്ക് അയച്ചതുപോലെ

ഞാൻ അവരേയും ലോകത്തിലേക്ക് അയച്ചിരിക്കുന്നു." "നീ എന്നെ അയച്ചിരിക്കുന്നു എന്ന്......................... ലോകം അറിവാൻ.......................... ഞാൻ അവരിലും നീ എന്നിലും....................ആയിരിക്കേണ്ടതിന്നു തന്നെ" (യോഹ. 17:18-23) എന്ന് യേശു കർത്താവ് പറഞ്ഞിരിക്കുന്നുവല്ലൊ.

**(2). നമ്മൾ ക്രിസ്തുവിനെ അംഗീകരിക്കുകയും പിൻപറ്റുകയും ചെയുമ്പോൾ എന്ത് കടമയാണ് പൂർത്തീകരിക്കുന്നത് ?**

***"ഞങ്ങളുടെ ഹൃദയങ്ങളിൽ എഴുതിയതായി സകലമനുഷ്യരും അറിയുന്നതും വായിക്കുന്നതുമായ ഞങ്ങളുടെ പത്രം നിങ്ങൾ തന്നേ. ഞങ്ങളുടെ ശുശ്രൂഷയാൽ ഉണ്ടായ ക്രിസ്തുവിൻ പത്രമായി നിങ്ങൾ വെളിപ്പെടുന്നുവല്ലോ. അതു മഷികൊണ്ടല്ല, ജീവനുള്ള ദൈവത്തിന്റെ ആത്മാവിനാൽ അത്രേ. കല്പലകയിൽ അല്ല, ഹൃദയമെന്ന മാംസപ്പലകയിൽ തന്നേ എഴുതിയിരിക്കുന്നതു" (2 കൊരി:3:2-3)***

ഓരോ ദൈവപൈതലും ഈ ലോകത്തിലേക്കുള്ള ഓരോ പത്രം (കത്ത്) ആകുന്നു. നീ ക്രിസ്തുവിന്റെ യഥാർത്ഥനുഗാമിയാണെങ്കിൽ നീ നിന്റെ കുടുംബത്തിന്നും നീ വസിക്കുന്ന ഗ്രാമത്തിന്നും തെരുവിന്നും വേണ്ടിയുള്ള അവന്റെ പത്രം തന്നെ. യേശു നിന്നിൽ വസിച്ചുകൊണ്ട് അവനെ അറിയാത്ത ഹൃദയങ്ങളോടു സംസാരിപ്പാൻ ഇച്ഛിക്കുന്നു. പക്ഷെ അവർ വേദപുസ്തകം വായിക്കുന്നില്ലായിരിക്കാം. അഥവാ ആ പുസ്തകത്തിലെ ഏടുകൾമൂലം അവരോടു സംസാരിക്കുന്ന ശബ്ദം അവർ കേൾക്കുന്നില്ലായിരിക്കാം. അവന്റെ പ്രവൃത്തികൾ മൂലം ദൈവത്തിന്റെ സ്നേഹത്തെ അവർ കാണുന്നില്ലായിരിക്കാം. എന്നാൽ നീ യേശുകർത്താവിന്റെ ഒരു യഥാർത്ഥ പ്രതിനിധിയാണെങ്കിൽ ഒരു കാലത്ത് നീ മുഖാന്തരം അവർ അവന്റെ നന്മയെ കണ്ടെത്തുവാനും അവന്റെ സ്നേഹത്തിലേക്കും സേവയിലേക്കും ആകർഷിക്കപ്പെടുവാനും ഇടയായേക്കാം.

**(3). ക്രിസ്തുവിന്റെ സേവനത്തിൽ, ലോകത്തിനു വെളിച്ചം വീശുന്നവരായ നമ്മൾ, ജീവിതത്തിൽ പ്രതിഭലിപ്പിക്കേണ്ട രണ്ടു സ്വഭാവങ്ങൾ എന്തെല്ലാമാണ് ?**

***"അലംഭാവത്തോടുകൂടിയ ദൈവഭക്തി വലുതായ ആദായം ആകുന്നുതാനും" (1തിമോ:6:6)***

ക്രിസ്ത്യാനികൾ സ്വർഗ്ഗത്തിലേക്കുള്ള വഴിയിൽ ഏർപ്പെടുത്തപ്പെട്ടിരിക്കുന്ന വെളിച്ച വാഹകരാകുന്നു. അവർ യേശുവിൽ നിന്ന് തങ്ങളുടെ മേൽ പതിക്കുന്ന വെളിച്ചത്തെ ലോകത്തിന്നു പ്രതിബിംബിച്ചു കാണിക്കണം. ക്രിസ്തുവിനെയും അവന്റെ സേവയേയും കുറിച്ചു മറ്റുള്ളവർക്ക് ശരിയായ ഒരു ധാരണ ഉണ്ടാകത്തക്കവണ്ണമായിരിക്കണം അവരുടെ ജീവിതവും സ്വഭാവവും.

നാം ക്രിസ്തുവിനെ പ്രതിനിധീകരിക്കുന്നെങ്കിൽ അവന്റെ സേവ നമ്മുക്ക് ആയിരിക്കുന്നത് പോലെ മറ്റുള്ളവർക്കും കാമ്യമാക്കി തീർക്കും. എപ്പോഴും ഉറങ്ങിയും വിഷാദിച്ചും കൊണ്ടിരിക്കയും പിറുപിറുക്കുകയും ആവലാതി പറകയും ചെയ്യുന്ന ക്രിസ്ത്യാനികൾ ദൈവത്തെയും ക്രിസ്തീയ ജീവിതത്തെയും കുറിച്ചു മറ്റുള്ളവർക്ക് എത്രയും തെറ്റായ ധാരണയാണ് പ്രദാനം ചെയ്യുന്നത്. ദൈവത്തിന്നു തന്റെ മക്കൾ സന്തോഷമായിരിക്കുന്നത് ഇഷ്ടമല്ലെന്നുള്ള ധാരണയാണ് അവർ ഇതിനാൽ നല്കുന്നത്. എന്ന് തന്നെയല്ല; ഇതിങ്കൽ അവർ നമ്മുടെ സ്വർഗ്ഗീയ പിതാവിന്നു വിരോധമായി കള്ളസാക്ഷ്യം പറകയും ചെയ്യുന്നു.

**(4). ദൈവത്തിനെതിരായി സാത്താൻ കൊണ്ടുവരുന്ന അവിശ്വാസങ്ങൾ തടയേണ്ടതിനായി നമ്മുടെ ഹൃദയത്തിൽ നൽകിയിട്ടുള്ള രണ്ടു അടിസ്ഥാന തത്വങ്ങൾ ഏതെല്ലാമാണ് ?**

***"യഹോവയിൽ ആശ്രയിക്കുന്നവർ കുലുങ്ങാതെ എന്നേക്കും നില്ക്കുന്ന സീയോൻ പർവ്വതം പോലെയാകുന്നു" (സങ്കീ:125:1)***

ദൈവമക്കളെ അവിശ്വാസത്തിലും നിരാശയിലും ആഴ്ത്തിക്കളവാൻ സാധിക്കുന്നതു പിശാചിനു വലിയ സന്തോഷഹേതുകമാണ്. നാം ദൈവത്തെ അവിശ്വസിക്കയും നമ്മെ രക്ഷിപ്പാനുള്ള അവന്റെ ഇഷ്ടത്തെയും ശക്തിയെയും കുറിച്ചു സംശയിക്കയും ചെയ്യുമ്പോൾ അവൻ ആനന്ദിക്കുന്നു. ദൈവം തന്റെ ദിവ്യവിചാരണയാൽ നമ്മുക്ക് ദോഷം ചെയ്യും എന്ന് നാം വിചാരിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. കർത്താവ് മനസ്സലിവും ദയയും ഇല്ലാത്തവനാണെന്നു തെളിയിപ്പാനാണ് സാത്താൻ പരിശ്രമിക്കുന്നത്. കർത്താവിനെകുറിച്ചുള്ള യാഥാർത്ഥ്യങ്ങളെ അവൻ തെറ്റിധരിപ്പിക്കുന്നു. അവൻ നമ്മുടെ മനസ്സിനെ ദൈവത്തെ സംബന്ധിച്ചുള്ള തെറ്റായ നിരൂപണങ്ങൾ കൊണ്ടുനിറയ്ക്കുന്നു. അങ്ങനെ നാം നമ്മുടെ സ്വർഗ്ഗീയ പിതാവിനെ സംബന്ധിച്ച സത്യത്തെകുറിച്ചു ധ്യാനിക്കുന്നതിന്നു പകരം പലപ്പോഴും സാത്താൻ നൽകുന്ന തെറ്റുകളിൽ മനസ്സ് പതിച്ചിട്ട് നാം അവനെ സംശയിക്കയും അവന്നു വിരോധമായി പിറുപിറുക്കയും ചെയ്യുന്നതിനാൽ ദൈവത്തെ അപമാനിക്കുന്നു. നമ്മുടെ മതപരമായ ജീവിതത്തെ സന്തോഷ രഹിതമാക്കിത്തീർപ്പാൻ പിശാചു സദാ പരിശ്രമിക്കുന്നു. അത് വളരെ കഷ്ടവും പ്രയാസവുമുള്ള ഒരു ജീവിതമാണെന്ന് കാണപ്പെടുമാറാക്കുന്നു. ഒരു ക്രിസ്ത്യാനി തന്റെ മതപരമായ ജീവിതത്തിൽ ഈ അഭിപ്രായം പ്രകടമാക്കുമ്പോൾ അവൻ തന്റെ അവിശ്വാസം മൂലം സാത്താന്റെ വ്യാജത്തെ പിൻതാങ്ങുകയത്രെ ചെയ്യുന്നത്.

**(5). പൗലോസിനെപോലെ, ജീവിതപാതയിൽ കഷ്ടതകൾ നേരിടുമ്പോൾ നമ്മുടെ പ്രതികരണം എന്തായിരിക്കണം ?**

***“അവൻ എന്നോടു: എന്റെ കൃപ നിനക്കുമതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്നു പറഞ്ഞു. ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിന്നു ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.***

***അതുകൊണ്ടു ഞാൻ ക്രിസ്തുവിന്നു വേണ്ടി ബലഹീനത, കഷ്ടേറ്റം, ബുദ്ധിമുട്ടു, ഉപദ്രവം, ഞെരുക്കം എന്നിവ സഹിപ്പാൻ ഇഷ്ടപ്പെടുന്നു; ബലഹീനനായിരിക്കുമ്പോൾ തന്നേ ഞാൻ ശക്തനാകുന്നു" (2കൊരി:12:9-10)***

പലരും തങ്ങളുടെ ഈ ജീവിതയാത്രയിൽ തങ്ങളുടെ തെറ്റുകളെയും പരാജയങ്ങളെയും ഇച്ഛാഭംഗങ്ങളെയും കുറിച്ചു സദാ ചിന്തിച്ചു ഭാരപ്പെട്ടിട്ടു തങ്ങളുടെ ഹൃദയങ്ങളെ ദുഃഖവും അധൈര്യവും കൊണ്ടു നിറയ്ക്കുന്നു. ഞാൻ യൂറോപ്പിൽ ആയിരുന്നപ്പോൾ ഇപ്രകാരം പ്രവർത്തിക്ക നിമിത്തം വലുതായ സങ്കട വൻ കടലിൽ ആണ്ടിരുന്ന ഒരു സഹോദരി ഏതെങ്കിലും ആശ്വാസ വാക്കുകൾ നല്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു എനിക്കൊരു കത്തയച്ചിരുന്നു. ഞാൻ അവളുടെ കത്തുവായിച്ചു പിറ്റേന്ന് രാത്രി ഒരു സ്വപ്നം കണ്ടു. ആ സ്വപ്നത്തിൽ ഞാൻ ഒരു തോട്ടത്തിലായിരുന്നതായും ആ തോട്ടത്തിന്റെ യജമാനനെപ്പോലെയിരിക്കുന്ന ഒരാൾ എന്നെ അതിന്റെ ഊട് വഴികളിൽ കൂടി നടപ്പിച്ചുകൊണ്ടു പോകുന്നതായും കണ്ടു. ഞാൻ അങ്ങനെ നടന്നുകൊണ്ടിരിക്കവെ തന്നെ, ഇരുവശത്തും ഉണ്ടായിരുന്ന പൂക്കൾ പറിച്ചു അവയുടെ സൌരഭ്യം ഏല്ക്കുകയായിരുന്നു. അപ്പോൾ എന്റെ അരികിൽ നടന്നുകൊണ്ടിരുന്ന ആ സഹോദരി തന്റെ മാർഗ്ഗം തടഞ്ഞിരിക്കുന്ന ചില മുൾച്ചെടികളെ എന്നെ വിളിച്ചു കാണിച്ചു. അവൾ കരഞ്ഞും വിലപിച്ചും കൊണ്ട് നില്ക്കയായിരുന്നു. അവൾ വഴികാട്ടി പോയ വഴിയിൽകൂടി അയാളെ അനുഗമിക്കാതെ മുള്ളുകളുടെയും പാറകളുടെയും പറക്കാരകളുടെയും ഇടയിൽ കൂടിയായിരുന്നു അവൾ നടന്നത്. "അയ്യൊ! ഈ വിശേഷമായ തോട്ടത്തിൽ ഇപ്രകാരം മുള്ളും പറക്കാരയും ഉള്ളത് മഹാസങ്കടമല്ലയൊ! എന്ന് അവൾ വിലപിച്ചു. അപ്പോൾ ആ വഴികാട്ടി മുള്ളുകളെ വിട്ടൊഴിയുക; അവ നന്നെ മുറിവേല്പിക്കേയുള്ളു. അതിന്നു പകരം റോസാപൂക്കളും താമരയും ചെങ്ങനീർ പൂവും ശേഖരിച്ചുകൊൾക" എന്ന് ഉത്തരം പറഞ്ഞു.

നിന്റെ ജീവിതാനുഭവങ്ങളിലും ചില സന്തോഷാവസരങ്ങൾ ഉണ്ടായിരുന്നില്ലയൊ? ദൈവാത്മാവിന്റെ പ്രവർത്തനഫലമായി നിന്റെ ഹൃദയവും ആനന്ദംകൊണ്ട് തുള്ളിയിരുന്ന വിലയേറിയ കാലങ്ങൾ നിനക്കും ഉണ്ടായിരുന്നില്ലയൊ? നിന്റെ ജീവിതാദ്ധ്യായങ്ങൾ ഓരോന്നായി നീ തിരിച്ചു നോക്കുമ്പോൾ അതിൽ ചില സന്തോഷകരമായ പുറങ്ങൾ നീ കാണുന്നില്ലയൊ? സുഗന്ധവാസനയുള്ള പൂക്കൾപോലെ ദൈവത്തിന്റെ വാഗ്ദത്തങ്ങൾ നിന്റെ ജീവിത മാർഗ്ഗത്തിന്റെ എല്ലാ ഭാഗത്തും ദൃശ്യമാകുന്നില്ലയൊ? അവയുടെ ഭംഗിക്കും മാധുര്യത്തിന്നും നിന്റെ ഹൃദയത്തെ സന്തോഷം കൊണ്ട് നിറപ്പാൻ നീ ഇടനൽകുകയില്ലയോ?

മുള്ളുകളും പറക്കാരയും നിന്നെ മുറിപ്പെടുത്തുകയും വേദനപ്പെടുത്തുകയും മാത്രമേ ചെയ്കയുള്ളു; ഇവയെ മാത്രം നീ ശേഖരിക്കയും മറ്റുള്ളവർക്ക് പകർന്നുകൊടുക്കയും ചെയ്യുന്നുവെങ്കിൽ നീ ദൈവത്തിന്റെ നന്മയെ അലക്ഷ്യമാക്കുക മാത്രമല്ല നിന്റെ ചുറ്റും ഉള്ളവർ ജീവന്റെ വഴികളിൽ നടക്കുന്നതിനെ തടുക്കുകയും കൂടി ചെയ്യുന്നുവല്ലൊ.

കഴിഞ്ഞുപോയ ജീവകാലത്തിലെ അപരാധങ്ങളും ആശാ ഭംഗങ്ങളുമാകുന്ന ദുഃഖകരമായ അനുഭവങ്ങളെ വീണ്ടും ഓർക്കുകയും നാം അധൈര്യത്തിൽ ആണ്ടുപോവോളം അവയെപ്പറ്റി സംസാരിക്കുകയും വിലപിക്കുകയും ചെയ്യുന്നത് അത്ര ബുദ്ധിപൂർവ്വകമായ കാര്യമല്ല. അധൈര്യപ്പെട്ടിരിക്കുന്ന ഒരു ദേഹി അതിനുള്ളിൽ ദിവ്യപ്രകാശരശ്മിക്ക് കടന്നുചെല്ലുവാൻ അശേഷം സൌകര്യമില്ലാത്ത വിധത്തിൽ അന്ധകാരപൂരിതമായിരിക്കുക മാത്രമല്ല മറ്റുള്ളവരുടെ വഴിയെ ഇരുട്ടാക്കുക കൂടി ചെയ്യുന്നുണ്ട്.

**(6). അയോഗ്യനായ ഒരു പാപിക്ക് വീണ്ടെടുപ്പിന്റെ ദൃശ്യരൂപം മനസിലാകുമ്പോൾ അവന്റെ സാക്ഷ്യം എന്തായിരിക്കും ?**

*“അന്നാളിൽ നിങ്ങൾ പറയുന്നതു: യഹോവെക്കു സ്തോത്രം ചെയ്വിൻ; അവന്റെ നാമത്തെ വിളിച്ചപേക്ഷിപ്പിൻ; ജാതികളുടെ ഇടയിൽ അവന്റെ പ്രവൃത്തികളെ അറിയിപ്പിൻ; അവന്റെ നാമം ഉന്നതമായിരിക്കുന്നു എന്നു പ്രസ്താവിപ്പിൻ” (യെശയ്യാ:12:4)*

ദൈവം നമ്മുക്ക് നല്കിയിരിക്കുന്ന ശോഭയുള്ള ചിത്രങ്ങൾ(സന്തോഷാനുഭവങ്ങൾ)ക്കായി നാം അവനെ സ്തുതിക്കണം. അവന്റെ സ്നേഹത്തിൻ അനുഗ്രഹിക്കപ്പെട്ട ഉറപ്പുകളെല്ലാം നാം സദാ ഓർത്തുകൊള്ളണം. ദൈവത്തിന്റെ പുത്രൻ തന്റെ പിതാവിന്റെ മഹിമാസനം വിട്ടു സാത്താന്റെ അധീനതയിൽ നിന്ന് മനുഷ്യനെ രക്ഷിക്കേണ്ടതിന്നു തന്റെ ദൈവത്വത്തിന്നു മീതെ മാനുഷീകത്വം ധരിക്കുന്നതും, നമ്മുക്ക് വേണ്ടി അവൻ ജയം പ്രാപിച്ചു സ്വർഗ്ഗവാതിൽ തുറക്കുന്നതും, ദൈവം തന്റെ മഹത്വം വെളിപ്പെടുത്തുന്ന സ്ഥാനം മാനുഷദൃഷ്ടിക്കു ഗോചരമാക്കുന്നതും പാപത്താൽ മനുഷ്യൻ അകപ്പെട്ട നാശകരമായ കുഴിയിൽ നിന്ന് അവനെ വീണ്ടെടുത്ത് വീണ്ടും അപ്രമേയനായ ദൈവത്തോടുള്ള കൂട്ടായ്മയിൽ യഥാസ്ഥാനപ്പെടുത്തുന്നതും, നമ്മുടെ വീണ്ടെടുപ്പുകാരനിലുള്ള വിശ്വാസം മൂലം ദിവ്യശോധനയിൽ തെളിഞ്ഞു വന്നിട്ട് ക്രിസ്തുവിന്റെ നീതിവസ്ത്രം അവനെ (മനുഷ്യനെ) ധരിപ്പിച്ചു അവന്റെ സിംഹാസനത്തിൽ ഇരുത്തുന്നതും ആയ ഈ ചിത്രങ്ങളെ നാം നിത്യം ഓർത്തു ധ്യാനിച്ചു കൊള്ളണമെന്നു ദൈവം ആഗ്രഹിക്കുന്നു.

**(7). എല്ലാ സംശയത്തിനും അപ്പുറത്തേക്ക് ദൈവം തന്റെ സ്നേഹം തെളിയിച്ചതെങ്ങനെ ?**

*“സ്വന്തപുത്രനെ ആദരിക്കാതെ നമുക്കു എല്ലാവർക്കും വേണ്ടി ഏല്പിച്ചുതന്നവൻ അവനോടുകൂടെ സകലവും നമുക്കു നല്കാതിരിക്കുമോ?” (റോമ:8:32)*

ദൈവത്തിന്റെ സ്നേഹത്തെ സംശയിക്കയും അവന്റെ വാഗ്ദത്തങ്ങളെ

വിശ്വസിക്കാതിരിക്കയും ചെയ്യുമ്പോൾ നാം അവനെ അപമാനിക്കയും പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കയും അത്രേ ചെയ്യുന്നത്. ഒരു അമ്മ തന്റെ മക്കളുടെ സുഖത്തിന്നും ഭാഗ്യത്തിന്നും വേണ്ടി തന്റെ ജീവകാലം മുഴുവൻ പ്രയത്നിച്ചശേഷം അവർ നിത്യവും അവളെക്കുറിച്ചു: തങ്ങളുടെ സുഖത്തിന്നുവേണ്ടി അവൾ ഒന്നും ചെയ്തിട്ടില്ല എന്ന് ആവലാതി പറയുന്നുവെങ്കിൽ ആ അമ്മയ്ക്ക്എന്ത് തോന്നും? അവളുടെ സ്നേഹത്തെ അവർ സംശയിക്കുന്നു എന്നിരിക്കട്ടെ; അത് അവളുടെ ഹൃദയത്തെ തകർത്ത് കളകയില്ലയൊ? മക്കൾ ഇപ്രകാരം തങ്ങളോടു പെരുമാറിയാൽ ഏതെങ്കിലും മാതാവോ പിതാവോ അത് സഹിക്കുമോ? അപ്രകാരമായാൽ, നമ്മുക്ക് ജീവനുണ്ടാകേണ്ടതിന്നു തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവണ്ണം നമ്മെ സ്നേഹിച്ച നമ്മുടെ സ്വർഗ്ഗസ്ഥപിതാവിന്റെ സ്നേഹത്തെ നാം സംശയിച്ചാൽ അവൻ അത് എങ്ങനെ സഹിക്കും? "സ്വന്ത പുത്രനെ ആദരിക്കാതെ നമ്മുക്ക് എല്ലാവർക്കും വേണ്ടി ഏല്പിച്ചു ത ന്നവൻ, അവനോടുകൂടെ സകലവും നമ്മുക്ക് നല്കാതിരിക്കുമോ?" എന്ന് അപ്പോസ്തലൻ ചോദിക്കുന്നു. (റോമ. 8:32) എന്നിട്ടും എത്ര ആളുകൾ പക്ഷെ വാക്കുകളാലല്ലെങ്കിലും തങ്ങളുടെ ക്രിയകളാൽ- "ഇത് ദൈവം എനിക്ക് വേണ്ടിയല്ല ചെയ്തത്; അവൻ എന്നെ അല്ല മറ്റുള്ളവരെയാണ് സ്നേഹിക്കുന്നത്" എന്ന് പറയുന്നു!

**(8). ഏതൊരു ആത്മീയ കാര്യങ്ങളെക്കുറിച്ചും ഞങ്ങൾ അവിശ്വാസത്തിന്റെ ചിന്തയിൽ മുഴുകുകയോ, മറ്റുള്ളവരോട് സംശയം പ്രകടിപ്പിക്കുകയോ, പങ്കുവക്കുകയോ, ചെയ്യാത്തത് എന്തുകൊണ്ട് ?**

***"നമ്മിൽ ആരും തനിക്കായി തന്നേ ജീവിക്കുന്നില്ല. ആരും തനിക്കായി തന്നേ മരിക്കുന്നതുമില്ല" (റോമ:14:7)***

***"അതുകൊണ്ടു നാം ഇനി അന്യോന്യം വിധിക്കരുതു; സഹോദരന്നു ഇടർച്ചയോ***

*തടങ്ങലോ വെക്കാതിരിപ്പാൻ മാത്രം ഉറെച്ചുകൊൾവിൻ" (റോമ:14:13)*
*"എന്നാൽ നിങ്ങളുടെ ഈ സ്വതന്ത്ര്യം ബലഹീനന്മാർക്കു യാതൊരു വിധത്തിലും തടങ്ങൽ ആയി വരാതിരിപ്പാൻ നോക്കുവിൻ" (1 കൊരി:8:9)*

*"ഇങ്ങനെ സഹോദരന്മാരുടെ നേരെ പാപം ചെയ്തു, അവരുടെ ബലഹീന മനസ്സാക്ഷിയെ ദണ്ഡിപ്പിക്കുമ്പോൾ നിങ്ങൾ ക്രിസ്തുവിനോടു പാപം ചെയ്യുന്നു" (1 കൊരി:8:12)*

ഇതെല്ലാം നിന്റെ സ്വന്ത ദേഹിയെ അപകടത്തിലാക്കുന്ന കാര്യങ്ങൾ ആകുന്നു; എന്തുകൊണ്ടെന്നാൽ നീ ഉച്ചരിക്കുന്ന ഓരോ സംശയ വാക്കുകളാലും നീ പിശാചിന്റെ പരീക്ഷയെ ക്ഷണിച്ചു വരുത്തുകയാണ് ചെയ്യുന്നത്. അതിനാൽ നിന്നിലുള്ള സംശയ മനസ്സിനെ നീ ബലപ്പെടുത്തുകയും നിന്റെ അരികെ നിന്ന് നിന്നെ ശുശ്രൂഷിക്കുന്ന ദൂതന്മാരെ നീ ദുഃഖിപ്പിക്കയും ചെയ്യുന്നു. പിശാചു നിന്നെ പരീക്ഷിക്കുമ്പോൾ സംശയത്തിന്റെയോ അന്ധതയുടെയോ ഒരു വാക്കുപോലും ശബ്ദിച്ചു പോകരുത്. അവന്റെ മന്ത്രണങ്ങൾക്ക് നീ മനം ചായിക്കുന്നുവെങ്കിൽ അവൻ അത് മുഴുവനും സംശയജനകവും മത്സരം ഉളവാക്കുന്നതുമായ ചിന്തകൾകൊണ്ടു നിറയ്ക്കും. നിന്റെ സന്ദേഹങ്ങളെ നീ പുറത്തു പറയുമ്പോൾ ആ സംശയങ്ങൾ ഓരോന്നും നിന്റെ മനസ്സിൽ തന്നെ ആഴത്തിൽ പതിഞ്ഞുപോകുന്നു എന്ന് മാത്രമല്ല മറ്റുള്ളവരുടെ ജീവിതത്തിൽ അത് മുളെച്ചു വളർന്നു ഫലം കായ്ക്കുന്ന ഒരു വിത്തായിരിക്കുകയും ചെയ്യും. നിന്റെ വാക്കുകൾ ഉളവാക്കുന്ന ഏതാദൃശ ഫലങ്ങളെ നശിപ്പിപ്പാൻ ഒരിക്കലും സാധിക്കുന്നതല്ല. പരീക്ഷാകാലങ്ങളിൽ നിന്നും സാത്താന്റെ കെണിയിൽ നിന്നും തെറ്റി ഒഴിവാൻ പക്ഷേ നിനക്ക് സാധിക്കുമായിരിക്കാം. എങ്കിലും നീ ഉച്ചരിച്ച സംശയ വാക്കുകൾ നിമിത്തം അതിന്റെ സ്വാധീന ശക്തിക്കധീനമായിപ്പോയ മറ്റുള്ളവർക്ക് ആ അവിശ്വാസത്തിൽ നിന്ന് തെറ്റി ഒഴിവാൻ സാധിക്കുന്നതല്ല എന്ന് വന്നേക്കും. അത്കൊണ്ടു ആത്മീക ജീവശക്തിയും വർദ്ധനയും വരുത്തുന്ന

വാക്കുകൾ മാത്രമെ നാം ഉച്ചരിക്കാവൂ എന്നത് എത്രയും പ്രാമുഖ്യമായ ഒരു കാര്യമാകുന്നു.

**(9). ദൈവത്തിന്റെ രക്ഷയെ വെളിപ്പെടുത്തുന്ന നമ്മുടെ പ്രഭാഷണങ്ങളിൽ മുഖ്യമായി ഉണ്ടാകേണ്ടത് എന്താണ് ?**

***"സ്തോത്രമെന്ന യാഗം അർപ്പിക്കുന്നവൻ എന്നെ മഹത്വപ്പെടുത്തുന്നു; തന്റെ നടപ്പിനെ ക്രമപ്പെടുത്തുന്നവന്നു ഞാൻ ദൈവത്തിന്റെ രക്ഷയെ കാണിക്കും" (സങ്കീ:50:23)***

നിങ്ങളുടെ സ്വർഗ്ഗീയ യജമാനനെക്കുറിച്ചു എപ്രകാരമുള്ള സാക്ഷ്യമാകുന്നു നിങ്ങൾ ലോകത്തിന്നു കൊടുക്കുന്നത് എന്ന് കേൾപ്പാൻ ദൈവദൂതന്മാർ സദാ ജാഗരൂകരായിരിക്കുന്നു. നിങ്ങളുടെ സംഭാഷണം നിങ്ങൾക്ക് വേണ്ടി പിതാവിനോട് പക്ഷപാതം ചെയ്യുവാൻ സദാ ജീവിച്ചിരിക്കുന്നവനെ സംബന്ധിച്ചായിരിക്കട്ടെ. നിങ്ങളുടെ ചങ്ങാതിമാരെ നിങ്ങൾ അഭിവാദ്യം ചെയ്യുമ്പോൾ ദൈവസ്തുതി നിങ്ങളുടെ നാവിന്മേലും ഹൃദയത്തിലും ഉണ്ടായിരിക്കട്ടെ. ഇത് ചെയ്യുന്നതിനാൽ നിന്റെ ചങ്ങാതിയുടെ വിചാരങ്ങൾ യേശു കർത്താവിങ്കലേക്കു ആകർഷിക്കപ്പെടും.

**(10). ഭീരുത്വത്തെയും, സംശയത്തെയും പറ്റി ദൈവ വചനം നൽകുന്ന ബുദ്ധിയുപദേശം എന്താണ് ?**

***"എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്‌വിൻ" (ഫിലി:2:14)***

കഷ്ടസങ്കടങ്ങൾ എവർക്കും ഉള്ളതാകുന്നു; സഹിച്ചു കൂടാത്ത ദുഃഖവും തടുപ്പാൻ പ്രയാസമായ പരീക്ഷകളും എവരുടെയും ഓഹരിയത്രെ. നിന്റെ കഷ്ടസങ്കടങ്ങളെക്കുറിച്ചു നിന്റെ കൂട്ടുകാരനോട് പറയുന്നതിനു പകരം നിന്റെ എല്ലാ സങ്കടങ്ങളെയും പ്രാർത്ഥനയിൽ ദൈവത്തിങ്കലേക്കു കൊണ്ടു ചെല്ലുക. സംശയം ജനിപ്പിക്കുന്നതോ അധൈര്യം ഉളവാക്കുന്നതോ ആയ ഒരു വാക്കുപോലും നീ ഉച്ചരിക്കയില്ല എന്നത്

നിന്റെ ഒരു പ്രമാണമായിരിക്കട്ടെ; ആശാജനകവും വിശുദ്ധ സന്തോഷവഹവുമായിരിക്കുന്ന വാക്കുകൾ നീ ഉച്ചരിക്കുന്നതിനാൽ മറ്റുള്ളവരുടെ ജീവിതത്തെ ധാരാളമായി പ്രാശോഭിതമാക്കി തീർപ്പാനും അവരുടെ പരിശ്രമങ്ങളിൽ അവരെ പ്രോത്സാഹിപ്പിപ്പാനും നിനക്ക് സാധിക്കും.

ധൈര്യശാലികളായ അനേകം പേർ അനേക വിധമായ പരീക്ഷകളാൽ ബാധിക്കപ്പെട്ടിട്ടു സ്വയത്തോടും ദോഷശക്തികളോടുമുള്ള പോരാട്ടത്തിൽ ബോധക്ഷയരായി വീഴാറായിരിക്കുന്നു. അപ്രകാരമുള്ള ഒരുവനെ അവന്റെ ഭയങ്കര പോരാട്ടത്തിൽ നീ അധൈര്യപ്പെടുത്തരുത്. ധൈര്യവും ആശയും നൽകുന്ന വാക്കുകളാൽ അവനെ സന്തോഷിപ്പിച്ചുകൊണ്ടു അവന്റെ പരിശ്രമങ്ങളിൽ അവനെ പ്രോത്സാഹിപ്പിക്കുക. ഇപ്രകാരം ക്രിസ്തുവിന്റെ വെളിച്ചം നിന്നിൽ നിന്ന് പ്രതിബിംബിച്ചു കാണും. “നമ്മിൽ ആരും തനിക്കായി തന്നെ ജീവിക്കുന്നില്ല.” (റോമ. 14:17) നാം അറിയാതെ കണ്ടു തന്നെ നമ്മിൽ നിന്ന് പുറപ്പെടുന്ന പ്രേരണാശക്തിയാൽ മറ്റുള്ളവർ ഒന്നുകിൽ ധൈര്യവും ശക്തിയും പ്രാപിക്കും അല്ലെങ്കിൽ അവർ അധൈര്യപ്പെട്ടു ക്രിസ്തുവിലും അവന്റെ സത്യത്തിലും നിന്നും അകന്നുപോകും.

**(11). സന്തോഷത്തിന്റെയും, ആഹ്ലാദത്തിന്റെയും പരിപൂർണ്ണത ആരുടെ സാന്നിധ്യത്തിലാണ് ഉള്ളത് ?**

***“ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വെച്ചിരിക്കുന്നു; അവൻ എന്റെ വലത്തുഭാഗത്തുള്ളതുകൊണ്ടു ഞാൻ കുലുങ്ങിപ്പോകയില്ല” (സങ്കീ:16:8) ജീവന്റെ വഴി നീ എനിക്കു കാണിച്ചുതരും; നിന്റെ സന്നിധിയിൽ സന്തോഷപരിപൂർണ്ണതയും നിന്റെ വലത്തുഭാഗത്തു എന്നും പ്രമോദങ്ങളും ഉണ്ടു” (സങ്കീ:16:11)***

ക്രിസ്തുവിന്റെ ജീവിതത്തെയും അവന്റെ സ്വഭാവത്തെയുംപ്പറ്റി എത്രയോ തെറ്റഭിപ്രായം ഉള്ള അനേകം ആളുകൾ ഉണ്ട്. അവൻ ദയയും കരുണയും ഇല്ലാത്ത

മൂർഖനും ക്രൂരനും സന്തോഷരഹിതനും ആയിരുന്നെന്ന് അവർ വിചാരിക്കുന്നു. അതിനാൽ മിക്ക ആളുകളുടെയും മതപരമായ ജീവിതം മുഴുവനും ഈ ശോചനീയമായ അഭിപ്രായത്താൽ കറപ്പെട്ടിരിക്കുന്നു.

യേശു പലപ്പോഴും കരഞ്ഞതായി പറയപ്പെട്ടിട്ടുണ്ടെങ്കിലും ഒരിക്കലെങ്കിലും ചിരിച്ചതായി നമ്മുക്ക് അറിവില്ല. സംശയമെന്യെ നമ്മുടെ രക്ഷിതാവ് വ്യസനപാത്രമായും ദുഃഖം ശീലിച്ചവനായും ഇരുന്നു; കാരണം അവൻ മനുഷ്യരുടെ സകല കഷ്ടതകൾക്കും തന്റെ ഹൃദയം തുറന്നുകൊടുത്തിരുന്നു. എന്നാൽ അവന്റെ ജീവിതം സ്വയത്യാഗപരവും വേദനയും ആകുലചിന്തയും കൊണ്ടു മങ്ങിയതും ആയിരുന്നെങ്കിലും അവന്റെ ആത്മാവ് അവയാൽ നുറുങ്ങിപ്പോയിരുന്നില്ല. അവന്റെ മുഖത്തു സങ്കടമോ പിറുപിറുപ്പോ പ്രകടമായിരുന്നില്ല; അതിനു പകരം എല്ലായ്പോഴും സമാധാന പൂർണ്ണമായ ശാന്തതയത്രേ കളിയാടിയിരുന്നത്. അവന്റെ ഹൃദയം ജീവന്റെ ഉറവിടമായിരുന്നു; അവൻ കടന്നു ചെന്നേടത്തൊക്കെയും സ്വൈരവും സമാധാനവും ഉല്ലാസവും ആനന്ദവും വരുത്തിക്കൊടുത്തു.

നമ്മുടെ രക്ഷിതാവ് ഗാഢമായ ഗൌരവവും അതിയായ നിഷ്കർഷവും പ്രദർശിപ്പിച്ചിരുന്നെങ്കിലും ഒരിക്കലും കുണ്ഠിതമോ കർക്കശഭാവമോ കാണിച്ചിട്ടില്ല. അവന്റെ ജീവിതത്തെ അനുകരിക്കുന്നവരുടെ ജീവിതവും മഹത്തായ ഉദ്ദേശങ്ങളും താന്താങ്ങളുടെ ചുമതലകളെകുറിച്ചു ആഴമായ ബോധവുമുണ്ടായിരിക്കും. ലഘുബുദ്ധിയെ അവർ കീഴമർത്തും. അയോഗ്യമായ സന്തോഷപ്രകടനമാകട്ടെ, അട്ടഹാസത്തോടുകൂടിയിരിക്കയാകട്ടെ അവലക്ഷണമായ പരിഹാസവാക്കാകട്ടെ അവരിൽ കാണപ്പെടുകയില്ല; യേശു കർത്താവിന്റെ മാർഗ്ഗം നദിക്കുതുല്യമായ സമാധാനം നൽകും. അത് സന്തോഷ പ്രഭയെ അണച്ചു കളകയോ ഹൃദയോല്ലാസത്തെ വിഘ്നപ്പെടുത്തുകയോ പുഞ്ചിരിയുള്ള മുഖത്തെ

പ്രകാശരഹിതമാക്കുകയോ ചെയ്കയില്ല. ക്രിസ്തു ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനത്രെ വന്നത്; അവന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ വാഴുമ്പോൾ നാം അവന്റെ മാതൃക അനുകരിക്കും.

എന്റെ വീണ്ടെടുപ്പിനായി അവിടുത്തെ പുത്രനെ നൽകി അങ്ങേക്ക് എന്നോടുള്ള സ്നേഹത്തിന്റെ ആഴം സംശയത്തിന്റെ യാതൊരു നിഴലും ഇല്ലാത്തവണ്ണം വെളിപ്പെയുത്തിയതിനാൽ എന്റെ പിതാവായ ദൈവത്തിനു ഞാൻ നന്ദി അർപ്പിക്കുന്നു. അവിടുന്ന് നൽകുവാൻ ആഗ്രഹിക്കുന്ന സതോഷത്തിന്റെയും, സമാധാനത്തിന്റെയും പൂർണ്ണത അനുഭവിക്കേണ്ടതിനായി ക്രിസ്തുവിനോട് പറ്റിച്ചേർന്നു ജീവിക്കുവാൻ ഞാൻ തീരുമാനിക്കുന്നു.

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല

ക്രിസ്ത്യാനി എന്ന പേരിൽ വിളിക്കപ്പെടുന്നത് ബഹുമാനമായി ഞാൻ കാണുന്നു. ക്രിസ്തുവിൽ വസിക്കുന്നതിലൂടെ ലഭിക്കുന്ന സന്തോഷവും, സമാധാനവും, ആനന്ദവും മറ്റുള്ളവരെയും അറിയിക്കുവാൻ ഞാൻ തീരുമാനിക്കുന്നു.

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല

കർത്താവിലുള്ള ആശ്രയത്തിലൂടെ മാത്രമേ സാത്താന്റെ ചതിയിലും, അവിശ്വാസത്തിലും നിന്ന് എനിക്ക് സംരക്ഷണം സാദിക്കയുള്ളു എന്ന് ഞാൻ മനസിലാക്കുന്നു. ആയതിനാൽ, അവനിൽ ഞാൻ പൂർണ്ണമായി ആശ്രയിക്കുന്നു.

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല

എനിക്ക് ചുറ്റുമുള്ളവരെ ഉയർത്തുകയും, പ്രോത്സാഹിപ്പിക്കുകയും ചെയുക എന്നതാണ് എന്റെ ലക്ഷ്യം. അതിനാൽ അവർ നിരാശയിലേക്കും, അവിശ്വാസത്തിലേക്കും വീഴുകയില്ല.

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല



# അദ്ധ്യായം പതിനാറ്
# സന്തോഷം - ഇപ്പോഴും, നിത്യതയിലേക്കും

**(1). മറ്റുള്ളവർ നമ്മെ ദ്രോഹിക്കുമ്പോൾ നാം എന്തുചെയ്യണം ?**

***"നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ" (എഫേ:4:32)***
***"വിവേകബുദ്ധിയാൽ മനുഷ്യന്നു ദീർഘക്ഷമവരുന്നു; ലംഘനം ക്ഷമിക്കുന്നതു അവന്നു ഭൂഷണം" (സാദൃശ്യ:3:6)***

മറ്റുള്ളവർ നമ്മോടു ചെയ്ത ദയാരഹിതവും അന്യായവും ആയ പ്രവൃത്തികൾ നാം നമ്മുടെ മനസ്സിൽ സർവ്വപ്രധാനമായി സംഗ്രഹിക്കുന്നു ആ പ്രവൃത്തികൾ നിമിത്തം നാം അവരോടു വൈരാഗ്യം പ്രകടിപ്പിക്കുന്നു എന്ന് വരികിൽ ക്രിസ്തു നമ്മെ സ്നേഹിച്ചത് പോലെ നമ്മുക്ക് അവരെ സ്നേഹിപ്പാൻ കഴികയില്ല. എന്നാൽ ക്രിസ്തുവിനു നമ്മോടുള്ള അത്ഭുതകരമായ സ്നേഹത്തിലും ദയയിലും നാം ധ്യാന നിരതരായിരിക്കുമ്പോൾ അതെ ആത്മാവ് തന്നെ നമ്മിൽ നിന്ന് മറ്റുള്ളവരിലേക്ക് പ്രവഹിക്കും. അതായത് ക്രിസ്തു നമ്മെ സ്നേഹിച്ചത് പോലെ നാം മറ്റുള്ളവരെ സ്നേഹിക്കും. മറ്റുള്ളവരിൽ കുറ്റങ്ങളും

കുറവുകളും ഉണ്ടായിരുന്നാൽ തന്നെയും നാം അന്യോന്യം സ്നേഹിപ്പാനും മാനിപ്പാനും കടമ്പെട്ടിരിക്കുന്നു. താഴ്മയും സ്വത്യാഗവും ശീലിക്കണം അന്യരുടെ തെറ്റിൽ സഹിഷ്ണത ഉള്ളവരും ആയിരിക്കണം. ഇത് നമ്മിലുള്ള ഇടുങ്ങിയ സ്വാർത്ഥതല്പരതയെ ഇല്ലായ്മ യാക്കുകയും നമ്മെ ഹൃദയ വിശാലതയും ഔദാര്യശീലവും ഉള്ളവരാക്കി തീർക്കുകയും ചെയ്യും.

**(2). നിരാശയുടെ സാംക്രമീക വ്യാപനം തടയുവാൻ നാം എന്തുചെയ്യണം ?**

***"പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുതു" (സാദൃശ്യ:3:5)***

"യഹോവയിൽ ആശ്രയിച്ചു നന്മ ചെയ്ക. ദേശത്തു പാർത്തു വിശ്വസ്തത ആചരിക്ക. അവൻ നിന്നെ പോഷിപ്പിക്കും." (സങ്കീ. 37:3) എന്ന് സങ്കീർത്തനക്കാരൻ പറയുന്നു. "യഹോവയിൽ ആശ്രയിക്ക." ഓരോ ദിവസത്തിനും അതതിന്റെ ഭാരവും ആകുലചിന്തയും കുഴപ്പങ്ങളും ഉണ്ട്. നാം അന്യോന്യം കണ്ടുമുട്ടുമ്പോൾ എത്രവേഗം നമ്മുടെ പ്രയാസങ്ങളെയും കഷ്ടങ്ങളെയും കുറിച്ചു സംസാരിക്കുന്നു! ഈ സംഭാഷണത്തിൽ നാം പറയുന്ന കഷ്ടങ്ങൾ അധികവും നാം വായ്പ വാങ്ങുന്നതാണ്. പല മാതിരി ഭയം നാം കൈവളർത്തുന്നു. അതിഭീമമായ ചിന്താഭാരം നാം പ്രകടമാക്കുന്നു. ഇവയൊക്കെയും കാണുന്ന ഒരുവൻ, നമ്മുടെ അപേക്ഷകൾ കേൾപ്പാനും സകല കഷ്ടങ്ങളിലും ഏറ്റവും അടുത്ത തുണയായിരിപ്പാനും സദാ മനസ്സോരുക്കവും ദയയുമുള്ള ഒരു രക്ഷിതാവ് നമ്മുക്കില്ലായെന്നു തോന്നിപ്പോകും.

**(3). ഏതു സാഹചര്യത്തിലും ദൈവം നമ്മെ ഉപേഷിക്കയിലെന്നു നമുക്ക് ഉറപ്പു നൽകുന്ന വാഗ്ദത്തമേതാണ് ?**

***"നിങ്ങളുടെ നടപ്പു ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ; ഉള്ളതുകൊണ്ടു തൃപ്തിപ്പെടുവിൻ; "ഞാൻ നിന്നെ ഒരുനാളും കൈ വിടുകയില്ല,***

*ഉപേക്ഷിക്കയുമില്ല" എന്നു അവൻ തന്നെ അരുളിച്ചെയ്തിരിക്കുന്നുവല്ലോ" (എബ്രായ:13:5)*

ചില മനുഷ്യർ എപ്പോഴും ഭയത്തോടിരിക്കയും കഷ്ടതകളെ കടം വാങ്ങുകയും ചെയ്യുന്നു. അവരുടെ ചുറ്റും ദൈവത്തിന്റെ സ്നേഹലക്ഷ്യങ്ങൾ കാണപ്പെട്ടാലും ദിവസേന അവന്റെ കൃപാകടാക്ഷത്തിൽ അനുഗ്രഹങ്ങൾ അവർ പ്രാപിച്ചാലും അവർ അതെല്ലാം വിസ്മരിച്ചു കളയുന്നു. തങ്ങൾക്ക് വരാൻ പോകുന്നു എന്ന് അവർ ഭയപ്പെട്ടുകൊണ്ടിരിക്കുന്ന ഏതൊ സന്തോഷരഹിതമായ ഒരു കാര്യത്തെപ്പറ്റി അവർ സദാ ദുഃഖിച്ചുകൊണ്ടിരിക്കുന്നു. തല്ക്കാലം അവർക്കുള്ള ഒരു പ്രയാസം- അത് പക്ഷെ ലഘുവായ ഒന്നായിരിക്കാം. തങ്ങളുടെ കൃതജ്ഞതയെ അർഹിക്കുന്ന പല നന്മകളെ അവർ കാണാതിരിക്കത്തക്കവണ്ണം അവരുടെ കണ്ണുകളെ കുരുടാക്കിക്കളഞ്ഞു. അവർക്ക് നേരിടുന്ന പ്രയാസങ്ങൾ തങ്ങളുടെ സഹായം വരുന്ന ഏക ഉറവിടമാകുന്ന ദൈവത്തിങ്കലേക്കു അവരെ നയിക്കുന്നതിനു പകരം ഏതാദൃശകഷ്ടങ്ങളാൽ അവരിൽ ഉളവാകുന്ന അസ്വസ്ഥതയും പിറുപിറുപ്പും നിമിത്തം അവരെ അവനിൽ നിന്ന് അന്യപ്പെടുത്തിക്കളയുന്നു.

ഇപ്രകാരം നാം അവിശ്വാസികളായിരിക്കുന്നതു നന്നാണോ? എന്തിന്നു നാം നന്ദി കെട്ടവരും വിശ്വാസമില്ലാത്തവരുമായിരിക്കണം? യേശുവല്ലോ നമ്മുടെ മിത്രം; സ്വർഗ്ഗം മുഴുവനും നമ്മുടെ സൌഭാഗ്യനിലയിൽ അതീവ താല്പര്യമുള്ളവരായിരിക്കുന്നു. ഈ ജീവിതത്തിലെ ക ഷ്ടാരിഷ്ടതകളാൽ നാം ദുഃഖിതരും മുഖം വാടിയവരുമായിരിക്കരുത്. അങ്ങനെയിരുന്നാൽ നമ്മുടെ ഉപദ്രവങ്ങളും അസഹ്യതകളും ഒരു നാളും ഒഴിഞ്ഞുപോകയില്ല. നമ്മെ അലട്ടുകയും ക്ഷീണിപ്പിക്കുകയും ചെയ്യുന്നതിനല്ലാതെ പരീക്ഷ സഹിപ്പാൻ സഹായകമല്ലാത്ത ചിന്തയിൽ നാം മുഴുകിയിരിക്കരുത്.

**(4). നാം അവനെ അറിയുകയും, ആശ്രയിക്കുകയും ചെയ്താൽ ദൈവം നമുക്കുവേണ്ടി എന്തുചെയ്യും ?**

*"നിന്റെ എല്ലാവഴികളിലും അവനെ നിനെച്ചുകൊൾക; അവൻ നിന്റെ പാതകളെ നേരെയാക്കും" (സാദൃശ്യ:3:6)*

നിനക്ക് തൊഴിൽപരമായ വിഷമത ഉണ്ടായിരുന്നേക്കാം. വലിയ നഷ്ടം ഉണ്ടാകത്തക്ക ലക്ഷ്യങ്ങൾ കണ്ടിട്ട് ഭാവി മുഴുവനും അന്ധകാരമയമായിത്തോന്നിയെക്കാം. എങ്കിലും അധൈര്യപ്പെട്ടുപോകാതെ നിന്റെ ചിന്താഭാരം ദൈവത്തിന്മേൽ ഇട്ടിട്ടുശാന്തമായും സന്തോഷമായും ഇരിക്കുക. നിന്റെ ഇടപാടുകളെ ബുദ്ധിപൂർവ്വം നിറവേറ്റേണ്ടതിനു ആവശ്യമുള്ള ജ്ഞാനത്തിനുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുക; ഇപ്രകാരം നിനക്ക് വരുവാനിരിക്കുന്ന സങ്കടവും നഷ്ടവും ഒഴിവാക്കാം. അനുകൂലമായ ഫലപ്രാപ്തിക്കായി നിന്നാൽ കഴിയുന്നതെല്ലാം ചെയ്യുക. നിന്നെ സഹായിക്കും എന്ന് വാഗ്ദത്തം ചെയ്തിട്ടുണ്ട്. എങ്കിലും നിന്റെ അദ്ധ്വാനം കൂടാതെയല്ല. നിനക്ക് ചെയ്യുവാൻ കഴിയുന്നതെല്ലാം ചെയ്തശേഷം ബാക്കിയുള്ളതു നിന്റെ സഹായകനിൽ ഭരമേല്പിച്ചിട്ടു ഭവിഷ്യത്ത് എന്തായിരുന്നാലും അതിനെ സന്തോഷപൂർവ്വം സ്വീകരിക്കുക.

**(5). നാം പരീക്ഷകളിൽ അകപ്പെടുമ്പോൾ ദൈവം നമുക്ക് നൽകുന്ന പ്രോസ്താസഹനം എന്താണ് ?**

***"നിങ്ങൾക്കു എന്നിൽ സമാധാനം ഉണ്ടാകേണ്ടതിന്നു ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു; ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ടു; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു എന്നു പറഞ്ഞു" (യോഹ:16:33)***

തന്റെ കുഞ്ഞുങ്ങൾ ആകുല ചിന്തകളാൽ ഭാരപ്പെട്ടിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നില്ല. എന്നാൽ നമ്മുടെ

കർത്താവ് നമ്മെ വഞ്ചിക്കുന്നില്ല. അവൻ നമ്മോടു: "ഭയപ്പെടരുത്; വഴിയിൽ ആപത്തൊന്നുമില്ല" എന്ന് പറയുന്നില്ല. പരീക്ഷകളും വിപത്തുകളും ധാരാളം ഉണ്ടെന്നു അവൻ അറിയുന്നു. അത്കൊണ്ടു അവൻ നമ്മോടു കൂടെ തുറന്ന മനസ്സോടു കൂടെയാണ് ഇടപെടുന്നത്. തന്റെ ജനത്തെ പാപവും ദോഷവുമുള്ള ഒരു ലോകത്തിൽ നിന്ന് വേർപ്പെടുത്തിക്കൊണ്ടു പോകണമെന്ന് അവൻ ഉദ്ദേശിക്കുന്നില്ല. എങ്കിലും ഒരു കാലത്തും അവസാനിക്കാത്ത അഭയസ്ഥാനം അവൻ കൊടുക്കുന്നു. "അവരെ ലോകത്തിൽ നിന്ന് എടുക്കണം എന്നല്ല, ദുഷ്ടന്റെ കൈയിൽ അകപ്പെടാതവണ്ണം അവരെ കാത്തുകൊള്ളണം എന്നത്രെ ഞാൻ അപേക്ഷിക്കുന്നത്" (യോഹ. 17:15) എന്നല്ലയോ തന്റെ ശിഷ്യന്മാർക്കുവേണ്ടിയുള്ള അവന്റെ പ്രാർത്ഥനയായിരുന്നത്. "ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട്; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" എന്ന് അവൻ പറയുന്നു.

**(6). നമ്മുടെ അനുദിന ആവശ്യങ്ങളിൽ ഏതു വാഗ്ദത്തം അവകാശപ്പെടുവാൻ കഴിയും ?**

***"മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും" (മത്താ:6:33)***

പർവ്വതപ്രസംഗം മുഖേന യേശുകർത്താവ് തന്റെ ശിഷ്യന്മാർക്ക് ദൈവത്തിൽ വിശ്വസിക്കുന്നതിനുള്ള ആവശ്യകതയെപ്പറ്റി എത്രയും വിലയേറിയ ഉപദേശം നൽകിയിരിക്കുന്നു. ആ പാഠങ്ങൾ ഏതു കാലത്തും ഉള്ള തന്റെ മക്കൾക്ക് പ്രയോജനകരമായിരിക്കണം എന്ന ഉദ്ദേശത്തോടു കൂടിയാണ് അവർ അത് നൽകിയത്. അവ ഇന്ന് വരേയും നമ്മുക്ക് എത്രയും ആശ്വാസകരവും ഉപദേശപൂർണ്ണവുമായിരിക്കുന്നുവല്ലോ രക്ഷിതാവ് യാതൊരു ചിന്താകുലതയില്ലാതെ ദൈവസ്തുതി പാടിക്കൊണ്ടു ആകാശത്തിൽ പറക്കുന്ന പക്ഷികളെ ചൂണ്ടിക്കാണിച്ചു. അവ വിതയ്ക്കുന്നില്ല കൊയ്യുന്നില്ല" എന്ന് തന്റെ ശിഷ്യന്മാരോട് പറയുന്നു എങ്കിലും

സ്വർഗ്ഗസ്ഥനായ പിതാവ് അവയെ പുലർത്തുന്നു. “അവയെക്കാൾ നിങ്ങൾ ഏറ്റവും വിശേഷതയുള്ളവരല്ലയോ” എന്ന് കർത്താവ് ചോദിക്കുന്നു. (മത്താ. 6:26)

ആ വൻ ദാതാവ് തന്റെ ഭണ്ഡാരം തുറന്നു മനുഷ്യന്നും മൃഗങ്ങൾക്കും എന്ന് വേണ്ട സർവ്വസൃഷ്ടികൾക്കും അതതിന്നു ആവശ്യമുള്ളവ കൊടുക്കുന്നു. ആകാശത്തിലെ പക്ഷികളെയും അവൻ ഗൌനിക്കാതിരിക്കുന്നില്ല. അവയുടെ കൊക്കിൽ അവൻ അവയ്ക്കുള്ള ആഹാരം ഇട്ടുകൊടുക്കുന്നു എന്നല്ല പിന്നെയോ അവയ്ക്ക് ആവശ്യമുള്ളതൊക്കെ അവൻ കരുതീട്ടുണ്ടെന്നുള്ളത് തന്നെ. അവൻ അവയ്ക്കായി വിതറിയിരിക്കുന്ന ധാന്യത്തെ അവ പെറുക്കേണ്ടതാകുന്നു. അവ തങ്ങളുടെ ചെറുകൂട്ടിന്നാവശ്യമുള്ള സാധനങ്ങൾ ശേഖരിച്ചു അതിനെ കെട്ടെണം. തങ്ങളുടെ കുഞ്ഞുങ്ങളെ അവ തീറ്റേണ്ടതാകുന്നു. അവ പാടിക്കൊണ്ടു തങ്ങളുടെ അദ്ധ്വാനത്തിന്നായി പുറപ്പെട്ടുപോകുന്നു; എന്തെന്നാൽ “നിങ്ങളുടെ സ്വർഗ്ഗസ്ഥ പിതാവ് അവയെ പുലർത്തുന്നു.” അവയെക്കാൾ നിങ്ങൾ ഏറ്റവും വിശേഷതയുള്ളവരല്ലയോ? “വിശേഷ ബുദ്ധിയുള്ളവരും ആത്മീക ആരാധന ചെയ്യുന്നവരുമായ നിങ്ങൾ ആകാശത്തിലേ പറവയെക്കാൾ അധികം വിലയുള്ളവരല്ലയോ? നമ്മുടെ ആസ്തിക്യത്തിൻ കാരണ കർത്താവും നമ്മുടെ ജീവനെ സൂക്ഷിക്കുന്നവനും തന്റെ സാദൃശത്തിൽ നമ്മെ സൃഷ്ടിച്ചവനുമായവൻ നാം അവനിൽ ആശ്രയിക്കുന്നുവെങ്കിൽ നമ്മുടെ ആവശ്യകതകളെ നമ്മുക്ക് നിവൃത്തിച്ചു തരാതിരിക്കുമോ?

**(7). അവിടുത്തെ സ്നേഹസംരക്ഷണത്തിന്റെ ഉറപ്പായി എന്തിനെ പരിഗണിക്കുവാനാണ് ക്രിസ്തു നമ്മോടു ആവശ്യപ്പെടുന്നത് ?**

***“ഉടുപ്പിനെക്കുറിച്ചു വിചാരപ്പെടുന്നതും എന്തു? വയലിലെ താമര എങ്ങനെ വളരുന്നു എന്നു നിരൂപിപ്പിൻ; അവ അദ്ധ്വാനിക്കുന്നില്ല, നൂല്ക്കുന്നതുമില്ല. എന്നാൽ ശലോമോൻ പോലും തന്റെ സർവ്വ മഹത്വത്തിലും ഇവയിൽ ഒന്നിനോളം ചമഞ്ഞിരുന്നില്ല എന്നു***

***ഞാൻ നിങ്ങളോടു പറയുന്നു. ഇന്നുള്ളതും നാളെ അടുപ്പിൽ ഇടുന്നതുമായ വയലിലെ പുല്ലിനെ ദൈവം ഇങ്ങനെ ചമയിക്കുന്നു എങ്കിൽ, അല്പവിശ്വാസികളേ, നിങ്ങളെ എത്ര അധികം" (മത്താ:6:28-30)***

ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹത്തിന്റെ ദൃഷ്ടാന്തമായി ക്രിസ്തു സുഭിക്ഷമായി വളരുന്നതും സ്വർഗ്ഗീയ പിതാവ് കൊടുത്ത ഭംഗിയിൽ ശോഭിക്കുന്നതുമായ വയലിലെ പൂക്കളെ തന്റെ ശിഷ്യന്മാർക്ക് കാ ണിച്ചുകൊടുത്തു. "വയലിലെ താമര എങ്ങനെ വളരുന്നു എന്ന് നിരൂപിപ്പിൻ" എന്ന് അവൻ അവരോടു പറഞ്ഞു. പ്രകൃതിയിലെ ഈ പുഷ്പങ്ങളുടെ ഭംഗിയും മനോഹരത്വവും ശലൊമോന്റെ മഹത്വത്തെ കവിയുന്നതായി പറയപ്പെട്ടിരിക്കുന്നു. ദൈവം പ്രാപഞ്ചികമായ നിർമ്മിതങ്ങളാകുന്ന പൂക്കളുടെ ലാവണ്യവും പ്രശോഭിതമായ ഭംഗിയും മനുഷ്യന്റെ സാമർത്ഥ്യത്താൽ ഉണ്ടാക്കുന്ന അതിവിശിഷ്ടവസ്ത്രാലങ്കാരത്തോടു ഉപമിക്കാവതല്ല. "ഇന്നുള്ളതും നാളെ അടുപ്പിൽ ഇടുന്നതുമായ വയലിലെ പുല്ലിനെ ദൈവം ഇങ്ങനെ ചമയിക്കുന്നുവെങ്കിൽ, അല്പവിശ്വാസികളെ, നിങ്ങളെ എത്ര അധികം" എന്ന് യേശു കർത്താവ് ചോദിക്കുന്നു. (മത്താ. 6:30) സ്വർഗ്ഗീയ ചിത്രമെഴുത്തുകാരനായ ദൈവം ഒരു ദിവസം മാത്രം നിലനിൽക്കുന്ന പൂക്കൾക്ക് ഇപ്രകാരമുള്ള മനോഹരത്വം നൽകിയിരിക്കുന്ന സ്ഥിതിക്ക് തന്റെ സ്വന്ത സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവർക്ക് വേണ്ടി അവൻ എത്ര അധികം കരുതലുള്ളവനായിരിക്കും? ക്രിസ്തുവിന്റെ ഈ പാഠം വിശ്വാസമില്ലാത്തവരുടെ അമ്പരപ്പിനും സംശയ വിചാരങ്ങൾക്കും, ആകുലചിന്തയ്ക്കും എതിരായ ഒരു ശാസനയാകുന്നു.

ദൈവം തന്റെ സർവ്വപുത്രന്മാരും പുത്രിമാരും ഭാഗ്യശാലികളും സമാധാനമുള്ളവരും അനുസരണമുള്ളവരും ആയിരിക്കേണമെന്നാശിക്കുന്നു. "എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു; ലോകം തരുന്നത് പോലെയല്ല ഞാൻ നിങ്ങൾക്ക് തരുന്നത്. നിങ്ങളുടെ ഹൃദയം

കലങ്ങുകയുമരുത് ഭ്രമിക്കയുമരുത്. എന്റെ സന്തോഷം നിങ്ങളിൽ ഇരിപ്പാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനും ഞാൻ ഇത് നിങ്ങളോട് സംസാരിച്ചിരിക്കുന്നു" (യോഹ. 14:27; 15:11) എന്ന് പറയുന്നു.

**(8). ദൈവത്തിനുവേണ്ടി മറ്റുള്ളവക്കായി സ്നേഹത്തിൽ നമുക്ക് ചെയുവാൻ കഴിയുന്ന ത്യാഗപൂര്ണമായതും നമുക്ക് സന്തോഷവും, സംതൃപ്തിയും നൽകുന്ന 6 പ്രവർത്തികൾ ഏതെല്ലാമാണ് ?**

***"അന്യായബന്ധനങ്ങളെ അഴിക്കുക; നുകത്തിന്റെ അമിക്കയറുകളെ അഴിക്കുക; പീഡിതരെ സ്വതന്ത്രരായി വിട്ടയക്ക; എല്ലാനുകത്തെയും തകർക്കുക; ഇതല്ലയോ എനിക്കു ഇഷ്ടമുള്ള ഉപവാസം? വിശപ്പുള്ളവന്നു നിന്റെ അപ്പം നുറുക്കിക്കൊടുക്കുന്നതും അലഞ്ഞുനടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർത്തുകൊള്ളുന്നതും നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുന്നതും നിന്റെ മാംസരക്തങ്ങളായിരിക്കുന്നവർക്കു നിന്നെത്തന്നേ മറെക്കാതെയിരിക്കുന്നതും അല്ലയോ?" (യെശയ്യാ:58:6-7)***

അവനവന്റെ കർത്തവ്യകർമ്മങ്ങളെ അവഗണിച്ചു സ്വാർത്ഥചിത്തത്തോടെ സമ്പാദിക്കുന്ന ഭാഗ്യം എത്രയും നിസ്സാരവും അല്പസമയത്തേക്കു മാത്രം നിലനില്ക്കുന്നതും ആകുന്നു; അത് വേഗം കടന്നുപോകയും ദേഹിയിൽ നിരാശയും സങ്കടവും മാത്രം ശേഷിക്കുകയും ചെയ്യുന്നു; എന്നാൽ ദൈവസേവ സന്തോഷപ്രദവും തൃപ്തികരവുമാകുന്നു; അതിൽ ക്രിസ്ത്യാനി അനിശ്ചിത മാർഗ്ഗങ്ങളിൽ കൂടി സഞ്ചരിക്കേണ്ടതായിവരികയില്ല; അനാവശ്യമായ ദുഃഖവും നിരാശയും അവന്നു നേരിടുകയുമില്ല. ഒരു പക്ഷെ നമ്മുക്ക് ഈ ജീവിതത്തിലെ സന്തോഷങ്ങൾ ഇല്ലതിരുന്നാൽ തന്നെയും വരുവാനുള്ള ജീവിതത്തെക്കൊണ്ടു നമ്മുക്ക് സന്തോഷമായിരിക്കാം.

**(9). ക്രിസ്തുവിനോടുള്ള കൂട്ടായ്മയുടെ സന്തോഷം അനുഭവിക്കുകയും ,**

**സുവിശേഷം പങ്കുവെക്കുകയും ചെയുമ്പോൾ, ആശ്വാസത്തിന്റെ ഏതു വാഗ്ദത്തമാണ് നാം അവകാശമാക്കുന്നതു ?**

***"ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു" എന്നു അരുളിച്ചെയ്തു" (മത്താ:28:19)***

എന്നാൽ ഈ ജീവിതത്തിൽ തന്നേയും ക്രിസ്ത്യാനികൾക്ക് ക്രിസ്തുവിനോടുള്ള കൂട്ടായ്മയിൽ നിന്നുള്ള സന്തോഷം അനുഭവമായും വരാം; അവന്റെ സ്നേഹത്തിന്റെ ജ്വാലയും ദിവ്യസാന്നിധ്യത്തിന്റെ നിരന്തരമായ ആശ്വാസവും അവർക്ക് അനുഭവപ്പെട്ടേയ്ക്കാം. നമ്മുടെ ഐഹിക ജീവിതത്തിൽ നാം ഓരോ കാലടി മുമ്പോട്ടു വെയ്ക്കുംതോറും നാം യേശുവിനോട് അടുത്തു ചെല്ലുകയും അവന്റെ സ്നേഹം നാം അധികമധികം ആസ്വദിക്കയും ആ ധന്യമായ സമാധാനപുരിയോടു നാം സമീപിക്കയും ചെയ്യുന്നു. അങ്ങനെയായാൽ നാം നമ്മുടെ പ്രത്യാശ തള്ളിക്കളയാതെ അതിനെപ്പറ്റി ഇന്നുള്ളതിലും അധികമായ നിശ്ചയം പ്രാപിക്കണം. "ഇത്രത്തോളം യഹോവ നമ്മെ സഹായിച്ചു" (1 ശമൂ. 7:12) ഇനി അന്ത്യം വരെ അവൻ നമ്മെ സഹായിക്കുകയും ചെയ്യും.

**(10). കഴിഞ്ഞ കാലങ്ങളിൽ ദൈവം നമുക്ക് ചെയ്ത ഉപകാരങ്ങൾ ഒന്നും മറന്നുപോകാതെ മനസ്സിൽ സൂക്ഷിക്കുന്നത് എന്തുകൊണ്ട് ?**

***"കണ്ണാലെ കണ്ടിട്ടുള്ള കാര്യങ്ങൾ നീ മറക്കാതെയും നിന്റെ ആയുഷ്കാലത്തൊരിക്കലും അവ നിന്റെ മനസ്സിൽനിന്നു വിട്ടുപോകാതെയും ഇരിപ്പാൻ മാത്രം സൂക്ഷിച്ചു നിന്നെത്തന്നേ ജാഗ്രതയോടെ കാത്തുകൊൾക; നിന്റെ മക്കളോടും മക്കളുടെ മക്കളോടും അവയെ ഉപദേശിക്കേണം" (ആവർത്ത:4:9)***

നമ്മുടെ ആശ്വാസത്തിനും നാശകന്റെ കൈയ്യിൽ നിന്ന് നമ്മെ ഉദ്ധരിപ്പാനുമായി കർത്താവ് ചെയ്ത കൃത്യങ്ങളെ അനുസ്മരിപ്പിക്കുന്ന സ്മാരകസ്തംഭങ്ങളെ നാം അവഗണിച്ചുകൂടാ. അവൻ നമ്മുടെ കണ്ണുനീരുകളെ തുടെച്ചതും, നമ്മുടെ വേദനകളെ ശമിപിച്ചതും നമ്മുടെ ചിന്താകുലതകളെ നീക്കിയതും, നമ്മുടെ ഭയത്തെ ഇല്ലായ്മയാക്കിയതും, നമ്മുടെ ആവശ്യങ്ങൾ നിവൃത്തിച്ചു തന്നതും ആയ അവന്റെ കാരുണ്യകൃത്യങ്ങളെ നാം നിത്യം ഓർത്തുകൊണ്ടു ഇനിയും ശേഷിച്ചിരിക്കുന്ന ആയുഷ്ക്കാലത്തേയ്ക്ക് നാം നമ്മെത്തന്നെ ശക്തീകരിക്കണം.

**(11). നാം നേരിടുവാനുള്ള പ്രയാസങ്ങളുടെയും, പരീക്ഷയുടെയും ഉത്കണ്ഠയിലും ഏതു വാഗ്ദത്തമാണ് നമുക്ക് പ്രാപിക്കുവാൻ കഴിയുന്നത് ?**

***"മനുഷ്യർക്കു നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ; നിങ്ങൾക്കു കഴിയുന്നതിന്നു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിന്നു പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും" (1കൊരി:10:13)***

വരുവാനിരിക്കുന്ന പോരാട്ടത്തിൽ നമ്മുക്ക് പുതിയ വൈഷമ്യങ്ങൾ നേരിടുകയില്ലെന്ന് പറവാൻ തരമില്ല; എന്നാൽ കഴിഞ്ഞകാലങ്ങളെ നാം തിരിഞ്ഞു നോക്കിക്കൊണ്ടു ഭാവിയെക്കുറിച്ചു "ഇത്രത്തോളം യഹോവ നമ്മെ സഹായിച്ചു" എന്ന് പറയാമല്ലോ. "നിന്റെ ബലം ജീവപര്യന്തം നിൽക്കട്ടെ." (ആവ. 33:25) നമ്മുക്ക് സഹിപ്പാൻ കഴിയുന്നതിനു മീതെ കഷ്ടങ്ങൾ നമ്മുക്ക് നേരിടുകയില്ല. അത്കൊണ്ടു നമ്മുടെ ശോധനക്കനുസാരമായ ശക്തിയും നമ്മുക്ക് തരപ്പെടും എന്ന പൂർണ്ണനിശ്ചയത്തോടെ എന്തുതന്നെ വന്നാലും വേണ്ടതില്ല എന്നുറച്ചു നമ്മുടെ ഭാഗം ശരിക്കു നിറവേറ്റാം.

**(12). നമുക്ക് സഹിക്കുവാൻ കഴിയുന്നതിലും വലിയ പരീക്ഷകൾ നേരിടേണ്ടിവന്നാലും, എന്ത് അറിവ് നമുക്ക് സമാധാനവും, സന്തോഷവും നൽകും ?**

*“എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു” (റോമ:8:28)*

**(13).** **ദൈവ കൃപയാൽ അതിജീവിച്ചവരായവർ കേൾക്കുവാൻ കാത്തിരിക്കുന്ന അനുഗ്രഹീത വാക്കു എന്താണ് ?**

*“രാജാവു തന്റെ വലത്തുള്ളവരോടു അരുളിച്ചെയ്യും: എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനംമുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ” (മത്താ:25:34)*

അങ്ങനെ കാലാന്തരത്തിൽ ദൈവം തന്റെ മക്കൾക്ക് വേണ്ടി സ്വർഗ്ഗത്തിന്റെ വാതിൽ വിശാലമായി തുറന്നുവെയ്ക്കയും മഹത്വത്തിന്റെ രാജാവിന്റെ അധരങ്ങളിൽ നിന്ന് പുറപ്പെടുന്ന “എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ, വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ” എന്ന അനുഗ്രഹിക്കപ്പെട്ട സ്വാഗത വാക്കുകൾ ഏറ്റവും ഇമ്പകരമായ സംഗീതമട്ടിൽ അവർ കേൾക്കുകയും ചെയ്യും. (മത്താ. 25:34)

യേശു ഇപ്പോൾ ഒരുക്കുന്ന ആ ഭവനത്തിലേക്ക് അന്ന് വീണ്ടെടുക്കപ്പെട്ടവരെ സ്വാഗതം പറഞ്ഞു കൈക്കൊള്ളും. അവിടെയുള്ള അവരുടെ ചങ്ങാതിമാർ ലോകത്തിലെ ചതിയന്മാരും, ഭോഷ്കു സംസാരിക്കുന്നവരും, ബിംബാരാധികളും, അശുദ്ധരും, അവിശ്വാസികളും ആയിരിക്കയില്ല; പിന്നെയൊ അവർ പിശാചിനെ ജയിച്ചവരും ദിവ്യകൃപയാൽ ഒരുത്തമ സ്വഭാവഗുണം സമ്പാദിച്ചിട്ടുള്ളവരുമായ ആളുകളോട് സഹവാസം ചെയ്യും. ഇവിടെ അവരെ അസഹ്യപ്പെടുത്തുന്ന എല്ലാ പാപാസക്തികളും അപൂർണ്ണതകളും ക്രിസ്തുവിന്റെ രക്തത്താൽ നീക്കപ്പെട്ടിട്ട് അവിടെ സൂര്യന്റെ പ്രഭയെ കവിയുന്ന അവന്റെ മഹത്വത്തിന്റെ ശോഭയും

തേജസ്സും അവർ പ്രാപിക്കും. അവന്റെ ഗുണവൈശിഷ്ട്യവും സ്വഭാവത്തിന്റെ പൂർണ്ണതയും ആ ബാഹ്യശോഭയേക്കാൾ അധികം വിലയേറിയതായി കാണപ്പെടും. അവിടെ അവർ ദൂതന്മാരുടെ പദവിയും അവകാശങ്ങളും പ്രാപിച്ചുകൊണ്ടു വെള്ളസിംഹാസനത്തിന്റെ മുമ്പിൽ യാതൊരു കുറവുമില്ലാത്തവരായി നിൽക്കും.

**(14). നന്മയും, തിന്മയും തമ്മിലുള്ള പോരാട്ടത്തിന്റെ കലാശത്തിലേക്ക് അടുക്കുന്ന ഈ കാലത്തിൽ, നാം നമ്മോടുതന്നെ ചോദിക്കേണ്ട വളരെ ഗൗരമേറിയ ചോദ്യം എന്താണ് ?**

***"ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന്നു എന്തു പ്രയോജനം? അല്ല, തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തു മറുവില കൊടുക്കും?" (മത്താ:16:26).***

ഓരോ വ്യക്തിക്കും പ്രാപിക്കാവുന്ന ഈ മഹത്വവകാശത്തെ ആസ്പദമാക്കി നോക്കുമ്പോൾ "ഒരു മനുഷ്യൻ തന്റെ ജീവന്നു എന്തു മറുവില കൊടുക്കും?" (മത്താ. 16:26) അവൻ ദരിദ്രനായിരിക്കാമെങ്കിലും അവനിൽ ലോകത്തിന്നു ഒരു കാലത്തും കൊടുപ്പാൻ കഴിയാത്ത ഒരു സമ്പത്തും മേന്മയും സ്ഥിതി ചെയ്യുന്നുണ്ട്. പാപത്തിൽ നിന്ന് ശുദ്ധീകരിക്കപ്പെട്ടും വീണ്ടെടുക്കപ്പെട്ടും തന്റെ മുഴുശക്തികളോടും പ്രാപ്തികളോടും കൂടെ ദൈവസേവയ്ക്കായി പ്രതിഷ്ഠിക്കപ്പെട്ടും ഇരിക്കുന്ന ഒരു ദേഹി ഏറ്റവും വിലയേറിയ ഒന്നാകുന്നു; വീണ്ടെടുക്കപ്പെടുന്ന ഒരു ദേഹിയെച്ചൊല്ലി സ്വർഗ്ഗത്തിൽ ദൈവത്തിന്റെയും വിശുദ്ധ ദൂതന്മാരുടേയും മുമ്പിൽ വലുതായ സന്തോഷം ഉണ്ട്. ഈ സന്തോഷം വിശുദ്ധ ജയഗീതങ്ങളാൽ പ്രകടിതമായിരിക്കും.

**എന്റെ സ്വന്ത ജ്ഞാനത്തിലും വിവേകത്തിലും ആശ്രയിക്കുന്നെങ്കിൽ ഞാൻ അധൈര്യപ്പെട്ട് നശിച്ചുപോകുമെന്ന് ഞാൻ മനസിലാക്കുന്നു. അവിടുത്തെ രാജ്യത്തിലേക്ക് എന്നെ നടത്താമെന്നുള്ള വാഗ്ദത്തതിനായി ഞാൻ നന്ദി പറയുന്നു.**

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല

ദൈവം എന്റെ ജീവിതത്തിൽ ചെയ്ത എല്ലാ നന്മകളും മറന്നു പോകാതെ ഹൃദയത്തിൽ സൂക്ഷിച്ചിരിക്കുന്നതിനാൽ എന്റെ വർത്തമാന കാലത്തിലും ഭാവിയിലും അവിടുത്തെ വഴികളെ സംശയം കൂടാതെ പിന്തുടരുവാൻ ഞാൻ തീരുമാനിക്കുന്നു. ഈ ജീവിത യാത്രയിൽ പരീക്ഷകളിൽ പെട്ട് പരിഭ്രമിക്കുമ്പോൾ അവൻ എനിക്ക് നൽകുന്ന ദിശാബോധത്തിനായി ഞാൻ നന്ദി പറയുന്നു.

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല

ഈ ബൈബിൾ പഠന പരമ്പരയിലൂടെ അവനിലേക്ക് കൂടുതൽ അടുക്കുവാനുള്ള പടികൾ എനിക്ക് മനസിലാക്കുവാൻ കഴിഞ്ഞതിൽ ഞാൻ അങ്ങേക്ക് നന്ദി പറയുന്നു. "നല്ലവനും വിശ്വസ്തനുമായ ദാസനെ വന്നു എന്റെ സ്വസ്ഥതയിൽ പ്രവേശിച്ചുകൊള്ളുക" എന്ന മഹത് വാക്കുകൾക്കായി ഞാൻ കാത്തിരിക്കുന്നു.

(നിങ്ങളുടെ തീരുമാനം വൃത്തത്തിൽ അടയാളപ്പെടുത്തുക)

അതെ തീരുമാനിച്ചില്ല